XIII. റൂളിംഗ്

ബഡ്ജറ്റിൽ കടന്നുകൂടിയ തെറ്റുകൾ സംബന്ധിച്ച്

മി. സ്പീക്കർ: ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം സ്പീക്കർ നിശ്ചയിക്കുന്ന തീയതിക്കും അദ്ദേഹം ഈ കാര്യത്തിന് അനുവദിക്കുന്നത്ര സമയത്തേക്കും മുഴുവനായോ അതിലടങ്ങിയിരിക്കുന്ന തത്വങ്ങളെപ്പറ്റിയോ പൊതുചർച്ച നടത്താൻ സഭയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നാണ് റൂൾ 141 (1)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ബഡ്ജറ്റ് ഇടക്കാല ബഡ്ജറ്റോ ഫുൾ ബഡ്ജറ്റോ എന്തായിരുന്നാലും ആ വ്യവസ്ഥപ്രകാരം സഭയ്ക്ക് ചർച്ച ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. ഒരുതരത്തിൽ ഇത് സഭയുടെ അവകാശവുമാണ്. മുൻവർഷത്തെ ആക്ചൽസും തൻവർഷത്തെ പുതുക്കിയ കണക്കും വരുംവർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളുമാണ് ബഡ്ജറ്റ് രേഖകളുടെ ഉള്ളടക്കം. ആ നിലയിൽ ഏത് സഭയിലാണോ ബഡ്ജറ്റ് അവതരിപ്പിച്ചത് ആ സഭയ്ക്ക് ബഡ്ജറ്റിനെ വിലയിരുത്താനും വിമർശിക്കാനും സൗകര്യം നൽകേണ്ടത് സാമാന്യനീതി മാത്രമാണ്. വരുംവർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പരാമർശിച്ചില്ലെങ്കിൽപ്പോലും തൻവർഷത്തെ ഗവൺമെന്റിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ വിലയിരുത്താനുള്ള അംഗങ്ങളുടെ അവകാശം നിഷേധിക്കുന്നത് യുക്തിസഹമല്ല. അതുകൊണ്ടാണ് സഭയുടെ കാലാവധി തീരാറായി എന്ന വസ്തുത നിലനിൽക്കെ ബഡ്ജറ്റിന്റെ പൊതുചർച്ചയ്ക്ക് ചെയർ സമയം അനുവദിച്ചത്.

ബഡ്ജറ്റിന്റെ പൊതുചർച്ച അവസാനിക്കുമ്പോൾ ധനാഭ്യർത്ഥനകൾ അനുയോജ്യമായ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കപ്പെടുമെന്ന് റൂൾ 142-ഉം സബ്ജക്റ്റ് കമ്മിറ്റികൾ നാല് ആഴ്ചകൾക്കകം അവയുടെ പരിശോധന പൂർത്തിയാക്കേണ്ടതാണെന്ന് റൂൾ 236 (2)-ഉം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് കാലാവധി തികച്ചു പിരിഞ്ഞുപോകുന്ന സഭ വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി ഈ റൂൾ സസ്പെൻഡ് ചെയ്യുകയാണ് വേണ്ടത്. അങ്ങനെ കീഴ്വഴക്കവുമുണ്ട്. അതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്. ബഡ്ജറ്റിലെ കണക്കിലും രേഖകളിലും തെറ്റോ പൊരുത്തക്കേടോ കടന്നുകൂടുന്നത് ആശാസ്യമല്ല, അത് ഗൗരവതരമായിത്തന്നെ കരുതപ്പെടേണ്ടതാണ്. ഈ മാതിരി തെറ്റുകൾ ബഡ്ജറ്റ് രേഖകളിൽ കടന്നുകൂടാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്. അക്കാര്യത്തിൽ ഗവൺമെന്റ് നിർദ്ദേശം ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ബഡ്ജറ്റുരേഖകളിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന തെറ്റുകൾ കടന്നുകൂടിയിട്ടുള്ളപക്ഷം അത് ഈ സമ്മേളനത്തിൽ തന്നെ തിരുത്താൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുന്നു.

ക്രമപ്രശ്നം തള്ളുന്നു.

XIV. ധനകാര്യം

1996-97 സാമ്പത്തികവർഷത്തെ ഇടക്കാല ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, തെരഞ്ഞെടുപ്പിന്റെ വക്കിൽ നിൽക്കുന്ന സംസ്ഥാനത്തിന്റെ ബഡ്ജറ്റ് ജനാധിപത്യമൂല്യങ്ങളും മുഴുവൻ കാത്തുസൂക്ഷിച്ചുകൊണ്ട്, ആകർഷണ

LIBRARY ARCHIVES Kerala Legislative Assembly

വശീകരണ മന്ത്രങ്ങളൊന്നുമില്ലാതെതന്നെ തുറന്ന പുസ്തകം നിരത്തിവച്ച്, ഉള്ളതൊക്കെ ആർക്കും കാണുവാനും, കുറവും കുറവുമെല്ലാം മനസ്സിലാക്കുവാനും, അതിന്റെ നേട്ടങ്ങളൊക്കെ പറഞ്ഞുകൊടുക്കുവാനും കഴിയുന്ന രീതിയിൽ അവതരിപ്പിച്ചതിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. പത്മരാജൻ അവർകളെ ഞാൻ അനുമോദിക്കട്ടെ. 1991-ൽ കണ്ട കേരളമാണോ 1996-ൽ കാണുന്നതെന്ന് വസ്തുനിഷ്ഠമായി നാം ആലോചിക്കേണ്ടതുണ്ട്. എന്തു നൻമ കണ്ടാലും അത് അംഗീകരിക്കാൻ കഴിയാത്ത ഒരു സാഹചര്യം എങ്ങനെയോ നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ വന്നുപെട്ടിരിക്കുകയാണ്. അവിടെയിരിക്കുന്ന ആളുകളായാലും ഇവിടെയിരിക്കുന്ന ആളുകളായാലും പ്രതിപക്ഷത്തിന്റെ ജോലി വിമർശനങ്ങളും തർക്കങ്ങളും മാത്രമാണെന്ന് പണ്ട് ആരോ പറഞ്ഞതുപോലെ ഈ രാഷ്ട്രീയ കളരിയിലെ അമ്പും വില്ലുമൊക്കെ ഈ വിമർശനങ്ങളാണെന്ന് നാം വിശ്വസിക്കുന്നു. ഈ വിമർശനങ്ങളും അതുപോലെതന്നെ കുറച്ചിലും മാത്രമല്ല നൻമയുണ്ടെങ്കിൽ അത് അംഗീകരിക്കുകയും വേണം. ഇവിടെയുള്ള ആളുകളും നൻമ ചെയ്യുന്നതും അവിടെയുള്ള ആളുകളും നൻമ ചെയ്യുന്നതും അംഗീകരിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇതു സംബന്ധിച്ച് ചില അനുവേങ്ങളും നമ്മുടെ മുമ്പിലുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന വിദ്യാഭ്യാസമേഖലയ്ക്ക് പലപ്പോഴും നാം വളരെയേറെ പ്രതീക്ഷ നൽകാറുണ്ട്. വിദ്യാഭ്യാസമുള്ളിടത്തൊക്കെ സമാധാനം ഉണ്ടാകുന്നു എന്നും, സമാധാനമുണ്ടാകുന്നിടത്തൊക്കെ ഐശ്വര്യമുണ്ടാകുമെന്നും, ഐശ്വര്യമുണ്ടാകുമ്പോൾ അവിടെ അഭിവൃദ്ധിയുണ്ടാകുമെന്നും നാം ചിന്തിക്കുന്നു. താഴെനിന്നും മുകളിലേയ്ക്ക് തിരിച്ച് വായിക്കുമ്പോൾ എന്താണ് ഇവിടെ സംഭവിക്കുന്നത്? അദ്ധ്യാപകൻമാർ പഠിപ്പിക്കാഞ്ഞിട്ടല്ല, വളരെ സമർത്ഥൻമാരായ അദ്ധ്യാപകൻമാർ; കുട്ടികളോ പണ്ടുള്ള അദ്ധ്യാപകൻമാരേക്കാൾ കൂടുതൽ കൂർമ്മബുദ്ധികളായിട്ടുള്ളവർ. പക്ഷേ ഇവരുടെ ഇടയ്ക്കും കൊടുക്കുന്ന അറിവുകൾ കൈയിലേയ്ക്ക് പകരുമ്പോൾ വന്നിട്ടുള്ള, ഒരുപക്ഷേ, ആ ലോപമാണോ ഏതായാലും സമാധാനം നമുക്ക് കണ്ടെത്താൻ കഴിയുന്നില്ല. പഠിച്ചവർക്കും ഇല്ല, പഠിക്കാത്തവർക്കുമില്ല എന്നു പറഞ്ഞതുപോലെ നൻമ കണ്ടാലും അതിനെ അംഗീകരിക്കാൻ കഴിയാത്ത ഒരു മനസ്സാക്ഷി എല്ലാവരും ഇവിടെയായാലും അവിടെയായാലും കാണിക്കാറുണ്ട്. നൻമ അംഗീകരിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. നൻമ ആരു ചെയ്താലും അംഗീകരിക്കുക. കുറവുണ്ടെങ്കിൽ അതിനെ എതിർക്കുക. ആ രീതിയിലുള്ള ഒരു വിമർശന ബുദ്ധിയോടുകൂടി നമ്മുടെ രാജ്യത്തേയും രാജ്യത്തിന്റെ ഗതിവിഗതികളേയും കാണണമെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും എവിടെ ഇരുന്ന് പറഞ്ഞാലും എന്നെ എല്ലാവരും സ്നേഹിക്കുമെന്ന് ഉറപ്പുള്ളതുകൊണ്ടാണ് ഞാനത് പറയുന്നത്.

ശ്രീ. പിണറായി വിജയൻ: കുറുപ്പിന്റെ ഉറപ്പാണോ അത്?

മി. ഡെപ്യൂട്ടി സ്പീക്കർ: ഉറപ്പുള്ള കുറുപ്പിന്റെ വാക്കാണ്. പണ്ട് നിയമസഭയിൽ ഒരു കുറുപ്പുണ്ടായിരുന്നു, അത് വേറെ കുറുപ്പാണ്. ഇത് ഉറപ്പുള്ള കുറുപ്പാണ്.

ശ്രീ. എ. പത്മകുമാർ: ഈ കുറുപ്പൻമാർ തന്നെ പലതരം ഉണ്ടെന്ന് അങ്ങേയ്ക്ക് അറിഞ്ഞുകൂടെ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ:- ഞാനും ശ്രീ. പത്മകുമാറും ഒരുതരം കുറുപ്പാണ്, അതങ്ങേയ്ക്ക് അറിയാമല്ലോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: പണ്ടത്തെ കുറുപ്പെന്നു പറഞ്ഞാൽ വാഴൂർ കുറുപ്പിന്റെ ഉറപ്പിനെക്കുറിച്ചാണ് ഇവിടെയിപ്പോഴും പറഞ്ഞുനടക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതല്ല, വാളെടുത്ത് പോരാടി ഈ രാജ്യത്തെ സംരക്ഷിച്ച കുറുപ്പിന്റെ തന്നേടമാണ്. ഇപ്പോഴും വാഴും വേണ്ട, എല്ലാവർക്കും പയറാറാണെന്നൊക്കെ അറിയാമല്ലോ. എനിക്ക് ആണ്ടിലൊരിക്കൽ കിട്ടുന്ന സമയമാണിത്. വളരെ ആനന്ദത്തോടുകൂടി കൈകാര്യം ചെയ്യാനിരുന്നപ്പോഴും ആവശ്യമില്ലാത്ത ചോദ്യങ്ങളും ചോദിക്കുന്നത് ശരിയല്ലെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. കുത്തഴിഞ്ഞു കിടക്കുന്ന ഒരു ധനകാര്യ സ്ഥാപനത്തെ വളരെ തൻമയത്വത്തോടുകൂടി നഷ്ടത്തിന്റെ കൂപ്പിൽ നിന്നും പിടിച്ചെടുക്കാൻ ശ്രമിക്കുന്ന ഒരു മാനേജുമെന്റുപോലെ തന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ കഴിഞ്ഞ 1991 മുതൽ ഇങ്ങോട്ട് ബുദ്ധിമുട്ടിലൂടെ വഞ്ചിയെ അങ്ങോട്ടുമിങ്ങോട്ടും ചരിയാതെ, ഒരുപക്ഷെ കുഴിയിൽ ചാടാതെ സംരക്ഷിച്ചുകൊണ്ട് വന്നതെന്നുള്ളത് എല്ലാവർക്കും അറിയാം. 1991-ലെ സംഭവങ്ങളോ അനുഭവങ്ങളോ അല്ല ഇന്നു നമ്മുടെ മുമ്പിലുള്ളതെന്ന് നമുക്കറിയാം. അതെല്ലാം നോക്കുമ്പോഴും സുന്ദരമായ മാറ്റങ്ങളും ധാരാളമുണ്ട്. അവിടെയൊക്കെ കുഴപ്പങ്ങളില്ലേ എന്നു ചോദിച്ചാൽ ഉണ്ടാകാം. ഇതൊരു രാജ്യമാണ്, ഇതൊരു നദിയാണ്, ഇതൊരു ഒഴുക്കാണ്. ഈ ഒഴുക്കിൽ അലമാലകളുണ്ട്. അതിൽ ചിലതിൽ തട്ടുംതണലുമൊക്കെ ഉണ്ടാകുമെങ്കിലും ആകെക്കൂടി നോക്കുമ്പോഴും ഭംഗിയായ ഒരു ബഡ്ജറ്റ്, അതും തെരഞ്ഞെടുപ്പിന്റെ വക്കത്ത്, വേണമെങ്കിൽ ആരെയും പ്രലോഭിപ്പിക്കത്തക്ക രീതിയിലുള്ള അക്കങ്ങളും കൂട്ടി എഴുതാനൊക്കെ സന്ദർഭമുണ്ടായിട്ടും ഒന്നുമൊന്നും തൊടാതെ അതിന്റെ ഉള്ളടക്കം മാത്രം അതുപോലെവച്ച് ഈ രാജ്യത്തിന്റെ ഭാവിയെ ഞങ്ങളും തീരുമാനിക്കുമെന്നുള്ള സ്വാതന്ത്ര്യത്തോടുകൂടി, പൊതുജനങ്ങൾക്കു കാണിച്ചുകൊടുക്കുന്ന ഒരു ബഡ്ജറാണിത്. ഇതുവായിച്ചിട്ട് പൊതുജനങ്ങൾ മറ്റുള്ള ഭാഗത്തേയ്ക്ക് ചരിയാനോ അല്ലെങ്കിൽ മറ്റുള്ള രീതിയിലേയ്ക്ക് പ്രവർത്തിക്കാനോ ഇടവരരുത്. സ്വതന്ത്രമായി വോട്ടിംഗ് അധികാരം വിനിയോഗിക്കണമെന്ന ഉദ്ദേശമുള്ളതുകൊണ്ടു മാത്രമാണ് ജനാധിപത്യമൂല്യം കുത്തിനിറച്ച ഇത്തരം ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. 1991-92-ൽ നാം അനുഭവിച്ച ബുദ്ധിമുട്ടുകളും, സാമ്പത്തികമായ കെടുതികളും ഇവ എന്തെല്ലാമാണെന്നു നമുക്കറിയാം. നമുക്ക് ഓവർഡ്രാഫ്റ്റിന്റെ ബുദ്ധിമുട്ടുണ്ടായിരുന്നു. വെയ്സ് ആൻഡ് മീൻസിൽകൂടി പണം എടുക്കേണ്ടിവന്നു. അൽപാൽപമായി ഇന്നത്തെ ചെലവുകളും കുത്തിയിരുന്നു എഴുതി, നാളത്തേക്കുള്ള ചെലവുകളെപ്പറ്റി കുത്തിയിരുന്നു ആലോചിക്കുന്ന ഒരു വീട്ടുകാരണവരുടെ ബോധത്തോടുകൂടി എന്താണ് ഈ രാജ്യത്തെ ഇന്നത്തെ വരുമാനം, നാളെ എന്താണ് സംഭവിക്കുന്നത് എന്ന് അനുദിനം നോക്കിക്കണ്ടിട്ട് കൈകാര്യം ചെയ്തതുകൊണ്ടു മാത്രമാണ് ഇന്ന് ഈ നിലയിലെങ്കിലും ഈ രാജ്യത്തെ കൊണ്ടുചെന്നെത്തിക്കാൻ കഴിഞ്ഞത് എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. അതിൽ തൃകയൊന്നും ഞാൻ പറയുന്നില്ല, 1994-ൽ എന്തെല്ലാം മെച്ചമുണ്ടായി, 1991-ൽ എന്തെല്ലാം നഷ്ടമുണ്ടായിരുന്നു എന്നുള്ള കണക്കുകളും ഉദ്ധരിച്ച് ആരെയും പ്രകമ്പനം കൊള്ളിക്കാനൊന്നും ഞാൻ ശ്രമിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഡെപ്യൂട്ടി സ്പീക്കർ എന്ന നിലയ്ക്ക് അങ്ങയുടെ ഈ സഭയിലെ അവസാനത്തെ പ്രസംഗമാണ് ഇവിടെ നടത്തുന്നത്. അതുകൊണ്ട് വളരെ സത്യസന്ധമായിരിക്കണമല്ലോ അങ്ങയുടെ പ്രസംഗം. ഈ ഗവൺമെന്റ് പാപ്പരായി. പാപ്പരായാൽപ്പിന്നെ കടക്കാർ വരുന്നതല്ലേ? അതുകൊണ്ട് കൊടുക്കാനുള്ളതൊക്കെ മറച്ചു വച്ചുകൊണ്ട് അസത്യജടിലമായിട്ടുള്ള ഒരു രേഖയാണ് ധനകാര്യവകുപ്പു മന്ത്രി ഇവിടെ വരച്ചുകാട്ടിയിട്ടുള്ളത് എന്നുള്ളത് മനസ്സിലാക്കി വളരെ സത്യസന്ധമായി അങ്ങ് അതിനെ സമീപിക്കണം. ഈ ഭാഷ്യങ്ങളൊക്കെ ആപേക്ഷികങ്ങളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരാൾ നോക്കുമ്പോൾ കാണുന്നതൊക്കെ മറെറാരാൾ നോക്കുമ്പോൾ കാണണമെന്നില്ല. ഒരാൾ ചെയ്യുന്നത് ശരിയാണെങ്കിലും മറെറാരാൾ അംഗീകരിക്കണമെന്നില്ല. ഞാൻ നേരത്തേ പറഞ്ഞതുപോലെ നൻമ ചെയ്താൽ അംഗീകരിക്കുന്നത് ജനാധിപത്യവിരുദ്ധമാണെന്നു ചിന്തിക്കുന്ന ഒരു വിശ്വാസ സംഹിത എങ്ങനെയോ നമ്മുടെ നാട്ടിലുണ്ട്. പഠിച്ചിട്ടും പഠിച്ചിട്ടും ഒരുപക്ഷേ പഠിപ്പിക്കുന്ന ആളുകളെ തിരിച്ചറിയാൻ കഴിയാത്ത ഒരു സംസ്ക്കാരം നമ്മുടെ നാട്ടിൽ എങ്ങനെയുണ്ടായി? പഠിപ്പിക്കാഞ്ഞിട്ടാണോ? ഒരിക്കലുമല്ല. അദ്ധ്യാപകൻ പകർന്നുകൊടുത്ത സംസ്ക്കാരം കൂട്ടിക്കുഴച്ച ആ വിവരം കൈകളിലൂടെ ഊർന്നുപോയതുകൊണ്ട്, അക്ഷരാഭ്യാസമായ വിദ്യാഭ്യാസം മാറിപ്പോയതുകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. ഓവർഡ്രാഫ്റ്റും വെയ്സ് ആൻഡ് മീൻസും എടുക്കലൊക്കെയായിരുന്നു കഥയെങ്കിൽ—കഴിഞ്ഞ വർഷം ഓവർ ഡ്രാഫ്റ്റ് ഒരു ദിവസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ വർഷത്തിൽ അതേപ്പററി ചിന്തിക്കേണ്ട കാര്യമില്ല. ഇതയും ബുദ്ധിമുട്ടുള്ള ഒരു രാജ്യത്ത് ഓവർ ഡ്രാഫ്റ്റ് ഒരു ദിവസംപോലും എടുക്കാതെ ഭരിക്കാൻ കഴിയുന്നത് നേട്ടമെന്നു പറയുന്നില്ലായെങ്കിലും വളരെ ശ്രദ്ധേയമാണെന്നു പറയാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു. എങ്ങനെ ഇതു നടന്നുവെന്നുള്ള കാര്യം കൂടി പറയാം. റവന്യൂ പിരിവിൽ ധാരാളം കുടിശ്ശികയുണ്ടായിരുന്നു. അത് കുടിശ്ശികയില്ലാതെ, കർക്കശമായി പിരിച്ചെടുക്കുവാൻ, അതേപോലെതന്നെ വിഭവസമാഹരണത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലാത്ത ഒരുപക്ഷേ കലവായില്ലാത്ത രീതിയിലേയ്ക്ക് എല്ലാ മേഖലകളിൽനിന്നും പണം സമ്പാദിക്കാനും എടുക്കാനും കഴിഞ്ഞതുകൊണ്ടാണ് ഇതൊക്കെ തരണം ചെയ്യാൻ നമുക്ക് കഴിഞ്ഞത്. 1991-ൽ റവന്യൂ വരുമാനം 1908 കോടി രൂപ കിട്ടിയിരുന്നത് ഇന്ന് 3000 കോടി രൂപയായി മാറാൻ കഴിഞ്ഞു. അങ്ങനെ നേട്ടം

1.00 p.m.] ഉണ്ടാക്കിയതുകൊണ്ടാണ് ഇന്ന് രാജ്യത്തെ കടപ്പെടുത്താത്ത ഒരു ബഡ്ജറ് അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. 1995-ൽ ട്രഷറി പൂട്ടൽ ഇല്ലായിരുന്നുവെന്നുള്ളത് അഭിമാനകരമല്ലേ? ഇതെല്ലാം ഓർത്തുകൊണ്ട് നമ്മൾ ആഹ്ലാദിക്കുകയല്ലേ വേണ്ടത്. പക്ഷെ ഇതെല്ലാം ചെയ്തത് അവിടെയിരിക്കുന്നവർ ആയതുകൊണ്ട് ഇവിടെ ഇരിക്കുന്ന ഞാൻ ഉൾപ്പെടെയുള്ള ആളുകൾക്ക് അതിനെ എതിർക്കാമോ? ഓരോ പദ്ധതികൾ നടപ്പിലാക്കുന്ന അവസരത്തിലും സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടും യാതൊരു ദാക്ഷിണ്യവും കാണിക്കാതെ പണം കൊടുക്കുകയും അങ്ങനെ ആ പദ്ധതികൾ യാതൊരു തടസ്സവും കൂടാതെ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞതും ഭരണകർത്താക്കളുടെ മിടുക്ക് കൊണ്ടാണ്. 1991-ൽ ശ്രീ. ഉമ്മൻ ചാണ്ടി ആരംഭിക്കുകയും ശ്രീ. സി. വി. പത്മരാജൻ സമർത്ഥമായി അവസാനിപ്പിക്കുകയും ചെയ്ത ഒരു സാമ്പത്തിക രംഗമാണ് ഇവിടെയുള്ളത്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ മറ്റുഗോത്ത ള്ള ആളുകളും നല്ല ബഡ്ജാറ് അവതരിപ്പിച്ചാലും ഇതേ വാചകം ആവർത്തിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. കേരളത്തിന്റെ പ്രധാനപ്പെട്ട മേഖല കൃഷിയാണ്. കൃഷി ചെയ്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന കൃഷിക്കാരെ രാജ്യത്തിന്റെ പ്രഥമപൗരനായിട്ട് അംഗീകരിക്കാൻ ഇതുവരെ ആർക്കും കഴിയില്ലായിരുന്നു. അവരെ വിളിച്ചു വരുത്തി ആദരിക്കാനുള്ള സാമാന്യബുദ്ധിപോലും ആരും കാണിച്ചിട്ടില്ല. കൃഷിക്കാരനെ സംബന്ധിച്ച് പഴയ രീതിയിലുള്ള കാഴ്ചപ്പാടിൽ മാറ്റം വന്നിരിക്കുന്നു. കൃഷിക്കാരനെ ഈ രാജ്യത്ത് ഏറ്റവും കൂടുതൽ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥനെപ്പോലെ തന്നെ ഇന്ന് മാനിക്കപ്പെടുന്നു. അവരെ പൊതുസമ്മേളനങ്ങളിൽ വിളിച്ച് വരുത്തി മാനിച്ചപ്പോൾ അവർക്ക് അവരുടെ ജോലിയിൽ കൂടുതൽ ജാഗ്രതയോടുകൂടി പ്രവർത്തിക്കാൻ കഴിഞ്ഞു. അതിന് വഴിതെളിച്ച ശ്രീ. പി. പി. തങ്കച്ചനെ ഞാൻ അഭിനന്ദിക്കുകയാണ്. കൃഷിക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊടുത്തതുകൊണ്ടാണ് ഇത്രയും മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞത്. അതിനുവേണ്ടി അദ്ദേഹം ധാരാളം പ്രയത്നിച്ചു. അതിന്റെ ഫലമായിട്ട് പുതിയ ഉത്തേജനവും ഊർജ്ജസ്വലതയും കൃഷിക്കാർക്കുണ്ടായിട്ടുണ്ട്. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയപ്പോൾ കൃഷിക്കാർക്ക് ഒരു സുസ്ഥിരതയുണ്ടായി. ഇങ്ങനെയുള്ള ഒരു സുസ്ഥിരത പ്രദാനം ചെയ്യാൻ മറ്റു കാലഘട്ടങ്ങളിൽ കഴിയാതെ പോയി. ഇന്നിപ്പോൾ കൃഷി നശിച്ചാൽ അതിന് പ്രതിവിധിയുണ്ടെന്നു മനസ്സിലാക്കിയപ്പോൾ കൃഷിക്കാരെല്ലാം കാർഷികരംഗത്ത് ഇറങ്ങിയെന്നുള്ളതു ശരിയാണ്. അതുപോലെതന്നെ മൃഗസംരക്ഷണ മേഖലയെക്കുറിച്ച് പറയാതിരിക്കാൻ നിവൃത്തിയില്ല. ഏതെങ്കിലും പഞ്ചായത്തിൽ ഒരു മൃഗസംരക്ഷണ ആശുപത്രി ഇല്ലെങ്കിൽ അവിടെ ആശുപത്രി കൊടുക്കാൻ മന്ത്രി തയ്യാറായിരിക്കുന്നു. അതുപോലെ വലിയ പഞ്ചായത്തുകളിൽ സബ്സെന്ററുകളും കൊടുത്തുകൊണ്ട് മൃഗങ്ങളെ രോഗവിമുക്തമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മൃഗങ്ങൾക്ക് വരുന്ന രോഗം മനുഷ്യന്റെ രോഗംപോലെ കാണേണ്ടതാണ്. കാരണം നമ്മളെക്കാളും എത്രയോ കൂടുതൽ സ്നേഹമുള്ള ജീവികളാണ് മൃഗങ്ങൾ. വനത്തിലെ മൃഗങ്ങൾ ദാഹിക്കുമ്പോൾ കുളത്തിൽ വന്ന് വെള്ളം കുടിച്ചാൽ ബാക്കി വെള്ളം കൈകാലിട്ടടിച്ച് കലക്കാതെ പിന്നാലെ വരുന്ന മൃഗങ്ങൾക്കുവേണ്ടി സൂക്ഷിക്കുന്നു. ഇത്രയും പഠിച്ച നമുക്ക് അങ്ങനെ സൂക്ഷിച്ചു വയ്ക്കാൻ കഴിയുന്നില്ല, മൃഗസംരക്ഷണത്തിനുവേണ്ടി എല്ലാ കർശന നടപടികളും സ്വീകരിച്ച മന്ത്രിയെ ഒരിക്കൽകൂടി അഭിനന്ദിക്കുകയാണ്. നാളികേരത്തിന്റെ പേരിലാണ് നമ്മുടെ സംസ്ഥാനം അറിയപ്പെടുന്നതെങ്കിലും ഇന്ന് നാളികേരം എന്നു പറയുന്നത് എഴുതി വയ്ക്കാനോ വരച്ചു വയ്ക്കാനോ കൂടി കഴിയുന്നില്ല, ഈ സ്ഥിതിക്ക് മാറ്റം ഉണ്ടാക്കാൻവേണ്ടി നാളികേര വികസനത്തിന് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി. അതായത് കേട് വന്ന തെങ്ങുകൾ വെട്ടിക്കളയാനും പുതിയ തൈകൾ വച്ചുപിടിപ്പിക്കാനും വളം ചെയ്യാനും നടപടികൾ സ്വീകരിച്ചതോടൊപ്പം ജലസേചനസൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. പഴയ കേരളത്തിലേയ്ക്ക് എല്ലാവരേയും മാടി വിളിക്കാൻ കഴിയത്തക്ക രീതിയിലാണ് സമഗ്രമായ കേരവികസനപദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ക്ഷീരോൽപ്പാദനത്തിലും ഉപയോഗത്തിലും വളരെയധികം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നു എല്ലാവർക്കുമറിയാം. വില അൽപ്പം കൂടിയിട്ടുണ്ടെങ്കിലും അതിനനുസരിച്ച് പാല് ഉൽപ്പാദകർക്ക് കൂടുതൽ വില കിട്ടുന്നുണ്ട്. വ്യവസായ രംഗത്ത് മാറ്റങ്ങൾ ഉണ്ടായിയെന്ന് പറയുമ്പോൾ ചില ആളുകൾ സമ്മതിക്കുകയില്ല. ടെക്നോ പാർക്കിനെയും ഇൻഫാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെയും ആവിർഭാവത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി വ്യവസായം ആരംഭിക്കുന്നവർക്ക് ഒരു ഉറപ്പ് ഉണ്ടാക്കി കൊടുത്തിട്ടുണ്ട്. കാരണം വ്യവസായം തുടങ്ങാൻ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അത് നൽകുന്നതിനും എന്തെങ്കിലും ഉപദേശം വേണമെന്നുണ്ടെങ്കിൽ അത് നൽകുന്നതിനും അവിടെ സൗകര്യമുണ്ട്. ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും അതിനുവേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനും വ്യവസായ വകുപ്പ് കാര്യമായി ശ്രമിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെമേൽ പണ്ട് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും പല സ്ഥാപനങ്ങളും നഷ്ടത്തിൽ കുതിച്ചു ചാടുകയായിരുന്നു. പക്ഷെ അതിന്റെ വരവുചെലവുകളിൽ നിയന്ത്രണമുണ്ടാക്കിയതുകൊണ്ട് ഇന്ന് ഭൂരിപക്ഷം വ്യവസായങ്ങളും ലാഭത്തിലേയ്ക്ക് വരാൻ തുടങ്ങിയിട്ടുണ്ട്. വൈദ്യുതിയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം സ്വയംപര്യാപ്തമാകുന്നതിനുവേണ്ടി ഒട്ടനവധി പരിപാടികൾ ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നു. പക്ഷെ എല്ലാം പെട്ടെന്ന് നടക്കുമെന്നു പറയുന്നില്ലെങ്കിലും ഭാവിയിൽ ഈ രാജ്യം വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാകുന്നതിനുവേണ്ടിയുള്ള ഉറച്ച പരിപാടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മലബാർ പ്രദേശം ഇക്കാര്യത്തിൽ വളരെ പിന്നിലായിരുന്നു. മലബാറിൽ ക്രമമായ രീതിയിലെങ്കിലും വൈദ്യുതി കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചില നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. മറ്റൊന്ന് പഞ്ചായത്ത് രാജിനെക്കുറിച്ച് പറയുമ്പോൾ ഇനിയും തർക്കം കഴിഞ്ഞിട്ടില്ല. ഇന്ന് അധികാരങ്ങൾ വിട്ടുകൊടുത്തുവെങ്കിലും ആ അധികാരങ്ങൾ വിനിയോഗിക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം എത്തിച്ചുകൊടുത്തില്ലയെന്ന് ഇവിടെ പറയുന്നതു കേട്ടു. അത് കൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു. അവർക്ക് പണം കൊടുക്കുന്നതിനുവേണ്ട നിയമമുണ്ടാക്കുന്നതിനുള്ള കാലതാമസം ഉണ്ടായിയെന്നുള്ളതല്ലാതെ അവർക്ക് കൊടുക്കേണ്ട പണം പിടിച്ചുവയ്ക്കണമെന്നുള്ള ഉദ്ദേശമില്ലായിരുന്നു. ഇതിന് വഴിവച്ച ഗവൺമെൻറിനെ ഞാൻ അഭിനന്ദിക്കുകയാണ്. നമുക്കെല്ലാവർക്കും വീട് വേണമെന്നുള്ള ആഗ്രഹം ഭവനനിർമ്മാണ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി പറയാറുണ്ട്. അത് കേൾക്കുമ്പോൾ അതുഭുതമെന്നു തോന്നിയിട്ടുണ്ടെങ്കിലും ഇപ്പോൾ ആശയത്തിന്റെ പൂർത്തീകരണത്തിലേയ്ക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് വീടില്ലാത്തവർക്ക് വീട് ഉണ്ടാക്കിക്കൊടുക്കാനും, ചെറിയ വരുമാനമുള്ള ആളുകൾക്ക് കടമെടുത്ത് സ്വന്തമായി വീടുണ്ടാക്കി കൊടുക്കാനുമുള്ള ഒരു ബൃഹത്തായ പദ്ധതി ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. റവന്യൂ ഡിപ്പാർട്ടുമെൻറിൽ അടുത്ത കാലത്തുണ്ടായ സർവേ അദാലത്തിലൂടെയും റവന്യൂ അദാലത്തിലൂടെയും ഏതു കാര്യത്തിലും ഉടനെ പോംവഴി ഉണ്ടാക്കത്തക്ക രീതിയിൽ നടപടികൾ സ്വീകരിക്കാൻ റവന്യൂ മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ വളരെ വിമർശനങ്ങൾക്ക് പാത്രീഭൂതമായിട്ടുള്ള മേഖലയാണ് വിദ്യാഭ്യാസ മേഖല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുത്താലും കുഴപ്പം, കൊടുത്തില്ലെങ്കിലും കുഴപ്പം. വിദ്യാഭ്യാസ രംഗത്ത് ആദ്ധ്യാത്മികമായ വശങ്ങൾ കൊയ്തെടുക്കാൻ കഴിഞ്ഞില്ലെങ്കിലും ഡിഗ്രി സമ്പാദിച്ചുകൊടുക്കാൻ കഴിയുന്ന ധാരാളം വിദ്യാലയങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതു വസ്തുതയാണ്. ഞാൻ പ്രസംഗിക്കുന്നതിനു മുൻപ് ഇവിടെ ബഹുമാനപ്പെട്ട ശിവദാസമേനോൻ പറയുന്നതു കേട്ടു അദ്ധ്യാപകൻമാർക്ക് ഈ രാജ്യത്ത് സ്ഥാനമില്ലെന്ന്. ഈ ലോകത്തുള്ള മനുഷ്യരെ മുഴുവനും ഓടാനും, ചാടാനും കഴിവുള്ളവരാക്കിമാറ്റിയ ഈ അദ്ധ്യാപകൻമാർക്ക് ആരും സ്ഥാനം കൊടുത്തില്ലെങ്കിൽ, ഗുരുത്വമില്ലാത്ത സമൂഹമായിരിക്കും ഭാവിയിൽ എന്നുള്ളതു മറക്കേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർ മാറാരുമല്ല, നമ്മെ നാമാക്കി മാറിയവരാണ്. അവരെ ക്കൊണ്ട് അധികം പരാതി പറയിക്കാതിരിക്കാൻ ബന്ധപ്പെട്ടവരൊക്കെ ശ്രമിക്കണം എന്നാണ് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹി ക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ നിരവധിയാണ്. അവർക്ക് പണ്ട് ആനുകൂല്യങ്ങൾ വളരെ കുറവായിരുന്നു. കൂടുതൽ ആനുകൂല്യങ്ങൾ തരപ്പെടുത്തിക്കൊടുത്തത് ഈ കാലഘട്ടമാണ് എന്ന് പറയുന്നതിൽ ആരും തെറ്റുദ്ധരിക്കരുത്. ക്രമസമാധാന നിലയെപ്പറ്റി ഞാൻ പറയുമ്പോൾ ക്രമസമാധാനനില പണ്ടത്തെക്കാൾ വ്യത്യസ്തമായിരുന്നു എന്നല്ലാതെ ക്രമസമാധാനം എന്നാണ് നാട്ടിൽ നന്നാവുന്നത്? നമ്മളൊക്കെ സമർത്ഥൻ മാരായി, തനേറ്റമുള്ളവരായി മാറുമ്പോൾ കുറെയൊക്കെ സമാധാനമുണ്ടാകു മെങ്കിലും ഇപ്പോൾ ഗവൺമെൻറിന്റെ കൈകടത്തലുകൾ ഒന്നുമില്ല എന്നുള്ളത് പരിപൂർണ്ണമായി എനിക്കും, എല്ലാവർക്കുമറിയാം. പോലീസ് പ്രവർത്തിക്കുന്നത് നൂറു ശതമാനവും ശരിയാണെന്ന് പറയാൻ ഞാൻ തയ്യാറില്ല. അതു കാണാനോ അനുഭവിക്കാനോ നമുക്കു കഴിയുമോ എന്നും പറയാനൊക്കില്ല. എങ്കിലും കൈകടത്തി രാജ്യത്തെ വികലമാക്കാൻ ഒരിക്കലും ശ്രമിക്കാത്ത ഒരു ആഭ്യന്തരമന്ത്രിയാണ് ഇന്നുള്ളത് എന്ന തിനെപ്പറ്റി ആർക്കും സംശയമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതിന് മുൻപുണ്ടായിരുന്ന ആള് ഇതിനെതിരായിരുന്നുവെന്നാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: എന്നല്ലല്ലോ ഞാൻ പറഞ്ഞതിന്റെ അർത്ഥം. 'ചിലപ്പോഴും' 'ഒരിക്കലും' തമ്മിലേറെ വ്യത്യാസമില്ലേ ശ്രീ. രാമകൃഷ്ണൻ? ഈ തെരഞ്ഞെടുപ്പ് വേളയിൽ ഇവിടെ പല വിഷയ ങ്ങളെപ്പറ്റി സംസാരിച്ചപ്പോഴും പല ആളുകളും ഗോദാ ഉണ്ടാക്കിയിട്ടുണ്ട്. നല്ലതല്ല ചെയ്തിട്ടുള്ളതെങ്കിൽ അതിന്റെ ഫലം മറ്റൊന്നാണ്. ദുഃഖിക്കേണ്ട കാര്യമില്ല. എങ്കിലും ഈ ഗോഗോ വിളിക്കുകയും, ഗോദാ വരുത്തുകയും ചെയ്യേണ്ട കാര്യമൊന്നുമില്ല. നമ്മളാരും ഒന്നും ചെയ്ത വരല്ലല്ലോ. എത്രയോ നിയമസഭകൾ കണ്ടവരാണ് നമ്മളെല്ലാം. 1950–1954 മുതൽ ഈ നിയമസഭയിൽ പല മഹാൻമാരേയും കണ്ടിട്ടുള്ള വരാണ്. അവരൊക്കെ പല വെല്ലുവിളികൾ നടത്തി. എന്തായിരുന്നാലും എത്ര മനോഹരമായ ബഡ്ജറ് എന്നു പറഞ്ഞാൽ, എന്റെ വാക്കുകൾക്ക് സാഹിത്യമില്ലെങ്കിലും, സത്യമാണ്. എനിക്ക് കടുപ്പിച്ച ഭാഷ പറയാൻ അറിഞ്ഞുകൂടാ, ഭാഷ കേട്ടാൽ കേൾക്കുന്നവർക്ക് ഇമ്പം വേണം. അതിലേറെ ഒരുപക്ഷെ പണം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും നല്ല വർത്തമാനം കൊടുത്ത് ആനന്ദം നേടാൻ കഴിയുമെങ്കിൽ അതാണ് സംസ്കാരപര മായിട്ടുള്ള പ്രവൃത്തി. ഞാൻ അതുകൊണ്ട് ആ ഗോഗ്രത്തയ്ക്ക് കടക്കുന്നില്ല. ഈ കഴിഞ്ഞ നാലഞ്ചു വർഷക്കാലത്തെ ഭരണത്തിനിടയിൽ കുറെയൊക്കെ ഭംഗിയായി ചെയ്യാൻ കഴിഞ്ഞു. ഇടവും വലവും ഇരിക്കുന്ന ആളുകൾ പാർട്ടി ഏതായിരുന്നാലും നല്ലതിനെ അംഗീകരിക്കാൻ കഴിയാത്ത ഒരു സാഹചര്യം നമ്മുടെ ജനാധിപത്യ സംവിധാനത്തിലുണ്ടായി പോയതു കൊണ്ട്, നല്ലതൊക്കെ ചെയ്തെന്ന് ആവർത്തിച്ച് ആവർത്തിച്ച് പറയാൻ അല്ലാതെ മറ്റുള്ളവരെക്കൊണ്ട് സമ്മതിപ്പിക്കാൻ കഴിയാത്തതുകൊണ്ട്, ഞാൻ ഒരിക്കൽകൂടി പറയുന്നു, വളരെ സുന്ദരമായ രീതിയിൽ ആർക്കും മാർക്കും കേടില്ലാതെ, എന്നാൽ എല്ലാമെല്ലാം നിലനിറുത്തിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അമാന്തങ്ങളും കൂടാതെ ഈ രാജ്യത്തെ പോറലേല്പിക്കാതെ മുന്നോട്ട് കൊണ്ടുപോകാൻ ബഹുമാന്യനായ ധനകാര്യമന്ത്രിക്ക് കഴിഞ്ഞു. അതിനുള്ള എല്ലാ സംവിധാനങ്ങളും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്ക് ഉണ്ടാക്കാൻ കഴിഞ്ഞു. ഇതിനുപരി സമാധാനം വേണമെന്ന് ആഗ്രഹിക്കുകയും, അതിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത മഹാനായ ശ്രീ. എ. കെ. ആന്റണി നേരത്തെ മുഖ്യമന്ത്രിയായിരുന്നപ്പോഴും ഒരു വർഷം അദ്ദേഹത്തോടൊപ്പം ഇരിക്കാൻ എനിക്ക് ഭാഗ്യമുണ്ടായി. അദ്ദേഹം അന്ന് പറഞ്ഞ വാക്കുകളും ഞാൻ ഇന്നും ഓർക്കുന്നു. ആ രീതിയിൽ ഈ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമായിരുന്നെങ്കിൽ; ഒരാളും നല്ലവനാണെങ്കിലും. ഒരായിരം ആളുകളും അതിനെ എതിർക്കാൻ തുടങ്ങിയാൽ ആ നന്മ പോലും തിന്മയായി മാറുന്ന കാലഘട്ടത്തിൽ ഞാൻ ഒന്നും പറയുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും, സാന്നിധ്യവും കേരളത്തിലെ ആളുകൾക്ക് ഗുണപ്രദമായിരിക്കട്ടെ എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിന്റെ വിശദമായ ചർച്ചയ്ക്കുവേണ്ടി ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, പ്രതിപക്ഷത്തു നിന്ന് ഈ ബഡ്ജറ്റിനെക്കുറിച്ച് ചർച്ച ആരംഭിക്കുമ്പോൾ വാസ്തവം പറഞ്ഞാൽ എന്താണ് ചർച്ച ചെയ്യേണ്ടതെന്ന് ഒരു രൂപവുമില്ല. ഒരു നയമില്ലാത്ത അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടാണിത്. കഴിഞ്ഞ 5 വർഷക്കാലത്തെ ഭരണ റിപ്പോർട്ട്, ഒരു രാഷ്ട്രീയ പാംഫ്ലറ്റ് എന്നതിൽക്കവിഞ്ഞ്, ഭരണഘടനയുടെ 202-ാം വകുപ്പുപ്രകാരം അവതരിപ്പിക്കുന്ന ഒരു ബഡ്ജറ്റായിട്ടവതരിപ്പിക്കാൻ പറ്റില്ല.

ശ്രീ. പി. പി. തങ്കച്ചൻ: ഒരു ബഡ്ജറ്റായിട്ടവതരിപ്പിക്കാൻ പാടില്ല എന്നല്ലേ നിങ്ങളുടെ നിലപാട്? പിന്നെ രണ്ടും കൂടി പറഞ്ഞാലെങ്ങനെയാണ്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: അങ്ങനെ പറഞ്ഞതിന്റെ അർത്ഥം ബാലൻസ് ഷീറ്റ് അവതരിപ്പിക്കണമെന്നാണ്. ഈ നിയമസഭകളുടെ ചരിത്രത്തിലില്ലാത്ത ഒരു നടപടിക്രമമാണ് ഈ മന്ത്രി സ്വീകരിച്ചത്. 5 വർഷത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് അല്ലേ ബഡ്ജറ്റ് പ്രസംഗം. നിങ്ങൾ 5 വർഷത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് തെറ്റായിട്ടിവിടെ അവതരിപ്പിക്കുകയാണ് ചെയ്തത്. It is not a budget speech അതുകൊണ്ടാണു പറഞ്ഞത്. അദ്ദേഹത്തിന് ഇതൊരു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടോ, ഒരു പാംഫ്ലറ്റോ ആണ്. തെരഞ്ഞെടുപ്പു വേളയിൽ ഉപയോഗിക്കേണ്ട ഒരു ഇലക്ഷൻ മാനിഫെസ്റ്റോയോ ആകാം. ഇലക്ഷൻ മാനിഫെസ്റ്റോയെക്കുറിച്ചുള്ള ചർച്ചയാണിവിടെ നടക്കുന്നതെങ്കിൽ, എനിക്ക് പറയാനുള്ളത് ഇവിടെ പറയുന്നില്ല, പുറത്തു പറയാം. പക്ഷെ സഭയ്ക്കകത്തു പറയാനുള്ള ചില കാര്യങ്ങളും ഉണ്ട്. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. പത്മരാജൻ ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് പ്രസംഗം നടത്തിയപ്പോൾ ഒരു കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. എന്റെ മനസ്സിൽ വന്നത് അദ്ദേഹത്തിന്റെ ബഡ്ജറ്റിലെ കണക്കുകളും കമ്മിയെ സംബന്ധിച്ച ള്ള വിവരങ്ങളുമാണ്. നമ്മുടെ നാട്ടിൽ ഒരു പഴയ കച്ചവടക്കാരനുണ്ടായിരുന്നു. കൊല്ലം-പരവൂർ, ചാത്തന്നൂർ മണ്ഡലത്തിൽപ്പെട്ട ശങ്കരൻ മുതലാളി വർക്കല മൈതാനത്തുവന്ന് കച്ചവടം

LIBRARY ARCHIVES Kerala Legislative Assembly

ത ടങ്ങി. അദ്ദേഹത്തിന് എഴ തുവാനും വായിക്കുവാനും വല്ല നിശ്ച യമില്ല കണക്കും നല്ലവണ്ണം അറിഞ്ഞുകൂടാ. പലചരക്കു വ്യാപാരിയാണ്. അവസാനം പാപ്പരായിപ്പോയി. അദ്ദേഹത്തിന്റെ മൂത്ത മകനാണ് ദാമോദരൻ. അദ്ദേഹമാണ് കണക്കെഴുത്ത്. സർ, അവിടെ ധാരാളം പറ വരവുണ്ട്. കേശവൻ എന്നു പറയുന്ന ഒരു പറവരവുകാരൻ കുറച്ച് കണക്ക് തീർത്തിട്ട് സാധനം വാങ്ങിക്കാമെന്നു കരുതിയാണ് കടയിൽ ചെല്ലുന്നത്. ഉടനെതന്നെ ശങ്കരൻ മുതലാളി ദാമോദരാ എന്നു വിളിക്കും. പിന്നെ പറവരവു കണക്കു ബുക്ക് എടുക്കാൻ പറഞ്ഞു. കേശവൻ അഞ്ചു രൂപ കൊടുത്തു. ഉടൻ തന്നെ ശങ്കരൻ മുതലാളി ദാമോദരനോടു പറയും ദാമോദരാ വെട്ട് അഞ്ച്. പിന്നെ ബാക്കി രൂപ കൊടുത്താൽ മതി. ശങ്കരൻ മുതലാളിയുടെ കണക്കനുസരിച്ച് പിന്നെ മൂന്നു രൂപയല്ലേ ദാമോദരന്റെ കണക്കിൽ കാണൂ. അഞ്ചു വെട്ടിപ്പോയില്ലേ? ഈ രീതിയിലുള്ള ഒരു കണക്കാണ് ശ്രീ. പത്മരാജൻ അവതരിപ്പിച്ചത്. കോൺട്രാക്ടർമാർക്ക് 452 കോടി രൂപ കൊടുക്കാനുണ്ടെങ്കിൽ അഞ്ചുകോടി രൂപയോ, പത്തു കോടി രൂപയോ കൊടുത്തിട്ട് 400-ഉം വെട്ടും. കണക്കിൽ ഇത് മുഴുവനും വെട്ടും. അതുപോലെയാണ് ഇവിടത്തെ കണക്ക്. എത്തെല്ലാം കണക്കുകൾ വെട്ടി? തൊഴിലില്ലായ്മ വേതനം കൊടുക്കേണ്ട പണം ശങ്കരൻ മുതലാളിയുടെ കണക്കു പോലെ വെട്ടി. കർഷകത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള തുക ശങ്കരൻമുതലാളിയുടെ വെട്ടുപോലെ വെട്ടി. മാത്രമല്ല, വിധവ പെൻഷൻ, നമ്മുടെ നാട്ടിൽ അവശത അനുഭവിക്കുന്നവർക്ക് കൊടുക്കാനുള്ള പെൻഷൻ കുടിശ്ശിക, ഇതെല്ലാം ശങ്കരൻ മുതലാളി ദാമോദരനെ കൊണ്ട് വെട്ടിക്കുന്നതുപോലെ ശ്രീ. പത്മരാജൻ വെട്ടി. വെട്ടിയിട്ട് കണക്കൊപ്പിച്ചു വന്നപ്പോൾ നമ്മുടെ നാട്ടിൽ അവതരിപ്പിച്ചിരിക്കുന്ന ഒരു ബാലൻസ് ഷീറ്റാണ് അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രധാന ഭാഗം. ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പ്രധാനമായി രണ്ടു കാര്യങ്ങളുണ്ട്. റവന്യൂ എക്സ്പെൻഡിച്ചറും പ്ലാൻ അല്ലെങ്കിൽ നോൺ പ്ലാൻ എക്സ്പെൻഡിച്ചറുമാണ്. ഇവിടെ റവന്യൂ എക്സ്പെൻഡിച്ചർ കൂടിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. റവന്യൂ അക്കൗണ്ടിൽ ചെലവു കൂടുതൽ. വരുമാനം കുറവ്. എന്നാൽ പ്ലാനിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് കണക്കു പറയാൻ അവകാശമുണ്ടോ? ഇല്ല. പ്ലാനിംഗ് കമ്മീഷൻ അർത്ഥശങ്കക്കിടയില്ലാത്ത വിധത്തിൽ ഒരു കാര്യം വ്യക്തമാക്കിയിട്ടുണ്ട്. എന്താണ്? ഇനി തെരഞ്ഞെടുപ്പു കഴിഞ്ഞു വരുന്ന ഗവൺമെന്റുമായിട്ടു മാത്രമേ പ്ലാനിനെ സംബന്ധിച്ചുള്ള ചർച്ച ഉള്ളൂ. അപ്പോൾ ശ്രീ. പത്മരാജൻ അവതരിപ്പിച്ച കണക്കിൽ പ്ലാനിനെ സംബന്ധിച്ച ഒരു കണക്കും ഈ സഭ ചർച്ചചെയ്യാൻ നിവൃത്തിയില്ല. പ്ലാനിംഗ് കമ്മീഷനുമായിട്ടുള്ള ഡിസ്കഷൻ പൂർത്തിയാക്കാതെ ഇവിടെ കണക്കവതരിപ്പിക്കാൻ പറ്റുമോ? ഈ രാജ്യത്ത് സെൻട്രൽ എയിഡുണ്ടാകും. ഇവിടെ എത്തെല്ലാം പദ്ധതികൾ നടപ്പിൽ വരുന്നുണ്ട്. അതിനുള്ള ധന വിനിയോഗം എങ്ങനെ? സംസ്ഥാനത്തിന്റെ റിസോഴ്സസ് കോമ്പൻസേഷൻ എങ്ങനെ? ഇതിനെ സംബന്ധിച്ച് വല്ല രൂപവും നിങ്ങൾക്ക് നൽകാൻ കഴിയുമോ? പ്ലാനിംഗ് കമ്മീഷനുമായി ചർച്ചയില്ല. സംസ്ഥാനങ്ങളുടെ പ്ലാൻ വിഹിതം അറിയാതെ അതിനെ സംബന്ധിച്ചൊരു ഐറം നിങ്ങൾക്ക് അവതരിപ്പിക്കാൻ കഴിയുമോ? ഇൻഡ്യയിൽ എന്നല്ല, ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഇങ്ങനെ ചെയ്തിട്ടുണ്ടോ? തെരഞ്ഞെടുപ്പു നേരിടാൻ പോകുന്ന ഇൻഡ്യയിലെ ഒരു സംസ്ഥാനവും പ്ലാനിംഗ് കമ്മീഷനുമായി ചർച്ച ചെയ്തുകൂടാ. കർണ്ണാടകത്തിൽ ചർച്ച ചെയ്തു. കാരണം കർണ്ണാടകത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് ഇല്ല. കർണ്ണാടക

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്ററുമായി പ്ലാനിംഗ് കമ്മീഷൻ ചർച്ച ചെയ്തു തീരുമാനമാക്കി. ത്രിപുരയിൽ ചർച്ച ചെയ്തു തീരുമാനമാക്കി. ആന്ധ്രയിൽ ചർച്ച ചെയ്തു തീരുമാനമായി. കേരളത്തിലേയും അതുപോലെ തെരഞ്ഞെടുപ്പ് നടത്തുന്ന സംസ്ഥാനങ്ങളുടേയും ചർച്ച പ്ലാനിംഗ് കമ്മീഷൻ മാറ്റിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട സി. വി. പത്മരാജൻ എതു രൂപത്തിലാണ് ഈ കണക്ക് ഇവിടെ അവതരിപ്പിച്ചത്? ശങ്കരൻ മുതലാളിയുടെ കണക്കല്ലാതെ മറ്റാരുടെ കണക്കാണ്? ഇത്? പ്ലാനിംഗ് കമ്മീഷൻ ഒന്നും പറഞ്ഞിട്ടില്ല. അവരുമായി ചർച്ച ചെയ്തിട്ടില്ല. നിങ്ങൾ തന്ന ഫിഗേഴ്സിന്റെ അടിസ്ഥാനമെന്താണ്? ഞാനൊരു കാര്യം പറയാം. ഒരാൾ അറിഞ്ഞുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി അസത്യമായ കണക്ക് എഴുതി ഹാജരാക്കിയാൽ അത് ക്രിമിനൽ കുറ്റമാണ്. ശിക്ഷാർഹമാണ്. ശ്രീ. പത്മരാജൻ ഈ കണക്ക് പുറത്ത് അവതരിപ്പിച്ചാൽ ഞാൻ പ്രോസിക്യൂട്ട് ചെയ്യും. അതുകൊണ്ട് ഞാൻ പറഞ്ഞു വന്നത് അറിഞ്ഞുകൊണ്ട്, കള്ളമായ ഒരു കണക്ക് ആണെന്നു മനസ്സിലാക്കി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി അവതരിപ്പിക്കുന്ന ആ പ്രവൃത്തി കുറ്റകരമാണ്. പക്ഷേ നിയമസഭയുടെ പരിരക്ഷയുള്ളതുകൊണ്ട് ഈ അസത്യമായ കണക്കുകളുമായി സഭയിൽ വന്ന് ഈ രാജ്യത്തെ ജനങ്ങളെയാകെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയുള്ള ഒരേർപ്പാടായിപ്പോയി എന്നുമാത്രമാണ് അദ്ദേഹത്തിന്റെ ബഡ്ജറ്റിൽ കൊടുത്തിരിക്കുന്ന കണക്കുകളെ സംബന്ധിച്ച് പൊതുവിൽ എനിക്ക് പറയുവാനുള്ളത്. ബഡ്ജറ്റിലെ സമീപനമെന്താണ്? ഞാൻ രണ്ടുമൂന്നു കാര്യങ്ങൾ പറയാം. (1) ക്രമസമാധാനം ഈ ബഡ്ജറ്റിലെ ഒരവകാശവാദമാണ്. പിന്നെ അഴിമതിയെ സംബന്ധിച്ച് എനിക്ക് പറയണം. അതുപോലെ വിദ്യാഭ്യാസത്തെ സംബന്ധിച്ചും പറയാനുണ്ട്. ഇത്രയും കാര്യങ്ങളെക്കുറിച്ചാണ് എന്റെ പ്രസംഗത്തിൽ ചുരുക്കിപ്പറയാനുദ്ദേശിക്കുന്നത്. ക്രമസമാധാനത്തെ സംബന്ധിച്ച് അവരുടെ ഇടയിൽ തന്നെ ഭിന്നാഭിപ്രായമുണ്ട്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ആ രംഗത്ത് വരുന്ന ഒരു പ്രധാനപ്രശ്നമാണല്ലോ ശിവഗിരി പ്രശ്നം. ശിവഗിരിയിൽ നിന്നു വരുന്ന ഒരു എം.എൽ.എ. യാണ് ഞാൻ. ശ്രീനാരായണ ഗുരുവിന്റെ സമാധിസ്ഥാനമാണ്. ആ ശ്രീനാരായണഗുരു സ്ഥാപിച്ച ഒരു ധർമ്മ സംഘമുണ്ട്. ആ ധർമ്മ സംഘത്തിലെ സ്വാമിമാർ തമ്മിൽ സ്വത്തിനെ സംബന്ധിച്ച് തർക്കമുണ്ടായി. ഈ തർക്കം കോടതിയിൽ എത്തുന്നതിനു മുമ്പ് ഇന്ന് ഭരണത്തിലിരിക്കുന്ന സ്വാമിമാർ എങ്ങനെയെങ്കിലും പറഞ്ഞു തീർക്കാൻ എന്നെ സമീപിച്ചിരുന്നു. മറേറ സ്വാമിമാരുമായി ചർച്ച ചെയ്തു. ഗവൺമെന്റിന്റെ സ്വാധീനം കൊണ്ട് ഒത്തുതീർപ്പായില്ല. കോടതിയിൽ പോയി. എനിക്ക് ഈ സ്വാമിമാരുടെ വക്കാലത്തില്ല. ഇവരുടെ സമീപനത്തോടു യോജിപ്പില്ല. പക്ഷേ ഒരു വക്കാലത്തുള്ളത് ശ്രീനാരായണ ഗുരുദേവന്റെ വക്കാലത്താണ്. എന്തുകൊണ്ട്? താൻ ജനിച്ചു വളർന്ന നാട്ടിൽ അദ്ദേഹത്തിന്റെ ആദർശങ്ങളിൽ അടിയുറച്ച് നിന്നുകൊണ്ട് ഈ രാജ്യത്ത് സാമൂഹ്യവിപ്ലവം സാധിതപ്രായമാക്കിത്തീർത്ത ഒരു ലോക ഗുരുവാണ് ശ്രീനാരായണൻ.

മി. ചെയർമാൻ: അദ്ദേഹത്തിന്റെ ഭക്തനാണോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: അദ്ദേഹത്തിന്റെ ഭക്തനെന്നുള്ള നിലയ്ക്കല്ല പറയുന്നത്. ഭക്തിയുള്ളവരുമുണ്ട്. ലക്ഷക്കണക്കിനാളുകൾ ഭക്തൻമാരുണ്ട്. സ്വാമികളുടെ ശിഷ്യൻമാരിൽപ്പെട്ട ആളാണ് സഹോദരൻ അയ്യപ്പൻ. അദ്ദേഹം നിരീശ്വരവാദിയാണെങ്കിലും ഭക്തനായിരുന്നില്ല. ആ കൂട്ടത്തിൽ പെടും ഞാനും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സുജനപാൽ: സർ, ബഹുമാനപ്പെട്ട ഇ. എം. എസ്. നമ്പൂതിരിപ്പാട് സഹോദരൻ അയ്യപ്പനെപ്പറ്റിയും കുമാരനാശാനെപ്പറ്റിയും ശ്രീനാരായണഗുരുവിനെപ്പറ്റിയുമൊക്കെ അഭിപ്രായ പ്രകടനം നടത്തിയിട്ടുണ്ട്. ആ അഭിപ്രായവുമായി അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ശ്രീ. ഇ. എം. എസ്. പറഞ്ഞ അഭിപ്രായങ്ങളോട് എനിക്ക് പൂർണ്ണമായ യോജിപ്പാണുള്ളത്. വിയോജിപ്പില്ല. രണ്ടും ഒന്നാണ്.

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. ഇ.എം.എസ്.-ന്റെ അഭിപ്രായവും അങ്ങയുടെ അഭിപ്രായവും കൂടി ഒന്നാണെങ്കിൽ അങ്ങേക്ക് എങ്ങനെ ശ്രീനാരായണ ആദർശങ്ങളോടും ശ്രീനാരായണ ഭക്തിയോടും കൂറു പുലർത്താൻ പറ്റും?

ശ്രീ. വർക്കല രാധാകൃഷ്ണൻ: എനിക്ക് ശ്രീനാരായണഗുരുദേവന്റെ ആദർശങ്ങളോടുള്ള അടുപ്പം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ശ്രീ. എം. എം. ഹസ്സൻ ചോദിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. കേവലം ആറുമാസം പ്രായമായ ഒരു കുഞ്ഞായിരിക്കുമ്പോൾ ശ്രീനാരായണ ഗുരുദേവൻ അന്നം ഊട്ടിയ വ്യക്തിയാണ് ഞാൻ. അവിടെ നിന്നു തുടങ്ങിയതാണ് ഈ ബന്ധം. ശ്രീനാരായണഗുരുദേവന്റെ ദർശനവും സ്പർശനവും ഏറ്റ ആളുകൾ ചുരുക്കമാണ്. അദ്ദേഹത്തിന്റെ അനുയായികൾക്കാർക്കും ഇതു മനസ്സിലായിട്ടില്ല.

ശ്രീ. എം. എം. ഹസ്സൻ: ഉണ്ട ചോറിന് നന്ദി കാണിക്കണമെന്ന് മലയാളത്തിൽ ഒരു ചൊല്ല് ഇല്ലേ?' എന്നിട്ടും നന്ദികേടാണ് കാണിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ നന്ദികേട് കാണിക്കുകയല്ല. ഞാൻ ശ്രീനാരായണ ഗുരുദേവന്റെ വക്കാലത്ത് പറഞ്ഞു. പറയുന്നതിനുള്ള കാരണം അതാണ്. ആ ശിവഗിരിയിലാണ് അങ്ങയുടെ പിന്നിലിരിക്കുന്ന മഹാത്മാഗാന്ധി വന്ന് വർണ്ണാശ്രമധർമ്മങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന സംശയങ്ങൾ ദൂരീകരിച്ച് ദേശീയ രംഗത്തേക്ക് പോയത്. ഇൻഡ്യയിലെ ഏറ്റവും സമാരാദ്ധ്യ ഗുരുവായ രവീന്ദ്രനാഥടാഗോർ ശിവഗിരിയിൽ വന്ന് ആ വൃക്ഷത്തണലിലിരുന്നു കൊണ്ട് പറഞ്ഞത് എന്താണെന്നറിയാമോ? 'അനന്തതയിലേക്ക് മിഴിനട്ടിരിക്കുന്ന ഒരു പൂർണ്ണ മനുഷ്യനെ ഞാൻ ജീവിതത്തിൽ ആദ്യമായി കണ്ടു എന്നാണ്.' ആ പുണ്യഭൂമിയിലാണ് 'സിമെൻറ് നാണുവിന്റെ പ്രതിമ എവിടെ' എന്നുപറഞ്ഞുകൊണ്ട് ശ്രീ. ആൻറണിയുടെ പോലീസുകാർ നഗ്നതാണ്ഡവ നൃത്തം നടത്തിയത്. അതിനു വേണ്ടി പ്രത്യേകം പോലീസുകാരെ തെരഞ്ഞെടുത്ത് കൊല്ലം ക്യാമ്പിൽ വരുത്തി. 100 കണക്കിന് പോലീസുകാരെ ഈ സംസ്ഥാനത്തെ പോലീസ് ഡിപ്പാർട്ടുമെൻറിൽ നിന്ന് തെരഞ്ഞെടുത്ത് അവിടെ അയച്ചിട്ടു അവരെക്കൊണ്ട് വിളിപ്പിച്ചതാണ്. ശ്രീ. എ. കെ. ആൻറണിക്ക് ഈ രാജ്യത്ത് ധർമ്മാധർമ്മങ്ങളുള്ള കാലത്തോളം ഇതിന് സമാധാനം പറയാതിരിക്കാൻ സാധ്യമല്ല. അഹിതയ്ക്ക് പരിശുദ്ധവും പരിപാവനവുമായ മണ്ണിൽ ബൂട്ട്സിട്ട പോലീസിനെ കയറ്റി ചെയ്ത നഗ്നതാണ്ഡവ നൃത്തത്തെക്കുറിച്ചാണ് ഞങ്ങൾക്ക് പ്രതിഷേധം. അതിന്റെ പേരിലാണ് ശ്രീനാരായണ ഗുരുദേവന്റെ വക്കാലത്തുണ്ടെന്ന് ഞാൻ ഈ സഭയിൽ പറയാൻ കാരണം. ശിവഗിരിയിൽ കോടതി ഉത്തരവ് നടപ്പിലാക്കാൻ പോയി എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

വെളുപ്പാൻ കാലത്ത് ആണോ കോടതി ഉത്തരവ് നടപ്പിലാക്കുന്നത്? വെളുപ്പാൻകാലത്ത് നാലരമണി സമയത്ത് 1,400-ൽ അധികം പോലീസുകാരും ആമീനും ശിവഗിരി കുന്നിന്റെ പ്രാന്തപ്രദേശങ്ങളും വളഞ്ഞു, കോടതി ഉത്തരവുപ്രകാരം. ഞാനും പത്തുമുപ്പതുകൊല്ലം ഈ ഉത്തരവുകളും നടപടിയുമൊക്കെ നടത്തിയതാണ്. ഒരു ആമീൻ എപ്പോഴാണ് വരേണ്ടതെന്ന് നമുക്കറിയാം. ആമീൻ കോടതിയിൽചെന്ന് അറസ്റ്റ്മാർക്ക് ചെയ്ത് പത്തുമണിക്കാണ് വരുന്നത്. കോടതി ഉത്തരവ് നടപ്പിലാക്കാൻ ആമീനാണ് പോലീസ് പ്രൊട്ടക്ഷൻ ആവശ്യപ്പെട്ടിരിക്കുന്നത്. ആമീനു പ്രൊട്ടക്ഷൻ കൊടുക്കണമെങ്കിൽ പത്തുമണിക്ക് പോലീസ് ചെന്നാൽ പോരേ? ആമീനു ഒരു തർക്കഹർജി എഴുതി കൊടുത്താൽ അതു സ്വീകരിക്കണ്ടേ? അതിനു അവസരമുണ്ടോ? പോലീസിനെ അയച്ച് ആ പരിപാവനമായ ശിവഗിരി പ്രദേശത്ത് തളളിക്കയറിച്ചെന്ന് പാടില്ലാത്തതൊക്കെ ചെയ്തു. അവിടത്തെ സ്വാമിമാരുടെ തല തല്ലിപ്പൊളിച്ചു; ചോരയും രക്തം കണ്ട് നാലുവഴിക്ക് ഓടി, അതുമാത്രമാണോ എസ്. എൻ. ഡി. പി.-യുടെ നേതാവായിരുന്ന ശ്രീ. പ്രതാപ്സിംഗ് അടക്കം നമ്മുടെ രാജ്യത്ത് ഒരു മുഖ്യമന്ത്രിയായിരുന്ന ശ്രീ. ആർ. ശങ്കറിന്റെ പുത്രൻ അടക്കമുളളവരെ അടിച്ചുവശപ്പെടുത്തി. അവരെയെല്ലാം ആശുപത്രിയിലാക്കി.

ശ്രീ. സി. പി. ബാലൻ വൈദ്യർ: ശിവഗിരിപ്രശ്നം സംബന്ധിച്ച് കേരള കൗമുദിയുടെ എഡിറ്റർ-ഇൻ-ചീഫ് ശ്രീമാൻ മണി ഒരു പുസ്തകം തന്നെ തയ്യാറാക്കി എല്ലാ എം. എൽ. എ.-മാർക്കും കൊടുത്തിട്ടുണ്ട്; ഭരണകക്ഷിക്കാരുടെ മുറികളിൽ കൊണ്ടുചെന്നു കൊടുത്തിട്ടുണ്ട്. അതു വായിച്ചിട്ടും വിവരമില്ലാത്തവരോട് ശ്രീ. വർക്കല ഇങ്ങനെ കണ്ഠക്ഷോഭം ചെയ്തതുകൊണ്ട് ഒരു ഗുണവുമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇതാണോ നിയമം നടപ്പിലാക്കൽ? ഒരു ഒഴിപ്പിക്കലുത്തരവ് നടപ്പിലാക്കുന്നത് ഇങ്ങനെയാണോ? ശ്രീ. എ. കെ. ആന്റണിയുടെ ഈ നടപടിയെ പിന്താങ്ങിയത് ആരാണ്? ബി. ജെ. പി. വേറെ ഒരു രാഷ്ട്രീയ കക്ഷിയും ഈ ഇൻഡ്യാ മഹാരാജ്യത്ത്, ശിവഗിരിയിൽ നടന്ന പോലീസ് കയ്യേറ്റത്തെ അനുകൂലിച്ചിട്ടില്ല. ബി. ജെ. പി.-യും ഇതിന്റെ ബന്ധപ്പെട്ട ആളുകളും ശ്രീ. ആന്റണിയുടെ ആളുകളും കൂടി—ശ്രീ ആന്റണി റിമോട്ട് കൺട്രോൾ വഴിയാണ് ഈ പരിപാടി നടപ്പിലാക്കിയത്. ഡൽഹിയിലെ കേരളാ ഹൗസിലിരുന്നാണ് ഇതെല്ലാം നിയന്ത്രിക്കുന്നത്. വെളുപ്പാൻ കാലത്ത് ശിവഗിരിയിൽ കയറി വേണ്ടാത്തതൊക്കെ ചെയ്യാൻ പോലീസിനെ കയറൂരിവിട്ട് ലൈസൻസ് കൊടുത്തിരിക്കുന്നു. പരിപാവനമായ ശിവഗിരിയുടെ മണ്ണിൽ പോലീസ് കടന്നു കയറിച്ചെന്ന് നടത്തിയ നരനായാട്ട്, നഗ്നതാണ്ഡവം ചരിത്രത്തിന്റെ രേഖയിൽ നിന്നു മാഞ്ഞുപോവുകയില്ല. പരിശുദ്ധമായ ആ പ്രദേശം കളങ്കപ്പെടുത്തിയ ശ്രീ. ആന്റണിയുടെ ഗവൺമെന്റിനു ജനങ്ങൾ മാപ്പുകൊടുക്കുകയില്ല. ഒരു ഉറുമ്പിനെപ്പോലും നോവിക്കാതെ ഈ രാജ്യത്ത് ഒരു സാമൂഹ്യവിപ്ലവം നടപ്പിൽ വരുത്തിയ മഹാത്മാവാണ് ശിവഗിരിയിൽ അന്ത്യവിശ്രമം കൊള്ളുന്നത്. ഇൻഡ്യയിൽ പല സ്വാമിമാരും ഉണ്ടായിട്ടുണ്ട്, മഹാപണ്ഡിതൻമാരുണ്ടായിട്ടുണ്ട്. പാണ്ഡിത്യത്തിന്റെ അങ്ങേ അറ്റത്ത് എത്തിയവരുണ്ട്. പക്ഷെ അവരിൽ നിന്നെല്ലാം ഭിന്നമാണ് ഈ തെക്കേ ഇൻഡ്യയിലെ ശ്രീനാരായണഗുരു. പാവങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരുവനായി ജനിച്ച്, പാവങ്ങളോടൊപ്പം ജീവിച്ച്, പാവങ്ങളുടെ സുഖത്തിലും ദുഃഖത്തിലും പങ്കുകൊണ്ട്, അത്യന്തം പ്രശസ്തമായ നിലയിൽ കേരളത്തിന്റെ സാമൂഹ്യരംഗത്ത് വിപ്ലവകരമായ മാറ്റത്തിന് അടിത്തറ പാകിയ ആ മഹാത്മാവിന്റെ നേർക്കാണ് ഈ കൊടും പാതകം ശ്രീ. ആന്റണിയും കൂട്ടരുംകൂടി ചെയ്തതെന്നുള്ള കാര്യം ഒരിക്കലും മറക്കുകയില്ല. ഇവിടെ ആർക്കും ശിവഗിരിയിലെ സ്വാമിമാരുടെ ഒരു വക്കാലത്തുമില്ല. ഏതെങ്കിലും ഒരു വിഭാഗത്തെ സഹായിക്കുകയെന്ന പ്രശ്നവുമില്ല. പക്ഷെ, ഈ ചെയ്ത പ്രവൃത്തി ഒരു കാരണവശാലും ന്യായീകരിക്കാൻ നിവൃത്തിയില്ല.

എക്സൈസ്, പിന്നോക്കപട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, അങ്ങ് തെരഞ്ഞെടുപ്പുകളിൽ മൽസരിച്ച മൂന്നു തവണയും വോട്ട് ചോദിക്കാൻ പോലും പരിപാവനമായ ശിവഗിരിയിൽ പോയിട്ടില്ലല്ലോ. ഇപ്പോഴത്തെ ഈ മൊഴി മാറ്റം, ഒരു ആദ്ധ്യാത്മിക പരിവേഷം തെരഞ്ഞെടുപ്പ് അടുത്തതുകൊണ്ടല്ലേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ശിവഗിരിയിൽ ധാരാളം പ്രാവശ്യം പോയിട്ടുണ്ട്, അവിടത്തെ തീർത്ഥാടക സമ്മേളനങ്ങളിലും ഒക്കെ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ശിവഗിരിയിലെ കുറ്റങ്ങളും, കുറവുകളും ആ പ്ലാറ്റ്ഫോറത്തിൽപ്പോയി വർഷങ്ങൾക്ക് മുൻപ് തന്നെ പ്രസംഗിച്ചവനാണ് ഞാൻ. എത്രയോ കൊല്ലമായി—പത്തിരുപത്തഞ്ച്—മുപ്പതുകൊല്ലമായിട്ട് ശിവഗിരി തീർത്ഥാടക സമ്മേളനം, ശിവഗിരിയിലെ പൊതുസമ്മേളനം തുടങ്ങി പ്രധാനപ്പെട്ട എല്ലാ സമ്മേളനങ്ങളിലും പങ്കെടുക്കുകയും ശിവഗിരിയിലെ സ്വാമിമാരുടെ കൊള്ളരുതായ്മകളെ തുറന്നു തന്നെ ആ പ്ലാറ്റ്ഫോറത്തിൽ നിന്നു പറയുകയും ചെയ്തിട്ടുള്ള ഒരു വ്യക്തിയാണ് ഞാൻ. പക്ഷെ നമ്മുടെ പാവപ്പെട്ട ശ്രീ. സുധാകരന് അതൊന്നും അറിയില്ല, വർക്കലയിലെ ഓരോ മണ്ണിനും അത് അറിയാം. ഇന്നും ഇന്നലെയും ശിവഗിരിയിൽ പോയവനല്ല ഞാൻ. എത്രയോ വർഷങ്ങളായിട്ട്, പതിറ്റാണ്ടുകളായി ശിവഗിരി പ്രദേശത്തുപോയി, ശിവഗിരികുന്നുകളിൽ സഞ്ചരിച്ച് അവിടത്തെ ആദർശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും അവിടത്തെ സ്വാമിമാരുടെ കൊള്ളരുതായ്മകളെ കാലാകാലങ്ങളിൽ തുറന്നു കാട്ടുകയും ചെയ്തതുകൊണ്ടാണ് ഞാൻ ഈ അഭിപ്രായ പ്രകടനം നടത്തുന്നത്. അല്ലാതെ കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കുക എന്ന ഏർപ്പാട് എനിക്കില്ല. അതാണ് വസ്തുത. അതാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയുവാനുള്ളത്. ഇനി മറ്റൊരു കാര്യം, അഴിമതിയുടെ വസ്തുത ഹവാല എന്നു ഞാൻ പറയുന്നില്ല. ഈ രാജ്യത്ത് പൊതു പ്രവർത്തകരുടെ ഇടയിലുള്ള അഴിമതിക്ക് ഒരു പരിഹാരമുണ്ടാക്കാൻ നമ്മളൊരു നിയമനിർമ്മാണം നടത്തിയല്ലോ? The Kerala Public Men's Corruption (Investigation and Inquiries) Amendment Bill 26 മണിക്കൂർ ആ കസേരയിലിരുന്ന് ചർച്ച ചെയ്തു പാസാക്കിയ ഒരു നിയമമാണ്. ആ നിയമത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം മായം ചേർത്തു. നിയമത്തിന്റെ അലകും പിടിയും മാറ്റി. നിയമത്തിന്റെ എല്ലാ സ്വഭാവവും മാറ്റി. ഒടുവിൽ ഇന്ന് അതൊരു നോക്കുകുത്തിയാക്കി മാറ്റി. എന്തുകൊണ്ട് അതിനെപ്പറ്റി ശ്രീ. പത്മരാജൻ തന്റെ പ്രസംഗത്തിൽ പറഞ്ഞില്ല? ഈ രാജ്യത്ത് അഴിമതി നിരോധനത്തിന് ഒരു വിജിലൻസ് കമ്മീഷനെ നിയമിക്കുമെന്ന് പറഞ്ഞു. ആ വിജിലൻസ് കമ്മീഷനെ നിയമിച്ചതുകൊണ്ട് മാത്രമായോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുരംഗത്തുള്ള അഴിമതിയെ സംബന്ധിച്ച് ഒരു റിപ്പോർട്ട് ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ടോ? നിയമപ്രകാരം പസ്സാക്കിയിട്ടുള്ള നിയമങ്ങൾ അനുസരിച്ചുള്ള റിപ്പോർട്ട് കൂടെ മേശപ്പുറത്തു വച്ചിട്ടുണ്ടോ? ഒരെണ്ണം ചർച്ച ചെയ്തിട്ടുണ്ടോ? അതിൽ ശക്തിപ്പെടുത്താൻ എന്തെങ്കിലും നടപടി നിങ്ങളുടെ ഭാഗത്തുനിന്നും വന്നിട്ടുണ്ടോ? 'വാസവദത്ത ചാരിത്ര്യം പ്രസംഗിക്കുന്നതു' പോലെയാണ്, ശ്രീ. പത്മരാജനെക്കൊണ്ട് ശ്രീ. ആൻറണി അഴിമതിക്കെതിരായി പ്രസംഗിപ്പിക്കുന്നത്. വിരോധാഭാസമെന്നല്ലാതെ എന്തു പറയാനാണ്. അഞ്ചുകൊല്ലം ആയല്ലോ ശ്രീ. കരുണാകരനും, ശ്രീ. ആൻറണിയും മാറി മാറി ഭരിച്ചില്ലേ? അഴിമതി തടയുന്നതിന് ഞങ്ങൾ പാസാക്കിയ, ഇൻഡ്യക്ക് ആകെ മാതൃകയാകേണ്ട ഒരു നിയമത്തെ നിങ്ങൾ വെള്ളം ചേർത്ത് നശിപ്പിച്ചു. ആ സ്ഥാപനത്തെ വിലയില്ലാതാക്കി. ആ സ്ഥാപനം കൊടുത്ത റിപ്പോർട്ട് ഒരിക്കൽപ്പോലും ചർച്ച ചെയ്യാൻ അവസരം നല്കാതെ വന്നുനിന്നുപറയുകയാണ് അഴിമതി.....അഴിമതി.....ഇപ്പോൾ അവസാനമായി കണ്ടിരിക്കുന്ന ഒരു തുറുപ്പുശീട്ട് എന്താണ്? ഒരു വിജിലൻസ് അന്വേഷണം. ഹൈക്കോടതി ജഡ്ജിയുടെ സേവനം ആവശ്യപ്പെട്ട് വിജിലൻസ് അന്വേഷണം. ഇതിലും കൂടുതലൊരു തട്ടിപ്പുണ്ടോ? ഈ രാജ്യത്ത് ഏതുകാര്യത്തിലെ അഴിമതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ട്? പാമോലിൻ അഴിമതി, ജീരകം അഴിമതി, സ്പിരിറ്റ് അഴിമതി എത്ര എത്ര അഴിമതി കേസുകൾ ഈ നിയമസഭയുടെ മുൻപിൽ ഒന്നിനുപുറമേ ഒന്നായി വന്നിട്ടുണ്ട്. ഒരു എണ്ണമെങ്കിലും സുഹൃത്തുക്കളേ നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ? അഴിമതി കമ്മീഷൻ ഇവിടെ ഉണ്ടല്ലോ, അതിനെന്തെങ്കിലും ജോലി നിങ്ങൾ കൊടുത്തിട്ടുണ്ടോ? ഈ ഗവൺമെൻറിന് ഇത് അറിയാമല്ലോ. ഈ നിയമസഭയിൽ വന്ന എം. എൽ. എ. മാരുടെ അഭിപ്രായം രൂപീകരിച്ച് നിങ്ങൾ ഏതെങ്കിലും കേസ് റഫർ ചെയ്യുകയോ വല്ലതും ചെയ്തോ? ചെയ്തില്ല. നിങ്ങളുടെ അഴിമതി വിരുദ്ധ പ്രസംഗത്തിനു വല്ല ആത്മാർത്ഥതയും ഉണ്ടോ? ഇനി പോലീസിൻെറ നയം. അതിൽ നിങ്ങളുടെ ഏറ്റവും വലിയ വിമർശകൻ ശ്രീ. വയലാർ രവിയാണ്. പോലീസിനെ നിങ്ങൾ നിർവീര്യമാക്കി എന്നതാണ് ശ്രീ. വയലാർ രവിയുടെ പരാതി. നിങ്ങൾക്ക് എന്ത് പറയുവാനുണ്ട്. പോലീസിനെ ഈ രാജ്യത്ത് ജനകീയസമരങ്ങളെ അടിച്ചമർത്തുന്ന ഒരു ഉപകരണമാക്കിയാണ് മാറ്റിയത്. ജനകീയസമരങ്ങളെ അടിച്ചമർത്തുന്നതിൻെറ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് പ്രകടനം നിരോധന നിയമം. കോടതി തള്ളിക്കളഞ്ഞു. നിങ്ങൾ ജനകീയസമരങ്ങളിൽ എടുക്കുന്ന നയമെന്താണ്? ഈ രാജ്യത്തെ ജനങ്ങൾ വിലക്കയറ്റത്തിനെതിരായി, ജീവിതക്ലേശങ്ങൾക്ക് പരിഹാരം കാണ്മാൻവേണ്ടി, നടത്തുന്ന എല്ലാ സമരങ്ങളേയും അടിച്ചമർത്തുന്ന ഒരു ജോലി അല്ലേ നിങ്ങൾ പോലീസിനുകൊടുത്തത്? ആ പോലീസ് നിങ്ങൾ പറയുന്നതു കേൾക്കുന്നില്ല എന്ന് തോന്നിത്തുടങ്ങിയപ്പോൾ ശ്രീ. വയലാർ രവി പറഞ്ഞു, പോലീസിനെ നിങ്ങൾ നിർവീര്യമാക്കി. നിങ്ങളുടെ ക്രമസമാധാനം എന്താണ്? അതിൻെറ കണക്കുകൾ ഞാൻ അവതരിപ്പിക്കുന്നില്ല. എല്ലാ രീതിയിലും ക്രമസമാധാനം സംബന്ധിച്ച് വിവരങ്ങൾ പരിശോധിക്കാൻ നിങ്ങളുടെ തന്നെ കണക്ക് എൻെറ കൈവശമുണ്ട്. കൊലപാതകങ്ങളുടെ എണ്ണം കൂടി. സ്ത്രീകൾക്ക് എതിരെയുള്ള അക്രമങ്ങളുടെ എണ്ണം വർദ്ധിച്ചു. കഴിഞ്ഞ ദിവസം ശ്രീമതി മീനാക്ഷി തമ്പാൻ വളരെ വിശദമായി നിങ്ങളോട് പറഞ്ഞു. പിടിച്ചുപറി, കൊലപാതകം, ബ്ലൂഫിലിം നിർമ്മാണം അങ്ങനെ ക്രമസമാധാനമാണുപോലും. നിങ്ങൾ സി. ബി. ഐ.-യുടെ ക്രെഡിബിലിറ്റി ഇല്ലാതാക്കി. സി. ബി. ഐ.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണ ഏജൻസിക്ക് ഉണ്ടായിരുന്ന ക്രെഡിബിലിറ്റി ചാരവൃത്തി കേസ് അന്വേഷണത്തോടുകൂടി ഇല്ലാതായി. എന്തെല്ലാം ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് ഈ രാജ്യത്ത് വന്നത്. നിങ്ങൾ സി. ബി. ഐ.-യുടെ ക്രെഡിബിലിറ്റി മുഴുവൻ നശിപ്പിച്ചില്ലേ? ഈ രാജ്യത്ത് മാലിയിൽ നിന്നും വന്ന രണ്ട് സ്ത്രീകൾ ഇന്നും റിമാൻറിലാണ്. സി. ബി. ഐ. എന്ന അന്വേഷണ ഏജൻസിയെ കുറിച്ചുള്ള സകലവിശ്വാസവും നിങ്ങൾ തകർത്തു. അതുമാത്രമാണോ, ഇപ്പോൾ ഏറ്റവുമൊടുവിൽ നമ്മുടെ രാജ്യത്ത് എന്തും നടത്താൻ ഒത്താശ ചെയ്യുകയല്ലേ നിങ്ങളുടെ പണി? പക്ഷെ ഈ കഴിഞ്ഞ ദിവസം എറണാകുളം ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെ കോടതിവിധി ഇവിടെ വായിച്ചില്ലേ? അതുകൊണ്ട് അത് വിശദീകരിക്കുന്നില്ല. നിങ്ങൾക്ക് ക്രമസമാധാനനില മെച്ചപ്പെടുത്തി എന്നു പറയാൻ എന്തവകാശം? നിങ്ങൾ ഈ രാജ്യത്ത് എന്തുചെയ്തു? നിങ്ങൾ ഈ രാജ്യത്തെ പോലീസിനെക്കൊണ്ട് എന്ത് ചെയ്യിച്ചു എന്നുള്ളതിന്റെ നീണ്ട ചരിത്രമാണ് അഞ്ചു കൊല്ലമായി നമുക്കു പറയാനുള്ളത്.

മി. ചെയർമാൻ: അങ്ങ് എല്ലാ നിയമങ്ങളും കർശനമായി പാലിക്കുന്ന ആളല്ലേ. അങ്ങ് ഇങ്ങനെ ചെയ്യാൻ പാടില്ല. അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇപ്പോൾ തീർക്കാം. ഇവിടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നിങ്ങൾ നാഥനില്ലാ കളരിയാക്കി. ഏറ്റവുമൊടുവിൽ കൊച്ചി യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ സ്ഥിതി വിശേഷമാണ് ഇപ്പോൾ പ്രിവിലേജ് മോഷനായിട്ടു വന്നത്. ആരാണ് ഈ അവസ്ഥയുണ്ടാക്കിയത്. നിങ്ങളല്ലേ? നിലവിലുള്ള യൂണിവേഴ്സിറ്റി നിയമങ്ങളൊന്നും കൊള്ളുകയില്ലെന്നു പറഞ്ഞ്, ഗവൺമെൻറിന് എല്ലാം നല്ലരീതിയിൽ നടത്തണമെന്നു പറഞ്ഞല്ലേ ഏകീകൃത യൂണിവേഴ്സിറ്റി നിയമം ആവിഷ്ക്കരിച്ചത്. ഞാനുൾപ്പെടെ ആ സെലക്ട് കമ്മിറ്റിയിലുണ്ടായിരുന്നില്ലേ? ആ ഏകീകൃത യൂണിവേഴ്സിറ്റി നിയമത്തിന്റെ ഗതിയെന്തായി? നിങ്ങൾ അത് കോൾഡ് സ്റ്റോറേജിൽ വച്ചു. വിദ്യാഭ്യാസരംഗമാകെ കുത്തഴിഞ്ഞു കിടക്കുന്നു. കേരളാ യൂണിവേഴ്സിറ്റിയിൽ ആളില്ല. ഗാന്ധി യൂണിവേഴ്സിറ്റി അവതാളത്തിലാണ്. കൊച്ചി യൂണിവേഴ്സിറ്റിയുടെ കാര്യം പ്രത്യേകിച്ച് പറയാനില്ല. ഉന്നത വിദ്യാഭ്യാസരംഗം നിങ്ങൾ താറുമാറാക്കി. ഭാവി തലമുറയും സാംസ്കാരിക കേരളവും നിങ്ങൾക്കു മാപ്പുതരില്ല. എന്നിട്ടും നിങ്ങൾക്കു നാണമില്ല. പൈസ കൊടുക്കാനില്ല, എന്നിട്ടും മലബാർ യൂണിവേഴ്സിറ്റി കൊണ്ടുവന്നു. നിങ്ങളല്ലാതെ ആരെങ്കിലും ലോകത്തെവിടെയെങ്കിലും ഓർഡിനൻസ് വഴി യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുണ്ടോ? ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കണമെങ്കിൽ നിയമം കൊണ്ടുവന്ന് ചർച്ച ചെയ്തത് എല്ലാ വശങ്ങളും പരിശോധിച്ചിട്ടുവേണ്ടേ അതു നടപ്പിലാക്കാൻ? നിങ്ങളോട് ആരാണിതു പറഞ്ഞത് ഈ സഭയെ മറികടന്ന് ഒരു ഓർഡിനൻസുവഴി മലബാർ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ? എന്നിട്ട് ഇവിടെ വന്നുനിന്ന് പ്രസംഗം. കേരളത്തിന്റെ ഐശ്വര്യപൂർണ്ണമായ സമ്പൽസമൃദ്ധിയെക്കുറിച്ചുള്ള ചിത്രം പറയാൻ ലജ്ജയില്ലേ പത്മരാജാ? നിങ്ങൾ പിന്നെയും യൂണിവേഴ്സിറ്റിയുണ്ടാക്കുന്നു. നിങ്ങൾ പല യൂണിവേഴ്സിറ്റിയും സ്ഥാപിച്ചു. അവസാനം പാലാ യൂണിവേഴ്സിറ്റിയും സ്ഥാപിക്കും. നിങ്ങൾ ഈ രാജ്യത്തെ ഉന്നത വിദ്യാഭ്യാസരംഗമാകെ ഒരു കച്ചവടച്ചരക്കാക്കി. സാധാരണ കച്ചവടമല്ല, ആകർഷകച്ചവടമാക്കി. നിങ്ങൾക്ക്,

LIBRARY ARCHIVES Kerala Legislative Assembly

പൊളിപ്പൻ പരിപാടിയാണുള്ളത്. എവിടെയെല്ലാം സർക്കാർ സ്കൂളുകളുണ്ടോ അതെല്ലാം പൊളിച്ചു വിൽക്കാൻവേണ്ടി അതിന്റെ ഇടവും വലവും നിങ്ങൾ അൺഎയ്ഡഡ് സ്കൂളുകളൊക്കെ കൊടുത്തു. ഈ രാജ്യത്തെ വിദ്യാഭ്യാസരംഗം ഇത്രമാത്രം അധഃപതിച്ചിരിക്കുന്ന സാഹചര്യം ഇതിനു മുൻപുണ്ടായിട്ടുണ്ടോ? പാവപ്പെട്ട കുട്ടികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ഉച്ചക്കഞ്ഞി ഇപ്പോൾ നിലവിലില്ല. മഹാ ദുഷ്ടൻമാരാണു നിങ്ങൾ. കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കാനുള്ള പണം നിങ്ങൾ ലാപ്സാക്കി. ഈ പാപം എവിടെ തീരും? ഈ പാപമെല്ലാം ഏറ്റുകൊണ്ട് ശ്രീ. പത്മരാജൻ ഇവിടെ വന്നുനിന്നു വായിച്ചല്ലോ. അങ്ങ് ഒന്ന് തിരിഞ്ഞുനോക്കണം. കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ തമ്മിലടി. ഈ രാജ്യത്തെ നിങ്ങൾ കുട്ടിച്ചോറാക്കി. ഈ രാജ്യത്തെ പൊതുജീവിതം മലിനമാക്കിയിട്ട് പോകാൻ നേരത്ത് ഒരു കുമ്പസാരപ്രസംഗം. അതിന് പത്മരാജനെ മാത്രമേ കിട്ടിയുള്ളോ? ശ്രീ. ആൻറണി ചെയ്യട്ടെ. ആമേൻ. ഞാൻ ഈ രാജ്യത്തെ സമ്പൽസമൃദ്ധമാക്കിയിരിക്കുന്നു. കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലയിടിവ്. നാളികേരകൃഷിക്കാരനായ ഞാനും ശ്രീ. പത്മരാജനുമടക്കമുള്ളവർ തേങ്ങ വെട്ടിക്കൊടുത്ത് പൈസ വാങ്ങിയിട്ട് എത്ര നാളായി. സമ്പൽസമൃദ്ധമാണല്ലേ ഇവിടെ. നാളികേര കൃഷിക്കാർക്ക് എന്തു കിട്ടുന്നു. ഓരോ ദിവസം കഴിയുന്തോറും വീടുകൾ ടിണിയിലേക്കു പോകുന്നത് ശ്രീ. പത്മരാജനറിഞ്ഞുകൂടെ? ശ്രീ. ആൻറണിക്കറിയുകയില്ലായിരിക്കും. അതുപോലെ റബ്ബർ കൃഷിക്കാർ. ഈ രാജ്യത്ത് അവരുടെയെല്ലാം ജീവിതം വളരെ കഷ്ടത്തിലാണ്. ഈ ബഡ്ജറ്റ് പ്രസംഗം നടത്തി പുതിയ ഒരു കീഴ്വഴക്കം സൃഷ്ടിക്കേണ്ടതില്ലായിരുന്നു. അതുകൊണ്ട് ഈ ബഡ്ജറിലെ പൊതു നിർദ്ദേശങ്ങളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. ബാലൻ: സർ, ഞാൻ ഈ ബഡ്ജറിനെ പരിപൂർണ്ണമായി അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷത്തെ പുരോഗതിയുടെ ചിത്രം വരച്ചുകാട്ടുന്നതാണ് ഈ ബഡ്ജറ്. ഭാവി വികസനത്തിന്റെ രൂപരേഖയും ഇതിലുണ്ട്. മൂന്നുകൊല്ലംകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി തീർത്ത ബലിഷ്ഠമായ അടിത്തറയിൻമേൽ ശ്രീ. പത്മരാജൻ വക്കീൽ മനോഹരമായ ഒരു സൗധം—പുരോഗതിയുടെ സൗധം—പടുത്തുയർത്തിയിരിക്കുന്നു. വരാനിരിക്കുന്നവർക്ക് ഒരു ഗൃഹപ്രവേശംപോലെ. സ്വതവേ കഴിഞ്ഞ അഞ്ചു കൊല്ലം ഇൻഡ്യാരാജ്യം നേടിയ പുരോഗതി വിസ്മയിക്കത്തക്കതാണ്. നാണ്യപെരുപ്പം 27 ശതമാനത്തിൽനിന്നും 5 ശതമാനമായി താഴ്ത്തിക്കൊണ്ടുവരുവാൻ കഴിഞ്ഞത് അഭിമാനാർഹമായ നേട്ടമാണ്. സാമ്പത്തിക ഉദാരവൽക്കരണത്തെ വിമർശിച്ചവർക്കുള്ള മറുപടിയാണിത്. ഈ കാലയളവിൽ ചൈനയുടെ നാണ്യപ്പെരുപ്പം 27 ശതമാനമായി ഉയർന്നുവെന്നതിൽനിന്നും ഇൻഡ്യ എത്ര കരുതലോടുകൂടിയാണ് പ്രവർത്തിച്ചതെന്ന് കാണാൻ കഴിയും. ചൈനയുടെ സമീപനത്തെ വാഴ്ത്തിക്കാട്ടിയവർക്ക് ഒരു പ്രഹരവുമാണത്. ഇവിടെ 'ഗാട്ട്' കരാർ ഒപ്പുവച്ചപ്പോൾ അപ്പുറത്തുള്ളവരൊക്കെ ഇവിടെ എല്ലാ സബ്സിഡിയും അവസാനിപ്പിക്കുമെന്നാണ് പറഞ്ഞത്. എന്നാൽ കണക്കു കാണിക്കുന്നത് 1990-91-ൽ 2400 കോടി രൂപ സബ്സിഡി കൊടുത്തത് 1994-95-ൽ 5,041 കോടി രൂപയും 1995-96-ൽ 5,400 കോടി രൂപയും ആയി എന്നാണ്. രാസവസ്തുക്കൾക്ക് സബ്സിഡി കൊടുത്തതിനെക്കുറിച്ചൊന്നും അപ്പുറത്തുള്ളവർ പ്രസംഗിച്ചു കേട്ടില്ലല്ലോ. ഇവിടെ പശു പ്രസവിച്ചാൽ കുട്ടി അമേരിക്കക്കാരനേറെതാകും എന്നുവരെ പ്രസംഗിച്ചു നടന്നവരാണ് വിദ്വാൻമാരിൽ പലരും. ഇവർ കൊട്ടിഘോഷിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു വലിയ ഗവൺമെൻറുണ്ടായിരുന്നു, കേന്ദ്രത്തിൽ. അതാണ് ശ്രീ. വി. പി. സിംഗിൻെറ ഗവൺമെൻറ്. ആ ഗവൺമെൻറ് 1991-ൽ ഇറങ്ങിപ്പോകുമ്പോൾ ഇവിടത്തെ വിദേശ നാണ്യശേഖരം 3,300 കോടി രൂപയായിരുന്നു. ഇപ്പോൾ 60,000 കോടി രൂപയാണ് ഇൻഡ്യയുടെ വിദേശ നാണ്യശേഖരം. നിങ്ങൾ ശ്രീ. മൻമോഹൻ സിംഗിൻെറ സാമ്പത്തിക നയത്തെ എതിർത്തില്ലേ? ഒരു രാജ്യത്തിൻെറ വികസനത്തിൽ പ്രധാനമായ പങ്കുവഹിക്കുന്ന ഒന്നാണ് വിദേശ നാണ്യശേഖരം. നിങ്ങൾ ഗാട്ട് കരാർ വന്നപ്പോൾ പറഞ്ഞു ഇറക്കുമതി ഇങ്ങോട്ടുവന്നു, അതുകൊണ്ട് ഇവിടെയൊന്നും ഇല്ലാതെയാകുമെന്നും അതുകൊണ്ട് കയറ്റുമതി കുറഞ്ഞിരിക്കുന്നു എന്നും. എന്തായിരുന്നു സ്ഥിതി? 1991-ൽ ഇൻഡ്യയുടെ വ്യാപാര കമ്മി 40 ശതമാനമായിരുന്നു. ഇപ്പോൾ 1996-ൽ ഇൻഡ്യയുടെ വ്യാപാര കമ്മി 10 ശതമാനമാണ്. അഞ്ചുവർഷംകൊണ്ട് ഇൻഡ്യ നേടിയ പുരോഗതി ഒരു യുഗമാറ്റത്തിൽ സംഭവിക്കുന്നതിനേക്കാൾ വലുതാണ്. അതു കാണാൻ കഴിയണ്ടേ. ഈ രാജ്യത്തിന് അഞ്ചുകൊല്ലം സുസ്ഥിരമായ ഭരണം ലഭിച്ചു. ശ്രീ. നരസിംഹറാവു അധികാരത്തിൽ വരുമ്പോൾ ഇൻഡ്യൻ പാർലമെൻറിൽ ഞങ്ങൾക്ക് ഭൂരിപക്ഷമില്ലായിരുന്നു. ആ ഭൂരിപക്ഷമില്ലാത്ത ഒരു ഗവൺമെൻറ് അഞ്ചു കൊല്ലം സുസ്ഥിരമായി രാജ്യം ഭരിച്ചുവെന്ന് പറഞ്ഞാൽ—സുസ്ഥിരമായ ഒരു ഗവൺമെൻറ് എന്നതിന് അർത്ഥം വികാസപരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ ഗവൺമെൻറ് എന്നാണ്—അതിന് ഒരു മറുപടിയും പറയാനില്ലേ? ശ്രീ. ഇ. എം. എസ്. എന്താണ് പറഞ്ഞത് എന്നറിയുമോ? അവരുടെ പാർട്ടിയിൽ ഇലക്ഷൻ നടക്കുന്നില്ല.

ശ്രീ. ഒ. ഭരതൻ: സർ, സുസ്ഥിരമായ ഗവൺമെൻറിന് സർട്ടിഫിക്കറ്റ് വേണമോ? നമ്മുടെ മുഖത്തേക്ക് വയറു നിറയെ കള്ളുവാങ്ങിച്ചു കൊടുത്തിട്ടല്ലേ സുസ്ഥിരമായിട്ടുള്ള ഭൂരിപക്ഷമുണ്ടാക്കിയത്. രണ്ടു കോടി ഉറുപ്പികയല്ലേ ഝാർഖണ്ഡ് മുക്തി മോർച്ചക്കാർക്കു കൈക്കൂലി കൊടുത്തത്. അങ്ങനെയല്ലേ നിങ്ങൾ ഭൂരിപക്ഷമുണ്ടാക്കിയത്? നാണമില്ലേ നിങ്ങൾക്കു ജനാധിപത്യത്തെക്കുറിച്ച് പ്രസംഗിക്കാൻ.

ശ്രീ. പി. ബാലൻ: പ്രതിപക്ഷത്തുനിന്നു കള്ളു വാങ്ങികൊടുത്തവനെന്നു പറഞ്ഞവനെയല്ലേ ചാരായം വാങ്ങിച്ചു കൊടുത്തിട്ട് ഇപ്പോൾ കൂടെ കൊണ്ടു നടക്കുന്നത്. ഭൂരിപക്ഷമുണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് വേറെ വല്ലതും പറയാനുണ്ടോ?

ശ്രീ. ബി. വിജയകുമാർ: കേരളത്തിൽ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി 1967-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിനുപോലും കാലാവധി പൂർത്തിയാക്കി ഭരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതു കണ്ടുവച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് കോൺഗ്രസിന് ഭരണ സുസ്ഥിരത കൈവരിക്കാൻ എങ്ങനെ കഴിയുമെന്ന്. കോൺഗ്രസ് നേതൃത്വമുള്ള ഗവൺമെൻറ് അധികാരത്തിൽ വന്നിട്ടുള്ളതല്ലാതെ കേരളത്തിൽ എപ്പോഴെങ്കിലും കാലാവധി പൂർത്തിയാക്കുവാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ടോ? 1957, 1967, 1987 ഈ വർഷങ്ങളിലൊക്കെ അധികാരത്തിൽ വന്നവരാണിവർ.

ശ്രീ. പി. ബാലൻ: ബഹുമാനപ്പെട്ട വിജയനും ഈ രാജ്യത്തെ ജനങ്ങൾക്കുമൊക്കെ അറിയുന്ന കാര്യമാണ്. പണ്ട് പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞിട്ടുള്ളതെന്താണ്? ''മണപ്പിച്ച്, ചുംബിച്ച്, നക്കിത്തുടച്ച് ദൂരത്തെറിഞ്ഞാൻ'' കുരങ്ങനെന്ന്. കൈയിൽ ജനാധിപത്യ ഭരണം കൊടുത്തിട്ട്

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് അതു വാനരന് മാണിക്യക്കല്ല് കിട്ടിയതുപോലെയാണ്. ഒന്ന് മണപ്പിച്ചുനോക്കി, ഒന്നു ചുംബിച്ചുനോക്കി, നക്കിനോക്കി ദൂരത്തെറി ഞ്ഞാൻ കുരങ്ങൻ എന്നതുപോലെയാണ് ഇവരുടെ കയ്യിൽ നാലുപാവശ്യം ഭരണം കിട്ടിയപ്പോഴും. ഇൻഡ്യക്കകത്തുമാത്രമല്ല, ശ്രീ. നരസിംഹാവു വിന്റെ ഭരണനൈപുണ്യത്തെ ലോക രാഷ്ട്രങ്ങളിലെ രാഷ്ട്രതന്ത്രജ്ഞൻമാർ പോലും പ്രശംസിക്കുകയാണ്. അഴിമതിക്ക് എതിരായി ഉജ്ജ്വലമായ പോരാട്ടമല്ലേ ശ്രീ. നരസിംഹാവു ആരംഭിച്ചിരിക്കുന്നത്. ഈ രാജ്യത്ത് അഴിമതിരഹിതഭരണം കൊണ്ടുവരാൻ രണ്ടാമത്തെ പ്രധാനമന്ത്രി എന്നു പ്രഖ്യാപിച്ച് രംഗത്തിറങ്ങിയ ബി. ജെ. പി.-യുടെ അഖിലേന്ത്യാ പ്രസിഡൻറ് ശ്രീ. അദ്വാനിയുടെ പേരിൽ 60 ലക്ഷം രൂപ ഹവാല വാങ്ങിയെന്നു പറഞ്ഞപ്പോഴാണ് ബി. ജെ. പി.-ക്ക് ശ്രീ. നരസിംഹാവു വിനെപ്പറ്റി പറയണമെന്നു തോന്നിയത്. ശ്രീ. അദ്വാനി 60 ലക്ഷം രൂപ ജെയിൻ സഹോദരൻമാരുടെ കൈയിൽ നിന്നു വാങ്ങിയെന്നു പറഞ്ഞപ്പോഴും നാഗ്പ്പൂരിലെ സംഘ് പരിവാറുകരും ഞെട്ടിത്തെറിച്ചു എന്നതാണ് വസ്തുത. അദ്വാനിയോ, അവിടം കൊണ്ടു തീർന്നോ? ദേശീയതതങ്ങളുടെ കുത്തകയാണെന്ന് അവകാശപ്പെട്ട ബി. ജെ. പി., മഹാരാഷ്ട്രയിലെ അട്ടിമറിക്കാർക്കും അവിടെ നരവേട്ട നടത്തുന്നവർക്ക് സംരക്ഷണം കൊടുത്തത് ബി. ജെ. പി. എം. പി. ആണെന്നു കേട്ടപ്പോഴും ബി. ജെ. പി.-യുടെയും ആർ. എസ്. എസ്.-ന്റേയും ആസ്ഥാനങ്ങളും ഞെട്ടിത്തെറിച്ചുപോയി. ഉദാരവൽക്കരണത്തെ സംബന്ധിച്ച് പറയുന്നത് ഞങ്ങളിതൊക്കെ അമേരിക്കക്ക് വിറ്റുവെന്നാണ്. ഇപ്പോഴും എന്താണ് സ്ഥിതി? പശ്ചിമബംഗാളിൽ എന്താണ് ഏർപ്പാട്? ശ്രീ. ജ്യോതിബാസുവും അദ്ദേഹത്തിന്റെ മകൻ ചന്ദൻ ബോസുവുംകൂടി നടത്തുന്ന ഏർപ്പാടുകരും എന്തൊക്കെയാണ്? കഴിഞ്ഞ നവമ്പറിൽ പശ്ചിമ ബംഗാരം മാർക്സിസ്റ്റു പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസിൽ ഒരു വിശിഷ്ടാതിഥി ചെന്നു. ആ അതിഥിക്ക് രാജോചിതമായ വരവേൽപ്പു നൽകി മാർക്സിസ്റ്റു പാർട്ടിക്കാർ. ആരാണ് ആ വിശിഷ്ടാതിഥി എന്ന് ശ്രീ. വിജയനും ശ്രീ. ഭരതനും അറിയാമോ? ശ്രീ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടോ ശ്രീ. നൃപൻ ചക്രവർത്തിയോ അല്ല. അമേരിക്കൻ അംബാസിഡർ ഫ്രാൻകോ വിൽസൺ. പശ്ചിമ ബംഗാരം മുഖ്യമന്ത്രിയെ കാണാനാണെങ്കിൽ റൈറ്റേഴ്സ് ബിൽഡിംഗിൽ ചെല്ലണം. പശ്ചിമബംഗാരം മുഖ്യമന്ത്രിയെ കാണാനല്ല, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഓഫീസിൽ ചെന്ന് സ്വീകരണം ഏറ്റുവാങ്ങാൻ അമേരിക്കൻ അംബാസിഡർക്ക് എന്താണ് കാര്യം? അവിടെ നടന്നതെന്താണ്? ഈ രാജ്യത്തെ വിൽപ്പന ചരക്കാക്കി എന്നല്ലേ? കേരളത്തിൽ കിടന്നിട്ടു കൂപമണ്ഡൂകങ്ങളെപ്പോലെ, ലോക മറിയാതെ, സമുദ്രത്തിൽനിന്ന് ഒരു തവള കിണറ്റിലെത്തിയതുപോലെ. സമുദ്രത്തിലെ തവള കിണറ്റിലെത്തിയപ്പോരം കിണറ്റിലെ തവള ചോദിച്ചു സമുദ്രമെന്നു പറഞ്ഞാലെങ്ങനെയിരിക്കും. ഇമ്മിണി വല്യതാണെന്നു തവള പറഞ്ഞു. കിണറ്റിലെ തവളയൊന്നു ചാടി. എന്നിട്ടു ചോദിച്ചു ഇതിലും വല്യതാണോ എന്ന്. അതെ എന്നു പറഞ്ഞു. ആ തവള ഈ പാതയിലിരുന്നുകൊണ്ട് മറേ പാതയിലേക്ക് ഒറ ചാട്ടം. ഇത്രയും വരുമോ എന്നു ചോദിച്ചുകൊണ്ട്. കിണറ്റിലെ തവള കണ്ടതു ഈ പാതയിൽ നിന്നു അടുത്ത പാതയിലേയ്ക്കു ചാടിയാൽ അതാണ് ഏറ്റവും വലിയ ലോകമെന്ന്. അതുപോലെ കേരളത്തിൽ കിടന്നു നിങ്ങരം വല്ലതും പറഞ്ഞിട്ടു കാര്യമുണ്ടോ? വല്ല വികസനവും വരണമെങ്കിൽ ശ്രീ. ജ്യോതിബാസുവിനെ കണ്ടു പഠിക്കേണ്ടേ? കൽക്കട്ടയിൽ സി. ഐ. ടി. യു. വിന്റെ സമ്മേളനം നടന്നു. ശ്രീ. ഭരതൻ പോയി

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് എന്റെ അറിവ്. അവിടെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനപ്രതിനിധികളും വന്നിരുന്നല്ലോ അവരോട് ചോദിച്ചില്ലേ ചൈന എന്തിനാണ് ഗാട്ടിൽ ചേർന്നതെന്ന്. അവർ പറഞ്ഞ മറുപടി എന്താണെന്നറിയുമോ? അതു ചൈനയുടെ ദേശീയ ആവശ്യമായിരുന്നു എന്നാണ്. ഇവിടെ ചേർന്നാൽ രാജ്യദ്രോഹമായിത്തീരും. ചൈന ചേർന്നാൽ അതു ദേശീയ ആവശ്യം. ഇതൊക്കെ അവരോടു ചോദിച്ചു മനസ്സിലാക്കണ്ടേ? വിവരമില്ലാത്ത കുട്ടികളെപ്പോലെ പെരുമാറാൻ പാടുണ്ടോ? അതു ശരിയല്ല. കേരളത്തിന്റെ വികസനം കാണാൻ നിങ്ങൾക്കു കഴിയണ്ടേ? കാർഷിക മേഖലയിൽ ഈ രാജ്യത്തുണ്ടായ ഉണർവ് എന്താണ്? രണ്ടര ലക്ഷം ജനങ്ങൾക്ക് പ്രയോജനമുണ്ടാക്കുന്ന നെൽകൃഷി മേഖലയ്ക്ക് വൈദ്യുതി സൗജന്യമായി നൽകി. അങ്ങനെ എത്ര വേണമെങ്കിലും ഇവിടെ പറയാൻ കഴിയും. നിങ്ങൾക്ക് വികസനം കാണാൻ കഴിയില്ല. കണ്ടാൽ നിങ്ങൾക്ക് ബുദ്ധിമുട്ടാണ്. വാല്മീകിയുടെ ഒരു ഉപമയുണ്ട്. രാവണന്റെ അശോകവനത്തിൽ സീതയെ കണ്ടുകിട്ടിയതിന്റെ ഫലമായിട്ട് സീതയോട് അഗ്നിപ്രവേശം ചെയ്യാൻ പറഞ്ഞപ്പോൾ രാമൻ പറയുന്നതിനെപ്പറ്റി പറഞ്ഞിട്ടുള്ളതെന്താണെന്നറിയാമോ? നേത്രരോഗിക്ക് ദീപം കണ്ടതുപോലെയാണ് എനിക്ക് നിന്നെ കാണുന്നതെന്ന്. ദീപത്തിനല്ല കേട് കണ്ണിനാണ് കേട്. അതുപോലെ ശ്രീ. കുട്ടികൃഷ്ണമാരാർ പറഞ്ഞത് എന്താണെന്നോ ''ആർഷമായ ഫലിതവും ഉപമ'' എന്ന്. വികസനമെന്നു കേട്ടാൽ ദീപം കണ്ട നേത്ര രോഗിയെപ്പോലെയാണ്. വികസനം കണ്ടാൽ നിങ്ങൾക്ക് വിറയൽ പിടിക്കും. വികസനം എന്ന വാക്കു കേൾക്കാൻ പാടില്ല. സി. പി. ഐ.-യുടെ പ്രമേയം വായിച്ചോ? ഞങ്ങളും വികസനത്തിനു് എതിരായിരുന്നു, വികസനം തടസ്സപ്പെടുത്തുക എന്നത് ഞങ്ങളുടെ പരിപാടിയായിരുന്നു. ഞങ്ങളും അതിനെപ്പറ്റി മാറിമാറി ചിന്തിച്ചു വരുന്നുണ്ട്.

കഴിഞ്ഞ 30 വർഷമായി വായ്പ എടുത്തിട്ടുള്ള ആളുകൾക്ക് 8 കോടി ഉറുപ്പികയാണ് എഴുതിത്തള്ളാൻ തീരുമാനിച്ചത്. ഇത് ഈ രാജ്യത്തെ മുതലാളിമാർക്കോ വൻ വ്യവസായികൾക്കോ വേണ്ടിയല്ല. ഈ സംസ്ഥാനത്തെ നാമമാത്ര കർഷകർക്കാണ് ഈ 8 കോടി ഉറുപ്പികയുടെ ആനുകൂല്യം കിട്ടിയത്. കൃഷി വകുപ്പുവഴി 10 കോടി ഉറുപ്പികയുടെ ആനുകൂല്യമാണ് കിട്ടിയത്. നിങ്ങൾക്ക് ഇപ്പോൾ പറയാൻ രണ്ട് പ്രശ്നങ്ങളാണുള്ളത്. ശ്രീ. വർക്കല പറഞ്ഞു, ശ്രീനാരായണഗുരുവിന്റെ വക്കാലത്ത് അദ്ദേഹത്തിനുണ്ടെന്ന്. രണ്ട് സമാധികളില്ലായിരുന്നുവെങ്കിൽ നിങ്ങളുടെ പ്രസംഗം എന്താകുമായിരുന്നു. ആകെ കയ്യിൽ കിട്ടിയത് രണ്ട് സമാധികളാണ്. ശ്രീനാരായണഗുരുവിനെ കാണാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ല. അദ്ദേഹം സാത്വികനും കർമ്മകുശലനും കൂർമ്മബുദ്ധിയുമൊക്കെ ആയിരുന്നു. ജീവിച്ചിരുന്നുവെങ്കിൽ ശ്രീ. വർക്കലയെപ്പോലുള്ള ഒരാളിന്റെ കയ്യിൽ വക്കാലത്തു കൊടുക്കാനുള്ളയത്ര വിഡ്ഢിത്തം ശ്രീനാരായണഗുരു കാണിക്കുകയില്ല. മാത്രമല്ല, ശ്രീനാരായണഗുരു ശ്രീ. രാധാകൃഷ്ണനെ വിളിച്ചു പറയും, രാധാകൃഷ്ണാ മകനേ നീ കോടതിയിൽ പോയി മേലിൽ കക്ഷികളെ ജയിലിലേക്ക് അയയ്ക്കരുത്, നീ ഈ തൊഴിൽ ഉപേക്ഷിക്കുക, എന്റെ ശിഷ്യപരമ്പരയിൽ ചേരുക എന്ന്. ശ്രീനാരായണഗുരു ശ്രീ. വർക്കലയെ വക്കാലത്ത് ഏൽപ്പിക്കുമെന്ന് പറഞ്ഞാൽ, ശ്രീനാരായണഗുരുവിനെ താഴ്ത്തിക്കെട്ടാൻ വേറെ വല്ലതും വേണോ? ശ്രീനാരായണഗുരുവിന്റെ പ്രധാന ശിഷ്യനും അനുഗ്രഹീത കവിയുമായ കുമാരനാശാനെ ബിട്ടീഷ് ചക്രവർത്തിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പട്ടും വളയും വാങ്ങിയ സാമ്രാജ്യത്വ കവി എന്നാണ് നമ്പൂതിരിപ്പാട് പറഞ്ഞത്. അതിനോട് ശ്രീ. വർക്കല യോജിക്കുന്നുണ്ടോ? കുമാരനാശാൻ ബ്രിട്ടീഷ് പാദസേവകനാണെന്ന് ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞതിനോട് യോജിക്കുന്നു എന്നാണ് ശ്രീ. വർക്കല പറഞ്ഞത്. എന്റെ പ്രതിപക്ഷ നേതാവേ, ഈജാതി വിഡ്ഢിത്തം പറയുന്ന വിദ്വാനെ ഒന്നു നിയന്ത്രിക്കേണ്ടേ? അങ്ങാണെങ്കിൽ ഇങ്ങനെ പറയില്ലല്ലോ. അങ്ങേയ്ക്ക് നാരായണഗുരുവും കുമാരനാശാനും ആരാണെന്നറിയാം. ഞാൻ ഒരു തൊഴിലാളി പ്രവർത്തകനായതുകൊണ്ട് പ്രതിപക്ഷനേതാവ് എന്റെ പ്രസംഗം കേൾക്കണം. അങ്ങേയ്ക്ക് ഞാൻ പറയുന്നത് മനസ്സിലാകും. ഇപ്പോൾ ഏതാണ് ഗ്രൂപ്പ്. നിങ്ങൾ രണ്ടുപേരും മൽസരിക്കുമോ? ലോകകാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന ഒരു അന്തർദ്ദേശീയ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന്റെ ഉടമകളായ മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയ്ക്ക് നിങ്ങൾ രണ്ടുപേരും മൽസരിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ കഴിവില്ലെങ്കിൽ പിന്നെ എന്തു കാര്യമാണു നിങ്ങൾ അവിടെ ചെയ്യുന്നത്. അതിന്റെ അർത്ഥം ആരെങ്കിലും ഒരാളേ മൽസരിക്കാൻ പാടുള്ളൂ എന്നാണ്. ആരാണ് മൽസരിക്കാൻ പാടില്ലാത്തതെന്ന് പറയാനുള്ള വിഷമമാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: ബാലേട്ടന്റെ പ്രസംഗം കേട്ടാൽ ഇവിടേക്കല്ല നോക്കുന്നത്, അങ്ങ് ഡൽഹിയിലേക്കാണ് പോകുന്നതെന്ന് ആരോ പറയുന്നത് കേട്ടു. ശരിയാണോ?

ശ്രീ. പി. ബാലൻ: വൈദ്യരെ അങ്ങയെപ്പറ്റി പറയുന്നതൊന്നും ശരിയല്ലല്ലോ. അങ്ങയെ വൈദ്യർ എന്നു വിളിക്കുന്നത് തിരുവനന്തപുരത്ത് ചിലരെ മുതലാളി എന്നു വിളിക്കുന്നതുപോലെയാണ്. അത്താഴപ്പട്ടിണിക്കാരനെയായിരിക്കും വേലായുധൻ മുതലാളി എന്നു വിളിക്കുന്നത്. അതുപോലെയുള്ള ബന്ധമാണ് ബാലൻ വൈദ്യരും വൈദ്യവും തമ്മിലുള്ളത്.

ശ്രീ. ഒ. ഭരതൻ: ബാലൻവൈദ്യർ ഒന്നാംതരം വൈദ്യനാണ്, ഒന്നാംതരം ചികിൽസകനാണ്. നാട്ടുവൈദ്യത്തിൽ ഇത്രയേറെ വിവരമുള്ള അധികം വൈദ്യൻമാർ കേരളത്തിലില്ല.

ശ്രീ. പി. ബാലൻ: അതിസാരത്തിന് കടുക്ക കൊടുത്ത പാർട്ടിയാണ്. അതിസാരത്തിന് കടുക്ക കൊടുത്താൽ എന്താണ് ഫലമെന്നറിയാമോ? ഞാൻ ആയുർവേദം പഠിച്ചവനാണ്. ബാലൻ വൈദ്യർ വൈദ്യരൊക്കെ തന്നെയാണ്. പക്ഷെ അതിസാരത്തിന് കൊടുത്തത് കടുക്കയാണ്.

ശ്രീ. പി. എം. മാത്യു: ശ്രീ. ബാലൻ വൈദ്യർ ഒന്നാംതരം വൈദ്യനാണെന്നു ശ്രീ. ഭരതൻ പറഞ്ഞു. പക്ഷെ ഏത് ഐറ്റത്തിലാണ് ഒന്നാംതരം വൈദ്യം?

ശ്രീ. പി. ബാലൻ: ശ്രീ. ബാലൻ വൈദ്യരുടെ ചികിൽസ സ്വീകരിച്ച ഒരാൾക്ക് പിന്നീട് ജീവിതത്തിൽ ചികിൽസ എന്നൊരു ഐറ്റം വേണ്ടി വന്നിട്ടില്ല. ആരു മൽസരിക്കണമെന്നു പോളിറ്റ് ബ്യൂറോക്ക് തീരുമാനം എടുക്കാൻ കഴിഞ്ഞില്ല. ശ്രീ. നായനാരും ശ്രീ. അച്യുതാനന്ദനും മൽസരിക്കുമോ? അത് സെക്രട്ടറിക്ക് വിട്ടു. സെക്രട്ടറിക്കും തീരുമാനിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് സംസ്ഥാന കമ്മിറ്റിക്ക് വിട്ടു. ഇനി അത് ജില്ലാ കമ്മിറ്റിക്ക് വിടില്ലെന്ന് ആരു കണ്ടു? നീ മൽസരിക്കണമോ ഞാൻ മൽസരിക്കണമോ എന്നുള്ള തർക്കമാണ്. ഈ നിയമസഭ തുടങ്ങിയപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നായനാർ മുമ്പിലും ശ്രീ. അച്യുതാനന്ദൻ പിമ്പിലും ആയിരുന്നു. ഇപ്പോഴോ ശ്രീ. അച്യുതാനന്ദൻ മുമ്പിലും ശ്രീ. നായനാർ പിമ്പിലും. പ്രതിപക്ഷനേതാവ് ആകാനുള്ള കഴിവില്ലാഞ്ഞിട്ടാണോ? കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയാകാനുള്ള കഴിവ് ശ്രീ. അച്യുതാനന്ദനു് ഇല്ലാഞ്ഞിട്ടാണോ ഈ മാറ്റം. എങ്ങനെ സംഭവിച്ചു എന്നു പറയണ്ട. ഈ നിയമസഭ അവസാനിക്കാൻ പോകുകയാണ്. എനിക്ക് പ്രതിപക്ഷനേതാവിനോട് ഒന്നേ പറയാനുള്ളൂ. ഏറ്റവുമുട്ടുന്നത് ആരോടാണെന്ന് നല്ലവണ്ണം ആലോചിക്കണം. ശ്രീ. എൻ. സി. ശേഖർ, ശ്രീ. കെ. പി. ആർ. ഗോപാലൻ, ശ്രീമതി ഗൗരിയമ്മ എന്നിവരെല്ലാം വീണുകിടക്കുകയാണ്. പ്രതിപക്ഷനേതാവ് സൂക്ഷിച്ചുനിന്നുകൊള്ളണം. അല്ലെങ്കിൽ കാര്യം പോക്കാണ്. ഞാൻ പറഞ്ഞില്ലെന്ന് വേണ്ട. ശ്രീ. എൻ. സി. ശേഖർ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക മെമ്പർമാരിൽ ഒരാളായിരുന്നു. ശ്രീ. കെ.പി.ആർ. ഗോപാലൻ ആരായിരുന്നു? ആ പേരൊക്കെ ഇപ്പോഴുള്ള മാർക്സിസ്റ്റുകാരോട് പറയാൻ പറ്റുമോ? ഇപ്പോഴത്തെ ഗ്രൂപ്പില്ല എന്നാണ് പറയുന്നത്. മലപ്പുറം ജില്ലയിലും തിരുവനന്തപുരം ജില്ലയിലും സമാന്തര ബ്രാഞ്ച് കമ്മിറ്റിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക്. കേരള സംസ്ഥാനത്ത് പ്രഗൽഭമായ ഒരു പോലീസ് സംവിധാനമുണ്ടെന്നും അവർ ക്രമസമാധാനം പാലിക്കുന്നുണ്ടെന്നുമുള്ളതിന്റെ തെളിവാണ് ഒരു രോമത്തിനുപോലും പോറൽ ഏൽക്കാതെ ശ്രീ. കൃഷ്ണൻകുട്ടിയും ശ്രീ. ചന്ദ്രശേഖരനും ഈ നിയമസഭയിൽ ഇരിക്കുന്നത്. അവർ തമ്മിൽ എന്തൊരു തമ്മിലടിയാണ്. ശ്രീ. വീരേന്ദ്രകുമാർ എന്താണ് പറയുന്നതെന്നറിയാമോ? നിങ്ങളൊക്കെ വീട്ടിൽ വന്നാൽ നമ്മെ ചോദിക്കും കുട്ടികളെക്ക് എങ്ങനെയുണ്ട്, കുടുംബത്തിന് എങ്ങനെയുണ്ട് എന്ന്. വേറെ ചിലർ ചോദിക്കുന്നത് നായക്കുട്ടിക്ക് എങ്ങനെയുണ്ടെന്നാണ്. ശ്രീ. ചന്ദ്രശേഖരനെപ്പറ്റിയാണ് നായക്കുട്ടിക്ക് എങ്ങനെയുണ്ടെന്നാണ് അന്വേഷിക്കുന്നത്. നിങ്ങളുടെ മുന്നണിയിൽ അഭിപ്രായ ഐക്യം ഉണ്ടോ? ഇപ്പോഴത്തെ ദേശീയമുന്നണി എന്നുപറയുന്ന ഒരു സാധനം ഉണ്ടോ, അതോ പിരിച്ചുവിട്ടോ? ഇപ്പോഴത്തെ നമ്പൂതിരിപ്പാട് പറയുന്നത് സി.പി.ഐ.-ഉം ആർ.എസ്.പി.-യും പാപ്പരായ പാർട്ടികളാണെന്നാണ്. പണ്ട് പാപ്പർ സ്യൂട്ടിനു് ഹർജി കൊടുക്കുക എന്നുപറഞ്ഞാൽപ്പിന്നെ കാൽ കാശിനു് മൂതലില്ല എന്നാണ് അർത്ഥം. ശ്രീ. നമ്പൂതിരിപ്പാട് വാക്കുകളിൽ അൽപ്പം കൂടി മാന്യത പുലർത്തണമെന്നാണ് വാസുദേവൻനായർ പറയുന്നത്. അതിനപ്പുറം പറയാൻ ഒക്കുകയില്ല. പാപ്പർ സ്യൂട്ടായ ഒരാളെ എന്നു പറഞ്ഞാൽ പിന്നെ സ്ഥാനാർത്ഥിയാകാൻ പറ്റുമോ? രാഷ്ട്രീയമായി നിങ്ങളും പാപ്പരായി എന്നാണ് പറയുന്നത്. അതിന്റെ അർത്ഥം എന്താണെന്നറിയാമോ? നിങ്ങളെപ്പറ്റി അവർ പറയുന്നത് നിങ്ങളും കേട്ടിട്ടുണ്ടോ? വർഗ്ഗശത്രുക്കളായ കോൺഗ്രസ്സുകാരോട് സന്ധി ചെയ്താലും വർഗ്ഗവഞ്ചകരായ സി. പി. ഐ.-ക്കാരോട് സന്ധി ചെയ്യില്ല എന്നാണ് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞിട്ടുള്ളത്. 1967 മുതൽ 1985 വരെ മുസ്ലീംലീഗിന്റെ കൂട്ടി നടന്ന മാർക്സിസ്റ്റ് പാർട്ടിയാണ് ഇപ്പോഴത്തെ വർഗ്ഗീയ വിരോധം പറയുന്നത്. 1935-ൽ മുസ്ലീംലീഗ് നിങ്ങളെ വിട്ടുപോയതാണു്. ന്യൂനപക്ഷവർഗ്ഗീയതയെ തള്ളിപ്പറഞ്ഞ് ഹിന്ദു മൃദുലവികാരങ്ങളെ ഇളക്കിവിടാം എന്നുള്ളതാണ് നിങ്ങളുടെ ഉള്ളിലിരിപ്പ്. കുറേക്കാലം നിങ്ങളെ വിവേകാനന്ദന്റെ പുസ്തകവുമായിട്ട് നടന്നു. ഇപ്പോഴും നിങ്ങളുടെ പ്രസംഗം ന്യൂനപക്ഷത്തിനു് വിദ്യാലയം കൊടുത്തു. ഹജ്ജിനു പോകാൻ സൗകര്യം ചെയ്തുകൊടുത്തു എന്നൊക്കെയാണ്. ഇതുതന്നെയല്ലേ അദ്വാനിയും വാജ്പേയിയും ചെയ്യുന്നത്. എന്നിട്ട് നിങ്ങളും വർഗ്ഗീയ വിരുദ്ധം പറയുന്നു. എത് എത് സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏത് ഏത് വർഗ്ഗീയതയെ ചൂഷണം ചെയ്യണം എന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ നിങ്ങളുടെ ശ്രമം രണ്ടും കിട്ടുമോ എന്നതാണ്. ഐ.എൻ.എൽ.-നെ വേണ്ട എന്നു നിങ്ങൾ പറഞ്ഞല്ലോ. നിങ്ങളുടെ ഘടകകക്ഷിയായ ജനതാദളിന്റെ സംസ്ഥാന സെക്രട്ടറി നീലലോഹിതദാസൻനാടാർ പറഞ്ഞത് ഐ.എൻ.എൽ.-നെ കൂട്ടണമെന്നാണ്. ഐ.എൻ.എൽ -നെ ജനതാദൾ കൂട്ടിയാൽ നിങ്ങൾ ജനതാദളിനെ ഉപേക്ഷിക്കുമോ? ജനതാദൾ ബാംഗ്ലൂരിൽ ഐ. എൻ. എൽ. നേതാവ് സുലൈമാൻ സേഠിന് സീറ്റ് കൊടുക്കാൻ പോകുകയാണ്. പട്ടാമ്പിക്കടുത്ത് ഐമുട്ടിയെന്നു പറയുന്ന ഒരു പെരുങ്കള്ളൻ ഉണ്ടായിരുന്നു. അവൻ ഒരു പശുക്കുട്ടിയെ കട്ടു. പോലീസ് പിടിച്ചു. അപ്പോൾ ഐമുട്ടി പറഞ്ഞു, രാവിലെ റോഡിൻമേൽ ഇറങ്ങിയപ്പോൾ ഒരു കയറിന്റെ കഷണം കണ്ടു. അതെടുത്തു. അങ്ങേതലയ്ക്കൽ പശുക്കുട്ടിയുള്ള വിവരം അറിയില്ലായിരുന്നു എന്നു പറഞ്ഞതുപോലെ ആണ് ജനതാദൾ ആകുന്ന കയർ ഐമുട്ടിയാകുന്ന മാർക്സിസ്റ്റുകാരൻ പിടിക്കുന്നത്. ജനതാദൾ-ഐ. എൻ. എൽ. ഐക്യം, ജനതാദൾ-മാർക്സിസ്റ്റ് സഖ്യം. ഇതാണ് നിങ്ങളുടെ സമീപനം. ആന്ധ്രയിൽ നിങ്ങൾ ആരുടെ കൂടെയാണ്? അവിടെ ജനതാദൾ ആരുടെ കൂടെയാണ്, യു. പി.-യിൽ നിങ്ങൾ ആരുടെ കൂടെയാണ്, ജനതാദൾ അവിടെ ആരുടെ കൂടെയാണ്? നിങ്ങൾ ബി. എസ്. പി. യുടെ കൂടെയാണോ, മുലായം സിംഗിന്റെ കൂടെയാണോ? നിങ്ങൾ ദേശീയമായി പുകമറ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. അതിനിടയിലാണ് സി. പി. ഐ.-ക്കാരുടെ ഒരു പ്രമേയം. ആളില്ലെങ്കിലും ബുദ്ധിപരമായി അവർക്ക് പരാജയം പറ്റാത്തതാണ്. 'ബി.ജെ.പി.-യുടെ വരവിനെ തടയുകയും കോൺഗ്രസ്സിനെ എതിർക്കുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ നയം'. ഇവരുടെ പ്രമേയമാണ്. ഞാൻ ചോദിക്കട്ടെ, കോൺഗ്രസ്സിനെക്കൂടാതെ ഇൻഡ്യാ രാജ്യത്ത് ബി.ജെ.പി.-യുടെ വരവിനെ തടയാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങളും മാർക്സിസ്റ്റ്പാർട്ടിയും കൂടിയാൽ കഴിയുമോ? ദേശീയ മുന്നണിയുമായി ഒപ്പം കൂടിയാൽ കഴിയുമോ? ഇൻഡ്യാ രാജ്യത്ത് ഫാസിസ്റ്റ് ശക്തിയായ ബി. ജെ. പി. അധികാരത്തിൽ വരുന്നത് തടയാൻ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ സഹായം കൂടാതെ സാധിക്കുന്ന ഒരു പാർട്ടിയുണ്ടോ? എന്നിട്ടാണ് സി.പി.ഐ. ഇത്തരത്തിൽ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഒഴക്ക് പൊടിയരിക്കഞ്ഞി. ദഹിക്കാത്തവൻ ഒരു കിലോ ആട്ടുമാംസം കഴിച്ചാൽ എന്താണ് സ്ഥിതി? ആള് കാലിയാകില്ലേ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ താഴെയിറക്കണം, ബി. ജെ. പി. വരുന്നത് തടയണം എന്നൊക്കെ പാസാക്കുമ്പോൾ ആളുകൾ വായിക്കുന്നതാണെന്നുകൂടി ഓർക്കണ്ടേ? പോലീസിന്റെ സ്ഥിതിയെക്കുറിച്ച് ചില കാര്യങ്ങൾ പറയാം. നിങ്ങൾ 1957, 1967, 1980, 1987 എന്നീ വർഷങ്ങളിൽ ഇവിടെ ഭരിച്ചു. ഇപ്പോൾ കേരളത്തിന്റെ സ്ഥിതിയെന്താണ്? വനവാസം കഴിഞ്ഞു ശ്രീരാമൻ വന്നു അയോദ്ധ്യാ ഭരണം ഏറ്റെടുത്തതുപോലെ ദൽഹിയിലെ താമസം അവസാനിപ്പിച്ച് എ.കെ. ആൻറണി വന്നു കേരളത്തിലെ ഭരണസാരഥ്യം എടുത്തപ്പോൾ അയോദ്ധ്യയിലെ ജനങ്ങൾ ബലേ ഭേഷ് എന്നു പറഞ്ഞതുപോലെ കേരളത്തിലെ മൂന്നുകോടി ജനങ്ങൾ ബലേ ഭേഷ് എന്നുപറയുകയാണ്. 1987 മുതൽ 1991 വരെ പോലീസ് സ്റ്റേഷനിലുണ്ടായിരുന്ന ബ്രാഞ്ചു കമ്മിറ്റി സെക്രട്ടറിയുടെ കസേര എടുത്തുമാറ്റി. പിന്നീട് കസേരയുണ്ടായിരുന്നുവെങ്കിൽ അതും എടുത്തുമാറ്റി. ഇന്ന് ഈ സംസ്ഥാനത്ത് സംശുദ്ധമായ ഒരു പോലീസ് ഭരണമുണ്ട്. ആർക്കും അവിടെ നിർഭയം കയറി ചെല്ലാം. കാര്യങ്ങൾ പറയാം. തന്റെ നീതിന്യായ ബോധത്തിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ

LIBRARY ARCHIVES Kerala Legislative Assembly

കേസ് കൈകാര്യം ചെയ്യാമെന്ന സ്ഥിതി ശ്രീ. എ. കെ. ആൻറണി ഈ സംസ്ഥാനത്ത് സൃഷ്ടിച്ച് കഴിഞ്ഞിരിക്കുന്നുവെന്നതാണ് വസ്തുത. നിങ്ങൾക്ക് വിഷമം കാണും. അതെനിക്ക് മനസ്സിലാകും.

ശ്രീ. എ. പത്മകുമാർ: രാവണൻറെ ഭരണത്തിൻറെ അവസാന ഘട്ടത്തിലും അങ്ങ് പറഞ്ഞ 'രാമൻറെ' ഭരണത്തിൻറെ ആദ്യഘട്ടത്തിലും ബാലേട്ടൻ കുറെ നാൾ മൗനവ്രതം ആചരിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. ബാലൻ: ഞാൻ രാവണൻറെ ഭരണത്തെക്കുറിച്ചോ, രാവണൻറെ വധത്തെക്കുറിച്ചോ പറഞ്ഞില്ല. ദശരഥ പുത്രനായ രാമൻ അയോദ്ധ്യ ഭരിച്ച കാര്യം മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ഞാൻ പറയാത്തത് എന്തിനാണ് എൻറെ വായിൽ തിരുകാൻ നോക്കുന്നത്? അതുകൊണ്ട് വ്യവസ്ഥാപിതമായ രീതിയിൽ ചില പോലീസ് ഉദ്യോഗസ്ഥൻമാർ നിലാവുണ്ടെന്ന് കരുതിയിട്ട് വെളുക്കുവോളം കക്കാൻ നടക്കുന്നില്ല എന്നു ഞാൻ പറയുന്നില്ല. ഒന്നുരണ്ടു പേരൊക്കെ ഉണ്ട്. അതൊന്നു നേരെ ആക്കേണ്ടതുതന്നെയാണ്.

ഇവിടെ ടൂറിസം വളരെ വികസിച്ചിരിക്കുന്നു. ബേക്കലിൽ 7000 മുറികളുള്ള ഒരു വിശ്രമകേന്ദ്രമുണ്ട്. ടൂറിസം വകുപ്പുമന്ത്രിയോട് ഒരു കാര്യം പറയാനുള്ളത്, സായ്പൻമാർ എയർപോർട്ടിൽ വന്നിറങ്ങുമ്പോൾ നമ്മുടെ പെൺകുട്ടികളെക്കൊണ്ടുപോയി അവർക്ക് പൊട്ടുതൊടുവിക്കരുത്, അത് കഷ്ടമാണ്. സായ്പൻമാരെ പേയിംഗ് ഗസ്റ്റായിട്ട് താമസിപ്പിക്കാനും അനുവദിക്കരുത്. മഹത്തായ ഒരു സംസ്കാരത്തിൻറെ രാജ്യമാണ് കേരളം. ചിലപ്പോൾ കിട്ടുമെന്നു കരുതി എന്തും ചെയ്യും എന്നു കരുതരുത്. ഹോട്ടലുകാർ ചിലപ്പോൾ ചിലപ്പോൾ കിട്ടിയാൽ പലതും ചെയ്തു എന്നു വരാം. അത് അനുവദിക്കാൻ പാടില്ല. പ്രതിപക്ഷത്തിരിക്കുന്നവരിൽ ശ്രീനാരായണഗുരുവിൻറെ സമാധിയിൽ സംഭവിച്ചതിനെ കുറിച്ച് ഖേദിക്കുന്നവരും ദുഃഖിക്കുന്നവരുമില്ലേ? അവരൊക്കെ സ്വകാര്യമായി പറയുന്നത്, എന്തൊക്കെ പറഞ്ഞാലും ശാശ്വതീകാനന്ദ അവിടെ നിന്നും പോയത് നന്നായിയെന്നാണ്. എനിക്കറിയില്ല, അത് ശാശ്വതമായിട്ടുള്ള ആനന്ദംകൊണ്ടാണോ, താൽക്കാലികമായിട്ടുള്ള ആനന്ദം കൊണ്ടാണോയെന്ന്. ഞാൻ കണ്ടിട്ടുള്ള പരിചയമേയുള്ളൂ. പക്ഷേ ശ്രീ. വർക്കല രാധാകൃഷ്ണനൊഴിച്ചുള്ള വർക്കലക്കാർ പറയുന്നത് പോയത് നന്നായിയെന്നാണ്. ശ്രീനാരായണഗുരുവിനെ കമ്പിനു കമ്പിനു ഉപമിക്കുമ്പോൾ, അദ്ദേഹത്തിൻറെ ആദർശങ്ങളോട് അൽപ്പമെങ്കിലും പുലബന്ധം പുലർത്തുന്ന പ്രവൃത്തി ചെയ്യുന്നത് ആരാണെന്ന് നോക്കണ്ടേ? അദ്ദേഹത്തിൻറെ ആദർശങ്ങളോട് അൽപ്പമെങ്കിലും കൂറു പുലർത്തുന്ന ആരും ഈ സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണിയാണ്. അതുകൊണ്ടാണ് അദ്ദേഹം ചാരായ നിരോധനം തുടങ്ങി പൂർണ്ണമായ മദ്യനിരോധനത്തിലേയ്ക്ക് എത്താനുള്ള നടപടികളെടുത്തിട്ടുള്ളത്. നിങ്ങൾ ഇപ്പോൾ ചെത്തുതൊഴിലാളികളുടെ പേരിലാണ് ബഹളം വയ്ക്കുന്നത്. ശ്രീനാരായണഗുരു മദ്യ നിരോധനത്തിനുവേണ്ടി വാദിച്ചപ്പോഴും തൊഴിലാളികളുടെ ചോദ്യം ഉണ്ടായി. അന്ന് പലപ്രമാണിമാർ പോയി ചോദിച്ചു, അങ്ങ് എന്താണ് പറയുന്നത്, ചെത്തു നിറുത്തിയാൽ ഈ തൊഴിലാളികളൊക്കെ എവിടെ പോകും, അവരുടെ ഉപജീവനമാർഗ്ഗം എന്താകും എന്ന്. അന്ന് ശ്രീനാരായണഗുരു പറഞ്ഞത്, ചെത്തുന്ന കത്തിക്ക് വീതിയുണ്ടല്ലോ, അതിനെ നാലാക്കി

LIBRARY ARCHIVES Kerala Legislative Assembly

ക്ഷൗരക്കത്തിയുണ്ടാക്കാനാണ്. ശ്രീനാരായണ ഗുരുദേവന്റെ ആദർശങ്ങളെക്കുറിച്ച് കമ്പിനു കമ്പിനു പറയുമ്പോഴും, അദ്ദേഹം മദ്യ നിരോധനത്തെക്കുറിച്ചും അതിൽനിന്നും ഉളവാകുന്ന തൊഴിലില്ലായ്മയെക്കുറിച്ചും എന്താണ് പ്രതികരിച്ചത്, എന്താണ് പറഞ്ഞതെന്ന് ഓർക്കണ്ടേ? വെറുതെ ശ്രീനാരായണ ഗുരുവിന്റെ സമാധിയെക്കുറിച്ച് പറഞ്ഞാൽ മതിയോ?

ശ്രീ. ഇ. ശങ്കരൻ: ഒരു സമുദായത്തെ മുഴുവൻ ഇങ്ങനെ അപമാനിക്കാൻ പാടുണ്ടോ?

ശ്രീ. പി. ബാലൻ: നിങ്ങളാണ് അപമാനിക്കുന്നത്. ഇതൊന്നും ഇപ്പോൾ ശ്രീ. ടി. കെ. രാമകൃഷ്ണൻ നിഷേധിക്കില്ലല്ലോ.

ശ്രീ. ഇ. ശങ്കരൻ: ശ്രീനാരായണ ഗുരു ക്ഷൗരം ചെയ്യാൻ പറഞ്ഞു എന്നൊക്കെ പറയുന്നത് എന്തിനാണ്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മദ്യ നിരോധനം നടപ്പിലാക്കുമ്പോൾ ചെത്തു കത്തി ഉപയോഗിക്കാൻ പറ്റാതെ വന്നാൽ അതുകൊണ്ട് ക്ഷൗരക്കത്തി ഉണ്ടാക്കാൻ നിങ്ങളുടെ ഒരു പ്രമാണി നേതാവാണ് പറഞ്ഞത്.

ശ്രീ. പി. ബാലൻ: അതിനെന്താണ് അർത്ഥം? ഞാൻ പറഞ്ഞതല്ല, ശ്രീ. ശങ്കരൻ പറഞ്ഞതാണ്. കത്തി ഉണ്ടാക്കാൻ പറഞ്ഞു എന്നാണ് ഞാൻ പറഞ്ഞത്. മെമ്പർ പുസ്തകം വായിക്കാതെ, ശ്രീനാരായണ ഗുരുവിനെക്കുറിച്ച് പഠിക്കാതെ വല്ലതും പറഞ്ഞുകൊണ്ട് എന്നെ മേക്കിട്ട് കയറിയിട്ട് കഥയുണ്ടോ? പുതിയ മെമ്പർമാർ വരുമ്പോൾ ശ്രീനാരായണ ഗുരുദേവനെക്കുറിച്ചൊക്കെ അവർക്ക് സ്റ്റഡി ക്ലാസ് കൊടുക്കണം. ശ്രീ. ടി. കെ. രാമകൃഷ്ണനെപ്പോലുള്ള മുതിർന്ന ആള കും ക്ലാസ്സ് എടുക്കണം. അതുപോലെ തന്നെ ആരാണ് ശ്രീനാരായണ ഗുരു എന്നതിനെക്കുറിച്ച് ഇടയ്ക്കൊക്കെ ശ്രീ. നമ്പൂതിരിപ്പാടിനും ക്ലാസ് കൊടുക്കണം. ശ്രീ. നമ്പൂതിരിപ്പാട് പറയുന്നത്, എസ്. എൻ. ഡി. പി. യോഗത്തിൽ പ്രസംഗിക്കേണ്ട കാര്യമില്ല, നിങ്ങളും ഇവിടെ ചെയ്യുന്നത് വേറെ ജോലിയാണെന്നാണ്. ഞങ്ങൾക്ക് പ്രോലിറേറിയൻ, ആ സമീപനമാണ്, അതുകൊണ്ട് എസ്. എൻ. ഡി. പി. യോഗങ്ങളിൽ സംസാരിക്കുന്നില്ല, യോഗങ്ങളിൽ പങ്കെടുക്കുന്നില്ല എന്നാണ് പറഞ്ഞത്. എന്നു പറഞ്ഞാൽ, എസ്. എൻ. ഡി. പി. യോഗങ്ങളുടെ, പ്രവർത്തനങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടു എന്നാണ് ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞത്. ഞാൻ അല്ല അപമാനിച്ചത്, അപമാനിച്ച ആരോ വേറെയാണ്. ഞാൻ എന്റെ കഴിവനുസരിച്ച് അദ്ദേഹത്തെ മുഴുവൻ അനുകരിക്കുന്നു എന്നു പറയുന്നില്ല, ഞാൻ ചില കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്.

ശ്രീ. തച്ചടി പ്രഭാകരൻ: ഒരു കുഴപ്പം പറ്റിയിരിക്കുന്നത്, ബാലേട്ടൻ ഈഴവനാണെന്നുവരെ തെറ്റിദ്ധരിച്ചിരിക്കുന്നു, ബാലേട്ടൻ പച്ച നായരാണ്. അതുകൊണ്ട് എസ്.എൻ.ഡി.പി. യുടെ കാര്യം പറയുമ്പോൾ നിങ്ങളെന്തിനാണ് പ്രകോപിക്കുന്നത്? എസ്. എൻ. ഡി. പി. യോഗത്തിന്റെ കാര്യം ഞങ്ങൾ പറയും, ഞങ്ങൾ ഇവിടെയുണ്ട്.

ശ്രീ. പി. ബാലൻ: ശ്രീ. തച്ചടി പ്രഭാകരൻ പറഞ്ഞതും തെറ്റാണ്. മറ്റുള്ളവർ അങ്ങനെ വിചാരിച്ചിട്ടുണ്ടെങ്കിൽ അതും തെറ്റാണ്. ഇതൊന്നുമല്ല, ഞാൻ സാധാരണ തൊഴിലാളിയായിട്ടുള്ള ഒരു മനുഷ്യൻ, അത്രയും കണക്കാക്കിയാൽമതി. വേറെ ഒന്നും എന്റെ തലയ്ക്ക് ചേരുന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊപ്പിയല്ല. എന്റെ തലയ്ക്ക് ചേരുന്ന തൊപ്പി ഏതാണെന്ന് എനിക്ക് നല്ലവണ്ണം അറിയാം. അതുകൊണ്ട് ശ്രീ. തച്ചടി പ്രഭാകരൻ വച്ച തൊപ്പി വയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല, വേറെ ആരെങ്കിലും ധരിച്ചു എന്ന് ശ്രീ. തച്ചടി പ്രഭാകരൻ പറയുന്നതല്ലാതെ അവർ ധരിക്കില്ല. അങ്ങനെ ധരിച്ചാലും എനിക്ക് ഒരു കുഴപ്പവുമില്ല. ഈ ബഡ്ജറ്റ് അടിമുടി വായിച്ചാൽ, ജി. ശങ്കരക്കുറുപ്പിന്റെ കവിത പോലെ, ഭാവഗീതിപോലെ, ഏതൊരു കേരളീയനും മനസ്സാ ഭേഷ്, ഭേഷ്, ഭേഷ് എന്നുപറയും. ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുന്നു.

പ്രൊഫ. മീനാക്ഷി തമ്പാൻ: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഞാൻ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ അസംബ്ലിയിലെ ഒരു സീനിയർ മെമ്പറായ ശ്രീ. പി. ബാലന്റെ പ്രസംഗം ശ്രദ്ധിക്കാൻവേണ്ടി ഇവിടെ ഇരുന്നത്. നയങ്ങളെക്കുറിച്ചും അഖിലേന്ത്യാ നയങ്ങളെക്കുറിച്ചും അവസാനത്തെ അഞ്ചുവർഷക്കാലത്തെ ഭരണനേതൃത്വത്തിന്റെ ഭരണ നയങ്ങളെക്കുറിച്ചുമൊക്കെ എന്തെങ്കിലും കേൾക്കും എന്ന് ഞാൻ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മറ്റുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളേയും വിമർശിക്കാൻ സമയമെടുത്തു, സ്വന്തം പാർട്ടിയെക്കുറിച്ച് മിണ്ടിയില്ല, മിണ്ടാൻ നിവൃത്തിയില്ലല്ലോ. കാരണം പ്രധാനമന്ത്രി ശ്രീ. നരസിംഹറാവുവിന്റെ ന്യൂനപക്ഷ ഗവൺമെന്റ് എങ്ങനെ ഭൂരിപക്ഷമായിയെന്നുള്ളതിനെക്കുറിച്ച് ഞങ്ങളെക്കൊണ്ട് പറയിപ്പിക്കണമോ? പത്രങ്ങൾ വായിക്കുന്നവരെല്ലാം ഝാർക്കണ്ടിലെ മുക്തിമോർച്ചയും എം. പി. മാരുടെ സ്റ്റേറ്റുമെന്റും ഒക്കെ വായിച്ചിട്ടുള്ളതാണ്. അവരുടെ നേതാക്കൻമാരിൽ അരഡസൻ പേർ തീഹാർ ജയിലിൽ അഴിയെണ്ണുകയാണെന്നുള്ളത് കൊണ്ടായിരിക്കാം മിണ്ടാൻ ബുദ്ധിമുട്ടായത്. അതുകൊണ്ട് ഞാൻ അത്തരം കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല.

എനിക്ക് വളരെ ഗൗരവമായിട്ടുള്ള കാര്യങ്ങൾ ഇവിടെ പറയാനുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ അരാജകത്വമയത്തേയും അഹാസ്യതയുടേയും അഴിമതിയുടേയും അദ്ധ്യായങ്ങൾ എഴുതിവച്ച ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണം ജൻമസിദ്ധമായ കാപട്യത്തിന്റെ ഉത്തമ ഉദാഹരണമാണ് ഈ ബഡ്ജറ്റും ബഡ്ജറ്റ് പ്രസംഗവും. ഒരു ബഡ്ജറ്റ് പ്രസംഗത്തിന്റെ ഗാംഭീരതയോ, കാര്യഗൗരവമോ ഒന്നും ഈ പ്രസംഗത്തിലുണ്ടായിട്ടില്ല. മറിച്ച്, കെ. പി. സി. സി. (ഐ) ഓഫീസിൽനിന്നും തെരഞ്ഞെടുപ്പ് പ്രമാണിച്ച് അടിച്ചിറക്കിയ പ്രചരണ ലഘുലേഖ മാത്രമായിരുന്നു ഈ പ്രസംഗം. ജനങ്ങളുടെ അനുഭവജ്ഞാനത്തേയും ചിന്താശക്തിയേയും വെല്ലുവിളിക്കുന്ന രീതിയിൽ അഞ്ചുവർഷക്കാലത്തെ ചരിത്രത്തെ ധനകാര്യവകുപ്പുമന്ത്രി വളച്ചൊടിച്ചിരിക്കുകയാണ്. ആത്മപ്രശംസയുടേയും പൊള്ളയായ അവകാശവാദത്തിന്റെയും മാസ്മരികതയിൽ മറച്ചുവയ്ക്കാനാവുന്ന മഹാപാപങ്ങളല്ല ഭരണപക്ഷം ചെയ്തിട്ടുള്ളത്. അഞ്ചുവർഷത്തിനുമുമ്പ് കേരളത്തിലും കേന്ദ്രത്തിലും കോൺഗ്രസ് (ഐ) എങ്ങനെ നേതൃത്വത്തിൽ വന്നു എന്ന് അറിയുന്നവരല്ലേ നമ്മൾ? വർഗ്ഗീയ കക്ഷികളുടെ കൂട്ടുകെട്ടും ശ്രീ. രാജീവ്ഗാന്ധിയുടെ മരണം സൃഷ്ടിച്ച അനുതാപ തരംഗവും ശ്രീമതി സോണിയാഗാന്ധിയുടെ തീരാദുഃഖവും ഉപയോഗിച്ച് വോട്ടുനേടി അധികാരത്തിൽ വന്നിട്ട് അവർ എന്താണ് ചെയ്തത്? ഈ ദേശീയ ദുരന്തത്തിന്റെ കാരണങ്ങൾ അന്വേഷിക്കുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ അലംഭാവം ആ അന്വേഷണത്തെ പ്രഹസനമാക്കി മാറ്റുകയാണ്. പ്രധാനമന്ത്രിയുടെ ഓഫീസും പ്പെടെയുള്ള ഉന്നതാധികാര കേന്ദ്രങ്ങളും അവലംബിച്ചതെന്ന് ഞങ്ങളൊന്നും പറയുന്നതല്ല. ഇതു സംബന്ധിച്ച സുപ്രധാനമായ ഫയലുകളും പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നും കാണാനില്ലെന്ന് പറയുന്നതിൽപ്പോലും ഇവർക്ക് യാതൊരു സങ്കോചവും ഇല്ല. അഞ്ചു വർഷമായിട്ടും വധത്തിന്റെ ഉത്തരവാദികളെ കണ്ടെത്താൻ യാതൊരു ശ്രമവും നടക്കുന്നില്ല എന്നു അദ്ദേഹത്തിന്റെ വിധവ ശ്രീമതി സോണിയാഗാന്ധി അമേറിയിൽവച്ച് പ്രസ്താവിച്ചത് നമ്മുടെ ശ്രദ്ധയിൽപ്പെട്ടതാണ്. പ്രകടനപത്രികകളുടേയും തെരഞ്ഞെടുപ്പ് സ്റ്റണ്ടുകളുടേയും മറവിൽ ജനങ്ങളെ കബളിപ്പിക്കാൻ ആവുകയില്ല എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ ബഡ്ജറ്റ് പ്രസംഗത്തിൽ നിന്ന് ഞാൻ ഒരു വാചകം ഉദ്ധരിക്കുകയാണ്. ദേശീയ സാമ്പത്തിക നയത്തിലും, സമീപനത്തിലും വന്ന ദർശനപരവും മൗലികവുമായ മാറ്റത്തെക്കുറിച്ച് നിങ്ങൾ ഊറ്റം കൊള്ളും. നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെയും സ്വതന്ത്ര ഭാരതം ജനസമക്ഷം സമർപ്പിച്ച ക്ഷേമ രാഷ്ട്രീയ സങ്കല്പത്തിന്റെയും കടയ്ക്കൽ കത്തി വയ്ക്കുന്ന നടപടിയല്ലേ നരസിംഹറാവു ഗവൺമെന്റും അതിന്റെ ചുവടുപിടിച്ചുകൊണ്ട് സംസ്ഥാന സർക്കാരും ഉൾക്കൊള്ളുന്ന ഈ നവീന ദർശനം എന്നു ഞാൻ ചോദിക്കട്ടെ. നമ്മുടെ വിദ്യാഭ്യാസമേഖലയും ആരോഗ്യ രംഗവും കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ലാഭക്കൊതിയുടേയും ജനവിരുദ്ധതയുടേയും കൂത്തരങ്ങായി മാറി എന്ന വസ്തുത നിഷേധിക്കാൻ സാധിക്കുമോ? സാമൂഹിക നീതി നിഷേധിക്കുന്ന കോളേജുകളുടേയും സ്കൂളുകളുടേയും രൂപീകരണമല്ലേ ഈ നവീന ദർശനം? വിദ്യാഭ്യാസത്തിന്റെ സാമൂഹ്യ ലക്ഷ്യത്തെ ഇത്തത്തോളം തള്ളിക്കളഞ്ഞിട്ടുള്ള ഒരു സർക്കാർ ഉണ്ടായിട്ടില്ല. Throwing to the gutter എന്നു പറയാം. വിദ്യാഭ്യാസത്തിന്റെ ഉൽബുദ്ധമായ കാഴ്ചപ്പാടിനെ ഇങ്ങനെ throwing to the wind എന്നോ throwing to the gutter എന്നോ പറയേണ്ടതെന്ന് എനിക്കറിയില്ല. പണമുള്ളവൻ പഠിച്ചാൽ മതി എന്നു പറയുന്നതിലെ അധാർമ്മികത ചൂണ്ടിക്കാണിച്ച് ഞങ്ങളെ കാലഹരണപ്പെട്ട ആശയങ്ങൾ കൊണ്ടു നടക്കുന്നവർ എന്നാണ് പറഞ്ഞത്. കാലത്തിനൊത്തു മാറണം. നിങ്ങളുടെ വരട്ടുതത്വവാദങ്ങളാണ് കൊണ്ടുനടക്കുന്നത് എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്ന് ഇവിടെ ഒരു സുപ്രീം കോടതിവിധി ഉദ്ധരിക്കുകയുണ്ടായി. അദ്ദേഹത്തിന് സുപ്രീം കോടതിയോട് വലിയ ബഹുമാനമാണ്. പക്ഷേ അദ്ദേഹത്തിന് ഹൈക്കോടതിയോടും ബഹുമാനമുണ്ടാകുമെന്നു പ്രതീക്ഷിക്കട്ടെ. അദ്ദേഹത്തിന് നീതിന്യായ സ്ഥാപനങ്ങളോട്, ഹൈക്കോടതിയോട് ഒക്കെ അതേ ബഹുമാനമുണ്ടാകും എന്നു വിശ്വസിച്ചുകൊണ്ട് ഞാൻ പറയുകയാണ്, ഈ ഗവൺമെന്റിനെപ്പോലെ ഉന്നത നീതിപീഠങ്ങളിൽ നിന്ന് കടുത്ത വിമർശനങ്ങളും ഏറ്റുവാങ്ങിയിട്ടുള്ള മറ്റൊരു സർക്കാർ കേരളത്തിലുണ്ടായിട്ടുണ്ടോ? 15-4-1994-ലെ ഒരു ഓർഡറാണ് ഇത്. Self financing college admission quashed. The entire process of selections made during 1994-95 for the self financing Engineering College at Chengannur and Kasaragod was quashed by a Division Bench of Kerala High Court, declaring it illegal and opposite to the scheme evolved by the Supreme Court in Unnikrishnan case for admission to students in aided private professional colleges. ഇതിനോട് ബഹുമാനമുണ്ടോയെന്നു ഞാൻ ചോദിക്കുകയാണ്. സാമൂഹിക നീതി നിബന്ധനകളിൽനിന്ന് തലയൂരിയതിനു എതിരായിരുന്നു ഈ വിധി.

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ ഒന്നാലോചിക്കണം. ഈ സോഷ്യൽ കമ്മിറ്റ്മെന്റ് മറ്റു സംസ്ഥാനങ്ങളിൽ കോടതി വിധിയിലൂടെയും നിയമ നിർമ്മാണത്തിലൂടെയും വിദ്യാഭ്യാസ ഏജൻസികളുടെ ചുമലിൽ കയറി വയ്ക്കുന്ന സമയത്താണ് അതിൽനിന്ന് തലയൂരി പോകാനായി ഇവിടത്തെ സർക്കാർ ശ്രമിക്കുന്നത്. എന്താണ് ഈ നയത്തിന്റെ പ്രത്യാഘാതങ്ങൾ? മിക്കവാറും ജോബ് ഓറിയന്റഡായിട്ടുള്ള മോഡേൺ കോഴ്സുകൾ ഇവിടെ ആരംഭിക്കുമെന്നു പറഞ്ഞാൽ, ഈ കോഴ്സുകൾ ഇനി ആരംഭിക്കുന്നത് എവിടെയാണ്? അപ്ലൈഡ് ഇലക്ട്രോണിക്സോ അല്ലെങ്കിൽ കമ്പ്യൂട്ടർ അടക്കമുള്ള ജോബ് ഓറിയന്റഡ് മോഡേൺ കോഴ്സുകൾ ഇത്തരത്തിൽ ആരംഭിക്കുകയാണെങ്കിൽ അതിനോടാണ് ഞങ്ങളുടെ എതിർപ്പ്. ഈ കോഴ്സുകളിൽ ആർക്ക് ചേരാൻ കഴിയും? ഈ കോഴ്സുകളിൽ ആർക്ക് പഠിക്കാൻ കഴിയും? മികവിനെയും കഴിവിനെയും സാമ്പത്തികമായ കാര്യംകൊണ്ട് മറികടക്കരുത് എന്നാണ് ഞങ്ങൾ പറയുന്നത്. അതിന്റെ അധാർമ്മികതയെക്കുറിച്ചാണ് പറയുന്നത്. അതൊന്നും കേൾക്കാതെ ഞങ്ങൾ പ്രൈവറ്റൈസേഷനു എതിരാണ് എന്നുള്ള വലിയ പ്രചരണം ഇവിടെ നടക്കുന്നുണ്ട്. ഉന്നത സാങ്കേതിക വിദ്യാഭ്യാസം പണമുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു എന്നുള്ള ആവലാതിയുണ്ട്. ഇത് സമ്പന്നരുടെ കുത്തകയായി മാറുന്നു. ഈ സർക്കാർ ഇങ്ങനെ കുറച്ചുകാലം തുടരുമായിരിക്കും. ഇവിടെ തുടങ്ങുന്ന ഉദാരവൽക്കരണവും മറ്റും അമേരിക്ക പോലെയുള്ള രാജ്യങ്ങളിലാണെങ്കിൽ വിദ്യാഭ്യാസം ഈ രാജ്യങ്ങളിലൊന്നും ഒരു സർവീസ് ഇൻസ്ട്രിയേ അല്ല. ഞാൻ നാലു പ്രാവശ്യമെങ്കിലും അവിടെ പോയിട്ടുള്ളതാണ്. ന്യൂയോർക്കിലെ സിറ്റി യൂണിവേഴ്സിറ്റിയിൽ ഒരു ക്ലാസിൽ ഇരുന്നതാണ്. കമ്പോള ശക്തികളുടെ ഇഷ്ടത്തിനു വിട്ടുകൊടുക്കുന്ന നയം, ഈ രാജ്യത്തിലൊന്നുമില്ല. അവിടെ സ്വകാര്യ സർവകലാശാലകളിൽപ്പോലും വിദ്യാർത്ഥികൾ ചെലവിന്റെ ഒരു ഭാഗം മാത്രമേ വഹിക്കുന്നുള്ളൂ. നിങ്ങളോ? കോസ്റ്റ് ബേസ്ഡ് എന്നും സെൽഫ് ഫിനാൻസിംഗ് എന്നും പറഞ്ഞുകൊണ്ട് കോളേജുകളെ കൊണ്ടുവന്നിട്ട് അതിന്റെ ചിലവിന്റെ മുഴുവൻ ഭാഗവും വിദ്യാർത്ഥികളുടെ തലയിൽ കെട്ടിവയ്ക്കുകയാണ്. മറ്റു രാജ്യങ്ങളിലാണെങ്കിൽ ഏൺ ചെയ്യാം ജോലിയെടുക്കാം എന്നു പറയാം. earning while learning. ഇവിടെ അതു പറ്റുമോ? കേരളത്തിലെപ്പോലെ തൊഴിലില്ലായ്മ നിലനിലയ്ക്കുന്ന ഒരു സംസ്ഥാനത്ത് ഇത് ഒരു ക്രൂരമായ തമാശയായിട്ടു മാറും. നീതിപീഠങ്ങളെയും ന്യായാധിപൻമാരെയും ബഹുമാനിക്കുന്നവരാണല്ലോ അപ്പുറത്തിരിക്കുന്നവർ. പുതിയ കോളേജുകൾക്ക് അഫിലിയേഷൻ നിഷേധിച്ചുകൊണ്ട് കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ വിധിയിൽ verdict on affiliation-നെ another jolt to Government എന്നാണ് പറഞ്ഞത്; 23-11-1994-ൽ The High Court Division Bench Order, not to grant affiliation to any new college in 1994-95 is a latest jolt to the State Government which has been widely criticised for by-passing rules and guidelines in higher education. ഇതിനൊക്കെ മറുപടി വേണം. ഒരു കോടതിയെമാത്രം ബഹുമാനിച്ചാൽ പോരാ. വേറൊന്നു 29-6-1995-ലെ The High Court criticised Ordinance on those un-aided colleges. The Kerala High Court on Wednesday restrained the State Government, the Kerala, Calicut and M. G. Universities till July 3rd from taking any proceeding in pursuance of the Universities Laws (Amendment) Ordinance promulgated on June 12, 1995 for making provisions for

LIBRARY ARCHIVES Kerala Legislative Assembly

un-aided colleges in University Laws. ഇതൊക്കെ എങ്ങനെയുള്ള നിയമമാണ്? എങ്ങനെയുള്ള വിധിയാണ്? അത് അപ്പുറത്തുള്ളവർ വിശദീകരിക്കണം. ഈ സംസ്ഥാനത്തെ ടി. ടി. സി. സ്റ്റുഡൻറ്സിന്റെ കാര്യം എന്താണ്? അതിൽ എന്തു കളിയാണ് അപ്പുറത്തുള്ളവർ കളിച്ചത് എന്നറിയാമോ? ടി. ടി. സി. പ്രവേശനം സംബന്ധിച്ച് ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധി മറികടക്കാനും അഴിമതി സ്ഥാവരവൽക്കരിക്കാനും ശ്രമിച്ചവരാണ് ഇവർ. ന്യൂനപക്ഷ സമുദായങ്ങളുടേത് ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ ടി. ടി. ഐ. കളിലും യോഗ്യത അനുസരിച്ച് മാത്രമേ പ്രവേശനം നൽകാവൂ എന്നാണ് ഹൈക്കോടതി വിധി. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഡി. പി. ഐ. പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിനെതിരായി ന്യൂനപക്ഷ മാനേജുമെൻറുകൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഈ സർക്കാർ മാനേജുമെൻറുകൾക്കെപ്പംനിന്ന് കോടതിവിധി പ്രകാരമുള്ള അഡ്മിഷൻ നടത്തേണ്ടതില്ല എന്നാണ് പറഞ്ഞത്. അതുകൊണ്ട് ഇപ്പോൾ എന്താണ് സ്ഥിതി? അത്ര വലിയ കൺഫ്യൂഷനാണ്. കുട്ടികൾ പരീക്ഷയെഴുതാൻ കഴിയാതെ നടക്കുകയാണ്. ഇങ്ങനെയാണോ വിദ്യാഭ്യാസരംഗത്ത് പരീക്ഷണം നടത്തേണ്ടത്? മൗലികമായ മാറ്റങ്ങൾ വരുമ്പോൾ അതിനെ കുറിച്ചുള്ള ചർച്ചകൾ ഉണ്ടായിട്ടുണ്ടോ? ഇതാണ് ഞങ്ങൾക്കുള്ള പരാതി. വിദ്യാർത്ഥികളുടെ മികവിനെ, കഴിവിനെ പണംകൊണ്ട് മറികടക്കാൻ പാടില്ല എന്നുള്ള ശക്തമായ വിമർശനമാണ് ഞങ്ങൾക്ക് ഇക്കാര്യത്തിലുള്ളത്. മെറിറ്റ് അനുസരിച്ച് എടുക്കണം. രണ്ടുകൊല്ലം മുമ്പാണെന്നു തോന്നുന്നു, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അവിടെയിരുന്നു പറഞ്ഞത് ഞാൻ ഓർക്കുകയാണ്. മാനേജ്മെൻറ് കാട്ടയിൽ ഒരു ലിസ്റ്റുണ്ട്. ആ ലിസ്റ്റിൽനിന്ന് ആരെ വേണമെങ്കിലും എടുക്കാം എന്നാണ് അദ്ദേഹം അവിടെയിരുന്നു പറഞ്ഞത്. മാനേജുമെൻറിന്റെ ഡിസ്ക്രീഷൻ അനുസരിച്ച് ആരെ വേണമെങ്കിലും എടുക്കാം എന്നാണ്. ആരാണ് ഇങ്ങനെയുള്ള വിശദീകരണം കൊടുക്കുന്നത്? അങ്ങനെയാണോ? ഇഷ്ടംപോലെ, മെറിറ്റ് അനുസരിച്ചാണ് എടുക്കുക എന്നത് തള്ളിക്കളഞ്ഞുകൊണ്ട് മാനേജുമെൻറുകൾ സുപ്രീം കോടതിയിൽപോയി ഉന്നയിച്ച വാദമുഖത്തിന്റെ പിന്നാലെയാണ് ഈ സർക്കാരും നിന്നത്. ഈ സംസ്ഥാനത്തിലെ സകല മാനേജ്മെൻറുകളും സുപ്രീം കോടതിയുടെ മുമ്പിൽപോയി പറഞ്ഞതാണ്, ഞങ്ങളുടെ ഡിസ്ക്രീഷൻ അനുസരിച്ച് കുട്ടികളെയെടുക്കാനുള്ള അനുവാദം വേണമെന്ന്. ആ സുപ്രീം കോടതി തള്ളിക്കളഞ്ഞ വാദത്തിന്റെ പിന്നിലാണ് ഇവിടെയുള്ള സർക്കാർ നിന്നത്. വിദ്യാഭ്യാസ രംഗത്ത് ഇങ്ങനെ മൗലികമായ മാറ്റങ്ങൾ വരുത്തുമ്പോൾ ഒരു ചർച്ചപോലും ഇല്ലാതെ നടത്തിയ മറ്റൊരു സർക്കാർ ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ വിദ്യാഭ്യാസ രംഗവുമായി വളരെ അടുത്തു പ്രവർത്തിക്കുന്ന ഒരാളാണ്. ഒരു സംസ്ഥാനത്ത് മൗലികമായ മാറ്റം വരുമ്പോൾ ഒരു പിടിയിൽ ഒതുങ്ങുന്ന വിദ്യാഭ്യാസ വിചക്ഷണരെക്കൊണ്ടു മാത്രം ചർച്ച ചെയ്യിപ്പിച്ചാൽ പോര. വിദ്യാഭ്യാസംപോലെ ഗൗരവമുള്ള ഒരു വിഷയത്തിൽ ഈ സംസ്ഥാനത്തിന്റെ ഏത് സാധാരണക്കാരനും പറയാൻ അവകാശമുണ്ട്. കാരണം അവരുമായി നേരിട്ട് ബന്ധപ്പെടുന്ന, അവരുടെ കുട്ടികളുമായി ബന്ധപ്പെടുന്ന ഒരു സമ്പ്രദായമാണ് ഇവിടെ ഉള്ളത്. അത് ഉണ്ടായോ? ആരെയെങ്കിലും വച്ച് ചർച്ച ചെയ്തോ? ഇഷ്ടംപോലെ ഓർഡിനൻസ് കൊണ്ടുവരിക, ആ ഓർഡിനൻസ് ഭൂരിപക്ഷമുണ്ടെന്നു പറയുമ്പോൾ പാസ്സാക്കിക്കൊണ്ടു പോവുക. ഇതുകൊണ്ട് വിദ്യാഭ്യാസരംഗത്ത് വന്നിരിക്കുന്ന മാറ്റങ്ങൾ യുക്തിക്കോ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഭരണഘടന അനുവദിക്കുന്ന മൗലികമായ അവകാശസമത്വത്തിനോ എതിരാണെന്നുള്ളതും ഞങ്ങൾ ആവർത്തിക്കുകയാണ്. കഴിവിനെ സാമ്പത്തികമായ കഴിവുകൊണ്ട് മറികടക്കുന്നു എന്നുള്ളതിനെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. ഞാൻ ഈ ബഡ്ജറ്റ് വായിച്ച സമയത്ത് എനിക്ക് അത്ഭുതം തോന്നിയ ഒരു കാര്യമുണ്ട്. ശബരിമലയിലെ തീർത്ഥാടകർക്ക് സൗകര്യം ഒരുക്കിയതായി ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു. ഞാൻ വളരെ അത്ഭുതപ്പെട്ടുപോയി. എന്താണ് ബഡ്ജറ്റും ഇതുമായിട്ട് ഒരു ബന്ധം. ഇതുപോലുള്ള കാര്യങ്ങൾ എഴുതി ഉണ്ടാക്കാനുള്ളതാണോ ബഡ്ജറ്റ്. കെ. പി. സി. സി. (ഐ) ഓഫീസിൽനിന്ന് തെരഞ്ഞെടുപ്പ് പ്രമാണിച്ച് അടിച്ച് ഇറക്കിയ ഒരു പ്രചരണ ലഘുലേഖ എന്ന് ഞാൻ നേരത്തെ പറഞ്ഞത് അതാണ്. ഇതുമാത്രമല്ല, എനിക്ക് ഇത് വായിച്ചപ്പോൾ വേറൊരു കാര്യം ഓർമ്മ വന്നു. ഈ സർക്കാരിൽനിന്ന് സ്ത്രീകൾക്ക് കനത്ത ആഘാതമാണുണ്ടായിട്ടുള്ളത്. ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക, ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക തുടങ്ങി തന്നിൽ നിക്ഷിപ്തമായിട്ടുള്ള ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലാകളക്ടർ ശ്രീമതി കെ. ബി. വൽസലകുമാരി നിയുക്തയായി. ഈ രാജ്യത്തെ High Court, suo motu പറയുകയാണ്, പോയി അതിന് നേതൃത്വം കൊടുക്കൂ എന്ന്. അത് പറഞ്ഞപ്പോൾ ഈ ചുമതല അവർ ഭംഗിയായി കഴിഞ്ഞവർഷം നിർവ്വഹിച്ചതുമാണ്. ആ കളക്ടറുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽനിന്ന് ഒരു സ്ത്രീയായ അവരെ മാറ്റിനിർത്തുന്നതിനുവേണ്ടി വി.എച്ച്.പി. പോലുള്ള ചില ഫാസിസ്റ്റ് പ്രതിലോമ സംഘടനകൾ (കടലാസ് സംഘടനകളാണെന്നാണ് ഞാൻ പറയുക) ഒരു പ്രസ്താവന ഇറക്കി. അവർ പോയാൽ തടയുമെന്ന്. ഉടനെ ഈ മുഖ്യമന്ത്രി പറഞ്ഞത്, എന്നാൽ പോകണ്ട എന്ന്. ഇതാണോ സ്ത്രീകളുടെ അഭിമാന സംരക്ഷണം, അവകാശ സംരക്ഷണം. ഞാൻ ഈ കാര്യത്തെക്കുറിച്ച് അതിശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഒരു സ്റ്റേറ്റ്മെന്റ് ഇറക്കിയ ആളാണ്. ഒരു ജില്ലാ കളക്ടർ സ്ത്രീ വേണമോ അല്ലയോ എന്നൊക്കെയുള്ളത് സർക്കാർ തീരുമാനിക്കേണ്ട കാര്യമാണ്. പക്ഷേ ഒരു സ്ത്രീയായ ജില്ലാ കളക്ടർക്ക് അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് പോകാനാവശ്യമായ നിയമസംരക്ഷണമോ ധാർമ്മികമായ പിന്തുണയോ നൽകാത്ത മുഖ്യമന്ത്രിയാണിത്. കളക്ടറെ തടയുമെന്ന് പറഞ്ഞപ്പോൾ, എന്നാൽ പോകണ്ട എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അങ്ങനെയാണോ ചെയ്യേണ്ടത്. കോടതി വിധിയെക്കുറിച്ച് വാചാലമായി അങ്ങ് സംസാരിക്കാറുണ്ടല്ലോ. ഇവിടെ സൂചിപ്പിച്ചില്ലേ ശ്രീ. വർക്കല രാധാകൃഷ്ണൻ ശിവഗിരി സംഭവമൊക്കെ. ആ ശിവഗിരി പോലുള്ള പരിപാവനമായ സ്ഥലത്ത് പോലീസുകാരെ ഇറക്കുമ്പോൾ പറഞ്ഞത് കോടതി വിധിയാണെന്ന്. ആ കോടതിവിധിയെക്കുറിച്ച്, അതിന്റെ പാവനതയെക്കുറിച്ച് ഒക്കെ നല്ലവണ്ണം സംസാരിക്കുമ്പോൾ എന്തുകൊണ്ട് സ്ത്രീകളുടെ കാര്യം വന്നപ്പോൾ അവരെ സംരക്ഷിക്കേണ്ട മുഖ്യമന്ത്രി ഇത്തരം ഒരു തീരുമാനമെടുത്തു? സ്ത്രീകളെ ശബരിമല ദർശനം എന്ന അനുഷ്ഠാനപരമായ വൈകാരിക പ്രശ്നവുമായി ബന്ധപ്പെടുത്തി ജില്ലാ കളക്ടറെ അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽനിന്ന് തടസ്സപ്പെടുത്താനുള്ള വർഗ്ഗീയവാദികളുടെ നീക്കം മതേതര ഭാരതത്തിലെ ജനാധിപത്യ വ്യവസ്ഥയുടേയും സ്ത്രീ നീതിയുടേയും നേരെയുള്ള ഒരു കടന്നാക്രമണമാണെന്ന് ഞാൻ ആരോപിക്കുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ സൂചിപ്പിക്കുന്നത് ഇത്രയേ ഉള്ളൂ. മുഖ്യമന്ത്രി വർഗ്ഗീയ ശക്തികൾക്ക് നിർലജ്ജം കീഴടങ്ങി എന്നാണ് ഞാൻ പറയുന്നത്. ഞാൻ അത് ആരോപിക്കുകയും ചെയ്യുകയാണ്. എന്നിട്ട് ഇവിടെ സ്ത്രീകളുടെ ഒരു വനിതാനയം കൊണ്ടുവരികയാണത്രേ. ഒരു സ്ത്രീനയം കൊണ്ടുവരാൻ ധാർമ്മികമായ എന്ത് അവകാശമാണ് ഈ സർക്കാരിനുള്ളത്. നിങ്ങൾ ഇപ്പോൾ ഒരു ബിൽ കൊണ്ടുവരാൻ പോകുകയാണല്ലോ ക്രിസ്ത്യൻ പിന്തുടർച്ചാവകാശത്തെ സംബന്ധിച്ച്. ഒരു നിയമയുദ്ധം നടത്തി മേരി റോയി നേടി എടുത്ത ക്രിസ്ത്യൻ പിന്തുടർച്ചാവകാശത്തിന്റെ മുൻകാല പ്രാബല്യം എടുത്തുകളയാൻ ഒരു ബിൽ കൊണ്ടുവരികയാണ് ഈ സർക്കാർ. സുപ്രീം കോടതി വിധിയാണ്. കോടതിവിധിയുടെ പവനതയെക്കുറിച്ച് പറയുമ്പോൾ എല്ലാ കാര്യത്തിലും വേണ്ടേ അത്. അവനവന്റെ താൽപ്പര്യമുള്ളിടത്ത് മാത്രം മതിയോ. ആ സുപ്രീം കോടതിവിധി വന്നതിന്റെ അടിസ്ഥാനത്തിൽ അതിന്റെ റിട്രോസ്പെക്ടീവ് ഇഫക്ട് എടുത്തുകളയാൻ ഒരു ബിൽ കൊണ്ടുവരാൻ പോകുന്നു. ഞാൻ പറയുന്നത് ഒരു anti women legislation കൊണ്ടുവരികയാണ് ഈ സർക്കാർ. വനിതാ നയത്തെക്കുറിച്ച് ചർച്ച ചെയ്യാൻ നമ്മുടെ സംസ്ഥാനത്തിലെ ധാരാളം ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ഞങ്ങളെപ്പോലുള്ള എം. എൽ. എ. മാർ ഒക്കെ ഉണ്ടായിരുന്നു. അവിടെവച്ച് ഞങ്ങൾ ചോദിച്ചതാണ് ഈ anti women legislation നിങ്ങൾ പിൻവലിക്കാൻ തയ്യാറുണ്ടോയെന്ന്. ഞാൻ ഒരു വാചകം അതിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. കുടുംബസ്വത്തിൽ ക്രിസ്ത്യൻ സ്ത്രീകൾക്കുള്ള അവകാശം സ്ഥാപിച്ചുകൊണ്ടുള്ള മേരി റോയി കേസിലെ 1996-ലെ സുപ്രീംകോടതി വിധി സ്ത്രീകൾക്ക് സാമൂഹ്യനീതി ഉറപ്പാക്കുന്നതിലേക്കുള്ള ഒരു സുപ്രധാന കാൽവയ്പ് ആയിരുന്നു. കേരളത്തിലെ ക്രിസ്ത്യൻ സാമൂഹ്യ ജീവിതത്തിന്റേയും ഇൻഡ്യൻ പിന്തുടർച്ചാവകാശ നിയമത്തിന്റേയും എല്ലാ വശങ്ങളും പരിഗണിച്ച് ശേഷമാണ് ഇൻഡ്യയിലെ സുപ്രീം കോടതി സുചിന്തിതമായ ഈ വിധി പ്രഖ്യാപിച്ചത്. അല്ലാതെ all on a same morning സ്ത്രീകൾക്ക് ഇങ്ങനെ കൊടുക്കണമെന്ന് ഒന്നും വിചാരിച്ചതല്ല. എല്ലാ ന്യായവാദവും കേട്ട് സുചിന്തിതമായ ഒരു അഭിപ്രായമാണിത്. സ്ത്രീനീതി ലഭിക്കാൻ വർഷങ്ങൾ നീണ്ട നിയമയുദ്ധമാണ് നടന്നത്. ആ അവകാശമാണ് ഇവിടെ കവർന്നെടുക്കുന്നത്. അത്യകൊണ്ട് ഞങ്ങൾക്ക് പറയാനുള്ളത് ഈ വനിതാ നയത്തിലും ഹിപ്പോക്രസി ഉണ്ട്. ഈ മുഖ്യമന്ത്രിയെ ഒരു ഹിപ്പോക്രറ്റ് എന്ന് ഞാൻ വിശേഷിപ്പിക്കും. ഹിപ്പോക്രസിയാണ് അദ്ദേഹം കാണിച്ചതെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. അവിടെ ഈ വനിതാനയം പ്രഖ്യാപിക്കുമ്പോൾ ഞങ്ങൾ പറഞ്ഞു ഇതിനെക്കുറിച്ച് താഴ്ന്ന ലെവലിൽ ചർച്ച വേണ്ടെന്ന്. ഞങ്ങളെപ്പോലെ ശരാശരിക്കാരല്ലാത്ത സ്ത്രീകൾ പങ്കെടുക്കുന്ന ഒരു മീറ്റിംഗിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യണ്ടേ. ഈ സംസ്ഥാനത്തെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ കാര്യമാണ് ഞാൻ പറയുന്നത്. ഞങ്ങൾ പറഞ്ഞു, ജില്ലകളിൽ മീറ്റിംഗ് വിളിച്ചുകൂട്ടി ചർച്ചചെയ്യണമെന്ന്. അപ്പോൾ ഗവൺമെന്റിന്റെ പ്രതിനിധി പറഞ്ഞത് രസകരമായ വാർത്തയാണ്. മുഖ്യമന്ത്രിക്ക് ഇപ്പോൾ നയം ഉണ്ടാക്കണമെന്ന്. അങ്ങനെ ഒരു നയം ഉണ്ടാക്കലുണ്ടോ. ഈ സംസ്ഥാനത്തിലെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ എന്താണെന്ന് പഠിച്ച് ഒരു നയം കൊണ്ടുവരികയല്ലേ നല്ലത്. വെറുതെ കുറെ pious platitudes എഴുതിവച്ചിട്ടുണ്ട് ഇവിടെ. Gender justice, gender equality, elimination of discrimination,

LIBRARY ARCHIVES Kerala Legislative Assembly

ഇതൊക്കെ എല്ലാവർക്കും എഴുതാവുന്നതാണ്. ഇതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് പറയാൻ മുഖ്യമന്ത്രിയെ പ്രതിനിധീകരിച്ചുകൊണ്ട് അവിടെ എത്തിയവർക്ക് കഴിഞ്ഞില്ല എന്നുള്ളതാണ് ഒരു വാസ്തവം.

എനിക്ക് ഒരു കാര്യം പറയാനുള്ളത് ഈ ബഡ്ജറ്റിൽ ഗ്ലോബലൈസേഷനെക്കുറിച്ച്, ലിബറലൈസേഷനെക്കുറിച്ച് പ്രകീർത്തിക്കുകയാണ്. കേരളത്തിൽ ഇപ്പോഴും എന്താണ് നടക്കുന്നത്. ഞാൻ ഇന്നലെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോഴും പറഞ്ഞതാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: പുരുഷൻമാരെ ഇത്രയും ആക്ഷേപിക്കാൻ പാടില്ല. നിങ്ങളും ഇവിടെ ന്യൂനപക്ഷമാണ്. ഞങ്ങളെല്ലാം ഇത് കേട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പുരുഷൻമാരെ മൊത്തത്തിൽ ആക്ഷേപിക്കുന്നത് ശരിയല്ല, സ്ത്രീകൾക്ക് പല പരിഗണനകളും ഈ ഗവൺമെന്റ് നൽകിയിട്ടുണ്ട്. അതെല്ലാം വിസ്മരിച്ചുകൊണ്ട് പോകുന്നത് നന്ദികേടാണ്. അത് ഒരിക്കലും പാടില്ല.

പ്രൊഫസർ മീനാക്ഷി തമ്പാൻ: ഇവിടെ പുരുഷൻമാരുടെ കാര്യമല്ല ഞാൻ പറഞ്ഞത്. അപ്പുറത്ത് വനിതാ എം. എൽ. എ. മാർ ഉണ്ടല്ലോ. അവർ ഉൾക്കൊള്ളുന്ന ഈ സർക്കാരിന്റെ നയങ്ങളെ, തീരുമാനങ്ങളെ കുറിച്ചാണ് ഞാൻ പറഞ്ഞത്. ഈ ബഡ്ജറ്റിൽ എഴുതിയിരിക്കുകയാണ് ഗ്ലോബലൈസേഷന്റെ മേൻമയെക്കുറിച്ച്. അങ്ങ് കേൾക്കേണ്ട ഒരു കാര്യമുണ്ട്. ലോകചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ലാത്ത വിധത്തിൽ സ്ത്രീകളുടെ ആഗോള വ്യാപാരം വർദ്ധിച്ച് വരികയാണ്. എനിക്ക് നൂറു ശതമാനവും ഉറപ്പുണ്ട് മുസ്ലീംലീഗിലെ ബഹുമാനപ്പെട്ട മെമ്പർമാർ എന്നോടൊപ്പം യോജിക്കുമെന്ന്. ഇക്കാര്യത്തിൽ അവർ പഠിക്കുന്നവരാണ്. ഈ കാര്യം അവർ പഠിച്ചിട്ടുണ്ടാകും. ഈ ഭവിഷ്യത്ത് അവർ പഠിച്ചിട്ടുണ്ട്. ആഗോളതലത്തിൽ ആഗോള തൊഴിൽ വിപണികളിൽ, ടൂറിസം റിസോർട്ടുകളിൽ സ്ത്രീകളെ വിലപേശി കച്ചവടം ചെയ്യുന്നു. ആഗോളവൽക്കരണത്തിന്റെ ഭാഗമാണിത്. എന്നിട്ട് അതിനെയാണ് പ്രകീർത്തിച്ചിരിക്കുന്നത്. നമ്മുടെ ബഡ്ജറ്റിൽ അതിനുവേണ്ടിയിട്ട് അദ്ദേഹം ഒരുപാട് സമയം കൊടുക്കുന്നു. പെൺവാണിഭം ശക്തിപ്പെടുന്നു. ഞാൻ അത് മുഴുവൻ ഇന്നലെ പറഞ്ഞതാണ്. അതുകൊണ്ട് അതിനെക്കുറിച്ച് ദീർഘമായിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഫ്രീ മാർക്കറ്റിൽ എന്ത് സ്വാതന്ത്ര്യമാണുള്ളതെന്ന് അറിയാമോ. സ്ത്രീകളെ കച്ചവടച്ചരക്കാക്കി മാറ്റുന്നു, വേശ്യാലയങ്ങളിലും ആഗോള തൊഴിൽ വിപണികളിലും ടൂറിസം റിസോർട്ടുകളിലും കൊണ്ടുപോയി വിലപേശി വിൽക്കുന്നത് ഈ കൊച്ചു കേരളത്തിലും എത്തിയിരിക്കുന്നു എന്നുള്ളതാണ്. ഞാൻ അതിന് ഒരൊറ്റ ഉദാഹരണം പറഞ്ഞ് അവസാനിപ്പിക്കാം. ഇന്നത്തെ മലയാള മനോരമ പത്രത്തിലുണ്ട്. ഞാൻ ഇന്നലെ പറഞ്ഞതിന്റെ ഒരു തുടർച്ചയാണ്. മൂന്നാറിലെ പെൺവാണിഭ സംഘത്തെക്കുറിച്ചാണ് വാർത്ത നമ്മൾ സാധാരണ പറയാറുണ്ട് നിൽക്കുന്ന വൃക്ഷം തലചായ്ക്കുമെന്ന്. അത്രയ്ക്ക് ദയനീയമായ ഒരു ചിത്രമാണ് ഇതിൽ. ഞാൻ വേറൊന്നും പറയുന്നില്ല. പത്താംക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെ പറഞ്ഞ് വലയിലാക്കിക്കൊണ്ട് പെൺവാണിഭ സംഘത്തിന് നൽകി എന്നുള്ളതാണ്. ഞാൻ അതാണ് പറഞ്ഞത് ഒരു ചരക്ക് കൈമാറുന്നതുപോലെയാണ് ഇവിടെ ഉണ്ടായത്. ഞാൻ പത്രത്തിൽനിന്ന് ഒരു വാചകം

LIBRARY ARCHIVES Kerala Legislative Assembly

വായിക്കാം. മൂന്നാറിൽനിന്ന് കോതമംഗലം അവിടെനിന്ന് മൂവാറ്റുപുഴ, പൊൻകുന്നം, കുമളി പഞ്ചായത്ത് റസ്റ്റ് ഹൗസ്. എന്നിട്ട് ഏലപ്പാറയിലെ ഒരു സഹകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച് അവശയായ കുട്ടിയെ വീണ്ടും കോട്ടയത്തേക്ക്, അവിടെനിന്ന് കൊച്ചിയിലേക്ക്, തുടർന്ന് തലസ്ഥാനമായ തിരുവനന്തപുരത്തേക്ക്, അവിടെനിന്ന് വീണ്ടും കോഴിക്കോട്ടേക്ക്, തൃശ്ശൂർക്ക്, വീണ്ടും ഈ കുട്ടിയുടെ സ്ഥലത്ത് എത്തിയിരിക്കുന്നു. ഒരു ചരക്കിനെ കൈമാറുന്നതുപോലെയാണ് ഇവിടെ നടന്നത്; നടന്നുകൊണ്ടിരിക്കുന്നത്. ഇതിനൊക്കെ മിക്കവാറും കാരണം കമ്പോള ശക്തികളുടെ, മൂലധനശക്തികളുടെ സ്വതന്ത്രവ്യാപാരത്തിന് ഈ രാജ്യത്തിലെ ജനങ്ങളെ വിട്ടുകൊടുത്തിരിക്കുന്നു എന്നുള്ളതാണ്. ആ ആപൽക്കരമായ ആഗോളവൽക്കരണത്തെയാണ് ഈ ബഡ്ജറ്റിൽ പ്രകീർത്തിച്ച് പറഞ്ഞിരിക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. സ്ത്രീ വിരുദ്ധവും ജനവിരുദ്ധവുമായ ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. സി. വി. പത്മരാജൻ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തെ ഞാൻ പിന്താങ്ങുന്നു. അവിടെനിന്നുള്ള വിശദീകരണം കഴിഞ്ഞതിനു ശേഷം ഇവിടെനിന്നുള്ള വിശദീകരണം നടത്താൻ പോവുകയാണ്, ബഡ്ജറ്റ് പ്രസംഗം ആരംഭിച്ച ശ്രീ. വർക്കല രാധാകൃഷ്ണൻ തന്നെ പറഞ്ഞു ബഡ്ജറ്റിനെക്കുറിച്ച് ഒന്നും പറയാനില്ലെന്ന്. ഒന്നും പറയാനില്ലെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് അപ്പുറത്തുള്ളവർക്ക് എതിർത്തുകൊണ്ട് സംസാരിക്കാൻ ഒന്നുമില്ലെന്നുള്ളത് നിങ്ങൾ തന്നെ അംഗീകരിച്ചിരിക്കുന്നു. ഞങ്ങൾ നടത്തുന്ന വിശദീകരണവും അതുതന്നെയാണ്. തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. നിങ്ങളുടെ വിശദീകരണം ആളുകൾ ഉൾക്കൊള്ളുകയില്ലെന്ന് ഞങ്ങൾക്ക് പൂർണ്ണമായി വിശ്വാസമുണ്ട്. അത് ജനങ്ങൾ മനസിലാക്കിയിരിക്കുന്നു. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് 5-ാം വർഷം പൂർത്തിയാക്കുന്ന അവസരത്തിൽ നാം ലക്ഷ്യമിട്ടിരുന്നതും തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പ്രഖ്യാപിച്ചിരിക്കുന്നതുമായ എല്ലാ വികസന, ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കുക വഴി വമ്പിച്ച നേട്ടങ്ങളാണ് ഈ ഗവൺമെൻറിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ജനങ്ങൾ അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളും നിശ്ചിത കാലയളവിനുള്ളിൽ പരിഹരിക്കാൻ കഴിഞ്ഞ ഒരു ഗവൺമെൻറ് എന്നുള്ള നിലയിൽ ഈ ഗവൺമെൻറിനെ ജനങ്ങൾ പൂർണ്ണമായി അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. വിവിധ മേഖലകളിൽ കാര്യമായ നേട്ടങ്ങൾ കൈവരിക്കാനും സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ മഹത്തായ വളർച്ചയ്ക്ക് അടിത്തറ പാകാനും ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സത്യമാണ്. വികസന രംഗത്ത് കേരളത്തിൻറെ ചരിത്രത്തിൽ ഇത്രയധികം വികസനം നടത്തിയ ഒരു ഗവൺമെൻറ് ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നുള്ളത് കേരളം അംഗീകരിച്ചിരിക്കുന്നു. മാത്രമല്ല, ഏറ്റവും അവഗണിക്കപ്പെട്ട മലബാറിൻറെ സ്ഥിതി—മലബാറിലെ ഓരോ മേഖലയിലും വികസനം ത്വരിതപ്പെടുത്താൻ ഈ ഗവൺമെൻറിന് സാധിച്ചു എന്നുള്ളത് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനമുള്ള ഒരു കാര്യമാണ്. വർഷങ്ങളായി ഞങ്ങൾ കിട്ടാവുന്ന സന്ദർഭങ്ങളെല്ലാം ഉപയോഗിച്ച് മലബാറിൻറെ വികസനത്തിനുവേണ്ടി വാദിക്കുമായിരുന്നു. മലബാറിൻറെ

LIBRARY ARCHIVES Kerala Legislative Assembly

വികസനം ത്വരിതപ്പെടുത്താൻ കഴിഞ്ഞ ഒരു ഗവൺമെൻറ് എന്നുള്ള നിലയിൽ ഈ ഗവൺമെൻറിനെ ഞങ്ങളും ആത്മാർത്ഥമായി ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്.

സർ, വിദ്യാഭ്യാസരംഗത്ത് അനേകം ശാസ്ത്രീയ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു. മലബാർ യൂണിവേഴ്സിറ്റി കണ്ണൂരിൽ സ്ഥാപിക്കാൻ കഴിഞ്ഞത് മലബാറുകാരുടെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ മുന്നേറ്റത്തിന്റെ ഉദാഹരണമാണ്. അനേകം പ്രൊഫഷണൽ കോളേജുകളും അനുവദിച്ചു. ഞാൻ അത് ഒന്നും എണ്ണിയെണ്ണി പറയാൻ ഉദ്ദേശിക്കുന്നില്ല. മലബാറിലും കാസർഗോഡും ഒരുപാട് വികസനം ഉണ്ടായിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജ്, കാർഷിക കോളേജ് തുടങ്ങിയ പ്രൊഫഷണൽ കോളേജുകളും അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞു. അങ്ങനെ ഓരോ വകുപ്പും എടുത്ത് പരിശോധിച്ചുനോക്കിയാൽ അത് വളരെ വ്യക്തമായി മനസിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 15 ഇന പരിപാടിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നടത്തിയ ജനക്ഷേമകരവും ജനോപകാരപ്രദവുമായ പദ്ധതികളും സമഗ്ര വികസനം നടപ്പിലാക്കുന്നതിന് കാണിച്ച ഏറ്റവും അഭിമാനകരമായ പ്രവർത്തനങ്ങളെ സംബന്ധിച്ചും പരിശോധിച്ചുനോക്കിയാൽ മലബാറിൽ, വികസനത്തിന് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് അഭിമാനത്തോടുകൂടി സ്മരിക്കുകയാണ്. അത് ഓരോ വകുപ്പുകളും പരിശോധിച്ചുനോക്കിയാൽ അറിയാം. റോഡുകളായിരുന്നു നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ശാപമായി തീർന്നിരുന്നത്. ആ റോഡുകളെല്ലാം നല്ല റോഡുകളാക്കി മാറ്റാൻ കഴിഞ്ഞു. മാത്രമല്ല, റോഡുകളും പാലങ്ങളും നിർമ്മിക്കുന്ന കാര്യത്തിൽ ഏറ്റവും വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മലബാറിൽ മാത്രമല്ല, കേരളത്തിൽ അങ്ങോളമിങ്ങോളം റോഡിനുവേണ്ടി ആവശ്യപ്പെട്ടുകൊണ്ടിരുന്ന, നിവേദനങ്ങളും നടത്തിക്കൊണ്ടിരുന്ന നമ്മുടെ നിയമസഭാസാമാജികൻമാർക്കും പോലും ഇനി റോഡുകളും എൻറെ നിയോജകമണ്ഡലത്തിൽ വേണമോ എന്നുള്ള നിലയിലേക്ക് എത്തിയിരിക്കുന്നു എന്നുള്ളതാണ് സത്യം. എല്ലാ സ്ഥലങ്ങളിലേയും റോഡുകളുടെ മേൻമയെ സംബന്ധിച്ച് ഞാൻ പ്രത്യേകം പറയേണ്ടതുണ്ടോ? നമ്മളെല്ലാം റോഡുകളിലൂടെ സഞ്ചരിക്കുന്ന ആളുകളായതുകൊണ്ട് പറയേണ്ട ആവശ്യമില്ല.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ഞാൻ കഴിഞ്ഞ ഫെബ്രുവരി ആറും ഏഴും തീയതികളിൽ അങ്ങയുടെ മണ്ഡലത്തിലൂടെ സഞ്ചരിച്ചു. മനുഷ്യനു നടക്കാൻവയ്യ. നിങ്ങളുടെ റോഡ് എന്നു പറയുന്നത് അതാണോ? അങ്ങനെയുള്ള റോഡുകളെക്കുറിച്ചാണോ നീങ്ങളും പറയുന്നത്?

ശ്രീ. പെർക്കളം അബ്ദുള്ള: സർ, എൻറെ ഒരു സുഹൃത്ത് മഞ്ചേശ്വരത്ത് ഒരു ജാഥ ഉദ്ഘാടനം ചെയ്യൽ പരിപാടിയിൽ പ്രസംഗിക്കുമ്പോൾ ഞാനും മഞ്ചേശ്വരത്തുണ്ടായിരുന്നു. മഞ്ചേശ്വരത്തെ റോഡുകളെക്കുറിച്ച് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞത് സത്യമാണെങ്കിൽ അങ്ങനെ പറയുകയില്ല. ഏറ്റവും നല്ല റോഡുള്ളത് എൻറെ നിയോജക മണ്ഡലത്തിലാണ്. ഈയിടെ ഒരു സാമൂഹ്യ പ്രവർത്തകൻ ഇവിടെ പ്രസംഗിക്കുന്നത് ഞാൻ കേട്ടു. തിരുവനന്തപുരത്തുള്ള ഒരു സുഹൃത്തിനു ഒരു കോഴിമുട്ട സമ്മാനിക്കാനുണ്ടെങ്കിൽ നാഷണൽ ഹൈവേ 17-ലെ

LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരത്തുനിന്നു് ഉദ്യാട്ടിക്കൊടുത്താൽ തിരുവനന്തപുരത്തെ എൻ. എച്ചു്. 47-ൽ നിന്നു് അതു് എടുത്തു് കേടുകൂടാതെ ഭക്ഷിക്കാൻ കഴിയുമെന്നു്. റോഡു് നിർമ്മാണരംഗത്തു് ഇത്രയധികം മേന്മയുണ്ടാക്കാൻ കഴിഞ്ഞ ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ?

സർ, ആരോഗ്യരംഗത്തു് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ.....

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, അനുകരണം നല്ലതാണു്. അങ്ങനെ അനുകരിക്കുമ്പോഴും അതിന്റെ ഗുണഗുണകർത്താവിനോടു് നീതി പുലർത്തണം. ശ്രീമതി ശോഭനാ ജോർജ്ജു് മുമ്പു് ഒരിക്കൽ ശ്രീ. പി. കെ. കെ. ബാവയെ അഭിനന്ദിച്ചു പറഞ്ഞ ആ മൊഴികളാണു് ഇപ്പോഴും ശ്രീ. ചെർക്കളം ഇവിടെ പറഞ്ഞതു്.

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, അഭിനന്ദിക്കേണ്ട കാര്യങ്ങൾക്കു് ആരായാലും അഭിനന്ദിക്കണം. നല്ല കാര്യങ്ങളും ചെയ്താൽ അതു് നല്ലതാണെന്നു് അംഗീകരിക്കാൻ അപ്പുറത്തിരിക്കുന്നവർക്കു് കഴിയുകയില്ലെന്നു് ഞങ്ങൾക്കറിയാം.

ശ്രീ. പന്തളം സുധാകരൻ: സർ, ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞതു് ശരിയാണു്. കാരണം, ശ്രീമതി ശോഭനാ ജോർജ്ജു് അന്നു് ഉദ്ദേശിച്ചതു് ശ്രീ. പി. കെ. കെ. ബാവയെ ആണു്. ഇപ്പോഴും സാമൂഹ്യപ്രവർത്തകനായി ഉദ്ദേശിച്ചതു് ശ്രീ. സി. ടി. അഹമ്മദു് അലിയെയാണു്.

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, ആരോഗ്യരംഗത്തു് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിനു് കഴിഞ്ഞു. സാമൂഹ്യക്ഷേമ വകുപ്പിൽ അനേകം കാര്യങ്ങളും ചെയ്യാൻ കഴിഞ്ഞു.

സർ, വ്യവസായത്തെക്കുറിച്ചു് പറയുമ്പോഴും കഴിഞ്ഞ കാലങ്ങളിലൊക്കെ വ്യവസായം കൈകാര്യം ചെയ്തിരുന്ന പാർട്ടിയുടെ ആളുകളൊക്കെ ഇന്നു് ഖേദിക്കുന്നു. സംസ്ഥാനത്തു് വ്യവസായരംഗത്തു് ഇത്രയധികം മാറ്റം വരുത്താൻ, പുതിയ വ്യവസായങ്ങളും ആരംഭിക്കാൻ, ഇത്രയധികം ഇൻവെസ്റ്റ്മെന്റു് വ്യവസായത്തിനു് വേണ്ടി ഉണ്ടാക്കാൻ കഴിഞ്ഞ ഒരു സാഹചര്യം ഇതിനുമുമ്പു് ഉണ്ടായിട്ടില്ല. ഇൻഡ്യയിൽ അല്ലെങ്കിൽ ലോകത്തു് വ്യാവസായികമായി ഉയർന്ന രാഷ്ട്രങ്ങളും പോലും കേരളത്തിലെ വ്യവസായനയത്തെ അംഗീകരിച്ചുകൊണ്ടു് പ്രഖ്യാപനങ്ങളും നടത്തിയിരിക്കുന്നു.

സർ, ഇലക്ട്രിസിറ്റിയുടെ കാര്യം. നമുക്കു് ഒരിടത്തും ഇലക്ട്രിസിറ്റിയില്ല. ഇപ്പോഴും പവർകട്ടാണു്. നമ്മളെല്ലാവരും സമ്മതിക്കുന്ന കാര്യമാണതു്. വൈദ്യുതിയുടെ കാര്യത്തിൽ നമ്മൾ വളരെ പിന്നിലാണു്. പക്ഷെ, ഞങ്ങളുടെ തൊട്ടടുത്ത കർണ്ണാടക സംസ്ഥാനത്തു് 8 മണിക്കൂർ വൈദ്യുതി ലോഡു് ഷെഡ്ഡിംഗു് ഉണ്ടാക്കുമ്പോഴും കേരളത്തിൽ മൂന്നര മണിക്കൂർ മാത്രമാണു് ഉള്ളതു്. എങ്കിലും വളരെ കുറഞ്ഞ വൈദ്യുതിയുള്ള ഈ സംസ്ഥാനത്തു് രണ്ടായിരം ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചുകൊണ്ടു് വൈദ്യുത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വൈദ്യുതിരംഗത്തു് ഒരു പുതിയ വിപ്ലവം—അതായതു് മലബാറിൽ 1500 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചുകൊണ്ടു് മൊത്തത്തിൽ വലിയ ഒരു മാറ്റം വരുത്തുന്നതിനും ഒരു പുതിയ സംവിധാനത്തിലേക്കു് എത്തിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു എന്നുള്ളത് എല്ലാവരും അംഗീകരിക്കും. പുതിയ വൈദ്യുതി ഉൽപ്പാദനേ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ അനേകം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞു.

സർ, അതുപോലെ ഹൗസിംഗിൻെറ കാര്യം. ഹൗസിംഗിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ തലചായ്ക്കാനിടമില്ലാത്ത നമ്മുടെ സമൂഹത്തിലെ ലക്ഷക്കണക്കിന് ആളുകൾക്ക് വീടുകൾ കൊടുക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെൻറിന് കഴിഞ്ഞു.

സർ, അതുപോലെതന്നെ ഇറിഗേഷൻ, ലേബർ തുടങ്ങിയ രംഗങ്ങളിലെല്ലാം വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറ് തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞ പല കാര്യങ്ങളും പ്രാവർത്തികം ആക്കാനായി ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് ഈ ഗവൺമെൻറ് ചാരായ നിരോധനം ഏപ്രിൽ ഒന്നുമുതൽ പ്രാവർത്തികമാക്കാൻ പോവുകയാണ്. അതിനുവേണ്ട തീരുമാനങ്ങളൊക്കെ എടുത്തുകഴിഞ്ഞു. ഇന്നിവിടെ രാവിലെ പലരും അതിനെക്കുറിച്ച് കൂടുതൽ പറഞ്ഞതുകൊണ്ട് ഞാൻ അക്കാര്യത്തിലേക്ക് കൂടുതലായി കടക്കുന്നില്ല. ഇവിടെ ചാരായത്തിൻെറ വിൽപ്പന നിരോധിക്കാൻ ഈ ഗവൺമെൻറ് തീരുമാനിച്ചതിനെക്കുറിച്ച് എന്തൊക്കെയാണ് പറഞ്ഞത്? വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ ഇതുമൂലം വൻപിച്ച മാറ്റമാണ് വരുന്നതെന്നും അതിനുവേണ്ടി മനഃപൂർവമാണ് ഇത് കൊണ്ടുവന്നതെന്നുമാണ് അപ്പുറത്തിരിക്കുന്നവർ പറയുന്നത്. നമ്മുടെ സഹോദരിമാർ, അമ്മമാർ, എല്ലാവരുംതന്നെ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനെ അഭിനന്ദിച്ചുകൊണ്ട് അനേകായിരം കത്തുകൾ ഇതിനകം അയച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. പിന്നെ മറെറാരു കാര്യം പറയാനുള്ളത് മുസ്ലീം-മാപ്പിള പ്രശ്നത്തെക്കുറിച്ചാണ്. മൺഡൽ കമ്മീഷൻ റിപ്പോർട്ടിലെ സംവരണാനുകൂല്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി കേരളത്തിലെ മുസൽമാൻമാരെ രണ്ടായിട്ട് തിരിച്ചുകൊണ്ട് വിഭാഗീയത അവരുടെയിടയിൽ സൃഷ്ടിച്ചപ്പോൾ അത് മാറ്റുന്നതിനുവേണ്ടി വളരെ ത്യാഗപൂർവ്വം പ്രവർത്തിച്ച, ഞാൻ പ്രതിനിധാനം ചെയ്യുന്ന ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് അടക്കമുള്ള സംഘടനകളുടേയും പാർട്ടിക്കാരുടേയും അഭിപ്രായത്തെ മാനിച്ചുകൊണ്ട് ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നാമമാത്രമായിട്ടുള്ള ആ ആനുകൂല്യം മുസ്ലീങ്ങൾക്ക് നൽകിയപ്പോൾ കേരളത്തിലെ മുഴുവൻ മുസൽമാൻമാർക്കും ഈ ആനുകൂല്യം നൽകാനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഇൻഡ്യാഗവൺമെൻറിനെ പ്രേരിപ്പിച്ചതും അതു നടപ്പിൽവരുത്താൻ കഴിഞ്ഞതും ഞങ്ങൾക്കേറെ അഭിമാനമുള്ള കാര്യമാണ്.

3 p. m.]

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, അങ്ങയുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നുന്നത് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് മുസൽമാൻമാരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുവെന്നാണ്. ഞാൻ ചോദിക്കട്ടെ, മുനിസിപ്പൽകോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ മലപ്പുറം ജില്ലയിലെ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണിക്കും മുസ്ലീംലീഗിനും എതിരായി അവിടത്തെ മുസ്ലീംജനങ്ങളായിട്ടുള്ള വോട്ടർമാർ വോട്ട് രേഖപ്പെടുത്താനുള്ള കാര്യം എന്താണെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള: മുനിസിപ്പൽ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം ഈ തെരഞ്ഞെടുപ്പിൽ മുസ്ലീംലീഗ് സ്ഥാനാർത്ഥികളെ നഖശിഖാന്തം എതിർത്ത ആളുകളെല്ലാംതന്നെ അവിടെ രാഷ്ട്രീയമായി വലിയ മാറ്റം വരുത്തി. പി.ഡി.പി. പ്രസിഡന്റ് അബ്ദുൽ നാസർ മദനി പറഞ്ഞത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അധികാരത്തിൽ വരാൻ അടുത്ത തെരഞ്ഞെടുപ്പിൽ ഞങ്ങളെ കിട്ടില്ല എന്നാണ്. അതിന്റെ ഫലനം വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ എന്താണുണ്ടാവുന്നതെന്ന് അപ്പുറത്തിരിക്കുന്നവർ മനസ്സിലാക്കണമെന്ന് മാത്രമേ ഞാൻ അതേക്കുറിച്ച് സൂചിപ്പിക്കുന്നുള്ളൂ.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: മലപ്പുറം ജില്ലയിൽ നടന്ന പഞ്ചായത്ത് മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിൽ 95,000-ത്തിലധികം വോട്ട് മുസ്ലീംലീഗിന് കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കൂടുതൽ കിട്ടിയെന്ന വിവരം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ഇടതുപക്ഷമുന്നണിയിലെ ഘടകപാർട്ടികളും ഒപ്പമായി നടത്തിയ ഒരു തെരഞ്ഞെടുപ്പ് കൂട്ടുകെട്ട്, നാഷണൽ ലീഗ്, ബി.ജെ.പി. തുടങ്ങിയ മറ്റ് പാർട്ടികളുമായി ഉണ്ടാക്കിയ കൂട്ടുകെട്ട് ഈ തെരഞ്ഞെടുപ്പിൽ ആ മുനിസിപ്പൽ ഏരിയായിൽ അടിപടം സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ സീറ്റുകളുടെ കണക്ക് പരിശോധിച്ചുനോക്കാൻ ഇടതുപക്ഷത്തെ ആളുകളോട് ഞാനപേക്ഷിക്കുന്നു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഇവിടെയിപ്പോൾ അബ്ദുറഹിമാൻ ഹാജി പറഞ്ഞ കണക്ക് കേട്ടപ്പോൾ പണ്ട് നമ്പൂതിരി പറഞ്ഞ കാര്യമാണ് എനിക്കോർമ്മ വരുന്നത്. നമ്പൂതിരി പറഞ്ഞത്, പെട്ടി പോയാലും താക്കോൽ എന്റെ കയ്യിലുണ്ടെന്നാണ്. അങ്ങനെ പറയാറില്ലേ? അതുപോലെ വോട്ട് കൂടുതൽ കിട്ടി പക്ഷേ മുനിസിപ്പാലിറ്റി ഒക്കെ ഭരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് എന്ന കാര്യം അങ്ങ് മറക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ചെർക്കളം അബ്ദുള്ള: ഏതാനും ദിവസങ്ങൾക്കകം വലിയ മാറ്റം സംഭവിക്കാൻ പോവുകയാണ്. അത് കാണുക എന്നു മാത്രമേ ഞാനിപ്പോൾ പറയുന്നുള്ളൂ. അപ്പോൾ ഞാൻ പറഞ്ഞുവന്നത് മുസ്ലീം-മാപ്പിള പ്രശ്നത്തെ സംബന്ധിച്ചാണ്. അവർക്ക് ജോലിക്കുള്ള റിസർവേഷന്റെ കാര്യത്തിൽ മുസ്ലീങ്ങളെ സഹായിക്കും, മുസ്ലീങ്ങൾക്കു വേണ്ടി വാദിക്കുമെന്നു പറയുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഭരിക്കുന്ന ഇടതുപക്ഷം എന്നു പറയാൻ നിവൃത്തിയില്ലാത്ത പശ്ചിമബംഗാളിലെ ഇന്നത്തെ സ്ഥിതിയെന്താണ്? അവിടെ എവിടെയെങ്കിലും റിസർവേഷൻ നൽകിയോ, എവിടെയെങ്കിലും ഒരു റിസർവേഷൻ നൽകാൻ, അല്ലെങ്കിൽവേണ്ട, മണ്ഡൽക്കമ്മീഷന്റെ ആനുകൂല്യം കേരളത്തിലെപ്പോലെ പശ്ചിമബംഗാളിലെ മുഴുവൻ മുസൽമാൻമാർക്കും ലഭ്യമാക്കാനാവശ്യമായ നടപടി എന്തെങ്കിലും സ്വീകരിക്കാൻ ശ്രീമാൻ ജ്യോതിബാസുവിന്റെ ഗവൺമെന്റ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. ഇക്കാര്യം സംബന്ധിച്ച് അവിടെ സംസാരിക്കാൻ ആർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ? അതിന് നിങ്ങൾക്കാർക്കും കഴിയില്ലെന്ന് വ്യക്തമായി ഞാൻ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ മുഴുവൻ മുസ്ലീങ്ങൾക്കും സംവരണാനുകൂല്യം ലഭിക്കുന്നതിന് സഹായിച്ച നാഷണൽ ബാക്ക്വേർഡ് കമ്മീഷൻ അംഗങ്ങളെയും ഇൻഡ്യാഗവൺമെന്റിനെയും പ്രത്യേകിച്ചും അതിലെ അംഗമായ ശ്രീ. ആർ. പ്രസന്നനേയും ഞാനീയവസരത്തിൽ പ്രത്യേകം അനുമോദിക്കുകയാണ്.

ശ്രീ. ടി. ശിവദാസമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിക്കുമ്പോൾ പറഞ്ഞത്, മദനിയിൽ ചില മാറ്റങ്ങൾ വന്നുതുടങ്ങി, അതിന്റെ ഫലം ഏതാനും ദിവസങ്ങൾക്കുള്ളിൽ കാണാനാവുമെന്നാണ്. അതിന്റെ അർത്ഥം യു.ഡി.എഫിൽ മദനിയുടെ പി.ഡി.പി. കൂടി വരാൻ പോവുകയാണെന്നാണോ?

ശ്രീ. ചെർക്കളം അബ്ദുള്ള: അതിന്റെ അർത്ഥമെന്തായാലും അത് എന്താണെന്ന് ഞങ്ങളിപ്പോൾ പറയുന്നില്ല. മുസ്ലീംലീഗ് ഉയർത്തിപ്പിടിച്ചിരിക്കുന്ന രാഷ്ട്രീയനയം അംഗീകരിച്ചുകൊണ്ട് ഞങ്ങളെ എതിർത്തിരുന്ന ആളുകളെല്ലാംതന്നെ ആ നയം മാറ്റി, അവർ അത് മാറ്റിത്തുടങ്ങിയിരിക്കുന്നു എന്നാണ് ഞങ്ങളിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: പി.ഡി.പി.-യുടെ ആവിർഭാവം മുസ്ലീം സംഘടിതശക്തിയായ ലീഗിന് ക്ഷീണമുണ്ടാക്കുന്ന വിധത്തിൽ ആവില്ലെന്ന് മദനി പറഞ്ഞതിന് ബന്ധമുണ്ടെന്നു വ്യാഖ്യാനിക്കുന്നത് ശരിയാണെന്നുള്ള അഭിപ്രായം മെമ്പർക്കുണ്ടോ?

ശ്രീ ചെർക്കളം അബ്ദുള്ള: അത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. മുസ്ലീംലീഗ് അനുവർത്തിക്കുന്ന, മുസ്ലീംലീഗ് ഉയർത്തിപ്പിടിക്കുന്ന നയം ഇൻഡ്യൻ ജമാഅത്ത് ഇസ്ലാമി പോലും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനു വോട്ട് നൽകാൻവേണ്ടി നൽകിയ ആഹ്വാനത്തെക്കുറിച്ച് എല്ലാവരും വായിച്ചുകാണുമല്ലോ, എന്തായാലും ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല.

ശ്രീ. പി. എം. മാത്യു: മദനിയും പി.ഡി.പി.-യും ഇതര ഗ്രൂപ്പുകളും ദേശീയധാരയിൽ തിരിച്ചുവന്നാൽ അവരെ എടുക്കുന്നതിൽ ബുദ്ധിമുട്ടുണ്ടോ?

ശ്രീ. ചെർക്കളം അബ്ദുള്ള: തീവ്രവാദം ഇസ്ലാമികമായി ശരിയല്ല. ഇസ്ലാം അംഗീകരിക്കുന്നില്ല എന്നുള്ളതു ഞങ്ങളുടെ അഭിപ്രായമാണ്. ഞങ്ങളും ഉയർത്തിപ്പിടിച്ചിരിക്കുന്ന നയം അംഗീകരിച്ചുകൊണ്ട് എല്ലാവരും വരുന്നു എന്നുള്ളതാണ് സത്യം. കേരളം ഇൻഡ്യയ്ക്ക് മാതൃകയാണെന്ന് ഇൻഡ്യൻ പാർലമെന്റിൽ കേന്ദ്രധനകാര്യവകുപ്പുമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞ കാര്യം നിങ്ങളും എല്ലാവരും വായിച്ചുകാണുമല്ലോ. ഈ സംസ്ഥാനത്തിലെ വിവിധ വകുപ്പുകളെ സംബന്ധിച്ച് അവയുടെ പേരുകൾ വരെ എടുത്തു പറഞ്ഞ് ഇൻഡ്യാ ഗവൺമെന്റ് നമ്മെ അഭിനന്ദിച്ചിരിക്കുകയാണ്. വികസിത രാഷ്ട്രങ്ങളുടെ പട്ടികയിലേക്ക് അവരുടെകൂടെ കിടപിടിക്കാൻ കഴിവുള്ള വിധത്തിലുള്ള, അതിനുതകുന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള കേരളത്തിലെ നാല് വകുപ്പുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അദ്ദേഹം പ്രതിപാദിക്കുകയുണ്ടായി; അദ്ദേഹം അതിനെക്കുറിച്ച് പ്രതികരിക്കുകയുണ്ടായി. അത് ഏതെല്ലാം വകുപ്പുകളാണെന്ന് ഞാൻ പേര് എടുത്തു പറയാം. ഒന്ന്, വ്യവസായം, രണ്ട് വിദ്യാഭ്യാസം, മൂന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യം, നാല് സാമൂഹ്യക്ഷേമം. ഈ നാല് വകുപ്പുകളിൽ കേരളം ഇൻഡ്യയ്ക്ക് മാതൃകയാണെന്ന് ഇൻഡ്യയുടെ മാത്രമല്ല, വികസിതരാഷ്ട്രങ്ങളോട് കിടപിടിക്കാൻ പോകുന്ന പ്രവർത്തനങ്ങളാണ് ആ നാലു വകുപ്പിലും നടത്തിയിരിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രി മൻമോഹൻസിംഗ് കേരളത്തെ അഭിനന്ദിച്ചിരിക്കുകയാണ്. ഞങ്ങളും അതിൽ വളരെയധികം അഭിമാനിക്കുന്നു. ഇവിടെ ഈ വകുപ്പുകളും കൈകാര്യം ചെയ്യുന്ന ജനാബ് കുഞ്ഞാലിക്കുട്ടി സാഹിബിനേയും ഇ. ടി. മുഹമ്മദ് ബഷീർ സാഹിബിനേയും ശ്രീ. വി. എം. സുധീരനേയും ശ്രീ പി. കെ. കെ. ബാവ സാഹിബിനേയും ഞാനീയവസരത്തിൽ അനുമോദിക്കുകയാണ്. ഇത്തരം അഭിപ്രായ പ്രകടനം നടത്തിക്കാൻ കഴിഞ്ഞ, നാലു പ്രധാനപ്പെട്ട വകുപ്പുകളും കൈകാര്യം ചെയ്ത ഇവിടത്തെ മന്ത്രിമാരെല്ലാം അഭിനന്ദനാർഹരാണ്. ഇവിടെ പഞ്ചായത്തീരാജ് സിസ്റ്റം നിലവിൽ വന്നുകഴിഞ്ഞു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഇവിടെ നടത്തി. അവയ്ക്ക് അധികാരം പലതും വിട്ടുകൊടുത്തു. എന്നാൽ തെരഞ്ഞെടുപ്പ് നടക്കുന്നതിനു മുൻപ് ഇടതുപക്ഷം ഇവിടെ പറഞ്ഞു, പഞ്ചായത്തു തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഈ ഗവൺമെൻറ് അവയ്ക്ക് കിട്ടേണ്ട അധികാരങ്ങളും നൽകുകയില്ലെന്ന്. എന്നാൽ ഈ ഗവൺമെൻറിനു അവയ്ക്ക് അധികാരങ്ങളും വീതിച്ചു നൽകാൻ മാത്രമല്ല, മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് അവയുടെ ഭരണച്ചെലവിനും വികസന പ്രവർത്തനങ്ങൾക്കും വേണ്ടി തുക നീക്കിവയ്ക്കാനും കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമായ നേട്ടമാണ്.

ശ്രീ. ടി. ശിവദാസമേനോൻ: 1992 ഡിസംബർ 6-ാം തീയതി ബ്ലാക്ക് സൺഡേ ഓഫ് ഇൻഡ്യൻ ഹിസ്റ്ററി എന്നുവിളിക്കുന്ന ആ കറുത്ത ഞായറാഴ്ച ബാബറി മസ്ജിദ് പൊളിച്ചു. അതിനു പകരമായി അവിടെ ആരോ എന്തോ കെട്ടുന്നു എന്നൊക്കെ പറഞ്ഞുകേട്ടു. അവിടെയിപ്പോൾ ബാബറിമസ്ജിദ് പള്ളി രണ്ടാമത് പണിതുകൊണ്ടിരിക്കുകയാണോ എന്നു ബഹുമാനപ്പെട്ട മെമ്പർ ഒന്ന് വ്യക്തമാക്കിയാൽ തരക്കേടില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള: ബാബറി മസ്ജിദും പരിശുദ്ധ ഖുറാനുമൊക്കെ ഉയർത്തിപ്പിടിക്കുന്നത് ഇടതുപക്ഷം അടക്കമുള്ള ആളുകളും തെരഞ്ഞെടുപ്പ് അടുക്കുന്ന സമയത്തു മാത്രമാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽപ്പിന്നെ ഇവിടെ ബാബറിമസ്ജിദുമില്ല, ഖുറാനുമില്ല, ഇസ്ലാമും ഇല്ല. അത് മാത്രമല്ല. പിന്നോക്കവുമില്ല. ഒന്നുമില്ല. അത് തെരഞ്ഞെടുപ്പിലെ കച്ചവടച്ചരക്ക് ആക്കിയിട്ടുണ്ട്. അതിനെ മാറ്റിയെടുക്കാൻ അപ്പുറത്തിരിക്കുന്ന ആളുകളും എല്ലാവരും ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് സത്യം.

ശ്രീ. പന്തളം സുധാകരൻ: ഒരു കാര്യം ഇവിടെ മെമ്പർ പറഞ്ഞതുകൊണ്ട് പറയുകയാണ്. ശ്രീ. ചെർക്കളത്തിന്റെ സംശയം ദൂരീകരിക്കാനായിട്ടു പറയുകയാണ്. കേന്ദ്ര ധനകാര്യമന്ത്രി മൻമോഹൻസിംഗ് ചില ഡിപ്പാർട്ടുമെൻറുകളെ അഭിനന്ദിച്ചു പറഞ്ഞ അവസരത്തിൽ സാമൂഹ്യ ക്ഷേമവകുപ്പിനെക്കുറിച്ച് പരാമർശിച്ചതായി പറഞ്ഞല്ലോ? അത് കേരളത്തിലെ സാമൂഹ്യക്ഷേമം എന്നുപറഞ്ഞതുകൊണ്ട് ഉദ്ദേശിച്ചത് പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പിനെ ഉദ്ദേശിച്ചിട്ടാണ്. അവിടെ വെൽഫെയർ മിനിസ്ട്രി എന്നു പറഞ്ഞാൽ അതിന്റെ കീഴിലാണ് എല്ലാ ഡിപ്പാർട്ടുമെൻറുകളും വരുന്നത്. ഇവിടെയിപ്പോൾ അത് കൈകാര്യം ചെയ്യുന്നത് എന്റെ സ്നേഹിതൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവയും അതുപോലെതന്നെ ശ്രീ. പന്തളം സുധാകരനുമാണ്. അതുകൊണ്ട് അക്കാര്യം അങ്ങയെ ഓർമ്മിപ്പിക്കുവാനാണ് ഞാൻ ഇതു പറയുന്നത്.

ശ്രീ. ചെർക്കളം അബ്ദുള്ള: എന്തായാലും ആ വകുപ്പിന്റെ ഒരു വിഭാഗം കൈകാര്യം ചെയ്യുന്ന ശ്രീ. പന്തളം സുധാകരനെയും ഞാൻ ഈയവസരത്തിൽ അഭിനന്ദിക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: ഇവിടെ ഗവൺമെന്റ് എന്നു പറഞ്ഞാൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും എല്ലാം ഒന്നാണ്. പക്ഷെ ഒരു പ്രവണത ഇവിടെ കാണുന്നത് ഏതാനും മന്ത്രിമാരെ പൊക്കിപ്പറയുക, അത് ഒരിക്കലും ഭരണപക്ഷത്തിരുന്നുകൊണ്ട് ചെയ്യാൻപാടില്ലാത്ത ഒന്നാണ്. ഐകൃജനാധിപത്യമുന്നണി എന്നുപറഞ്ഞാൽ ഒരാളെ മുഖ്യമന്ത്രി ആക്കുക, മറ്റുമന്ത്രിമാർ എല്ലാവർക്കും കൂട്ടുത്തരവാദിത്വമാണ് ഉള്ളത്. അതുകൊണ്ട് ഒരിക്കലും നിങ്ങൾ അത് പറയരുത്. നിങ്ങൾക്ക് അവരെ പ്രശംസിക്കണമെങ്കിൽ അത് നേരിട്ടാവാം. പക്ഷെ അത് ഇവിടെ ഭരണപക്ഷത്തിരുന്നുകൊണ്ട് അവരെ മാത്രം പേരെടുത്തുപറഞ്ഞ് അഭിനന്ദിക്കുന്നത് ശരിയല്ല, അത് പറയാൻ പാടില്ലാത്ത കാര്യമാണ് എന്ന് ഞാനറിയിക്കുകയാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള: എന്തായാലും കേന്ദ്ര ബഡ്ജറ്റ് പ്രസംഗത്തിനിടയിൽ ശ്രീ. മൻമോഹൻസിംഗ് പറഞ്ഞ കാര്യം ഞാനിവിടെ അതിന് അടിവരയിടുകയായിരുന്നു ചെയ്തത്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: അങ്ങ് ഇവിടെ ധനകാര്യ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തെക്കുറിച്ച് പ്രസംഗിച്ച കാര്യം ഓർമ്മയുണ്ടോ? പക്ഷേ എന്റെ ചോദ്യം അതല്ല, ബഹുമാനപ്പെട്ട ശിവദാസമേനോൻ ഇവിടെ ബാബറി മസ്ജിദിനെക്കുറിച്ച് മുസ്ലീങ്ങളോട് സദാസമയവും ചോദിക്കാറുണ്ട്. ഞാൻ ചോദിക്കട്ടെ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പോളിറ്റ്ബ്യൂറോ സംസ്ഥാന സെക്രട്ടറിയേറ്റിന ബാബറി മസ്ജിദ് അവിടെത്തന്നെ ഉണ്ടാക്കണമെന്ന് പറഞ്ഞുകൊണ്ട് പ്രമേയം പാസ്സാക്കാൻ കഴിയുമോ? അതിനുവേണ്ട പ്രമേയം പാസ്സാക്കാൻ അങ്ങയുടെ പാർട്ടി തയ്യാറാവുമോ?

ശ്രീ. ടി. ശിവദാസമേനോൻ: യാതൊരു സംശയവും വേണ്ട ആ പള്ളി പൊളിച്ചത് അവിടെത്തന്നെ പുതുക്കിപ്പണിയണമെന്ന് വെട്ടിത്തുറന്ന് പറഞ്ഞ പാർട്ടിയാണ് സി.പി.ഐ. (എം.). അത് നിങ്ങളോട് പറഞ്ഞിട്ടുണ്ടാവില്ല, പ്രമേയം പാസ്സാക്കുമെന്ന്. പ്രമേയം വേണമെങ്കിൽ പാസ്സാക്കും, എന്താണ് അതിലൊരു തകരാറ്?

ശ്രീ. ചെർക്കളം അബ്ദുള്ള: പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയതിനെക്കുറിച്ച് പറഞ്ഞു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഞങ്ങൾ നടത്തുകയില്ലെന്ന് പറഞ്ഞവരാണല്ലോ അപ്പുറത്തിരിക്കുന്നവർ. നാഷണൽ ഫ്രണ്ടുമായി കൂട്ടുകൂടിയിട്ടുള്ളവരാണല്ലോ അപ്പുറത്തിരിക്കുന്നവർ. നാഷണൽ ഫ്രണ്ടിനെ നയിക്കുന്ന ശ്രീ. ലല്ലുപ്രസാദ് യാദവ് മുഖ്യമന്ത്രിയായിരിക്കുന്ന ബീഹാറിൽ ഇതുവരെ തെരഞ്ഞെടുപ്പ് നടത്തിയോ? നടത്തിയില്ല. എന്തുകൊണ്ട് തെരഞ്ഞെടുപ്പ് നടത്താൻ അവിടെ [illegible] ട്ടുന്നില്ല. അപ്പുറത്തുനിന്ന് പ്രസംഗിച്ചവർ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലൂടെ ജനങ്ങളെ കബളിപ്പിക്കാൻ കഴിയുകയില്ലെന്ന് പറഞ്ഞു. ഞാൻ അടിവരയിടുന്നു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലൂടെ ജനങ്ങളെ കബളിപ്പിക്കാൻ കഴിയുകയില്ല. നമ്മെ തെരഞ്ഞെടുപ്പിനെ നേരിടാൻ പോവുകയാണ്. ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പ്രധാനമായി വരാൻ പോകുന്ന കാര്യങ്ങൾ അതിന്റെ നേതാക്കൻമാർ ഇവിടെ കഴിഞ്ഞ കുറെ ദിവസങ്ങളായി വാതോരാതെ പ്രസംഗിച്ചു കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടും. ഇവിടെ ചാരായ നിരോധനത്തിന്റെ പേരിൽ ഞങ്ങൾ പൂട്ടുന്ന ചാരായ ഷാപ്പുകൾ തുറപ്പിക്കുമെന്നാണ് അവർ പറഞ്ഞത്.

ശ്രീ. തച്ചടി പ്രഭാകരൻ: സി.പി.ഐ.-യും മാർക്സിസ്റ്റ് പാർട്ടിയും ഒരാഴ്ചയായി പ്രകടന പത്രികയുണ്ടാക്കാൻവേണ്ടി ശ്രമം നടത്തുകയാണ്. സി.പി.ഐ.-യും മാർക്സിസ്റ്റ് പാർട്ടിയും തമ്മിലുള്ള അഭിപ്രായവ്യത്യാസം ഇന്നുവരെ പരിഹരിച്ചില്ല. അതു കൊണ്ട് ഈ തെരഞ്ഞെടുപ്പ് പ്രകടനപത്രികയുണ്ടാക്കാൻ കഴിയുക ഇല്ലെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കേരള ഗവൺമെന്റും നൽകിയ ഒട്ടനേകം സ്കൂളുകൾ അടച്ചുപൂട്ടുമെന്ന് പ്രഖ്യാപിക്കുന്നതും ഇവിടെ സാമൂഹ്യത്തകർച്ചയുണ്ടാക്കുന്ന മദ്യം നിരോധിക്കുന്നതിന്റെ ഭാഗമായി അടച്ചു പൂട്ടിയ ചാരായഷാപ്പുകൾ തുറപ്പിക്കുമെന്ന് പറയുന്നതും ഇടതുപക്ഷജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ പ്രധാന ഇനങ്ങളായിരിക്കും. പ്രബുദ്ധരായ കേരളത്തിലെ ജനങ്ങൾ ഇവർക്ക് വോട്ട് നൽകുമോ? നൽകുകയില്ലെന്നുള്ളത് ജനങ്ങളുടെ വളരെ വ്യക്തമായ അഭിപ്രായമാണ്. അതുകൊണ്ട് വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് എന്ത് പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിനെതിരായി നിങ്ങൾ നടത്തിയാലും അത് ജനങ്ങളുടെ ഇടയിൽ വിലപ്പോവുകയില്ലെന്നുള്ള കാര്യം വ്യക്തമാക്കാൻകൂടി ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഇനിയും നമുക്ക് കുറെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. അത് ചെയ്തുതീർക്കാനായി പ്രബുദ്ധമായ കേരളം കേരളത്തിലെ ഐക്യജനാധിപത്യ മുന്നണിയെ വീണ്ടും അധികാരത്തിൽ കൊണ്ടുവരും. അതിന് സഹായിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. വി. സി. കബീർ: സർ, ഇവിടെ പ്രസംഗിക്കുന്നത് എന്തിനുവേണ്ടിയാണ്, ആർക്കുവേണ്ടിയാണെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. പാവപ്പെട്ട ശ്രീ. പന്തളം സുധാകരനെ ഇവിടെ സ്ഥാപിച്ചിട്ട് സകല മന്ത്രിമാരും സ്ഥലം വിട്ടിരിക്കുന്നു. ഓഫീസേഴ്സ് ഗ്യാലറിയിൽ മൂന്ന് നാല് തലകൾ മാത്രമേ കാണുന്നുള്ളൂ. അത് നമ്മെ അവഹേളിക്കുന്ന ഒരു നീക്കമായിട്ടാണ് എനിക്ക് തോന്നുന്നത്.

ശ്രീ. തച്ചടി പ്രഭാകരൻ: കൂട്ടുത്തരവാദിത്വമുള്ള ഒരു മന്ത്രിസഭ ആണിത്, ഒരു മന്ത്രി മതി.

ശ്രീ. വി. സി. കബീർ: ശ്രീ. തച്ചടി പ്രഭാകരൻ പറഞ്ഞ ഐക്യ ജനാധിപത്യമുന്നണിയുടെ കൂട്ടുത്തരവാദിത്വം ഞാൻ ഒരു മിനിറ്റു മുമ്പേ കണ്ടു

LIBRARY ARCHIVES Kerala Legislative Assembly

സർ, ശ്രീ. സി. വി. പത്മരാജൻ ഇവിടെ അവതരിപ്പിച്ച 1996-97 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എതിർക്കപ്പെടേണ്ടതാണ്. റിട്ടയർ ചെയ്യാൻ പോകുന്ന ഒരു യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ അദ്ദേഹത്തിന്റെ ജീവിതകാലത്തെ കാര്യങ്ങളെല്ലാം വർണ്ണിച്ചതിന്. ഫോട്ടോ അനാച്ഛാദനം ചെയ്യുന്നതിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് യാത്ര പറഞ്ഞ് പോകുമ്പോൾ അവതരിപ്പിക്കുന്നതുപോലുള്ള ഒരു റിപ്പോർട്ട് വായന മാത്രമാണ് ഈ ബഡ്ജറ്റെന്ന് പറയാതിരിക്കാൻ വയ്യ. കളളത്തരങ്ങളാണ് പലതും ബഡ്ജറ്റിനകത്ത് എഴുതി വച്ചിരിക്കുന്നത്. അഞ്ചുവർഷം കൊണ്ട് പത്ത് ലക്ഷം പേർക്ക് പണി കൊടുത്തുവെന്ന് പറഞ്ഞല്ലോ? ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചല്ലോ? പല റോഡുകളുടെയും പണികൾ നടത്തിക്കൊണ്ടിരുന്നത് പൂർത്തിയാകാതെ കോൺട്രാക്ടർമാർ പണിമുടക്കിയിരിക്കുകയാണ്.

നമ്മുടെ കർഷകത്തൊഴിലാളികൾ അവരുടെ ആനുകൂല്യങ്ങൾ കിട്ടുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ പല ഭാഗത്തുനിന്നും നമ്മുടെ സെക്രട്ടറിയേറ്റിന്റെ മുമ്പിൽ വന്നു. അവർ ഇവിടെ സത്യാഗ്രഹം അനുഷ്ഠിച്ചു. നെയ്ത്തു തൊഴിലാളികൾക്ക് 20 കോടി രൂപ കൊടുക്കാനുണ്ട്. പാവപ്പെട്ട രണ്ടു ലക്ഷത്തോളം നെയ്ത്തു തൊഴിലാളികൾക്ക് ആവശ്യമായ നൂൽ ഇല്ല. കൂലി ലഭിക്കുന്നില്ല. കഞ്ഞി കുടിക്കാൻ വകയില്ല. അവർ തിരുപ്പൂരിൽ ബനിയൻ കമ്പനിയിൽ അഞ്ചു രൂപയ്ക്കും പത്ത് രൂപയ്ക്കും ജോലി ചെയ്യുകയാണ്, അവർക്ക് 20 കോടി രൂപ കൊടുക്കാനുണ്ട്. പത്തുകാശ് ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ? എന്നിട്ട് ഇവിടെ വന്ന് വലിയ വർത്തമാനം പറയുന്നു. ഈ ഗവൺമെന്റ് ബാദ്ധ്യതകൾക്കു മീതെ ബാദ്ധ്യതകൾ വരുത്തിവയ്ക്കുകയും പാവപ്പെട്ടവരുടെ പിച്ചച്ചട്ടിയിൽ കൈയിട്ടു വാരുകയുമാണ്. കെ.എസ്.ആർ.ടി.സി. നാശത്തിലേക്ക് പോകുകയാണ്. ധനകാര്യ വകുപ്പിന് കാര്യക്ഷമത യുണ്ടോ? എ. ജി.-യുടെ റിപ്പോർട്ടിൽ ധനകാര്യ വകുപ്പിനെ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. അവർ നികുതി പിരിക്കുന്നതിൽ കാര്യക്ഷമത കാണിക്കുന്നില്ല. ആറു ലക്ഷം വരുന്ന നാല് കേസുകൾക്ക് ഒരു വർഷം കഴിഞ്ഞിട്ടാണ് നോട്ടീസ് കൊടുത്തത്. എന്നിട്ട് വണ്ടി ചെക്ക് വാങ്ങുന്നു. ഗവൺമെന്റ് വണ്ടിചെക്ക് വാങ്ങുന്നത് കേട്ടിട്ടുണ്ടോ? തുണിയും സ്വർണ്ണവും വാങ്ങിയിട്ട് വണ്ടിച്ചെക്ക് കൊടുക്കുന്നതുപോലെ ഗവൺമെന്റ് വണ്ടിച്ചെക്ക് വാങ്ങിക്കുക, എന്നിട്ട് ആ വണ്ടിച്ചെക്ക് മടങ്ങി വരിക, അത് വാങ്ങരുതെന്ന് പറയുക. പിന്നെയും വാങ്ങുക. എന്ത് നടപടിയാണ് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. 12 വർഷം കഴിഞ്ഞ 167 കേസുകളാണ് തീരുമാനമാകാതെ കെട്ടിക്കിടക്കുന്നത്. റെക്കറിഫൈഡ് സ്പിരിറ്റ് കൊണ്ടുവരുമ്പോൾ, അതിന് അനുമതി തേടുമ്പോൾ അതിന് പ്രത്യേകമായ പെർമിറ്റ് കൊടുക്കുന്നതിന് പ്രത്യേകമായ ടാക്സ് ചുമത്തിയിട്ടുണ്ട്. 13.67 കോടി രൂപയുടെ നികുതി വാങ്ങാതെ കൈയൊഴിഞ്ഞുവെന്ന് ഈ റിപ്പോർട്ടിൽ കുറ്റപ്പെടുത്തിയിട്ടുണ്ട്. മൊത്തത്തിൽ നികുതി പിരിക്കുന്നതിൽ ധനകാര്യ വകുപ്പ് അമ്പേ പരാജയപ്പെട്ടുവെന്ന് ഞാൻ കുറ്റപ്പെടുത്തുകയാണ്.

സർ, ഈ നാട്ടിലെ നിയമസമാധാനപാലനത്തെക്കുറിച്ച് ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി കുറെ കാര്യങ്ങൾ പറയുന്നതു കേട്ടു. നമ്മുടെ രാജ്യത്ത് പോലീസിന്റെ പ്രവർത്തനങ്ങളിൽ എന്തിനാണ് കൈവിലങ്ങിടുന്നത്. ഇവിടെ പ്രൊഫ. മീനാക്ഷി തമ്പാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും ഇന്നലെയുമെല്ലാം ചില കാര്യങ്ങൾ പറഞ്ഞു. നമ്മുടെ മനഃസാക്ഷിയെ വേദനിപ്പിക്കുന്ന സംഭവങ്ങൾ വീണ്ടും വീണ്ടും നടക്കുകയാണ്. പത്താം ക്ലാസിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെ ഹോസ്റ്റലിൽ നിന്ന് ഇറക്കി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടുപോയി ബ്ലൂ ഫിലിമെടുത്തു. മൂന്നാറിൽ നിന്നാണ് പെൺകുട്ടിയെ കൊണ്ടുപോയത്. പേര് പറയാൻ നിവൃത്തിയില്ല. 40 ദിവസം ആ പെൺകുട്ടിയെ വിവിധ പ്രദേശങ്ങളിൽ കൊണ്ടുപോയി പ്രമുഖരായ പലരും ആ കുട്ടിയെ interview ചെയ്തു. ആ പെൺകുട്ടിയുടെ ബ്ലൂഫിലിം എടുത്തു. കുട്ടി തന്നെ പറഞ്ഞു. എന്റെ എന്തൊക്കെയോ പടങ്ങൾ എടുത്തിട്ടുണ്ട്, എന്നെ പലരും കണ്ടിട്ടുണ്ട് എന്ന്. കണ്ടിട്ടുള്ളവരുടെ പേരുകളൊക്കെ കേൾക്കുമ്പോൾ ഭയം തോന്നുന്നു. ആ പെൺകുട്ടിയെ തിരുവനന്തപുരത്തെ ഒരു നക്ഷത്ര ഹോട്ടലിൽ മൂന്ന് ദിവസം താമസിപ്പിച്ചു. അതിനുശേഷം ആ കുട്ടിയെ കൊണ്ടുപോയി ആശുപത്രിയിൽ രണ്ടു ദിവസം അഡ്മിറ്റ് ചെയ്തു. അവിടെനിന്ന് ഇറക്കിക്കൊണ്ടുവന്ന് വീണ്ടും കോഴിക്കോട് കൊണ്ടുപോയി, മലമ്പുഴയിൽ കൊണ്ടുപോയി. തൃശ്ശൂരിൽ കൊണ്ടുപോയി, മുവാറ്റുപുഴയിൽ കൊണ്ടുപോയി, ആലുവയിൽ കൊണ്ടുപോയി. 40 ദിവസം ആ കുട്ടിയെ പല ഉന്നതരായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ അറിവോടുകൂടിത്തന്നെ കൈകളിൽനിന്ന് കൈകളിലേയ്ക്ക് മാറ്റുകയായിരുന്നു. സർ, സങ്കടം തോന്നുന്നു. ടൂറിസത്തെക്കുറിച്ച് ശ്രീ. ബാലേട്ടൻ സൂചിപ്പിച്ചല്ലോ. ടൂറിസ്റ്റുകൾ വരുമ്പോൾ പൊട്ടു തൊട്ടുകൊടുക്കുന്നുവെന്നാണ് കോൺഗ്രസ് (ഐ) ക്കാർക്ക് പരാതി. നമ്മുടെ നാട്ടിലെ പെൺകുട്ടികളുടെ ചാരിത്ര്യവും സൗന്ദര്യവും കവർന്നെടുത്ത് കോടിക്കണക്കിന് രൂപയുണ്ടാക്കുന്നു. പ്രമാണിമാരുടെ കൈകളിൽ പോലീസ് പാവ കളിക്കുന്നത് നീതിയാണോ? മനഃസാക്ഷിയുള്ളവർ, കണ്ണും കാതുമുള്ളവർ കേൾക്കുന്നില്ലല്ലോ? ഇതു സംബന്ധിച്ച് ദേശാഭിമാനിയിലും മനോരമയിലും വാർത്തയുണ്ട്. വായിക്കുന്നവർ പൊട്ടിക്കരഞ്ഞു പോകും. എന്നിട്ട് ഇന്നലെ മുതൽ ആ കേസ് തേച്ചുമാച്ചു കളയാൻ ശ്രമിക്കുകയാണ്. ബ്ലൂഫിലിം നമ്മുടെ സംസ്ഥാനത്തിന് പുറത്തു കൊണ്ടുപോയിട്ടുണ്ട്, അതിന്റെ എത്ര പ്രിൻറ് എടുക്കുമെന്നും ഏതൊക്കെ രാജ്യങ്ങളിൽ കൊണ്ടുപോകുമെന്നും പറയാൻ കഴിയുകയില്ല. ഇപ്പോൾ ജില്ലാ പോലീസ് സൂപ്രണ്ടിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 5 ആളുകളെ കിട്ടിയിട്ടുണ്ട്. അവരുടെ പേരിലുള്ള കേസ് അവസാനിപ്പിക്കണം. ഇനി ഒറ്റയാളിന്റെ പേരിലും കേസ് എടുക്കാൻ പാടില്ല. ആരെയും അറസ്റ്റ് ചെയ്യാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. ആ മൂന്നാറിലെ പെൺകുട്ടിയെ കൊണ്ടുപോയി 40 ദിവസം എന്തെല്ലാം ചെയ്തുവെന്ന് in-camera മതി. അന്വേഷണം നടത്തുകയും ഇതുമായി ബന്ധപ്പെട്ട എല്ലാ പുള്ളികളുടെയും പേരിൽ ആവശ്യമായ ശിക്ഷാനടപടികളും സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ഈ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു. ശ്രീ. പന്തളം സുധാകരനും ഇതിനെക്കുറിച്ച് അന്വേഷിക്കണം. ഇത്യാദിപോലുള്ള സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ യശസ്സിനും അന്തസ്സിനും ആഭിജാത്യത്തിനും മങ്ങൽ ഏൽപ്പിക്കുന്നു. കുറെ ദിവസമായി പാർലമെൻറ് കൂടിക്കൊണ്ടിരിക്കുകയാണ്. പത്ത് ദിവസം പാർലമെൻറ് കൂടാൻ തീരുമാനിച്ചു. കൂടി. പക്ഷെ ഒരു നടപടിയും അവിടെ നടത്താൻ കഴിഞ്ഞില്ല. പ്രധാനമന്ത്രിയോട് ശ്രീ. അർജ്ജുൻസിംഗ് ഒരു ചോദ്യം ചോദിച്ചു. നിലാവത്തു വിട്ട കോഴി പായുന്നതുപോലെ പ്രധാനമന്ത്രി ഒരക്ഷരം മറുപടി പറയാതെ പാർലമെൻറിൽനിന്നും ഓടിപ്പോയി. പാർലമെൻറിൽ നടപടി നടത്താൻ കഴിയാതെ വന്നു. അത് വളരെ

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവമായി കണക്കിലെടുക്കണം. പ്രധാനമന്ത്രി ശ്രീ. നരസംഹറാവു തനിക്കെതിരെ തല പൊക്കുന്നവരുടെയൊക്കെ തലകൾ അരിഞ്ഞു വീഴ്ത്തുകയാണ്. അതിൽനിന്നും ശ്രീ. കരുണാകരന്റെ തല മാത്രമാണ് രക്ഷപ്പെട്ടിട്ടുള്ളത്. അത് എപ്പോഴാണ് വെട്ടിവീഴ്ത്തുക എന്നറിയില്ല. കരുണാകരൻ ഒരു രക്തസാക്ഷിയാണ്. അതിനുപകരം ഇവിടെ ഉയർത്തെഴുന്നേറ്റത് ബഹുമാനപ്പെട്ട ആൻറണിയാണ്. ശ്രീ. കരുണാകരന് അവിടെ ജോലി കിട്ടി. രമൺ ശ്രീവാസ്തവയ്ക്ക് ഇവിടെ ജോലി കിട്ടി. പാവപ്പെട്ട രണ്ടു സ്ത്രീകളെ എന്തിനാണ് ജയിലിൽ ഇട്ടിരിക്കുന്നത്. മറിയം റഷീദയും ഫൗസിയ ഹസ്സനും ചെയ്ത പാപമെന്താണ്? ചാര കൈമാറ്റമൊന്നും നടന്നിട്ടില്ല എന്നു നമ്മുടെ സി.ബി.ഐ. പറഞ്ഞു. രേഖകളൊന്നും കൈമാറിയിട്ടില്ല. പണം കൈമാറ്റം ചെയ്തിട്ടില്ല. രഹസ്യമൊന്നും പോയിട്ടില്ല എന്നു പറഞ്ഞു. പാവപ്പെട്ട സ്ത്രീകളെ എത്ര കാലം ജയിലിൽ ഇടാൻ വകുപ്പുണ്ടെന്നാണ് ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുന്നത്. എന്തിനാണ് നിരപരാധികളെ വിയ്യൂർ ജയിലിലിട്ട് അമ്മാനമാടുന്നത്? അവരെ അവരുടെ നാട്ടിലേക്ക് പറഞ്ഞു വിടുന്നതാണ് മാന്യത. മനുഷ്യനെ ദ്രോഹിക്കുന്നതിന് ഒരു പരിധി വേണ്ടേ?

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ബഡ്ജറ്റിനെക്കുറിച്ച് ജനറൽ ഡിസ്ക്കഷൻ നടക്കുമ്പോൾ മന്ത്രിമാർ നിരുത്തരവാദപരമായി പെരുമാറുന്നത് ശരിയല്ല. പാവപ്പെട്ട പന്തളം സുധാകരൻ ഒരു ഹരിജനായതുകൊണ്ട് ഇവിടെ വന്നിരിക്കുകയാണ്. ബഡ്ജറ് ഡിസ്ക്കഷനിൽ പല വകുപ്പുകളെക്കുറിച്ചാണ് ചർച്ച വരുന്നത്. ചെയറിൽനിന്നും റൂളിംഗ് വേണം. ശ്രീ. പന്തളം സുധാകരൻ എങ്കിലും ഇവിടെ ഇരിക്കുന്നില്ലായിരുന്നെങ്കിൽ ഇവിടെ ചർച്ച നടക്കുകയില്ല. അതു ശരിയല്ല. അങ്ങനെയൊരു കീഴ്വഴക്കമുണ്ടാകാൻ പാടില്ല. മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ സഭയിലുണ്ടാകണമെന്നും ചെയറിൽനിന്നും കർശനമായ നിർദ്ദേശമുണ്ടാകണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. പന്തളം സുധാകരൻ പാവപ്പെട്ട ഹരിജനാണെന്ന് പറയണ്ട. പക്ഷെ ഉത്തരവാദപ്പെട്ട മന്ത്രിമാർ സഭയിൽ വേണം. തച്ചടിക്ക് ഇപ്പോഴെങ്കിലും ഇത് തോന്നിയല്ലോ. അപ്പോൾ ഞങ്ങൾ പറയുന്നത് കുറേശ്ശെ ഏശുന്നുണ്ട്.

മി. ചെയർമാൻ: മന്ത്രിമാർ ഇക്കാര്യത്തിൽ സഭയുടെ പൊതുവികാരം മനസ്സിലാക്കി സഭയിൽ ഹാജരാകേണ്ടതാണ്.

ശ്രീ. വി. സി. കബീർ: അങ്ങ് വളരെ മാന്യമായി റൂളിംഗ് നൽകി.

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, എല്ലാവരും പറയുന്നത് കേട്ടു പന്തളം പാവമാണെന്ന്. പന്തളം പാവമല്ല. പന്തളം കാര്യക്ഷമതയും ഉത്തരവാദിത്വവുമുള്ള ആളായതുകൊണ്ടാണ് ഇവിടെ ഇരിക്കുന്നത്.

മി. ചെയർമാൻ: ക്യാബിനറ്റിനെ പ്രതിനിധീകരിച്ച് അങ്ങ് ഇവിടെ ഇരിക്കുന്നതുകൊണ്ട് തന്നെ അങ്ങ് വളരെ ഉത്തരവാദപ്പെട്ട ആളാണെന്ന് അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ: ശ്രീ. പന്തളം സുധാകരനെ പാവയാക്കാതിരുന്നാൽ മതി. അടുത്ത തെരഞ്ഞെടുപ്പിൽ തിരിച്ചുവരുമെന്ന് ഭരണകക്ഷിക്കാർക്ക് ഒരഹങ്കാരമുണ്ട്. അത് മലർപ്പൊടിക്കാരന്റെ സ്വപ്നമാണ്. ജ്ഞാനപ്പാനയിലെ ആറുവരികയും ചൊല്ലിക്കൊണ്ട് അവസാനിപ്പിക്കാം.

മാളികമുകളേറിയ മന്നന്റെ തോളിൽ
മാറാപ്പ് കേറുന്നതും ഭവാൻ
രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറുന്നതും ഭവാൻ
ഇന്നലെയോളമെന്തെന്നറിഞ്ഞീല
ഇനി നാളെയുമെന്തെന്നറിയീല.

അതു മാത്രമാണ് യു. ഡി. എഫിനെക്കുറിച്ച് പറയാനുള്ളത്. ഞാൻ ഈ ബഡ്ജറിനെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചന്ദ്രപ്പൻ)

ശ്രീ. തോമസ് ചാഴികാടൻ: സർ, ഈ ബഡ്ജറിനെ ഞാൻ പിൻതാങ്ങുകയാണ്. ജനകീയ മുഖമുള്ള ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങളുടേയും കഴിഞ്ഞ നാലരവർഷക്കാലത്തെ സുതുത്യർഹമായ ധനകാര്യ മാനേജ്മെന്റിന്റേയും ചിത്രമാണ് ഈ ബഡ്ജറിലൂടനീളം കാണാൻ കഴിയുന്നത്. തിരിഞ്ഞുനോക്കിയാൽ തീർച്ചയായും ഐക്യജനാധിപത്യമുന്നണി സർക്കാരിനു അഭിമാനിക്കാൻ വളരെയേറെ കാര്യങ്ങളുണ്ട്. രാജ്യം സാമ്പത്തിക തകർച്ചയെ നേരിടുന്ന അവസരത്തിലാണ് കേന്ദ്രസംസ്ഥാന സർക്കാരുകളും അധികാരത്തിൽ വരുന്നത്. എന്നാൽ നാലര വർഷക്കാലത്തെ ധനകാര്യ മാനേജുമെന്റ് കൊണ്ടാണ് ആ തകർച്ചയിൽനിന്നും രാജ്യത്തെ കര കയറ്റിയത്. തുടക്കത്തിൽ നാണയപ്പെരുപ്പം 17 ശതമാനം ആയിരുന്നെങ്കിൽ വിദഗ്ദ്ധമായ ധനകാര്യമാനേജ്മെന്റ് കാരണം നാണയപ്പെരുപ്പം അഞ്ചു ശതമാനത്തിനു താഴെയാക്കിയെന്നതു ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. ദേശീയ മൊത്ത ഉൽപ്പാദനം ജി. ഡി. പി. യുടെ വളർച്ചാനിരക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു ശതമാനത്തിനു താഴെയായിരുന്നെങ്കിൽ ഇന്ന് അത് ആറുശതമാനത്തിനു മുകളിലാണ്. രാജ്യത്തെ അന്തർദേശീയതലത്തിൽ പണയപ്പെടുത്തിയ ഒരു സർക്കാരിൽ നിന്നാണ് ഇന്നത്തെ കേന്ദ്ര സർക്കാർ അധികാരമേറ്റതും അതിൽനിന്നും മോചനം നേടിയതും. ഈ നിലയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന കേന്ദ്ര സർക്കാരിന്റെ പ്രവർത്തനങ്ങളോട് തോളോട് തോൾ ചേർന്ന് നിന്നുകൊണ്ട് കഴിഞ്ഞ നാലുവർഷക്കാലം ഐക്യജനാധിപത്യമുന്നണി സർക്കാർ നമ്മുടെ സംസ്ഥാനത്തെ എല്ലാ മേഖലകളിലും അഭൂതപൂർവമായ നേട്ടങ്ങളാണു കൈവരിച്ചത്. കാർഷികരംഗത്ത് കഴിഞ്ഞ നാലുവർഷത്തിനിടയിൽ വളരെയേറെ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. അതിനു കാരണം സർക്കാർ നടപ്പിലാക്കിയിട്ടുള്ള നവീനമായ പദ്ധതികളും കാർഷികനയങ്ങളും ഉൽപ്പാദന പരിപാടികളുമാണ്. ഈ നാട്ടിലെ കാർഷികമേഖലയുടെ ഉദ്ധാരണത്തിനുവേണ്ടി ആവശ്യമായ പരിപാടികളും നടപ്പാക്കി. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു. നമ്മുടെ നാട്ടിൽ നെല്ലിന്റെ ഉൽപ്പാദനം ആണ്ടുതോറും കുറഞ്ഞു വരുന്ന സാഹചര്യമുണ്ടായിരുന്നു. അത് ഇന്നും നിലനിൽക്കുന്നുണ്ട് എന്ന വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. എങ്കിലും നമ്മുടെ സർക്കാർ കഴിഞ്ഞ രണ്ടുമൂന്നു വർഷത്തിനിടയിൽ 54 കോടി രൂപയോളം ചെലവഴിച്ചില്ലായിരുന്നെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

നെല്ലിന്റെ ഉൽപ്പാദനം ഇന്നുള്ളതിനേക്കാൾ കുറവാകുമായിരുന്നു. അതു യാതൊരു സംശയവുമില്ലാത്ത വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്ത് യന്ത്രവൽകൃത കാർഷികവൃത്തി നടപ്പാക്കാൻ കഴിയുമോ എന്ന് സംശയത്തോടെ നോക്കിയിരുന്നവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ആയിരക്കണക്കിന് ടില്ലറുകളും ട്രാക്ടറുകളും വിതരണം ചെയ്തുകൊണ്ട് നമ്മുടെ കർഷകരെ സഹായിക്കാൻ സർക്കാരിന് കഴിഞ്ഞു. ടില്ലറുകളും ട്രാക്ടറുകളും നൽകുമ്പോൾ 85 ശതമാനം വരെ സബ്സിഡി നൽകി. അതിന്റെ പിന്നിലുള്ളത് എന്താണെന്നുള്ളത് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. കർഷകർ നേരിടുന്ന പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടത്തിന് ശാശ്വതമായ പരിഹാരം കാണാൻ വേണ്ടി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞത് തീർച്ചയായും കേരളത്തിലെ കർഷകർക്ക് സന്തോഷത്തിന് വക നൽകുന്നുണ്ട്. ഈ രീതിയിൽ കാർഷിക മേഖലയിൽ വളരെയേറെ കാര്യങ്ങൾ നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു എന്നതിന്റെ വ്യക്തമായ തെളിവുകളുണ്ട്. നാളികേരവികസന പദ്ധതി നടപ്പാക്കിയതോടുകൂടി നമ്മുടെ സംസ്ഥാനത്തെ നാളികേര ഉൽപ്പാദനത്തിന്റെ തോത് വർദ്ധിച്ചു. നാലായിരം ദശലക്ഷം നാളികേരം ഉൽപ്പാദിപ്പിച്ചിരുന്ന നമ്മുടെ സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം അയ്യായിരത്തി മുന്നൂറ് ദശലക്ഷമായി വർദ്ധിച്ചത് നാളികേര കർഷകർക്ക് സന്തോഷത്തിന് വക നൽകിയിട്ടുള്ള കാര്യമാണ്. നാളികേരത്തിന് മുൻപ് ലഭിച്ചിരുന്ന വില ലഭിക്കുന്നില്ല എന്നത് സങ്കടകരമായ ഒരവസ്ഥയാണ്. തീർച്ചയായും അതിന് പരിഹാരം ഉണ്ടാക്കാൻ കേന്ദ്രഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതാണ്. ഈ പ്രശ്നം സബ്മിഷനിലൂടെ ഞാൻ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി കേന്ദ്രഗവൺമെന്റ് നടപടികൾ സ്വീകരിക്കേണ്ടത് വളരെയേറെ അത്യാവശ്യമാണ്. നാളികേരത്തിന്റെ തറവില ഉയർത്താനുള്ള നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല എന്നുള്ളത് നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയേറെ സങ്കടമുള്ള വസ്തുതയാണ്. കാർഷികരംഗത്ത് ഉൽപ്പാദനക്ഷമതയുടെ കാര്യത്തിലും, ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിലും വളരെയേറെ നേട്ടങ്ങളുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. റബറിന്റെ ഉൽപ്പാദനം നാല് ലക്ഷത്തി നാൽപ്പത്തി അയ്യായിരം ടണ്ണോളമായി വർദ്ധിച്ചു. അതൊരു സർവകാല റെക്കോർഡാണ്. ഏലത്തിന്റെ ഉൽപ്പാദനത്തിലും സർവകാല റെക്കോർഡ് ഉണ്ടായി. ഈ കഴിഞ്ഞ നാലുവർഷത്തിനിടയിൽ കാർഷികരംഗത്ത് അത്ഭുതാവഹമായ വളർച്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. ഇ. പി. ജയരാജൻ: നാലു വർഷത്തെ പരിശ്രമത്തിന്റെ ഫലമായിട്ടാണോ റബറിന്റെ ഉൽപ്പാദനം വർദ്ധിച്ചത്? റബറിന്റെ ഉൽപ്പാദനം വർദ്ധിച്ചത് നാലു വർഷം മുൻപ് നടന്നിട്ടുള്ള പ്രക്രിയയുടെ ഭാഗമായിട്ടാണ്. നാളികേരത്തിന്റെ തറവില 3900 രൂപ ആവശ്യപ്പെട്ട സ്ഥാനത്ത് 2725 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ആ കേന്ദ്ര ഗവൺമെന്റിനെതിരായിട്ടാണോ നിങ്ങൾ ശബ്ദിക്കുന്നത്?

ശ്രീ. തോമസ് ചാഴികാടൻ: കേന്ദ്ര ഗവൺമെന്റ് നാളികേരത്തിന്റെ തറവില ഉയർത്തുവാൻ തയ്യാറാകാത്തതിനെ സംബന്ധിച്ച് എന്റെ പാർട്ടി വളരെയധികം പ്രതിഷേധം പ്രകടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ കേരകൃഷിക്കാർക്ക് വേണ്ടിയും, റബർ കർഷകർക്ക് വേണ്ടിയും സമരം സംഘടിപ്പിക്കുന്നതിനും, അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയും ഏറ്റവും മുന്നിൽ നിൽക്കുന്ന രാഷ്ട്രീയപ്രസ്ഥാനത്തെ പ്രതിനിധാനം ചെയ്യുന്ന വ്യക്തിയാണ് ഞാൻ. നാലര വർഷം കൊണ്ട് റബറിന്റെ ഉൽപ്പാദനത്തിൽ സർവകാല റെക്കോർഡുണ്ടായി എന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ശ്രീ. ഇ. പി. ജയരാജൻ: ഇടതുമുന്നണി ഈ രംഗത്ത് നടപ്പിലാക്കിയിട്ടുള്ള നേട്ടത്തിന്റെ ഭാഗമായിട്ടാണ് നാലു വർഷക്കാലത്തിനുള്ളിൽ റബറിന്റെ ഉൽപ്പാദനം വർദ്ധിപ്പിച്ചതെന്നുള്ള വസ്തുത അങ്ങേയ്ക്ക് നിഷേധിക്കാൻ സാധിക്കുമോ?

ശ്രീ. തോമസ് ചാഴികാടൻ: ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നിയന്ത്രണത്തിൻ കീഴിൽ റബർ ബോർഡിന്റെ ഭരണം ഒരു കാലത്തും ഉണ്ടായിട്ടില്ല എന്നത് ബഹുമാനപ്പെട്ട ജയരാജൻ ഓർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഭരണരംഗത്ത് ചലനാത്മകമായ മാറ്റം വരുത്താൻ ഈ സർക്കാരിന് കഴിഞ്ഞു. റവന്യൂ വകുപ്പിനെ വെറുമൊരു ഭരണവകുപ്പായി മാത്രം കണ്ടിരുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. ഇന്ന് റവന്യൂ വകുപ്പിനെ ഒരു വികസനോൻമുഖ വകുപ്പായി കാണാൻ ജനങ്ങൾക്ക് കഴിയുന്നുണ്ട്, ഗ്രാമസഭകളുടെയും, താലൂക്ക് സഭകളുടെയും, റവന്യൂ അദാലത്തിന്റെയും, സർവ്വേ അദാലത്തിന്റെയുമൊന്നും കഥകൾ ഇവിടെ വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഈ നടപടിക്രമങ്ങളിലൂടെ ഭരണരംഗത്ത് ഒരു പുതിയ വെളിച്ചം കണ്ടെത്തുവാനും, നമ്മുടെ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഭരണത്തിന്റെ ഗുണം എത്രയും വേഗം എത്തിക്കുന്നതിനുമുള്ള നടപടികളിലേയ്ക്ക് പോകുവാനും ഐക്യജനാധിപത്യമുന്നണി സർക്കാരിന് കഴിഞ്ഞു. ബഹുമാനപ്പെട്ട കണാരൻ ഇന്നു രാവിലെ ഇവിടെ പറയുകയുണ്ടായി. റവന്യൂ മന്ത്രി പത്രപ്രസ്താവന നടത്തുന്നതല്ലാതെ ഭവന നിർമ്മാണ രംഗത്ത് കാര്യമായ നേട്ടങ്ങളൊന്നും നടക്കുന്നില്ലയെന്ന്. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് 1970-ൽ കേരളത്തിൽ കേരളാ കോൺഗ്രസും, ഇൻഡ്യൻ നാഷണൽ കോൺഗ്രസുമൊക്കെ പങ്കാളികളായിട്ടുള്ള ഗവൺമെന്റ് ലക്ഷംവീട് പദ്ധതി നടപ്പാക്കിയപ്പോൾ അതൊരു മഹാസംഭവമായി എല്ലാവരും കണ്ടു. ലക്ഷം വീട് പദ്ധതി നാട്ടിലെ ഭവനരഹിതരായ ഒരു ലക്ഷം ആളുകൾക്ക് ഗുണം ചെയ്തിട്ടുണ്ട് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ലക്ഷംവീടു പദ്ധതി ഒരു മഹാസംഭവമായി കണ്ടവർ കഴിഞ്ഞ നാലുവർഷത്തിനിടയ്ക്ക് ദശലക്ഷ പാർപ്പിട പദ്ധതി നടപ്പാക്കി നാലരലക്ഷത്തോളം വീടുകൾ നിർമ്മിച്ചുകൊടുത്ത വസ്തുത നിഷേധിക്കുന്നതെന്താണ്. നാട്ടിലെ ഭവനരഹിതരായ, ഒരു സെൻറ് ഭൂമിപോലുമില്ലാത്ത പാവപ്പെട്ടവരായ അനേകലക്ഷം ആളുകൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞ സർക്കാർ ഐക്യജനാധിപത്യ മുന്നണിയാണെന്നുള്ളതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. ബഹുമാന്യയായ പ്രൊഫസർ മീനാക്ഷി തമ്പാൻ സംസാരിച്ചപ്പോൾ സ്ത്രീസ്വാതന്ത്ര്യത്തിനും, സ്ത്രീകളുടെ അവകാശം സംരക്ഷിക്കുന്നതിലും സർക്കാർ എതിരാണെന്ന് പറയുകയുണ്ടായി. ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു പ്രൊഫസർ. താരതമ്യേന ഉന്നതനിലവാരം പുലർത്തുന്ന സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബങ്ങളിലെ വ്യക്തികളെയാണ് ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമത്തിൽ പരിഷ്കാരം കൊണ്ടുവരുമ്പോൾ ബുദ്ധിമുട്ടുണ്ടാക്കുന്നത്. 1952 മുതൽ 1986 വരെ കരണങ്ങൾ നടത്തിയ ആയിരക്കണക്കിനാളുകളെ ബാധിക്കുന്ന ഒരു വസ്തുത സുപ്രീം കോടതിയുടെ വിധിയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1952 മുതൽ 1986-ൽ സുപ്രീം കോടതിയുടെ വിധി ഉണ്ടാകുന്നതുവരെ ഭൂമിയിൽ കരണം നടത്തിയ ക്രിസ്ത്യൻ കുടുംബങ്ങളിൽ നിന്നും ഭൂമി വാങ്ങിയ പലർക്കും ആ കുടുംബങ്ങളിലെ വനിതകൾക്കുകൂടി അവകാശം ഉണ്ടാക്കുന്ന സാഹചര്യമുണ്ടാകുമെന്ന് കാണാൻ കഴിയുമായിരുന്നില്ല. ആ ഒരു സാഹചര്യത്തിൽ ന്യായമായ വില കൊടുത്ത് ഭൂമി വാങ്ങി മുപ്പതും, മുപ്പത്തിയഞ്ചും വർഷം വരെ കൈവശം വച്ചുകൊണ്ടിരുന്ന ഭൂമി വിട്ടു കൊടുക്കാൻ ഒരു സാഹചര്യമുണ്ടാക്കിയെന്നത് സമൂഹത്തിന്റെ മനസ്സിൽ നീതിക്ക് എതിരാണെന്നത് മനസ്സിലാക്കണം. ഇങ്ങനെയായാൽ അനേകം വ്യവഹാരങ്ങൾ നമ്മുടെ കോടതികളിൽ വരുന്ന ഒരു സാഹചര്യമുണ്ടാകും. നൂറുകണക്കിന്, ആയിരക്കണക്കിന് കുടുംബങ്ങളിൽ കുടുംബകലഹമുണ്ടാക്കുന്ന സാഹചര്യമുണ്ടാകുമെന്ന് മനസ്സിലായപ്പോഴാണ് സംസ്ഥാന സർക്കാർ ഈ നടപടിയിലേയ്ക്ക് പോയത്. ബഹുമാന്യയായ പ്രൊഫസറോട് എനിക്ക് ചോദിക്കുവാനുള്ളത് കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന സ്ത്രീകളുടെ-അമ്മമാരുടെ, സഹോദരിമാരുടെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ, അവരുടെ അവകാശം സംരക്ഷിക്കാൻ അവരുടെ കണ്ണീരൊപ്പുവാൻ സമൂഹത്തിന്റെ ഏറ്റവും വലിയ വിപത്തായ, തിൻമയായ ചാരായം നിരോധിക്കാനുള്ള നടപടി സ്വീകരിച്ചപ്പോൾ പ്രൊഫസർ ഉൾപ്പെടുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ പത്രസമ്മേളനങ്ങളിൽ പ്രസ്താവിച്ചത് ഇടതുമുന്നണി അധികാരത്തിൽ വന്നാൽ ചാരായ ഷോപ്പുകൾ തുറക്കുകയും, വിൽപ്പന നടത്തുകയും ചെയ്യുമെന്നാണ്. ഇത് സ്ത്രീകളോട് നീതി പുലർത്തുന്ന നടപടിയാണോ? ലക്ഷക്കണക്കിന് അമ്മമാരുടെയും, സഹോദരിമാരുടെയും ആഗ്രഹം സഫലീകരിക്കുന്ന നടപടിയാണ് ഐക്യജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുന്നത്. ഇത്തരം നടപടികൾ ഇടതുമുന്നണിയെ ബാധിക്കുമെന്ന് കണ്ടപ്പോൾ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെയും, അവകാശങ്ങളെയും ഉയർത്തിപ്പിടിച്ചുകൊണ്ട് സ്ത്രീകളുടെ വോട്ട് നേടുവാൻ കഴിയുമെന്ന പ്രവർത്തനശൈലിയുമായി മുന്നോട്ട് വന്നിരിക്കുന്നു എന്നത് ഖേദകരമായ വസ്തുതയാണ്. ഇടതുപക്ഷത്തുള്ളവർ പ്രഖ്യാപിക്കുന്ന നയങ്ങൾ പിൻതുടരാൻ കഴിയുന്നില്ല. 1957-ൽ ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു വിദ്യാഭ്യാസ ബിൽ സ്വകാര്യ സ്ഥാപനങ്ങൾക്കെതിരായി കൊണ്ടുവന്നു. ജനങ്ങൾ ഒന്നടങ്കം ശബ്ദമുയർത്തുകയും, ഗവൺമെന്റിനെ പുറത്താക്കുകയും ചെയ്തു. അവർ ഇന്ന് പറയുന്നത് സ്വകാര്യ സ്ഥാപനങ്ങൾക്കെതിരല്ല, കോഴ സ്ഥാപനങ്ങൾക്കാണ് എതിരെന്ന്. വോട്ടുപിടിക്കാൻ എന്ത് മാർഗ്ഗവും സ്വീകരിക്കുന്ന നടപടിയിലേക്ക് ഇടതുമുന്നണി പോകുന്നുവെന്നുള്ളതാണ് ഇത് തെളിയിക്കുന്നത്. ബഹുമാന്യനായ കണാരൻ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു; ആദിവാസികളുടെ ഭൂമി കൈവശപ്പെടുത്തിയിരിക്കുന്ന കർഷകരെ പുറത്താക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല എന്നാണ്. ഒരു കാര്യം ഇവിടെ അനുസ്മരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രമുഖനായ നേതാവ് ശ്രീ. ടി. കെ. രാമകൃഷ്ണൻ ഉൾപ്പെടെയുള്ളവർ സമരരംഗത്തേയ്ക്ക് വന്ന ഒരു മേഖലയുണ്ട്.

മുണ്ടക്കയത്തിനടുത്ത് പുഞ്ചവയൽ എന്നുപറയുന്ന പ്രദേശത്തെ നൂറുകണക്കിന് കൃഷിക്കാർ വിലകൊടുത്തു വാങ്ങിയ ഭൂമി, ആദിവാസികളുടേതാണെന്നു പറഞ്ഞ് കോടതിയിൽനിന്നും നടപടി സ്വീകരിച്ച് അവരെ പുറത്താക്കുന്നതിനു വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടു പോയപ്പോൾ അതിനെതിരെ സമരം ചെയ്യാൻ, ആ കൃഷിക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

അവകാശങ്ങളും സംരക്ഷിക്കണമെന്നുപറഞ്ഞു് സമരം ചെയ്യാൻ ഞങ്ങളോടൊപ്പം മുന്നിൽ നിന്നവരാണു് ശ്രീ. ടി. കെ. രാമകൃഷ്ണനും മാർക്സിസ്റ്റും കമ്മ്യൂണിസ്റ്റും പാർട്ടിയുമൊക്കെ. ഇങ്ങനെയുള്ള ഒരു ഇരട്ടത്താപ്പു് നയം സ്വീകരിക്കുന്നതു് ശരിയല്ല. ജനവികാരം മാനിച്ചു്, ഈ നാട്ടിലെ ജനങ്ങളും ആഗ്രഹിക്കുന്നതു് എന്താണെന്നു് മനസ്സിലാക്കി അതിനനുസരിച്ചുള്ള നയപരിപാടികളും രൂപീകരിക്കാൻ ഇടതുമുന്നണി തയ്യാറാകണമെന്നുമാത്രമേ എനിക്കു് പറയാനുള്ളൂ. ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്താങ്ങുന്നു.

ഡോ. കെ. സി. ജോസഫു്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണു്. ബഡ്ജറ്റിന്റെ അടിസ്ഥാനപരമായ എല്ലാ തത്വങ്ങളും വിസ്മരിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതിൽ ഉന്നയിച്ചിട്ടുള്ള കണക്കുകളെല്ലാം അവാസ്തവങ്ങളായ കണക്കുകളാണു്. സത്യവിരുദ്ധമായ കണക്കുകളും കൊണ്ടു് അടിസ്ഥാനപരമായി ബഡ്ജറ്റിനുണ്ടാകേണ്ട സത്യസന്ധത എന്ന അടിസ്ഥാന ഗുണമില്ലാത്ത ബഡ്ജറ്റിനെ ബഡ്ജറ്റായി കാണാൻ കഴിയുകയില്ലെന്നു മാത്രമല്ല, ഈ ബഡ്ജറ്റു് അവതരിപ്പിച്ചുകൊണ്ടു് നടത്തിയ പ്രസംഗം മുഴുവൻ അർത്ഥശൂന്യമായ അവകാശവാദങ്ങളും അയഥാർത്ഥ്യമായ കണക്കുകളും കാണിച്ചുകൊണ്ടു് ജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന ഒരു പാഴ്പ്രയത്നമാണു്. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചു് പല അവകാശങ്ങളും ഉന്നയിച്ചിട്ടുണ്ടു്. അതൊന്നും തന്നെ യാഥാർത്ഥ്യത്തിനു് നിരക്കുന്നതല്ലെന്നു് ഓരോ വിഷയമെടുത്തു പരിശോധിച്ചാൽ കാണാൻ കഴിയും. ഈ ബഡ്ജറ്റിന്റെ ഓരോ വിഷയങ്ങളോടുമുള്ള മുൻഗണനാക്രമം എടുത്തു പരിശോധിച്ചാൽ കേരളത്തിന്റെ അടിസ്ഥാന മേഖലയോടു് നീതി നടത്താൻ ഈ ഗവൺമെന്റിനും, ബഡ്ജറ്റിനും കഴിഞ്ഞിട്ടില്ലെന്നു് കാണാൻ കഴിയും. നമ്മുടെ കാർഷിക മേഖലയുടെ നിലനിൽപ്പാണല്ലോ എല്ലാ ആളുകളും പ്രസംഗിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട ചാഴികാടൻ ഇപ്പോഴും പറഞ്ഞുനിർത്തിയതും അതാണു്. എന്നാൽ കാർഷിക മേഖലയോടു് ഈ ഗവൺമെന്റിന്റെ സമീപനം എന്താണു്? കൃഷിയും അനുബന്ധ വിഷയങ്ങൾക്കുംവേണ്ടി വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു് 207 കോടി രൂപയാണു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞതു് കഴിഞ്ഞ വർഷത്തെ ആനുവൽ പ്ലാനിൽനിന്നും 1996-97-ൽ 35 ശതമാനം വർദ്ധനവു് ഉണ്ടാകുമെന്നാണു്. ആ വാർഷിക പദ്ധതിക്കു് ആനുപാതികമായ വർദ്ധനവു് കാർഷിക മേഖലയിൽ ഉണ്ടാകുമായിരുന്നുവെങ്കിൽ ഏറ്റവും ചുരുങ്ങിയതു് 280 കോടി രൂപയെങ്കിലും ഉണ്ടാകണം. പക്ഷേ കൃഷി മേഖലക്കു് ഇവിടെ നീക്കിവച്ചിട്ടുള്ളതു് വെറും 207 കോടി രൂപ മാത്രമാണു്. മൊത്തം ആനുവൽ പ്ലാനിന്റെ വർദ്ധനവിന്റെ പകുതിയെക്കാൾ കുറവു് വർദ്ധനവു് മാത്രമാണു് കൃഷിയുടെ പദ്ധതി ചെലവിനുവേണ്ടി ഇതിൽ അടങ്കൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നു് കാണാൻ കഴിയും. 1992-93-ൽ കൃഷിയും അനുബന്ധ വ്യവസായങ്ങളും നമ്മുടെ ടോട്ടൽ എക്സ്പെൻഡിച്ചറിന്റെ മൊത്തം ചെലവിന്റെ 17·73 ശതമാനം ആയിരുന്നു. എന്നാൽ 1996-97-ൽ അതു് 17·73 എന്നുള്ളതു് 10·77 ആയി കുറഞ്ഞിരിക്കുന്നു. കൃഷി മേഖലയോടുള്ള ഈ ഗവൺമെന്റിന്റെ താൽപ്പര്യം ആണോ ഈ ചെലവിൽ കാണുന്നതെന്നു് ബഹുമാനപ്പെട്ട അംഗങ്ങളും ആലോചിക്കേണ്ടതായിട്ടുണ്ടു്. കൃഷിക്കു് അടിസ്ഥാന സൗകര്യം ഒരുക്കിക്കൊടുക്കാനുള്ള ഇറിഗേഷൻ ചെലവിനോടുള്ള സമീപനമെന്താണു്? 1993-94-ൽ മൊത്തം ചെലവിന്റെ 3·53 ശതമാനം ഇറിഗേഷനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി നീക്കിവച്ചു. 1996-97-ൽ 2.61 ശതമാനം മാത്രമാണ് ഇറിഗേഷനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. എത്രമാത്രം ക്രൂരമായി കാർഷിക മേഖലയെ ഈ ബഡ്ജറ്റിൽ അവഗണിച്ചിരിക്കുന്നുവെന്ന് കാണാൻ കഴിയും. മറന്ന് കൂടുതൽ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൃഷിയെ സംബന്ധിക്കുന്ന ഭാഗത്ത് പറയുന്നുണ്ട്. ''ഉൽപ്പാദന ചെലവ് കുറയ്ക്കുകയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാണ് ഈ ഗവൺമെന്റ് ഊന്നൽ നൽകിയതെന്ന്''. ഏറ്റുമാനൂർ എം.എൽ.എ. ശ്രീ. തോമസ് ചാഴികാടൻ കാർഷിക മേഖലയെക്കുറിച്ച് സംസാരിച്ചപ്പോൾ കഴിഞ്ഞകാലത്തുണ്ടായ വികാസത്തെക്കുറിച്ച് വാനോളം പുകഴ്ത്തിയതു കേട്ടപ്പോൾ ദുഃഖം തോന്നി. എന്താണ് കാർഷികമേഖലയിലെ സ്ഥിതി? ആകെ രക്ഷപ്പെട്ടു നിൽക്കുന്നത് റബർ കൃഷിക്കാരാണ്. അതിൽ ഈ ഗവൺമെന്റിന് എന്താണ് പങ്ക്? റബർ കൃഷിക്കാർ ഇപ്പോൾ രക്ഷപ്പെട്ടു നിൽക്കുന്നതിന് ഈ ഗവൺമെന്റിന് യാതൊരു പങ്കുമില്ല. ഇൻറർനാഷണൽ മാർക്കറ്റിൽ റബറിന് അൽപ്പം വില കയറിയതുകൊണ്ട് റബ്ബർ കൃഷിക്കാർക്ക് ആനുപാതികമായി വില കിട്ടുന്നു. അങ്ങനെ ഇൻറർനാഷണൽ മാർക്കറ്റിൽ റബറിന് ഉണ്ടായ വില വർദ്ധനവുകൊണ്ട് നമ്മുടെ റബർ കൃഷിക്കാർ രക്ഷപ്പെട്ടപ്പോൾ ഐക്യജനാധിപത്യ മുന്നണി പിന്താങ്ങുന്ന കേന്ദ്ര ഗവൺമെൻറ് ആവോളം ശ്രമിച്ചു. ഒരു നിയന്ത്രണവുമില്ലാതെ ഇറക്കുമതി ചുങ്കത്തിനു പൂർണ്ണമായും കിഴിവു നൽകിക്കൊണ്ട് റബർ ഇറക്കുമതി ചെയ്തു, വില വർദ്ധനവ് ഇല്ലായ്മ ചെയ്യാനും ടയർ ലോബിയെ സംതൃപ്തിപ്പെടുത്താനും കൃഷിക്കാരെ ഇല്ലായ്മപ്പെടുത്താനും കേന്ദ്ര ഗവൺമെൻറ് ശ്രമിച്ചു. അതെല്ലാം അതിജീവിച്ചുകൊണ്ടാണ് റബർ കൃഷി നിലനിൽക്കുന്നത്. ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക മേഖലയാകെ മരവിച്ചു നിൽക്കുകയാണ്. ഇവിടെ ഉൽപ്പാദനക്ഷമത വർദ്ധിച്ചിട്ടുണ്ടോ? ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടില്ല എന്നത് പോകട്ടെ, ഉൽപ്പാദനക്ഷമതയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ? അതുപോലെ തന്നെ നെല്ലിന്റെ ഉൽപ്പാദനം കുറയുമ്പോൾ നെൽകൃഷിയുടെ വിസ്തീർണ്ണം കുറയുന്നുവെന്നുള്ള ഒറ്റ കാരണം ചൂണ്ടിക്കാണിച്ചുകൊണ്ട് നമ്മെ രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. യഥാർത്ഥത്തിൽ അതാണോ വസ്തുത? അതൊരു ഘടകമായിരിക്കാം. എന്നാൽ ബഹുമാനപ്പെട്ട വി. വി. രാഘവൻ മന്ത്രിയായിരുന്ന കാലത്ത് നമ്മുടെ അരിയുടെ ഉൽപ്പാദനം 12 ലക്ഷം ടൺ ആയി ഉയർന്നുവെങ്കിൽ ഇപ്പോൾ അത് ഒൻപതരലക്ഷം ടണ്ണായി കുറഞ്ഞിരിക്കുന്നു. ഉൽപ്പാദനക്ഷമതയും കുറഞ്ഞിരിക്കുന്നു. ഭൂമിയുടെ അളവ് കുറഞ്ഞതുകൊണ്ടു മാത്രമല്ല, കൃഷിസ്ഥലത്തിന്റെ അളവ് കുറഞ്ഞതുകൊണ്ടു മാത്രമല്ല, 1992-93-ൽ ഒരു ഹെക്ടറിന് 2018 കി. ഗ്രാം ആയിരുന്നു നെല്ലിന്റെ ഉൽപ്പാദനക്ഷമത. അത് കഴിഞ്ഞ വർഷം 1937 ആയി കുറഞ്ഞു. അതാണ് ഉൽപ്പാദനക്ഷമതയിൽ വന്ന കുറവ്. എന്താണ് കാരണം? ഈ ഗവൺമെൻറ് അനുവർത്തിച്ച നയത്തിന്റെ ഫലമായാണ് ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും കുറഞ്ഞത്. ഗവൺമെൻറിന്റെ അവകാശവാദമെന്താണ്? ഉൽപ്പാദന ചെലവ് നിയന്ത്രിക്കുവാൻ വേണ്ടിയാണ് ഗവൺമെൻറ് ഊന്നൽ നൽകിയതെന്നാണ്. അതിനായിരുന്നോ? കൃഷിമേഖലയുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയാൻ കഴിയുമോ, ഉൽപ്പാദന ചെലവ് കുറക്കാൻ കഴിയുന്ന നയമാണ് ഈ ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും സ്വീകരിക്കുന്നതെന്ന്. ളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വിലയിൽ വന്ന ഭീമമായ വർദ്ധനവ്, പൊട്ടാഷിന്റെയും മറ്റ് വളങ്ങളുടേയും വില മൂന്നര നാലിരട്ടിയായി വർദ്ധിച്ചു. കീടനാശിനികളുടെ വില കൂട്ടി. ആ നിലയിൽ വന്നിട്ടുള്ള ചെലവിന്റെ വർദ്ധനവ് ഒരു വശത്ത്, ഇവിടെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്, മറ്റ് ജീവിത ചെലവിൽ വന്നിട്ടുള്ള അധിക ഭാരം, അതിനനുസരണമായി തൊഴിൽക്കൂലി വർദ്ധിക്കേണ്ടി വന്നതുകൊണ്ട് ഈ നിലയിലെല്ലാം ഉൽപ്പാദന ചെലവ് മൂന്നിരട്ടിയായി കൃഷിമേഖലയിൽ വർദ്ധിച്ചിരിക്കുന്നു. ഇന്ന് ഒരു ഏക്കറിൽ നെൽകൃഷി ചെയ്യണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് അയ്യായിരം രൂപയെങ്കിലും ചെലവാകുന്ന ഒരു സ്ഥിതിയിലേക്കെത്തിയിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 200-ൽ താഴെ രൂപ മാത്രം ആയിരുന്നു ഉൽപ്പാദനച്ചെലവെങ്കിൽ അതാണ് ഇന്ന് 5000 രൂപയായി വർദ്ധിച്ചിരിക്കുന്നത്. എന്നിട്ടും അവസാനം വരുന്നത് ഉൽപ്പാദനക്ഷമതയുടെ കുറവാണ്. അതിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻവേണ്ടി മുൻ ഗവൺമെന്റ് കൈക്കൊണ്ട മുഴുവൻ നടപടികളും ഈ ഗവൺമെന്റ് ഇല്ലാതാക്കി. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഇവിടെ നടപ്പിലാക്കിയത് ഒരു വലിയ ലക്ഷ്യത്തോടുകൂടിയാണ്. ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും വർദ്ധിപ്പിക്കുവാൻ, കൃഷിയിടങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയുകയില്ല എന്നതുകൊണ്ട് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക മാത്രമാണ് ആകെയുള്ള മാർഗ്ഗമെന്ന് കണ്ടുകൊണ്ട് അതിന് കൃഷിക്കാർക്ക് പ്രേരണ നൽകാൻ വേണ്ടിയാണ് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കിയത്. അത് നടപ്പിലാക്കുമ്പോഴുള്ള പാടശേഖരസമിതികൾക്ക് ഉത്തേജനം നൽകാനായി ചില ആനുകൂല്യങ്ങൾ നടത്തി. ഇന്ന് ആ പദ്ധതി എവിടെ നിൽക്കുന്നു? ഈ ഗവൺമെന്റ് തന്നെ തുറന്നു സമ്മതിച്ചിരിക്കുന്നു. എക്കണോമിക് റെവ്യൂവിൽ പേജ് 40-ൽ ടേബിൾ 4·11-ൽ പറഞ്ഞിരിക്കുന്നു. എന്നാൽ ഗ്രൂപ്പ് ഫാമിംഗിനുവേണ്ടി പറഞ്ഞിരിക്കുന്ന പദ്ധതികൾ മുഴുവൻ 1993-94-ൽ, 1994-95-ൽ, 1995-96-ൽ ഇവയെല്ലാം പ്രധാനമന്ത്രിയുടെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി വക മാറി ചെലവാക്കിയെന്ന് എക്കണോമിക് റെവ്യൂവിൽ പറയുകയാണ്. കളനാശിനി, കീടനാശിനി, കുമ്മായം, അമ്ലനാശിനി തുടങ്ങിയ വയ്ക്കുള്ള സഹായം നൽകുവാൻ വേണ്ടിയും ഇൻഫ്രാസ്ട്രക്ചർ ഡെവൽപ്മെന്റിനുവേണ്ടിയുമൊക്കെത്തന്നെ മുൻ ഗവൺമെന്റ് നടപ്പാക്കിയ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ഇല്ലായ്മചെയ്തുകൊണ്ട് കൃഷിക്കാർക്കു ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കി. അത്യുൽപ്പാദനശേഷിയുള്ള വിത്ത് കൃഷിക്കാർക്ക് നൽകുമെന്നുള്ള മറെറാരു നയം നടക്കുന്നുണ്ടോ? ഇപ്പോൾ ആവർത്തന കൃഷിയിലൂടെ ഉൽപ്പാദന ക്ഷമതയുള്ള വിത്തിന്റെ പ്യൂരിറ്റി നഷ്ടപ്പെട്ടിരിക്കുന്നു. പ്യൂരിറ്റി നഷ്ടപ്പെട്ട വിത്തുപയോഗിച്ചാൽ ഉൽപ്പാദനക്ഷമത കുറയും. മൂന്നുവർഷത്തിൽക്കൂടുതൽ ഒരു വിത്തുപയോഗപ്പെടുത്തിയാൽ, അതുതന്നെ ആവർത്തന കൃഷിയായി വന്നാൽ ആ വിത്തിന്റെ ഗുണമേൻമ കുറയുമെന്ന് എല്ലാ കർഷക വിദഗ്ദൻമാരും അംഗീകരിക്കുന്നതാണ്. അതുകൊണ്ടാണ് ഗുണമേൻമയുള്ള വിത്ത്, അത് നെൽകൃഷിക്കാകട്ടെ മറ്റു കൃഷികൾക്കാകട്ടെ നൽകണമെന്നു കണ്ടുകൊണ്ട് ആ നിലയിലുള്ള ഒരു സംവിധാനം ഉണ്ടാക്കുവാൻ വേണ്ടിയുള്ള ശ്രമം നടത്തിയത്. അതിപ്പോഴുണ്ടോ? ഇപ്പോൾ അതിനുള്ള യാതൊരു സംവിധാനവും ഈ ഗവൺമെന്റ് നടപ്പാക്കാത്തതുകൊണ്ട്, അതിനാവശ്യമായ പണം നീക്കിവയ്ക്കാത്തതുകൊണ്ട് നെൽകൃഷിക്കാർ തങ്ങൾ ഉപയോഗിക്കുന്ന വിത്ത്,

LIBRARY ARCHIVES Kerala Legislative Assembly

അതിൽനിന്നും ഉണ്ടാകുന്ന നെല്ല് വീണ്ടും ആവർത്തിച്ച് കൃഷി ചെയ്യുന്നതുകൊണ്ടാണ് ഉൽപ്പാദനക്ഷമത കുറയുന്നത്. ആ രംഗം മുഴുവൻ ഇന്ന് ഇല്ലായ്മചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ഈ എക്കണോമിക് റെവ്യൂവിൽ വീണ്ടും അവകാശവാദങ്ങളും വേറെ നടത്തുന്നുണ്ട്. നെല്ലിന് കിട്ടിയ വിലയെ സംബന്ധിച്ച് കൃഷിക്കാർക്ക് ചെലവായ തുകയേക്കാൾ കൂടിയ തുക വില വർദ്ധനയിലൂടെ കൃഷിക്കാർക്ക് ലഭിച്ചു എന്ന മിഥ്യാവകാശ വാദമാണ് ഇവിടെ നടത്തുന്നത്. ഇതിനേക്കാൾ കൃഷിക്കാരെ ക്രൂരമായി പരിഹസിക്കാൻ മറ്റാർക്കെങ്കിലും കഴിയുമോ? ഞാൻ നേരത്തെ പറഞ്ഞതു പോലെ ഉൽപ്പാദന ചെലവിൽ ഇത്രമാത്രം ക്രമാതീതമായ വിലവർദ്ധനവു ണ്ടായപ്പോഴും ഏതെങ്കിലും ഒരു ഘട്ടത്തിലുണ്ടായ കാർഷിക ഉൽപ്പന്നത്തിന്റെ വില മാത്രം പെരുപ്പിച്ചുകാട്ടി, ഉൽപ്പന്നത്തിന്റെ വില വർദ്ധനവാണ് കൂടുതൽ എന്നു വരുത്തിത്തീർത്ത് ഈ കൃഷിക്കാരെ പരിഹസിക്കാനുള്ള ശ്രമമല്ലേ ഇവിടെ നടത്തിയിരിക്കുന്നത്. ഇന്ന് ഈ റവ്യൂവിൽ പറഞ്ഞി ട്ടുള്ള വില ഒരു വർഷം കഴിഞ്ഞതിനുശേഷം ഇപ്പോഴെങ്കിലും ലഭ്യമാണോ? എല്ലാ ഉൽപ്പന്നങ്ങളുടേയും വില കുറഞ്ഞിരിക്കുന്നു. ഈ പോയിന്റുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഉൽപ്പന്നങ്ങ ളുടെ വില ഉയർത്തിനിർത്തി കൃഷിക്കാരെ സഹായിക്കുവാൻ വേണ്ടിയുള്ള പദ്ധതികളെ പ്രഖ്യാപിച്ചു. അത് ഫലപ്രദമായി നടക്കുന്നുണ്ടോ? നെല്ല് സംഭരിക്കുന്നതിനുള്ള തുക സഹകരണ സംഘങ്ങൾക്ക് നൽകു മെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചു. ഈ ഗവൺമെൻറിന്റെ വാഗ്ദാന മനുസരിച്ച് നെല്ലു സംഭരിച്ച് മുഴുവൻ കർഷക സഹകരണ സംഘങ്ങളും നഷ്ടത്തിലായി, ഇന്ന് പ്രവർത്തിക്കുവാൻ കഴിയാത്ത സ്ഥിതിയിലേക്ക് പോയി. അതിന്റെ ഫലമായി ഈ സീസണിൽ ഇടത്തരക്കാരായ നെല്ലുടമകളെ കൃഷിക്കാരെ ചൂഷണം ചെയ്യാൻ ശ്രമിക്കുമ്പോൾ, ആ ചൂഷണത്തിൽനിന്നും അവരെ വിമുക്തമാക്കാൻവേണ്ടി കർഷക സംഘങ്ങളെ വിപണന രംഗത്തേക്ക് ഇറങ്ങുവാൻ മടിക്കുന്നു. ഇതിൽ എന്തു നടപടിയാണ് ഈ ഗവൺമെൻറ് സ്വീകരിച്ചത്? നെല്ലിന്റെ വില കുത്തനെ ഇടിഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ നെൽക്കൃഷിക്കാരെ സഹായിക്കുവാൻ നടപടിയുണ്ടോ? നാളികേര കൃഷിക്കാരോട് ചെയ്തത് എന്താണ്? നാളികേര കൃഷിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ ശ്രീ. തോമസ് ചാഴികാടൻ 400 കോടിയായിരുന്ന നാളികേരത്തിന്റെ വർദ്ധനവ് 503 കോടി രൂപയായതിൽ ഊറ്റം കൊണ്ടു. എന്താണിവിടെ ഉണ്ടായത്? ബഹുമാനപ്പെട്ട വി. വി. രാഘവൻ പറഞ്ഞതുപോലെ കൃഷിമേഖലയുടെ വിസ്തൃതിയിൽ വന്നിട്ടുള്ള വർദ്ധനവിന്റെ ആനുപാതികമല്ലാതെ ഉൽപ്പാദനക്ഷമത അവിടെയും വർദ്ധിച്ചോ? എന്താണ് നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത? 1992-93-ൽ ഒരു ഹെക്ടറിൽ 5,843 നാളികേരമാണ് ഉൽപ്പാദനക്ഷമത. ഈ കൊട്ടിഘോ ഷിക്കപ്പെട്ട പ്രവർത്തനങ്ങളും മുഴുവൻ നടത്തിയ സംസ്ഥാനത്തിലെ കഴിഞ്ഞവർഷത്തെ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത എത്രയാണ്? 5,888. നാമമാത്രമായ വർദ്ധനവുമാത്രം. അതിപ്പോഴും ഉണ്ടോ? ബഹുമാനപ്പെട്ട മന്ത്രി ഈ പ്രസംഗത്തിൽ പറയുന്നു 'ന്യായമായതും ഉയർന്നതുമായ വില നിലനിർത്തുന്നതിൽ ഈ ഗവൺമെൻറ് വിജയിച്ചു എന്നു അഭിമാനത്തോടുകൂടി പറയുന്നു' എന്ന്. കാർഷിക കേരളത്തെ പരിഹസിക്കുകയല്ലേ ചെയ്യുന്നത്? ന്യായവും ഉയർന്നതുമായ വില നാളികേരത്തിന് നിലനിർത്തിക്കൊണ്ടു പോകുവാൻ ഈ ഗവൺമെൻറിനു കഴിഞ്ഞിരിക്കുന്നു എന്ന്. ന്യായമായ വിലയാണോ ഇവിടെ ലഭിക്കു ന്നത്? കൃഷി മേഖലയുമായി ബന്ധപ്പെട്ട എം. എൽ. എ.-മാർ പറയണം കൃഷിക്കാർക്ക് നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ന്യായമായ വില ഉറപ്പുവരുത്തുവാൻ വേണ്ടി കഴിഞ്ഞോ? ഇന്ത്യാ ഗവൺമെൻറ് ഇന്ത്യയിലെ മുഴുവൻ കാർഷികോൽപ്പന്നത്തിനും തറവില ഉയർത്തി നിശ്ചയിച്ചു എന്നു പറഞ്ഞു. എന്നിട്ട് കേരളത്തിൻെറ ഈ പ്രധാനപ്പെട്ട ഉൽപ്പന്നത്തിനു മാത്രമാണ് ഒരു നയാപൈസ പോലും തറവില ഉയർത്തുവാൻ കഴിയാതെയിരുന്നത് എന്നുള്ളത് വിസ്മരിച്ചുകൂടാ. ആ നിലയിൽ നമ്മുടെ അടിസ്ഥാന മേഖലയെ തകർക്കുന്ന ഒരു സമീപനം കാർഷിക മേഖലയിൽ സ്വീകരിച്ചിരിക്കുന്നു. മറ്റു വ്യാവസായിക മേഖലയിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഓരോ രംഗത്തും പൂർണ്ണമായി പരാജയമടഞ്ഞ ഒരു ഗവൺമെൻറാണിത്. ആ പരാജയം മറച്ചുവയ്ക്കുവാൻ വേണ്ടി മിഥ്യാവകാശവാദങ്ങൾ ഉന്നയിച്ച് കേരളത്തെ വഞ്ചിക്കുവാൻ കഴിയുമെന്ന് ഈ ഗവൺമെൻറും ഗവൺമെൻറിനെ പിന്തുണയ്ക്കുന്നവരും കരുതരുത് എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു.

പ്രൊ. ജോണി നെല്ലൂർ: സർ, ഈ ബഡ്ജറിനെ ഞാൻ അനുകൂലിക്കുകയാണ്. ധനകാര്യമന്ത്രി പ്രൊ. സി. വി. പത്മരാജൻ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറിൽ യാഥാർത്ഥ്യബോധത്തോടുകൂടി വായിക്കുന്ന ആർക്കും മനസ്സിലാക്കാൻ കഴിയുന്ന ഒരു ചിത്രമുണ്ട്. കേരളത്തിൻെറ ഇന്നത്തെ ചിത്രം ഈ ബഡ്ജറിൽ വരച്ചുകാണിച്ചിരിക്കുന്നു. യാഥാർത്ഥ്യബോധത്തോടുകൂടി വസ്തുതകൾമാത്രം നിരത്തിവച്ചുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഒരു ബഡ്ജറാണിത്. ഈ ബഡ്ജറിൻെറ അവസാനഭാഗത്ത് പറഞ്ഞിരിക്കുന്ന ഒരുകാര്യം വളരെ പ്രശ്നമ്മേയമാണ്. കാലിയായ ഒരു ഖജനാവാണ് ഈ ഗവൺമെൻറ് അധികാരമേൽക്കുമ്പോൾ ഏറെടുക്കേണ്ടി വന്നത്. എന്നാൽ ഈ ഗവൺമെൻറിൻെറ കാലാവധിതീർന്ന് മറെറാരു ഗവൺമെൻറിന് അധികാരം കൈമാറുമ്പോൾ ഭദ്രമായ ഒരു ഖജനാവ് ഇവിടെ ഉണ്ടാകുമെന്നുള്ള സ്ഥിതിവിശേഷം ഈ സംസ്ഥാനത്തുണ്ടായിരിക്കുന്നു. എന്ന് ഈ ബഡ്ജറിൽ പറഞ്ഞിരിക്കുന്നകാര്യം എത്രയോ പ്രശ്നമ്മേയമാണ്. ഈ സംസ്ഥാനത്തുണ്ടായിരിക്കുന്ന ഈ മാറ്റങ്ങൾ കണ്ടില്ലെന്ന് നടിക്കുവാൻ എൻെറ പ്രതിപക്ഷസുഹൃത്തുക്കൾക്കും മുതിരരുത് എന്നുമാത്രമാണ് എനിക്ക് പറയുവാനുള്ളത്. ഇവിടെ ധനകാര്യമന്ത്രി പ്രൊ. സി. വി. പത്മരാജൻ ഒരു നല്ല ക്രിക്കറ് ബൗളറുടെ പാടവത്തോടുകൂടി ഈ ബോൾ ഒന്നു ബൗൾ ചെയ്തപ്പോൾ പ്രതിപക്ഷത്തുള്ള ഒരൊറ്റ ബാറ്റ്സ്മാൻമാർക്കും അത് നേരിടാൻ കഴിഞ്ഞില്ല. ഇപ്പോൾ അവർ ക്ലീൻ ഔട്ട് ആയിരിക്കുകയാണ്. പ്രതിപക്ഷം കംപ്ലീറ്റായിട്ട് ഔട്ടായിരിക്കുന്നു. ഈ ബഡ്ജറിനെക്കുറിച്ച് ഒന്നും പറയാൻ അവർക്കില്ല, കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം ഇവിടെ നടന്ന കാര്യങ്ങളെക്കുറിച്ച് ഒന്നും പറയുവാനില്ല. ഇവിടെയുണ്ടായിരിക്കുന്ന മാറ്റങ്ങൾ കണ്ടില്ലെന്നു നടിക്കുവാൻ നമുക്കാർക്കെങ്കിലും കഴിയുമോ? ഓരോ മേഖലയിലും കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ കണ്ടില്ലെന്നു നടിക്കാൻ പറ്റുമോ? നമ്മുടെ സാമ്പത്തിക നയപരിവർത്തനംമൂലമുണ്ടായിരിക്കുന്ന മാറ്റങ്ങൾ ദരിദ്രരുടെ ജീവിത നിലവാരം ഉയർത്തുവാൻ ഇടയാക്കിയിട്ടുണ്ട്, അത് നിഷേധിക്കാനൊക്കുമോ? അതുപോലെതന്നെ തൊഴിൽ വസരം സൃഷ്ടിക്കുവാൻ നമുക്കിവിടെ കഴിഞ്ഞിരിക്കുന്നു. അത് നമുക്കാർക്കെങ്കിലും നിഷേധിക്കുവാൻ കഴിയുമോ? ഈ യാഥാർത്ഥ്യങ്ങളൊക്കെ നിലനിൽക്കുമ്പോഴും കേരളത്തിലെ പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽനിന്നുകൊണ്ട് ഒട്ടനവധി വികസന പ്രവർത്തനങ്ങൾ ഏറെടുക്കുവാൻ കഴിഞ്ഞ ഒരു കാലഘട്ടമാണിതെന്ന് വിശേഷിപ്പിക്കുവാൻ കഴിയും. ഇവിടെ ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

140 നിയോജകമണ്ഡലങ്ങളും എടുത്തു പരിശോധിച്ചാൽ പുരോഗതിയുടെ ആ പാത നമുക്ക് കാണുവാൻ കഴിയും. അങ്ങയുടെ നിയോജകമണ്ഡല മുൾപ്പെടെ ഈ കേരളത്തിലെ മുഴുവൻ നിയോജകമണ്ഡലങ്ങളിലും ചലനാത്മകമായ പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൊച്ചിയിലെ അന്താരാഷ്ട്ര സ്റ്റേഡിയം, അതുപോലെ നെടുമ്പാശ്ശേരിയിലെ അന്താരാഷ്ട്ര വിമാനത്താവളം തുടങ്ങി അഭിമാനിക്കാവുന്ന ഒട്ടേറെ നേട്ടങ്ങൾ ഉണ്ട്. എല്ലാം ഞാനിവിടെ പറയാനാഗ്രഹിക്കുന്നില്ല. അതു പോലെ എത്രയോ കാര്യങ്ങൾ തുടങ്ങുവാനും പലതും പൂർത്തീകരിക്കുവാനും കഴിഞ്ഞ ഒരു കാലഘട്ടമാണിത്. ഇതൊക്കെയാണെങ്കിൽപ്പോലും നമ്മുടെ സംസ്ഥാനത്തിന് ഗുരുതരമായ ചില പ്രശ്നങ്ങളുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരുപോലെ നിഷ്പക്ഷമായിട്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്നല്ലേ ശ്രീ. ജോണി നെല്ലൂർ സമർത്ഥിക്കുന്നത്? ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ധനകാര്യവകുപ്പു മന്ത്രിയെ ഈ നിയമസഭയിൽ ഞങ്ങൾ വിമർശിച്ചുവെന്നുള്ളതിന്റെ പേരിൽ എന്റെ നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട ഒരു സബ്ട്രഷറി അനുവദിക്കാതെ പിടിച്ചുവച്ചയാളാണ് ശ്രീ. സി. വി. പത്മരാജൻ എന്ന വസ്തുത അങ്ങേക്ക് അറിയാമോ?

ശ്രീ. ജോണി നെല്ലൂർ: അതെനിക്കറിയില്ല, അതിനെക്കുറിച്ച് അദ്ദേഹംതന്നെ മറുപടി പറയട്ടെ. ഏതായാലും നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ കാര്യങ്ങൾ നടക്കുമ്പോൾ അതൊന്നും നമുക്ക് കണ്ടില്ലെന്നു നടിക്കാൻ കഴിയില്ല. നമ്മുടെ ആരോഗ്യരംഗത്ത് 71 പ്രൈമറി ഹെൽത്ത് 4·00 p.m.] സെന്ററുകൾ വിവിധ പഞ്ചായത്തുകളിലായി തുടങ്ങാൻ കഴിഞ്ഞു. അതുപോലെതന്നെ 4 താലൂക്ക് ആശുപത്രികളും, 59 ആയുർവേദ ഡിസ്പെൻസറികളും, 60 ഹോമിയോ ഡിസ്പെൻസറികളും ഈ സംസ്ഥാനത്ത് തുടങ്ങാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ഇതൊക്കെ ചെയ്തത് സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ളിൽ നിന്നുകൊണ്ടാണെന്ന വസ്തുത നമുക്കാർക്കും വിസ്മരിക്കാൻ കഴിയുകയില്ല. ശുദ്ധജലവിതരണ രംഗത്ത് 804 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രശ്നങ്ങളെല്ലാം പരിപൂർണ്ണമായി പരിഹരിച്ചുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ടെങ്കിൽപ്പോലും ആ രംഗത്ത് വളരെയേറെ പുരോഗതി കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈ ബുദ്ധിമുട്ടുകളൊക്കെ തരണം ചെയ്യാൻ കൂട്ടായ ചർച്ചയും പ്രവർത്തനങ്ങളും ആവശ്യമാണ്. കാർഷികരംഗത്ത് വന്നിട്ടുള്ള നേട്ടങ്ങളെക്കുറിച്ച് എന്റെ സ്നേഹിതൻ ഡോ. കെ. സി. ജോസഫ് ചില കാര്യങ്ങളിൽ അംഗീകരിക്കുന്നുവെന്നു പറഞ്ഞു. റബറിന് വില കൂടിയ കാര്യം പറഞ്ഞു. നാളികേരത്തിന് വിലയില്ലെന്നു പറഞ്ഞു. ഞാൻ അതിനോട് യോജിക്കുകയാണ്. നാളികേര കർഷകർ വളരെ ബുദ്ധിമുട്ടിലാണ്. അവർക്ക് വളരെയധികം പ്രശ്നങ്ങളുണ്ട്. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട് എന്താണ്? ഗവൺമെന്റിനുവേണ്ടി കൃഷി വകുപ്പു മന്ത്രി പറയുന്നു കേന്ദ്ര ഗവൺമെന്റ് കൊപ്രയ്ക്കു നിശ്ചയിച്ചിരിക്കുന്ന തറവില കുറവാണ്, അത് കൂട്ടണമെന്ന്. അതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അതിനെയാണ് സ്വീകരിക്കേണ്ടത്. അല്ലാതെ കേന്ദ്ര ഗവൺമെന്റ് പറയുന്നതിനെ കണ്ണടച്ച് പുകഴ്ത്തിപാടുന്നവരല്ല ഞങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാരുടെ പ്രശ്നങ്ങളും യാഥാർത്ഥ്യബോധത്തോടുകൂടി കണ്ടു കൊണ്ട് അതിനെതിരെ പ്രതികരിക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയ പാർട്ടിയിലെ ഒരംഗമെന്ന നിലയിൽ പ്രതിപക്ഷത്തുനിന്നും പറയുന്ന നല്ല കാര്യങ്ങളുടെ സ്പിരിറ്റ് ഉൾക്കൊള്ളാൻ ഞങ്ങളും തയ്യാറാണ്. ഞങ്ങളെല്ലാം കർഷകരെ പ്രതിനിധീകരിച്ച് കാർഷിക മേഖലയിൽനിന്നും കടന്നു വരുന്നവരാണ്. കാർഷികമേഖലയിൽ കൃഷിക്കാരെന്നും അസ്വസ്ഥരാണ്. അവരുടെ വേദനകാണാൻ ആരും തയ്യാറാകുന്നില്ല. മാറിമാറി വരുന്ന ഗവൺമെൻറുകളും കർഷകരുടെകാര്യം വരുമ്പോൾ അവഗണനാ മനോഭാവമാണ് കാണിക്കുന്നത്. കുറെയൊക്കെ പരിഹാരമുണ്ടാകുന്നു എന്നുള്ളത് ഞാൻ സമ്മതിക്കുന്നു. പക്ഷെ അടിസ്ഥാനാവശ്യങ്ങൾക്കു നേരെ ഇന്നും അവഗണനയാണ് കർഷകർ നേരിടുന്നുവെന്നുള്ള യാഥാർത്ഥ്യത്തിനുമുമ്പിൽ നമ്മൾ കണ്ണടച്ചിട്ടു കാര്യമില്ല. ഇവിടെ കർഷകരുടെ പുരോഗതിയും, ഉൽപ്പാദന ക്ഷമതയും ഉൽപ്പാദന വർദ്ധനവുമൊക്കെ എടുത്തു പറഞ്ഞു. ഞാൻ സാന്ദർഭികമായി ഇതുമായി ബന്ധപ്പെട്ട ഒരു കാര്യംമാത്രം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. രണ്ടു ദിവസം മുമ്പ് ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. വി. വി. രാഘവൻ നടത്തിയ ഒരു പരാമർശം ഞാൻ ഓർക്കുകയാണ്. കാർഷിക സർവ്വകലാശാലാ ഗവേണിംഗ് ബോഡിയിലെ ഒരംഗമെന്ന നിലയിൽ യാഥാർത്ഥ്യം ഈയവസരത്തിൽ പറയാതെ പോകുന്നത് കൃത്യവിലോപമാകുമെന്നുള്ളതുകൊണ്ട് ഒരു കാര്യംമാത്രം പറയാൻ ആഗ്രഹിക്കുന്നു. കാർഷിക സർവ്വകലാശാലയിൽ കഴിഞ്ഞ മൂന്നുനാലുവർഷം കൊണ്ടുണ്ടായിട്ടുള്ള പുരോഗതി എത്രയോ വലുതാണെന്ന് ശ്രീ. വി. വി. രാഘവനെ പോലുള്ളവർക്ക് വസ്തുതകൾ മനസ്സിലാക്കുമ്പോൾ ബോദ്ധ്യം വരുമെന്നാണ് എനിക്കു പറയാനുള്ളത്. അവിടെ ചില കൊള്ളരുതായ്മകളും നടക്കുന്നുവെന്നകാര്യം ഞാൻ അംഗീകരിക്കുന്നു. ഭരണരംഗത്ത് ചില അഭിപ്രായ ഭിന്നതകളും വ്യത്യാസങ്ങളും ഉണ്ടാകുന്നുണ്ട്. പക്ഷെ പുരോഗതിയുടെ രംഗത്ത് നോക്കിയാൽ ഇന്ത്യക്ക് മാതൃകാപരമായ ഒരു ലൈബ്രറിയും, മാതൃകാപരമായ ഒരു ആഡിറ്റോറിയവും, ഫിഷറീസ് കോളേജിനു പുതിയ കെട്ടിടവും, നിരവധി പുതിയ കെട്ടിടങ്ങളും നിർമ്മിക്കുക മാത്രമല്ല നഷ്ടത്തിലായിരുന്ന കാർഷിക സർവ്വകലാശാലയെ ലാഭത്തിലേക്കു കൈപിടിച്ചുയർത്താനും കഴിഞ്ഞു. മണ്ണുത്തിയിൽ തീ പിടിച്ച് 23 പശുക്കളും ചത്തപ്പോൾ അതിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് തീരുമാനമെടുത്ത ഭരണസമിതിയാണ് ഇവിടെയുള്ളത്. അതുപോലെ അസിസ്റ്റൻറ് ഗ്രേഡ്-2 നിയമനത്തിൽ അഴിമതിയുണ്ടെന്നു ആരോപണമുണ്ടായപ്പോൾ ഉടനെതന്നെ ആ ഉത്തരവ് ക്യാൻസൽ ചെയ്യുന്നതിനും, ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതിനുമായി വിജിലൻസിനു കേസ് കൈമാറാനും തീരുമാനിച്ച ഭരണസമിതിയും വി.സി.-യുമാണ് അവിടെയുള്ളത്. സഭയിൽ കാര്യങ്ങൾ തെറ്റിദ്ധരിപ്പിക്കാതിരിക്കുന്നതിനുവേണ്ടി ഞാൻ ഈ കാര്യങ്ങൾ പറഞ്ഞുവെന്നേയുള്ളു. ആരേയും സംരക്ഷിക്കേണ്ട ചുമതല ഞങ്ങൾക്കാർക്കുമില്ല.

ശ്രീ. വി. വി. രാഘവൻ: ഭരണസമിതിയെടുത്ത തീരുമാനത്തെയല്ല ഞാൻ ചോദ്യം ചെയ്തത്. കാർഷിക സർവകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിലും, അദ്ധ്യാപകർക്കിടയിലും, തൊഴിലാളികൾക്കിടയിലും ഇത്രയേറെ എതിർപ്പുണ്ടാക്കാൻ കഴിഞ്ഞ വി.സി.-യുടെ കഴിവ് അപാരമല്ലേയെന്ന് ചിന്തിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: വി.സി.-യുടെ കഴിവിനെപ്പറ്റി ഞാൻ പറയുന്നില്ല. അത് കേരളത്തിലെ കാർഷികരംഗവുമായിട്ട് ബന്ധപ്പെട്ട എല്ലാവർക്കുമറിയാം. അങ്ങേക്കുമറിയാം. അങ്ങ് കൃഷിവകുപ്പ് മന്ത്രിയായിരുന്നപ്പോഴും ഡോ. മൈക്കിളിനെ കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ആക്കാൻവേണ്ടി ക്ഷണിച്ചുകൊണ്ട് എത്രയോ പ്രാവശ്യം എഴുതി, അദ്ദേഹത്തോട് അഭ്യർത്ഥന നടത്തി. ഞാൻ അത് വിസ്മരിക്കുന്നില്ല. ഇവിടെ കാര്യങ്ങൾ ഭംഗിയായി നടക്കുമ്പോൾ അതിനെതിരെ കണ്ണടച്ചുകൊണ്ട് ജനങ്ങളെ വഴിതെറ്റിക്കാനായി തെറ്റായ പ്രചരണങ്ങൾ അഴിച്ചുവിട്ടുകൊണ്ട് പ്രകമ്പനം സൃഷ്ടിക്കാനുള്ള നീക്കം ഇവിടെ നടക്കുന്നു. ശ്രീ. വി. വി. രാഘവൻ ഇവിടെ സൂചിപ്പിച്ചു അദ്ധ്യാപകരും, ജീവനക്കാരും, വിദ്യാർത്ഥികളും അവിടെ അഭിപ്രായവ്യത്യാസത്തിലാണെന്ന്. ഞാൻ അത് നിഷേധിക്കുന്നില്ല. ഇവിടെ നല്ല കാര്യങ്ങൾ ചെയ്യുമ്പോഴും ഒരു പറമാളുകൾ അതിനെതിരെ പ്രതികരിക്കുമെന്നുള്ളത് യാഥാർത്ഥ്യമാണ്.

ശ്രീ. പിണറായി വിജയൻ: കാർഷിക സർവകലാശാല ഗവേഷണത്തിനാണല്ലോ പ്രാധാന്യം കൊടുക്കുന്നത്. നിങ്ങൾ ഈ പറഞ്ഞകൂട്ടത്തിൽ ഗവേഷണത്തിലുള്ള പുരോഗതി എത്രത്തോളമുണ്ട്.

ശ്രീ. ജോണി നെല്ലൂർ: കാർഷിക സർവകലാശാലയിൽ കഴിഞ്ഞ നാലുവർഷമുണ്ടായ പുരോഗതി മുഴുവൻ നിരത്താൻ ഞാൻ ഇവിടെ തയ്യാറാകുന്നില്ല. പക്ഷെ ഗവേഷണരംഗത്ത് അത്ഭുതാവഹമായ നേട്ടങ്ങൾ കൈവരിച്ച ഒരു കാലഘട്ടമാണിത്. അത് രേണസമിതിയുടെ നേട്ടമല്ലേ? അവിടത്തെ ശാസ്ത്രജ്ഞൻമാരുടെ അതികഠിനമായ പ്രയത്നത്തിന്റെ ഫലമായി ഗവേഷണരംഗത്ത് വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അത്യുൽപ്പാദനശേഷിയുള്ള പുതിയ ഒട്ടനവധി വിത്തിനങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞ കാലഘട്ടങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. ഈ പുരോഗതിയെ കണ്ടില്ലെന്നു നടിക്കാൻ നമുക്ക് കഴിയില്ല. കാർഷിക മേഖലയിലും വ്യാവസായികമേഖലയിലും, വിദ്യാഭ്യാസ മേഖലയിലും, ആരോഗ്യപരിപാലനരംഗത്തും സാർവ്വത്രികമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇവിടെ ഗ്രാമസഭയെക്കുറിച്ചും താലൂക്ക്സഭയെക്കുറിച്ചും റവന്യൂ അദാലത്തിനെ കുറിച്ചുമൊക്കെ പറഞ്ഞു. ഇതൊക്കെ എല്ലാവരും സ്വാഗതം ചെയ്യുന്നതാണ്. താലൂക്ക്സഭ നല്ല ആശയമാണ്. ആ താലൂക്ക്സഭയിൽ ജനപ്രതിനിധികളടക്കം, ഉദ്യോഗസ്ഥൻമാരടക്കം പോയിരിക്കുന്നു. ചില ഉദ്യോഗസ്ഥൻമാർ വരുന്നില്ലയെന്നുള്ളത് പരമാർത്ഥമാണ്. അവിടെയെടുക്കുന്ന തീരുമാനങ്ങൾക്ക് സ്റ്റാറ്റ്യൂട്ടറി പവർ കൊടുക്കണമെന്ന് എത്രയോ പ്രാവശ്യം ഈ സഭയിൽ ഞങ്ങളൊക്കെ ആവശ്യപ്പെട്ടതാണ്. താലൂക്ക് സഭയ്ക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം കൊടുത്തുകൊണ്ട് കുറെക്കൂടി ജനകീയമായി മാറ്റാനുള്ള തീരുമാനം ഈ ഗവൺമെന്റ് കൈക്കൊള്ളുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ബഹുമാന്യനായ ധനകാര്യമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് കഴിഞ്ഞദിവസം പറഞ്ഞകാര്യം ഞാൻ ആവർത്തിക്കുകയാണ്. നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിപോകത്തക്കനിലയിൽ വലിയൊരാപത്ത് നമ്മുടെ മുമ്പിൽ തുറിച്ചുനോക്കിക്കൊണ്ട് നിൽക്കുകയാണ്. ഇവിടെ നിർമ്മാണ ജോലികൾ ഏറ്റെടുത്ത കരാറുകാർ അത് ഇട്ടിട്ടുപോകാൻ വെമ്പൽകൊള്ളുന്നു. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കരാറുകാരെ കിട്ടാത്ത അവസ്ഥയാണുള്ളത്. അങ്ങ് തന്നെ ഇവിടെ അവതരിപ്പിച്ച കണക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് കോടിക്കണക്കിന് രൂപ കരാറുകാർക്ക് കൊടുക്കാനുള്ള സാഹചര്യമാണ് ഇവിടെയുള്ളത്. ഞാൻ കരാറുകാർക്കുവേണ്ടി സംസാരിക്കുകയില്ല. നമ്മുടെ 140 നിയോജകമണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ ഭംഗിയായിട്ട് മുന്നോട്ട് കൊണ്ടുപോകണമെന്നുണ്ടെങ്കിൽ കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശികത്തുക മുഴുവൻ കൊടുത്തുകൊണ്ട് പുതിയ കരാറുകൾ കൊടുക്കണം. നിലവിലുള്ള നിർമ്മാണ ജോലികൾ പൂർത്തിയാക്കാനുള്ള സാഹചര്യമുണ്ടാകണം. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയിൽനിന്നും ഇത് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുകയാണ്. കരണ്ട് കട്ട്, കുടിവെള്ളക്ഷാമം, കൊതുകുകടി, വിലക്കയറ്റം മുതലായവ മൂലം കേരളത്തിലെ ജനങ്ങൾ കഷ്ടപ്പെടുകയാണ്. അഞ്ചരലക്ഷം വിദ്യാർത്ഥികൾ ഇന്നു മുതൽ 22 വരെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുകയാണ്. തലസ്ഥാന നഗരിയെ ഇന്നലെ ഇരുട്ടിലാക്കി കുട്ടികളെ കണ്ണുനീർ കുടിപ്പിച്ചു. തത്വദീക്ഷയില്ലാത്ത വകുപ്പുമന്ത്രി ഈ കൊല്ലം പവർകട്ട് ഉണ്ടാകുകയില്ലെന്ന് പ്രഖ്യാപിച്ച് വായ് അടയ്ക്കുന്നതിനു മുമ്പുതന്നെ കേരളത്തെ മുഴുവൻ ഇരുട്ടിലാക്കിക്കൊണ്ട് 75 ശതമാനം കട്ട് ഏർപ്പെടുത്തിയ ചരിത്രം കേരളത്തിൽ ഉണ്ടായിട്ടില്ല. അസംബ്ലി കഴിയുമ്പോഴേക്കും 100 ശതമാനം കട്ട് ആകും. മുമ്പ് കരുണാകരനെ അസഭ്യം പറഞ്ഞുകൊണ്ട് കാർത്തികേയൻ എല്ലാം തിരുത്തി കരുണാകരന്റെ കാല് പിടിച്ചശേഷം ഇപ്പോൾ നാണമില്ലാതെ ആന്റണിയെ താങ്ങി നടക്കുകയാണ്. ലോഡ്ഷെഡ്ഡിംഗും പവർകട്ടും മൂലം സംസ്ഥാനത്ത് ശുദ്ധജലവിതരണം നടക്കാത്തതുകൊണ്ട് കുടിവെള്ളംപോലും കിട്ടുന്നില്ല. ആയിരക്കണക്കിന് ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. വൻകിട വ്യവസായ സ്ഥാപനങ്ങൾ ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇതുമൂലം പതിനായിരക്കണക്കിന് തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. സംസ്ഥാനത്ത് 5 വർഷത്തിനിടയിൽ ഒരൊറ്റ വ്യവസായം പോലും പുതുതായി ആരംഭിച്ചിട്ടില്ല. ഇൻഡ്യയിൽ ആദ്യമായി ഇരിങ്ങാലക്കുടയിൽ തുടങ്ങുന്ന നാളികേര സംസ്കരണ യൂണിറ്റാണ് ഫ്രഷ്കോ കോക്കനട്ട് പ്രോഡക്ട്സ്. വ്യവസായ വികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ 2 കോടി രൂപ മുതൽ മുടക്കി ആരംഭിക്കുന്ന വ്യവസായ സ്ഥാപനമാണിത്. 1996 ജനുവരി ഒന്നു മുതൽ പ്രതിമാസം ഈ കമ്പനിക്ക് അനുവദിച്ച വൈദ്യുതി ഒരു യൂണിറ്റാണ്. ആ യൂണിറ്റ് ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുകയാണ്. 14 വ്യവസായികളെ മുഖ്യമന്ത്രി വിരിച്ച് സ്വീകരിക്കും എന്ന് വിദേശങ്ങളിൽ പോയി തട്ടിവിടുന്ന മന്ത്രിമാരെല്ലാംകൂടി കേരളത്തെ ശവപ്പറമ്പാക്കി മാറ്റിയിരിക്കുകയാണ്". 2600 തൊഴിലാളികളുള്ള കൊരട്ടി മധുരാകോട്സ് അടച്ചുപൂട്ടിയിട്ട് 3 വർഷമായി. മൂന്നിൽ രണ്ടുഭാഗം തൊഴിലാളികളെ പിരിച്ചുവിട്ട് കമ്പനി തുറക്കാൻ മന്ത്രിയും ഭരണകക്ഷി നേതാക്കളും, മുതലാളിയുമായി കരാർ ഉണ്ടാക്കി. നാട്ടുകാരേയും, തൊഴിലാളി വർഗ്ഗത്തേയും വഞ്ചിച്ചിരിക്കുകയാണ്. കരാർ വിശദീകരിക്കാൻ കമ്പനി പടിക്കൽ എത്തിയ ശ്രീ. കെ. കെ. ബാലകൃഷ്ണൻ, എം.എൽ.എ.-യുടെ കഴുത്തിന്റെ അളവ് തൊഴിലാളികൾ നല്ലനിലയിൽ എടുത്തുവിട്ടു. ശ്രീ. പി. ജെ. ജോയി എം.എൽ.എ. ജീവനും കൊണ്ട് ഓടി രക്ഷപ്പെട്ടു. പാലക്കുടി എം.എൽ.എ.-യും മുകുന്ദപുരം എം.പി.-യും

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യപരമായ കാരണങ്ങളാൽ കൊരട്ടി വഴി യാത്ര ചെയ്യുന്നില്ല. ചാലക്കുടി റിഫ്രാക്ടറീസ്, പ്രീമിയർ കേബിൾസ് തുടങ്ങി 100 കണക്കിന് വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടിയിരിക്കുകയാണ്. ഉച്ചക്കഞ്ഞി വിതരണം, പ്രാഥമിക വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്കായി കഴിഞ്ഞ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ വിദ്യാഭ്യാസ വകുപ്പ് 32 കോടി രൂപ ലാപ്സാക്കി. വിദ്യാഭ്യാസം കച്ചവടമാക്കി മാറ്റി. അടുത്ത 5 വർഷത്തിനകം 4,500 സർക്കാർ എയ്ഡഡ് സ്കൂളുകൾ അടച്ചു പൂട്ടേണ്ടിവരും. 25,000 അദ്ധ്യാപകരുടെ പണി പോകും. ഇപ്പോൾ സംസ്ഥാനത്ത് 1413 അൺ എക്കണോമിക് സ്കൂളുകൾ ഉണ്ടെന്നും, അത് അടച്ചു പൂട്ടിക്കൊണ്ടിരിക്കുകയാണെന്നും മന്ത്രി നിയമസഭയിൽ രേഖാമൂലം മറുപടി തന്നിട്ടുണ്ട്. 650 സർക്കാർ സ്കൂളുകളും, 804 എയ്ഡഡ് സ്കൂളുകളും ആണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരുകൾ എല്ലാം ആവശ്യാനുസരണം സ്കൂളുകളും കോളേജുകളും പൊതുമേഖലയിലും സ്വകാര്യ മേഖലയിലും കൊടുത്തിട്ടുണ്ടെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. 1980-ലെ ഇടതുപക്ഷ സർക്കാർ തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിലും, മാളയിലും സ്വകാര്യ കോളേജുകൾ കൊടുത്തു. കമ്മ്യൂണിസ്റ്റുകാർ അല്ല കൊടുത്തത്, കന്യാസ്ത്രീകൾക്കാണ്, 1967-ൽ കോളേജു കൊടുത്തത് സി.എം.പി.-ക്ക് ആണ്, സി.പി.ഐ.-യ്ക്ക് അല്ല. അത് അപ്പുറത്തുള്ളവർ മനസ്സിലാക്കണം. ഇടതുപക്ഷ സർക്കാർ സ്വകാര്യമേഖലയ്ക്ക് എതിരു നിന്നിട്ടില്ല. ഇടതുപക്ഷക്കാർ ആരും സ്വകാര്യമേഖലയ്ക്ക് എതിരല്ല. വൻ തുക കോഴയും, ഫീസും വാങ്ങി സമ്പന്നർക്ക് മാത്രം വേണ്ടി നടത്തുന്ന അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളെയും, കോളേജുകളെയും ആണ് ഞങ്ങൾ എതിർക്കുന്നത്. അപ്പനും അമ്മയ്ക്കും തറവില നിശ്ചയിക്കുന്ന ഡാഡി, മമ്മി, ഡിസ്കോ, എയ്ഡ്സ് സംസ്കാരം വളർത്തുന്ന സ്കൂളുകളെയാണ് ഞങ്ങൾ എതിർക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9 സർക്കാർ സ്കൂളുകളും 13 എയ്ഡഡ് സ്കൂളുകളും അനുവദിച്ചപ്പോൾ 325 ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ആണ് അനുവദിച്ചിട്ടുള്ളത്. സർക്കാർ സ്കൂളുകളും, എയ്ഡഡ് സ്കൂളുകളും അടച്ചു പൂട്ടിയാൽ അവശേഷിക്കുന്നത് അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മാത്രമായിരിക്കും. ഇത്രയും സ്കൂളുകളിൽ അദ്ധ്യാപകർക്ക് ശമ്പളവും പെൻഷനും ലഭിക്കുന്നില്ല. സംവരണ തത്വം പാലിക്കപ്പെടുകയില്ല. പാവപ്പെട്ടവരുടെ കുട്ടികൾക്ക് പഠിക്കുവാൻ സാധ്യമല്ല. ഇപ്പോൾ സ്കൂളുകൾ കൊടുത്തിരിക്കുന്നത് മന്ത്രിമാരുടെ സ്വന്തക്കാർക്കും, കള്ളക്കടത്തുകാർക്കും, കൊള്ളക്കാർക്കും മാത്രമാണ്. സമുദായത്തിലെ പാവപ്പെട്ടവർക്ക് യാതൊരു പ്രയോജനവും ഇല്ല. ഇൻഡ്യയിലെ ദളിത് ക്രിസ്ത്യാനികളെ കോൺഗ്രസ് സർക്കാർ വീണ്ടും വഞ്ചിച്ചിരിക്കുകയാണ്. സ്വാതന്ത്ര്യം കിട്ടി അര നൂറ്റാണ്ടുകാലം അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തും എന്ന് പറഞ്ഞ് കബളിപ്പിച്ച് വോട്ടു തട്ടിയെടുത്തു. ശ്രീ. നരസിംഹറാവു ബി.ജെ.പി.-യുമായി അഡ്ജസ്റ്റുമെന്റുണ്ടാക്കി ബാബറിമസ്ജിദ് തകർത്തതുപോലെ ക്രിസ്ത്യാനികളെയും ഇവർ വഞ്ചിച്ചിരിക്കുകയാണ്. യൂദാസിന്റെ സന്തതികൾക്ക് മാപ്പു കൊടുക്കില്ല. കേരളത്തിൽ ദളിത് ക്രിസ്ത്യാനികളെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തി ഉത്തരവിട്ടത് 1987-ൽ ഇടതുപക്ഷ സർക്കാരാണ്. പാവപ്പെട്ടവർക്ക് വേണ്ടി കോൺഗ്രസ് സർക്കാരുകൾ ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. സത്യവിശ്വാസികളുടെ മൊത്തം കച്ചവടക്കാരായ അപ്പുറത്തുള്ള കോൺഗ്രസ്സുകാരും, കേരളാ കോൺഗ്രസ്സുകാരും ഈ കാര്യത്തിൽ എന്തു പറയും എന്ന് അറിയാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹമുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ രാജീവ് ഗാന്ധിയെ കൊലപ്പെടുത്തി, അതിനു മുമ്പ് ഇന്ദിരാഗാന്ധിയേയും കൊലപ്പെടുത്തി ഇവർ അധികാരത്തിൽ വന്നു. ഇനി അടുത്ത തെരഞ്ഞെടുപ്പിലും ഒരു ഗാന്ധിയെ ഇവർക്കു വേണം. സോണിയാ ഗാന്ധി ഇറ്റലിക്കാരിയാണ്. വകയിൽ ഞങ്ങളുടെ ഒരു പെങ്ങളായി വരും. ആ കടുംകൈ നിങ്ങൾ അവരോട് ചെയ്യരുതേ എന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. ജോർജ്ജ് ഈഡൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നു. ഉപ്പും മഞ്ഞൾപ്പൊടിയും മാത്രമിട്ടു വേവിച്ച നല്ല ഒന്നാന്തരം നാടൻ കപ്പ പോലെയാണ് ഈ ബഡ്ജറ്റ്. എല്ലാത്തരം ആളുകൾക്കും ഇഷ്ടപ്പെടുന്ന ഒരു ബഡ്ജറ്റാണിത്. വലിയ മോഹന സുന്ദര വാഗ്ദാനങ്ങളില്ലാതെ, അവകാശവാദങ്ങളില്ലാതെ, കൈയടികൾക്കുവേണ്ടിയുള്ള ഇളവുകളില്ലാതെ, ആനുകൂല്യങ്ങളില്ലാതെ ഒരു സമീകൃത ആഹാരംപോലെ ഈ ബഡ്ജറ്റിനെ പരിണിതപ്രജ്ഞനായ ശ്രീ. പത്മരാജൻ അവതരിപ്പിച്ചിരിക്കുന്നു. ഈ ബഡ്ജറ്റിനെക്കുറിച്ച് ഒന്നും പറയാനില്ലാത്തതുകൊണ്ട് ബഡ്ജറ്റിലുള്ള കാര്യങ്ങളൊന്നും പറയാതെ, ഇന്നു രാവിലെ മുതൽ പ്രതിപക്ഷ കക്ഷികൾ ഇവിടെ പറഞ്ഞുകൊണ്ടിരുന്നത് ഹവാലയെക്കുറിച്ചും, ഫ്രഞ്ച് സമുദ്ര സർവേയെപ്പറ്റിയുമാണ്. ഇവിടെ ഹവാലയെക്കുറിച്ച് ഈ നിയമസഭ തുടങ്ങിയതുമുതൽ ഘോരമായ ചർച്ചയാണ്. ഹവാലയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളെ പരതി നോക്കിയപ്പോൾ കേരളത്തിൽനിന്ന് ഒരൊറ്റ ആളേയും പ്രതിപക്ഷത്തിന് കാണാൻ കഴിഞ്ഞില്ല. കേരളത്തിൽ നിന്ന് ഒരാളേയും തപ്പി നോക്കിയിട്ട് കിട്ടാഞ്ഞപ്പോൾ പ്രതിപക്ഷ കക്ഷിക്കാർ പറയുന്നത് ഹവാലയുടെ കാര്യത്തിൽ കേന്ദ്രം കേരളത്തെ അവഗണിച്ചിരിക്കുന്നു എന്നാണ്. ഹവാലയുടെ അർഹമായ വിഹിതം കിട്ടിയിട്ടില്ല എന്നാണ് പ്രതിപക്ഷ കക്ഷികൾ ഇവിടെ പറഞ്ഞത്. ഇവിടെ രാവിലെ ഹവാല കഴിഞ്ഞപ്പോൾ കിട്ടിയത് കൊച്ചി സമുദ്രത്തിൽ നടന്ന ഒരു സർവെയെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളാണ്. ബഹുമാന്യനായ ശ്രീ. പിണറായി വിജയൻ സമുദ്ര സർവെയെക്കുറിച്ച് വളരെ വിശദമായി അടിയന്തിര പ്രമേയം അവതരിപ്പിക്കുകയുണ്ടായി. കൊച്ചി തുറമുഖത്ത് വിവിധ കപ്പലുകൾ വരാറുണ്ട്, യന്ത്രവൽകൃത കപ്പലുകളും അതുപോലെ തന്നെ പായ്ക്കപ്പലുകളുമായി എത്തുന്ന സഞ്ചാരികളും എത്തുന്ന സ്ഥലമാണ് കൊച്ചി. അവിടെ ബോൾഗാട്ടി പാലസിന്റെ മുന്നിലേയ്ക്ക് ചെന്നാൽ കായലിൽ നങ്കൂരമിട്ടു കിടക്കുന്ന മനോഹരങ്ങളായ പായ്ക്കപ്പലുകളെ കാണാൻ കഴിയും. ഇവിടെ പറഞ്ഞ ഫ്രഞ്ചു കപ്പലിനെ സംബന്ധിച്ച് ഈ ചാരക്കേസുമായി ബന്ധപ്പെടുത്തി പത്രങ്ങളിലും ഒരു റിപ്പോർട്ട് വന്നു. ആ കപ്പലിന്റെ ഫ്രഞ്ചുകാരനായ ക്യാപ്റ്റൻ ക്യാവലിന്റെ നേതൃത്വത്തിൽ സാഹസികരായ ഒരു പറ്റം ആളുകൾ കൊച്ചിയിൽ എത്തിയിരിക്കുന്നു എന്നാണ് റിപ്പോർട്ട്. അവരെക്കുറിച്ച് നല്ല ഒരു റിപ്പോർട്ടാണ് എല്ലാ പത്രത്തിലും വന്നത്. അതിനുശേഷമാണ് ഈ സമുദ്ര സർവെ ചാരപ്രവർത്തനമാണോ എന്നു സംശയിക്കുന്നത് എന്ന് പറഞ്ഞുള്ള റിപ്പോർട്ട് വന്നതും, അതിന് കോസ്റ്റ് ഗാർഡ് അവരെ പിടിച്ചതുമൊക്കെ. ഈ കേസുമായി എറണാകുളം എം. പി.-യായ പ്രൊഫസർ കെ. വി. തോമസിന് ബന്ധം ഉണ്ടെന്നാണ് അവിടെ പറഞ്ഞ ആരോപണം. പ്രൊഫസർ കെ. വി. തോമസ് എം. പി. പോലീസുമായുള്ള സംസാരത്തിലും തന്റെ നിലപാട് വളരെ വിശദമായി പ്രഖ്യാപിക്കുകയുണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ചാരപ്രവർത്തനം പോലുള്ള പ്രവർത്തനങ്ങൾ നടത്തി എന്ന സംശയത്തിന്റെ നിഴലിൽ നിന്നു പ്രവർത്തകരെ പെട്ടെന്നു വിടുവിയെടുക്കുവാനുള്ള ബോധപൂർവമായ ശ്രമമാണ് ഇന്ന് പ്രതിപക്ഷ കക്ഷികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഏതാനും നാളുകൾക്കു മുൻപ് മുൻ മുഖ്യമന്ത്രിയായ ശ്രീ. കെ. കരുണാകരനെ പ്രതിക്കൂട്ടിൽ കയറ്റിക്കൊണ്ട് ഒരു ചാരക്കേസ് ഉണ്ടായില്ലേ? ആ കേസിന്റെ വിധി എന്തായി? ഇന്ന് ആര്യം ചാരക്കേസിനെക്കുറിച്ചും, ശ്രീവാസ്തവയെക്കുറിച്ചും ഒന്നും മിണ്ടുന്നില്ല. ആ കേസ് അവസാനിപ്പിക്കാൻ സി.ബി.ഐ. തീരുമാനിച്ചിരിക്കുന്നു എന്നു പറയുന്നു. അങ്ങനെയാണെങ്കിൽ ഈ ചാരക്കേസിന്റെയും ഗതി മറ്റൊന്നല്ല എന്നാണ് എന്റെ അഭിപ്രായം. ഒരു വിദേശക്കപ്പൽ കൊച്ചി തുറമുഖത്ത് നങ്കൂരമിട്ടുകൊണ്ട് ചില പ്രവർത്തനങ്ങൾ നടത്തിയാൽ, അതിൽ നിന്നും ആളുകൾ വന്ന് സ്ഥലം എം. പി.-യെ കണ്ട് എന്തെങ്കിലും സഹായം ചോദിച്ചാൽ ആളുകൾ അതിനെ ചാരപ്രവർത്തനമാണെന്നും, എം.പി. യെ ചാരപ്രവർത്തകനാണെന്നും പറയും. കോടതി കേസ് എടുത്തിരിക്കുന്ന ഒരു പ്രശ്നത്തിൽ പ്രൊഫസർ കെ. വി. തോമസ് എം. പി. പ്രതിയായിട്ടില്ല. അദ്ദേഹത്തെ ബന്ധപ്പെടുത്തിക്കൊണ്ട് താറടിച്ചു കാണിക്കുവാനുള്ള ശ്രമമാണ് പ്രതിപക്ഷ കക്ഷികൾ നടത്തിക്കൊണ്ടിരുന്നത്. നിയമം അതിന്റെ വഴിക്കുതന്നെ പോകും. ആരെല്ലാം ഈ കേസിൽ ബന്ധപ്പെട്ടിട്ടുണ്ടോ അവരെയെല്ലാം നിയമം അതിന്റെ വഴിക്കുതന്നെ കൈകാര്യം ചെയ്യും എന്ന് മുഖ്യമന്ത്രി അസന്നിഗ്ദ്ധമായ ഭാഷയിൽ ഇവിടെ പറഞ്ഞു.

സർ, ഇവിടെ പ്രൊഫസർ മീനാക്ഷി തമ്പാൻ വളരെ വികാരരഹിതയായി ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയത്തെ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. അൺ എയിഡഡ് സ്കൂളുകൾ ആരംഭിച്ചതിനെ സംബന്ധിച്ചും സ്വാശ്രയ കോളേജുകൾ അനുവദിച്ചതിനെ സംബന്ധിച്ചും ഒക്കെ ഒരു അദ്ധ്യാപികകൂടിയായ അവർ ഇവിടെ വളരെ വിശദമായി പറയുകയുണ്ടായി. കേരളത്തിന്റെ സ്ഥിതി എന്താണ്? കുറെ നാളുകൾക്കുമുൻപുവരെ റസിഡൻഷ്യൽ പബ്ലിക് സ്കൂളുകൾ, നല്ല നിലവാരമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ എന്നിവ ഈ സംസ്ഥാനത്തുണ്ടായിരുന്നില്ല. പാവപ്പെട്ടവന്റെയും പണക്കാരന്റെയും മക്കളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് വായ് തോരാതെ എക്കാലവും ഇടതുപക്ഷകക്ഷികൾ വാദിക്കാറുണ്ട്. പണക്കാരന്റെ കുട്ടികൾ നല്ല സ്കൂളുകളിൽത്തന്നെയാണ് പണ്ടും പഠിച്ചിട്ടുള്ളത്. അന്ന് കേരളത്തിൽ ആ സൗകര്യമില്ലാതിരുന്നതുകൊണ്ട് അവർ ഊട്ടി, കൊടൈക്കനാൽ, കോയമ്പത്തൂർ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽപ്പോയി പഠിച്ച് നല്ല വിദ്യാഭ്യാസം നേടിയിരുന്നു, ഇവരാണ് കേരളത്തിൽ ഐ. എ. എസ്സും, ഐ. എഫ്. എസ്സും. ഐ. പി. എസ്സും ഒക്കെ നേടുന്നത്. മറ്റു സംസ്ഥാനങ്ങളിലേക്ക് പോകാതെതന്നെ ഊട്ടിയിലും മറ്റുമൊക്കെയുള്ള സ്കൂളുകളുടെ നിലവാരമുള്ള ഒന്നാംതരം സ്കൂളുകൾ ഇന്ന് ഈ സംസ്ഥാനത്ത് ആരംഭിച്ചിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോകുന്നതു മുഴുവൻ പണക്കാരാണ് എന്നുള്ള സങ്കൽപ്പം ശരിയാണോ? എറണാകുളം പോലെയുള്ള ജില്ലയിലെ കാര്യം എനിക്കറിയാം. ഇടത്തരക്കാർ, ഫാക്ടറിത്തൊഴിലാളികൾ, അന്നന്ന് വേതനം കിട്ടുന്ന നിർമ്മാണത്തൊഴിലാളികൾവരെ തന്റെ കുട്ടിയെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിപ്പിക്കണം, അവർ ഈ സമൂഹത്തിൽ മറ്റ് ഏതൊരു വിദ്യാർത്ഥിയോടും കിടപിടിക്കാൻ കഴിയുന്നവനായി മാറണം എന്നുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടുകൂടിയാണ് ഇംഗ്ലീഷ്

LIBRARY ARCHIVES Kerala Legislative Assembly

മീഡിയം സ്കൂളുകളിൽ, പബ്ലിക് സ്കൂളുകളിൽ പഠിപ്പിക്കുന്നത് എന്നുള്ള യാഥാർത്ഥ്യത്തിനുനേരെ ഇടതുപക്ഷശക്തികൾക്ക് മുഖം തിരിക്കാനാവുമോ എന്നാണ് എന്റെ ചോദ്യം. പാവപ്പെട്ടവനായാലും ഉന്തുവണ്ടി വലിക്കുന്നവനായാലും അവനു് ഇന്നു് ഇംഗ്ലീഷ് മീഡിയം സ്കൂളാണ് മതി. അതുകൊണ്ടാണ് മലയാളം മീഡിയം സ്കൂളിൽ പഠിക്കാൻ കുട്ടികളില്ലാത്തത്. അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം സ്വരൂപിച്ചുവച്ച് അയ്യായിരവും പതിനായിരവുമൊക്കെ രൂപ വാങ്ങിക്കുന്ന നഴ്സറി സ്കൂളുകളിൽ കൊടുക്കാൻ തയ്യാറായി ആളുകളാണ് എന്തുകൊണ്ടാണ് ക്യൂ നിൽക്കുന്നത് എന്നാലോചിക്കുമ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തുണ്ടായിരിക്കുന്ന കാലോചിതമായ മാറ്റം അത് ഉൾക്കൊള്ളാൻ ഇടതുപക്ഷ കക്ഷികൾക്ക് സാധിക്കുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ഇപ്പോൾ മലയാളം മീഡിയം സ്കൂളുകളിൽ അഞ്ചാം ക്ലാസ്സിലേക്കും എട്ടാം ക്ലാസ്സിലേക്കും പാരലൽ ഇംഗ്ലീഷ് മീഡിയം കോഴ്സുകൾ ആരംഭിച്ചിരിക്കുന്നു. ആ കോഴ്സുകൾ ആരംഭിക്കാൻ ഇടതുപക്ഷ മുന്നണിയിൽപ്പെട്ട എം.എൽ.എ -മാർതന്നെ ശുപാർശ ചെയ്തിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ അഞ്ചാം ക്ലാസിലും പത്താം ക്ലാസിലും ആരംഭിച്ചതുപോലെതന്നെ അടുത്ത അദ്ധ്യയന വർഷം മുതൽ അതർഹിക്കുന്ന സ്കൂളുകൾക്ക്, സൗകര്യമുള്ള, നല്ല അദ്ധ്യാപകരുള്ള സ്കൂളുകളിൽ ഒന്നാം ക്ലാസ്സുമുതൽതന്നെ പാരലൽ ഇംഗ്ലീഷ് മീഡിയം കോഴ്സുകൾ ആരംഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ്. അതോടൊപ്പംതന്നെ ഇവിടെ 217 അൺ എയിഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു എന്ന് ബഡ്ജറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഇന്നും നമ്മുടെ സംസ്ഥാനത്ത് അർഹതയുള്ള ഒട്ടേറെ അൺ എയിഡഡ് സ്കൂളുകൾ ബാക്കി നിൽക്കുകയാണ്. നല്ല സ്ഥാപനങ്ങൾ നടത്തുന്നതും കോൺവെൻറുകൾ നടത്തുന്നതും ചർച്ചുകൾ നടത്തുന്നതും മറ്റു സാംസ്കാരിക സംഘടനകൾ നടത്തുന്നതുമായ നല്ല ഒന്നാംതരം സ്കൂളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ സ്കൂളുകൾക്കെല്ലാം അർഹമായ പരിഗണനയും അംഗീകാരവും അപ്ഗ്രേഡേഷനും കൊടുക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഇവിടെ വളരെ വികാരഭരിതരായി ശ്രീ. വർക്കല രാധാകൃഷ്ണനെപ്പോലെയുള്ള തല മുതിർന്ന നേതാക്കൻമാർ ശിവഗിരി പ്രശ്നത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. സമുദായാചാര്യൻ മന്നത്തു പത്മനാഭനെ ആദരിക്കാനും അംഗീകരിക്കാനും ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് നേതാക്കൻമാർ തയ്യാറായി എന്നുള്ളത് വളരെ ശ്ലാഘനീയമാണ്. കേരളത്തിലെ ഐതിഹാസികമായ വിമോചന സമരത്തിനു് നേതൃത്വം കൊടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെൻറിനെതിരെ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ പതനത്തിനു് കാരണഭൂതനായ സമുദായാചാര്യൻ മന്നത്തു പത്മനാഭനെ ഈ വൈകിയ വേളയിലെങ്കിലും ആദരിക്കാൻ മുന്നോട്ടു വന്ന ഇടതുപക്ഷകക്ഷികളെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ സമാധിയോടു് അനാദരവു് പ്രകടിപ്പിച്ചിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പെരുന്നയിൽ എന്തെങ്കിലും പ്രശ്നമുണ്ടായിട്ടുണ്ടെങ്കിൽ ആ പ്രശ്നം സംസാരിക്കാനും തീർക്കാനും യോഗ്യൻമാരായിട്ടുള്ള നേതാക്കൻമാരും ആളുകളും ഞങ്ങളുടെ പാർട്ടിയിലുണ്ടു് എന്നു് അവരെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

ശ്രീ. വി. വി. രാഘവൻ: കേന്ദ്രമന്ത്രി ശ്രീമാൻ കെ. കരുണാകരൻ പറയുന്നത് ശ്രീ. ആൻറണി ഇക്കാര്യത്തിൽ മാപ്പു പറയണമെന്നാണ്, അതിനെക്കുറിച്ചു് എന്താണ് അങ്ങയുടെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ഈഡൻ: പെരുന്ന സംഭവത്തിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. അതിനെ സംബന്ധിച്ച് എൻ. എസ്. എസ്.-ന്റെ നേതാക്കൻമാർ വളരെ വികാരഭരിതമായ ഭാഷയിൽ സംസാരിച്ചിട്ടുണ്ട്. അവരുടെ വികാരങ്ങളെ വ്രണപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിനു തക്ക പരിഹാരമെന്താണെന്ന് ഞങ്ങളുടെ നേതാക്കൻമാർ ആലോചിച്ച് ചെയ്യുമെന്നു മാത്രമാണ് എനിക്ക് പറയുവാനുള്ളത്. ശിവഗിരി പ്രശ്നത്തെ സംബന്ധിച്ച് ശ്രീ. വർക്കല രാധാകൃഷ്ണൻ വികാരഭരിതമായി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ പ്രശ്നവും അതുപോലെ തന്നെ. ശ്രീനാരായണീയരുടെ ഇടയിൽ ആ സംഭവത്തെപ്പറ്റി വേദന ഉണ്ടായിട്ടുണ്ടെന്നേ ഞങ്ങൾക്കറിയാം. ഒരു വിഭാഗമാളുകൾ വ്രണിതഹൃദയരായി നിൽക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അവരുടെ ബുദ്ധിമുട്ടുകൾ, അവരുടെ പ്രയാസങ്ങൾ, അവരുടെ വേദനകൾ ഇവയെല്ലാം മാനിക്കാൻ തീർച്ചയായും ഗവൺമെൻറും ഞങ്ങളുടെ മുന്നണിയും മുന്നോട്ടു വരുമെന്നതിന് സംശയം വേണ്ട. ആ പ്രശ്നവും ഞങ്ങൾക്ക് തീർക്കാനറിയാം. നിങ്ങളുടെ സഹായം വേണ്ട എന്നു മാത്രമാണ് എനിക്ക് പറയുവാനുള്ളത്. കമ്മ്യൂണിസ്റ്റുകാർക്ക് എന്നാണ്. ശ്രീനാരായണഗുരുദേവനോടും മന്നത്തു പത്മനാഭനോടും ആരാധന തുടങ്ങിയത്? എന്നാണ് ആരാധനാലയങ്ങളോട് ആഭിമുഖ്യം പുലർത്താൻ തോന്നിയത്? എന്തായിരുന്നു നിങ്ങൾ ഒരു കാലത്ത് മതിലുകളിൽ എഴുതിവച്ചിരുന്നത്?

'രണ്ടുതുട്ടേകിയാൽ ചുണ്ടിൽ ചിരി വരും,
തെണ്ടിയല്ലോ മതം തീർത്ത ദൈവങ്ങളും' എന്നാണ് കമ്മ്യൂണിസ്റ്റുകാർ മതിലുകളിൽ എഴുതിവച്ചിരുന്നത്. ഇപ്പോൾ അവർ ഈശ്വര വിശ്വാസികളായി, പള്ളികളിലും ക്ഷേത്രങ്ങളിലും, പോകുന്നവരായി. ശബരിമല ചവിട്ടുന്നവരായി, വേളാങ്കണ്ണി മാതാവിന്റെ അടുത്തു പോകുന്നവരായി, സന്തോഷം. ചാരായ നിരോധനം സംബന്ധിച്ച് ഒട്ടേറെ ചർച്ചകൾ നടക്കുകയുണ്ടായി. ചാരായ നിരോധനം എല്ലാ വിഭാഗമാളുകളും ഇന്ന് സ്വാഗതം ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ ചാരായ നിരോധനം മൂലമുണ്ടായിട്ടുള്ള മറ്റു പ്രശ്നങ്ങൾ പ്രായോഗികമായ ഒരു സമീപനത്തിലൂടെ പരിഹരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ചാരായ നിരോധനം വരുമ്പോൾ ഏപ്രിൽ ഒന്നാം തീയതി മുതൽ സ്വാഭാവികമായും കള്ളുഷാപ്പുകളിൽ ആളുകൾ കൂടും. കള്ളിന്റെ ഉപഭോഗം വർദ്ധിക്കും. പക്ഷേ ആവശ്യത്തിന് കള്ള് നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴേ കിട്ടുന്നില്ല. 1 ാം തീയതി കഴിഞ്ഞാൽ കള്ളിന്റെ ഉപഭോഗം രണ്ടും മൂന്നും ഇരട്ടിയായി വർദ്ധിക്കും. അതുകൊണ്ട് യഥാർത്ഥ കള്ളിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കണം. കൂടുതൽ തെങ്ങുകൾ ചെത്താൻ സാധിക്കണം. കൂടുതൽ കള്ളുൽപ്പാദിപ്പിക്കാൻ സാധിക്കണം. മേശക്കള്ള് എന്നറിയപ്പെടുന്ന കൃത്രിമ കള്ളാണ് ഈ നാട്ടിൽ കൊടുക്കുന്നത്. അത് മാറി യഥാർത്ഥ കള്ള് ഈ സംസ്ഥാനത്ത് കൊടുക്കാനുള്ള നടപടിയുണ്ടാകണം, ആം കേരള ടോഡി കൺസ്യൂമേഴ്സ് അസോസിയേഷൻ സംസ്ഥാന സർക്കാരിന് നൽകിയ ഒരു നിവേദനത്തിന്റെ ചില ഭാഗങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അവരുടെ പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവയാണ്. 'ഒന്ന്, പട്ട നിരോധനത്തെത്തുടർന്ന് ഷാപ്പുകളിലുണ്ടാകാവുന്ന അഭൂതപൂർവ്വമായ തിരക്കൊഴിവാക്കാൻ കൂടുതൽ കള്ളുഷാപ്പുകൾ അനുവദിക്കുക. മായം ചേർക്കാത്ത നല്ല കള്ള് തെങ്ങിൽനിന്ന് ഇറങ്ങുമ്പോൾത്തന്നെ നിരീക്ഷകരുടെ സാന്നിദ്ധ്യത്തിൽ ഷാപ്പിൽ എത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനും അത് വിതരണം ചെയ്യാനും നടപടി എടുക്കുക. കള്ളിനു തൊടുകറി സൗജന്യമായി നൽകുക. ഹോട്ടലുകളെപ്പോലെതന്നെ കള്ളുഷാപ്പുകൾക്കും സ്റ്റാർ പദവി നൽക്യുക' എന്നിവയാണ്.

ശ്രീ. ടി. ശിവദാസമേനോൻ; ടോഡി അസോസിയേഷൻ പ്രസിഡൻറായ മഹാനായ വ്യക്തിയുടെ പേര് പറയാമോ?

ശ്രീ. ജോർജ്ജ് ഈഡൻ: പേര് വെളിപ്പെടുത്താൻ നിവൃത്തിയില്ല. കാരണം ടോഡി കൺസ്യൂമർ അല്ലെങ്കിൽ ലിക്വർ കൺസ്യൂമർ എന്നൊക്കെ പറഞ്ഞാൽ അത് മോശമാണെന്നുള്ള മട്ടിലാണ് കണ്ടിരിക്കുന്നത്. അതുകൊണ്ട് അവർ അച്ചടിച്ചുകൊടുത്ത ഒരു നിവേദനമാണിത്. അതുകൊണ്ട് തൽക്കാലം അതിലുള്ള പേര് വെളിപ്പെടുത്താൻ നിവൃത്തിയില്ല. അതിൽ പല പ്രമാണിമാരുമുണ്ടെന്നുതന്നെ വയ്ക്കണം.

ശ്രീ. പി. എം. മാത്യു: അതിന്റെ പ്രസിഡൻറ് സ്വയം സംസാരിക്കുന്നു എന്നുപറഞ്ഞാൽ അതിൽ തെറ്റുണ്ടോ?

ശ്രീ. ജോർജ്ജ് ഈഡൻ: ഹോട്ടലുകളെപ്പോലെ കള്ളുഷാപ്പുകൾക്കും സ്റ്റാർ പദവി നൽക്യുക. ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ, ത്രീ സ്റ്റാർ എന്ന രീതിയിൽ ഇവയെ തരംതിരിക്കുക. ഇപ്പോൾ ഒരു കള്ളുഷാപ്പിലോട്ടു ചെന്നാൽ പട്ടിയും, പൂച്ചയും അതിനകത്തുണ്ടാവും, ചെറ മറച്ച മരത്തടികൊണ്ട് തിരിച്ച കള്ളുഷാപ്പുകളാണ് ഇന്നുള്ളത്. ചുവരുകൾ ചുണ്ണാമ്പ് തേച്ച കള്ളുഷാപ്പുകൾ. അതു മാറണം. പണ്ട് എറണാകുളത്ത് റോഡി പാർലർ 'എന്നൊരു' സ്ഥാപനം ഉണ്ടായിരുന്നു. 'ലോ കോളേജ്' ഹോസ്റ്റലിന്റെ മുൻവശം. അവിടെ ശീതീകരിച്ച കള്ള്, മുന്തിരിക്കള്ള് അങ്ങനെ പലതരം കള്ളുകൾ വിതരണം ചെയ്തിരുന്നു. അന്തസ്സായി മാന്യൻമാർക്ക് കേറാമായിരുന്ന ഒരു സ്ഥലം അതുപോലെ നല്ല കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളെ സ്റ്റാറായി തരംതിരിച്ച് അവരെ പ്രോത്സാഹിപ്പിക്കണമെന്നുള്ള അവരുടെ ആവശ്യവും ഞാൻ ഗവൺമെൻറിന്റെ മുൻപിൽ വയ്ക്കുകയാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: ഈഴവരുടെ ഒരു കുലത്തൊഴിലാണ് ഇത്. അതിൽ കൃസ്ത്യാനിയും, ലാറ്റിൻ കത്തോലിക്കനുമൊന്നും ഇടപെടാതിരിക്കുന്നതാണ് നല്ലത്. ഞങ്ങൾ ഈ വക കാര്യങ്ങളിൽ ഒന്നും ഇടപെടാറില്ല.

ശ്രീ. ജോർജ്ജ് ഈഡൻ കള്ളു ചെത്തുന്നത് കൂടുതലും തച്ചടിയുടെ ആൾക്കാരാണെങ്കിൽ കുടിക്കുന്നത് കൂടുതലും ഞങ്ങളുടെ ആൾക്കാരാണെന്ന് നിങ്ങൾ മനസ്സിലാക്കണം. മദ്യത്തിന്റെ നിരോധനത്തെപ്പറ്റി എന്റെ സ്നേഹിതൻ ശ്രീ. ചാഴികാടൻ ഇവിടെ പറഞ്ഞു. മീനാക്ഷി ടീച്ചർ സംസാരിച്ചപ്പോൾ സ്ത്രീ പീഡനത്തെപ്പറ്റിയും സ്ത്രീ അവകാശം സമത്വങ്ങളെപ്പറ്റിയുമൊക്കെ ഇവിടെ വളരെ വികാരഭരിതയായി സംസാരിച്ചു. കേരള ഗവൺമെൻറ് എടുത്ത വളരെ പ്രധാനപ്പെട്ട ഒന്നാണ് മദ്യം നിരോധിക്കാനുള്ള തീരുമാനം. അത് സ്ത്രീകളെ എങ്ങനെ ബാധിക്കുന്നു. ആ മദ്യനിരോധനംമൂലം സ്ത്രീകൾക്ക് ഉണ്ടാകാൻ പോകുന്ന ക്ഷേമ ഐശ്വര്യങ്ങൾ എന്താണ് എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ടീച്ചർ ഒരക്ഷരംപോലും പറഞ്ഞില്ല എന്നുള്ളത് ദുഃഖകരമായ ഒരു സത്യമാണ്. മദ്യനിരോധനത്തെ ടീച്ചർ അനുകൂലിച്ചാൽ അത് നിങ്ങളുടെ പാർട്ടിക്കകത്ത് ബുദ്ധിമുട്ടുണ്ടാകുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്കറിയാം. ചാരായം അടുത്ത 1-ാം തീയതി മുതൽ നിർത്തുകയാണ്. നമ്മുടെ നാട്ടിൻപുറങ്ങളിൽ ചെറിയ തെരുവുകളിൽ ഉൾനാടൻ വഴികളിൽ രാത്രി, സന്ധ്യകഴിഞ്ഞാൽ ചില പാട്ടുകൾ കേൾക്കാറില്ലേ, 'പട്ടപ്പാട്ടുകൾ' എന്നറിയപ്പെടുന്ന അത്തരം പാട്ടുകൾ ഈ വരുന്ന ഒന്നാം തീയതിക്കുശേഷം കേൾക്കാനുള്ള ഭാഗ്യം നമുക്കാർക്കും ഉണ്ടാവില്ല.

''പൂങ്കാവിനോടമേ.....
അവളെക്കൊണ്ടാക്കണമവർ പൂങ്കാവിനോടമേ....''

എന്നുതുടങ്ങി വളരെ പ്രസിദ്ധമായ 'പാപ്പി അപ്പച്ചാ' തുടങ്ങിയ പാട്ടുകൾ വരെ നമുക്ക് കേൾക്കാനുള്ള ഭാഗ്യമില്ല. തന്റെ കൊച്ചുമകൻ പാപ്പിയുമായി പട്ടാഷാപ്പിൽ പോയിരുന്നു അടിച്ച്, അവനെയും തോളിലേറ്റി പോകുന്ന അപ്പച്ചന്റെ പാട്ടാണ്.

പാപ്പി.....അപ്പച്ചാ.....
അപ്പച്ചനോടോ, അമ്മച്ചിയോടോ പാപ്പിക്ക് സ്നേഹം
അപ്പച്ചനോട്.
അപ്പച്ചൻ പട്ടയടിച്ചത് നീ ചെന്ന് അമ്മച്ചിയോട് മിണ്ടരുത്
മിണ്ടൂല്ലാ.
ബീഡിക്ക് തീയിനു ഷാപ്പിലെ പെണ്ണിന്റെ വീട്ടിൽ ചെന്നതും
നാണംകെട്ടതും, മിണ്ടിപ്പോകരുത്.....
മിണ്ടൂല്ലാ....'

ഇത്തരത്തിലുള്ള പാട്ടുകളൊന്നും അടുത്ത ഏപ്രിൽ ഒന്നു കഴിഞ്ഞാൽ ഉൾനാടൻ ഗ്രാമങ്ങളിൽ ഉണ്ടാവില്ല. സമാധാനപരമായി, ഇത്തരം പട്ടയടിക്കാരുടെ ശല്യവും, പാട്ടും കോലാഹലവുമൊന്നുമില്ലാതെ നമുക്കെല്ലാം സുഖമായി കിടന്നുറങ്ങാനുള്ള സാഹചര്യം ഇവിടെ ഉണ്ടായിരിക്കുന്നു. ബഹുമാന്യയായ മീനാക്ഷി ടീച്ചർ അതു സൂചിപ്പിക്കാതിരുന്നതിൽ എനിക്ക് ഖേദം ഉണ്ട്. ഇവിടെ സ്ത്രീ പീഡനത്തെപ്പറ്റി ടീച്ചർ പറഞ്ഞില്ലേ മി. ജയരാജൻ? സ്ത്രീപീഡനത്തിന്റെ അടിസ്ഥാന പ്രശ്നമെന്താണ്? പട്ടയടി. പട്ടയടിച്ചുകൊണ്ടുചെന്ന് സ്വന്തം ഭാര്യയെ മർദ്ദിക്കുക, അവളെ ചുട്ടുകൊല്ലുക ഇതിന്റെയെല്ലാം അടിസ്ഥാന പ്രശ്നം പട്ടയടിയാണ്. അത് നിരോധിച്ചതിനെ നിങ്ങൾ ആരും സ്വാഗതം ചെയ്തിട്ടില്ല. എന്തായാലും ഏപ്രിൽ ഒന്നു കഴിഞ്ഞാൽ കേരളത്തിലെ സാധാരണക്കാരന്റെ, ഇടത്തരക്കാരന്റെ, പാവപ്പെട്ടവന്റെ കുടുംബങ്ങളിൽ സമാധാനവും, ഐശ്വര്യവും കൈവരുവാൻ പോകുന്നു. ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ചാരായ നിരോധനം നടത്തിയ ശ്രീ. ആൻറണിയുടെ ഗവൺമെൻറിനു അനുകൂലമായി വോട്ടു ചെയ്യാൻ കേരളത്തിലെ രാവപ്പെട്ട സ്ത്രീകളും, ഐക്യമുന്നണിയുടെ ചിഹ്നമായ 'കൈപ്പത്തിയേവിടെ, എവിടെ ഏണി, എവിടെ രണ്ടില' എന്നു കൂട്ടംകൂട്ടമായി വോട്ടുചെയ്യാൻ വരുമ്പോൾ ശ്രീമതി രാധയ്ക്കും, ശ്രീമതി മീനാക്ഷി തമ്പാനും അടക്കമുള്ള നിങ്ങളുടെ നേതാക്കൻമാർക്ക് ആ സ്ത്രീ മുന്നേറ്റത്തെ പിടിച്ചു നിർത്താൻ കഴിയില്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. തെരഞ്ഞെടുപ്പ് ആസന്നമായ ഘട്ടത്തിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റാണിത്. ഈ തെരഞ്ഞെടുപ്പിൽ ജനങ്ങളെ സ്വാധീനിക്കാൻ ആവശ്യമായ ഒരു ചെപ്പടിവിദ്യയും ഈ ബഡ്ജറ്റിലില്ല. മോഹന വാഗ്ദാനങ്ങൾ ഒന്നുംതന്നെ വാരി വിതറിയിട്ടില്ല. അതിരുകടന്ന

LIBRARY ARCHIVES Kerala Legislative Assembly

അവകാശവാദങ്ങളുമില്ല. അങ്ങേയറ്റം രാഷ്ട്രീയമര്യാദ പുലർത്തി തികഞ്ഞ ജനാധിപത്യ ബോധത്തോടുകൂടി ഭരണഘടനാപരമായ ബാദ്ധ്യത നിർവഹിക്കാനുള്ള ഒരു ശ്രമമാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ഇവിടെ നിർവ്വഹിക്കുന്നത്. വസ്തുനിഷ്ഠമായ, യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനമാണ് ഈ ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന്റെ ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജറ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് നൽകുന്ന ചിത്രം പ്രതീക്ഷയുണർത്തുന്നതാണ്. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിൽനിന്നു കരകയറിയിരിക്കുന്നു. സംസ്ഥാനത്തിന്റെ വികസന മേഖല ചൈതന്യവത്തായ ചലനങ്ങൾകൊണ്ട് സജീവമാണ്. ഈ ഗവൺമെൻറ് കാലാവധി അവസാനിപ്പിച്ചു പുറത്തുപോകുമ്പോൾ സംസ്ഥാന സർക്കാരിന്റെ ഖജനാവിൽ 200 കോടി രൂപ മിച്ചമുണ്ടാകും. കോൺട്രാക്ടർമാർക്കും, മറ്റുചില മേഖലയിലുമൊക്കെയുള്ള സംസ്ഥാന സർക്കാരിന്റെ കടം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതു മിച്ചമല്ലാ എന്ന വാദഗതി ഇവിടെ ഉയർന്നു വന്നിട്ടുണ്ട്. ഏതു ഗവൺമെൻറിനും കടം ഉണ്ടാകും. ഈ കടം ഉണ്ടായതു തന്നെ വികസനപ്രവർത്തനങ്ങളുടെ ബാഹുല്യംകൊണ്ട്, ആധിക്യംകൊണ്ട് ആണെന്ന് വാദഗതി ഉയർത്തുന്നവർ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. കടം ഉണ്ടാകുന്നതുപോലെ ഗവൺമെൻറിന് പിരിഞ്ഞുകിട്ടാനും വലിയ സംഖ്യയുണ്ട്. അതു പിരിഞ്ഞുകിട്ടുമ്പോൾ ഈ കടം തീർക്കും. ഏത് ഗവൺമെൻറും സ്വീകരിക്കുന്ന ഒരു സമീപനമാണിത്. ഈ ഗവൺമെൻറിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടു എന്നത് എല്ലായ്പ്പോഴും സമ്മതിക്കുന്ന ഒരു കാര്യമാണ്. ഇതാർക്കും നിഷേധിക്കാൻ കഴിയില്ല. പക്ഷെ ഇവിടെ ഈ ഗവൺമെൻറിനെ ചില കാര്യങ്ങളും പറഞ്ഞു വിമർശിക്കുന്നവരുണ്ട്. നമ്മുടെ സർക്കാർ സാമ്പത്തികമായി ഭദ്രമായ ഘട്ടത്തിൽ എത്തിയെന്നു ഞാൻ അവകാശപ്പെടുന്നില്ല. ഇനിയും ധാരാളം പ്രശ്നങ്ങൾ തീർക്കാനുണ്ട്. പരിഹരിക്കപ്പെടാൻ ധാരാളം പ്രശ്നങ്ങൾ ബാക്കികിടപ്പുണ്ട്. കാർഷിക മേഖലയിലെ വളർച്ചാനിരക്ക് വർദ്ധിക്കാനുണ്ട്. നമ്മുടെ ആളോഹരി വരുമാനം കഴിഞ്ഞ കാലങ്ങളിൽനിന്നും വർദ്ധിച്ചുപെങ്കിലും, ആയം ഇന്ത്യ ശരാശരിയോടൊപ്പം എത്തിയില്ല എന്നതു നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. വ്യവസായ മേഖലയിൽ അഭൂതപൂർവ്വമായ വളർച്ച ഉണ്ടായിട്ടുണ്ടെങ്കിലും ഇനിയും സ്ഥിതിഗതികളും വളരെയധികം മെച്ചപ്പെടുവാനുണ്ട്. ചെയ്തു തീർക്കാനുള്ള, പൂർത്തിയാക്കാൻ പറ്റാത്ത ദൗത്യങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ഗവൺമെൻറിനെ വിമർശിക്കുന്നവർ ഒരു കാര്യം മനസ്സിലാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ ഗവൺമെൻറ് എവിടെ നിന്നാണ് തുടങ്ങിയത്. തുടങ്ങിയ അവസ്ഥയിൽ എന്തുമാത്രം ദുർഘടഘട്ടങ്ങളായിരുന്നുവെന്ന് ഇവിടെയുള്ളവർ മനസ്സിലാക്കേണ്ടതുണ്ട്. 1991-ൽ കേരളത്തിൽ ഐക്യജനാധിപത്യമുന്നണി സർക്കാരും, കേന്ദ്രത്തിൽ കോൺഗ്രസ് ഗവൺമെൻറും അധികാരത്തിൽ വരുമ്പോൾ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി എന്തായിരുന്നു? നമ്മുടെ രാജ്യം സാമ്പത്തിക പ്രതിസന്ധിയിൽ പകച്ചു നിൽക്കുകയായിരുന്നു. എല്ലാപേർക്കും അറിയാം നമ്മുടെ സ്വർണ്ണം പണയപ്പെടുത്തേണ്ടിവന്നു. വിദേശനാണയശേഖരത്തിന്റെ കുറവുകൊണ്ട് നമുക്ക് പെട്രോളും വാങ്ങാൻ കഴിഞ്ഞിട്ടില്ല. അന്ന് നമ്മുടെ നഗരങ്ങളിലും ഗ്രാമങ്ങളിലും, എല്ലാം തന്നെ പെട്രോളും പമ്പുകളുടെ മുമ്പിൽ ക്യൂ നിന്നിരുന്ന വാഹനങ്ങളുടെ നിര നമ്മുടെ സാമ്പത്തിക സ്ഥിതിയുടെ രൂക്ഷത ഓർമ്മിപ്പിക്കുന്നു. സാമ്പത്തിക ദുരന്തത്തിൽ പതിക്കാതിരിക്കാൻ ഇതുവരെ തുടർന്നുവന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും വ്യത്യസ്തമായ ഒരു സമീപനം സ്വീകരിക്കേണ്ടത് അനിവാര്യമായി വന്നു. പുറത്തേക്കുള്ള വാതിലുകളെല്ലാം അടച്ച് ഒരു ക്ലോസ്ഡ് ഇക്കോണമിയായി തുടർന്നുനിന്നാൽ ഒരു രാജ്യവും രക്ഷപ്പെടുകയില്ല. ഇന്ന് ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ പകൽ വെളിച്ചം പോലെ വ്യക്തമാക്കിയ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെൻറ് പുതിയ സാമ്പത്തിക നിയമങ്ങളും പുതിയ സാമ്പത്തിക പരിഷ്ക്കരണങ്ങളും നടപ്പാക്കേണ്ടി വന്നു. ഉദാരവൽക്കരണത്തിൻറെയും പുതിയ സാമ്പത്തിക പരിഷ്ക്കരണത്തിൻറെയും ഗുണഫലങ്ങൾ ഇപ്പോൾ അനുഭവേദ്യമാകാൻ തുടങ്ങുകയാണ്. കേരള ഗവൺമെൻറ് അധികാരത്തിൽ ഏറുന്ന സമയത്തും ഇതുപോലെയുള്ള ഒരു ദുർഘടസ്ഥിതിയാണ് ഉണ്ടായിരുന്നത്. കാലിയായ ഖജനാവ്, വർദ്ധിച്ചുവരുന്ന റവന്യൂ കമ്മി, സാമ്പത്തിക വളർച്ചയുടെ മുരടിപ്പ് എന്നിവകൊണ്ട് നട്ടെല്ലൊടിഞ്ഞ ഒരു സമ്പദ്ഘടനയാണ് 1991-ൽ അധികാരത്തിലേറിയ ഐക്യജനാധിപത്യ മുന്നണി സർക്കാരിന് ഏറെടുക്കേണ്ടി വന്നത്. കേരളം സേവന ക്ഷേമ മേഖലകളിൽ അഭൂതപൂർവമായ പുരോഗതി കൈവരിച്ചിരിക്കുന്നു. പക്ഷേ, ഈ അവസ്ഥ നിലനിർത്താൻ കഴിയാത്ത വിധത്തിലുള്ള ശോചനീയാവസ്ഥയാണ് നമ്മുടെ സാമ്പത്തിക രംഗത്ത് ഉണ്ടായിരുന്നത്. വ്യാവസായിക—കാർഷിക മേഖലകളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്. സാമൂഹ്യക്ഷേമ മേഖലയിൽ വകയിരുത്തുന്ന തുക കുറയ്ക്കണമെന്നുള്ള നിർദ്ദേശങ്ങൾ അക്കാലത്ത് ഇവിടെ ഉയർന്നു വരികയുണ്ടായി. ഐക്യ ജനാധിപത്യമുന്നണി സർക്കാർ ചെലവു ചുരുക്കി കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാണ് ശ്രമിച്ചത്. സാമൂഹ്യ സേവന മേഖലയെ അവഗണിച്ചിട്ടില്ല. സാമ്പത്തിക പ്രയാസങ്ങൾ കാരണം വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടില്ല. ഈ സർക്കാർ സ്വീകരിച്ച നൂതനവും മാനുഷികവുമായ സമീപനങ്ങൾ കൊണ്ട് കേരളത്തിൻറെ സാമ്പത്തിക മേഖലയാകെ ചൈതന്യവത്തായ ചലനങ്ങൾകൊണ്ട് ചലനാത്മകമായി നിൽക്കുകയാണ്. കേരളത്തിൻറെ വികസനമേഖല ഇത്രമാത്രം ചലനാത്മകമായ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. അത് ഇവിടെ ആർക്കും നിഷേധിക്കാൻ കഴിയുകയില്ല.

ശ്രീ. ഇ. പി. ജയരാജൻ: എവിടെയാണ് വികസനം, ഒന്നു പറഞ്ഞു തരാമോ? വ്യവസായങ്ങൾ അടച്ചു പൂട്ടുന്നതാണോ വികസനം?

ശ്രീ. ജോർജ് ഈഡൻ: എൻറെ പ്രസംഗത്തിൽത്തന്നെ ഇതിനുള്ള മറുപടി നൽകുന്നതാണ്. അത് ശ്രദ്ധിച്ചു കേൾക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ നടക്കുന്ന വികസനങ്ങളൊന്നുംതന്നെ രാഷ്ട്രീയ അങ്കം നിമിത്തം കാണാതെ പോകുന്നതിനു ഞങ്ങളെ പഴിച്ചിട്ട് കാര്യമില്ല. നിങ്ങൾ കണ്ണട ഒന്നു മാറിവച്ചു നോക്കണം. ഇവിടെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ, വ്യവസായ രംഗത്ത്, വിദ്യാഭ്യാസ രംഗത്ത് ഉണ്ടായ വികസനങ്ങളെക്കുറിച്ച് അറിയണമെങ്കിൽ എന്നെ എനിക്ക് പറയാനുള്ളൂ. സമസ്ത മേഖലകളിലും പുരോഗതി ഉണ്ടായിട്ടുണ്ട്. ഏതു മേഖലയെടുത്ത് നോക്കിയാലും നമുക്ക് വികസന രംഗത്തെ ചലനങ്ങൾ കാണാൻ കഴിയും. ഒരു മേഖലയും ഇവിടെ വികാസമില്ലാത്തതായി നമുക്കു കാണാൻ കഴിയുകയില്ല. വിദ്യാഭ്യാസ മേഖലയിൽ 32 ജൂനിയർ കോളേജുകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് ആരംഭിച്ച വികസനയജ്ഞം ഇന്ന് മലബാർ യൂണിവേഴ്സിറ്റിയിൽ എത്തിനിൽക്കുകയാണ്. എത്രയെത്ര പുതിയ കോളേജുകൾ. എത്രയെത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിദ്യാഭ്യാസ സൗകര്യങ്ങളില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്ത് സ്വകാര്യ മേഖലയുടെ സഹായത്തോടുകൂടി വിദ്യാഭ്യാസ സൗകര്യങ്ങളും ഉണ്ടാക്കുന്നു. ഈ കാലയളവിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്ക് ഉണ്ടായ പുരോഗതി എന്തുമാത്രമാണെന്ന് നിഷ്പക്ഷമായ ഒരു വിലയിരുത്തലിലൂടെ നമുക്കു കാണാൻ കഴിയും. ഗ്രാമങ്ങളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം വ്യാപിപ്പിച്ചു. ലോകത്ത് വൈജ്ഞാനിക രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിയ്ക്കനുസരിച്ച് നമ്മുടെ വിദ്യാഭ്യാസ മേഖലയെ മുന്നോട്ടു കൊണ്ടുപോകാൻ സുസജ്ജമാക്കി കൊണ്ടിരിക്കുകയാണ്. ഗതാഗത സൗകര്യങ്ങളും വർദ്ധിപ്പിക്കുന്ന കാര്യത്തിൽ റിക്കാർഡ് പുരോഗതി തന്നെ ഉണ്ടായിട്ടുണ്ട്. റോഡുകളെ കുറിച്ച് ഇന്ന് നിങ്ങൾക്ക് എന്തെങ്കിലും പരാതി പറയാനുണ്ടോ? റവന്യൂ വകുപ്പ് ജനക്ഷേമത്തിനായി ഇത്രമാത്രം ഉപയോഗിച്ച ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? വ്യവസായ രംഗത്തുണ്ടായ പുരോഗതി അതിശയിപ്പിക്കുന്നതു തന്നെയല്ലേ. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചത് ചരിത്രത്തിലാദ്യമായി ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ തന്നെയല്ലേ? സംസ്ഥാന സർക്കാരിന്റെ ഖജനാവിലേക്ക് പണം മുതൽകൂട്ടുന്ന മൽസ്യത്തൊഴിലാളികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ കൈവരിച്ച നേട്ടം ആർക്കെങ്കിലും കുറച്ചു കാണാൻ കഴിയുമോ? സിവിൽ സപ്ലൈസിനെക്കുറിച്ച് ഇപ്പോഴും എന്തെങ്കിലും വ്യക്തമായ പരാതികളും ഉന്നയിക്കാനുണ്ടോ? ഏതു കാലത്തും പോലീസിന്റെ അതിക്രമത്തെക്കുറിച്ചാണ് പ്രതിപക്ഷത്തിന് പറയാനുള്ളത്. ഭരണകക്ഷി ക്കെതിരെ ഏറ്റവും വലിയ ഒരായുധമായി അവർ ഉപയോഗിക്കുന്നത് പോലീസിന്റെ അതിക്രമമാണ്. ഇപ്പോഴും ഒറ്റപ്പെട്ട ചില സംഭവങ്ങളൊഴികെ ഏതെങ്കിലും നിലയിൽ വ്യക്തമായ ഒരു പരാതി പറയാനുണ്ടോ? പഞ്ചായത്ത് മുനിസിപ്പാലിറ്റി ആക്ട് നടപ്പാക്കി അധികാരങ്ങളും നൽകാനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഒന്നൊന്നായി പറയുകയാണെങ്കിൽ ഒട്ടേറെ പറയാനുണ്ട്. ഭരണപക്ഷത്തുള്ള എന്റെ മാന്യസുഹൃത്തുക്കളും അതൊക്കെ ഇവിടെ വിവരിക്കുകയുണ്ടായി. അവയൊക്കെ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിനുണ്ടായ വികസനം ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. ഇന്നത്തെ രാഷ്ട്രീയ വിരോധം നിമിത്തം ഇതൊക്കെ കണ്ടില്ല എന്നു നടിക്കുകയാണ്. രാഷ്ട്രീയമായ കാരണത്താൽ മാത്രമാണ് പ്രതിപക്ഷം ഈ ഗവൺമെൻറിനേയും ബഡ്ജറ്റിനേയും വിമർശിക്കുന്നത്. പ്രതിപക്ഷ മായാൽ ഭരണകക്ഷി കൊണ്ടുവരുന്ന എന്തിനേയും എതിർക്കണമെന്നുള്ള താണല്ലോ ഇവിടെ ഇപ്പോഴും സ്വീകരിച്ചുവരുന്ന സമീപനം. കക്ഷി രാഷ്ട്രീയത്തിന്റെ പേരിൽ കറുപ്പും വെളുപ്പുമായി കാണുന്ന പ്രവണത മാറ്റി വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണാൻ നിങ്ങൾ തയ്യാറാകണം. ഈ ഗവൺമെൻറ് ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളും ഇവിടെ പ്രതിപക്ഷം എതിർക്കുകയാണ്. ചാരായ നിരോധനം ജനങ്ങളുടെ ആവശ്യമാണ്. ചാരായ നിരോധനം ആദ്യം തുടങ്ങി സമ്പൂർണ്ണ മദ്യനിരോധനത്തിലേക്ക് എത്തിച്ചേരേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. കേരളത്തിലെ ജനങ്ങളുടെ ആവശ്യമാണ്. അതിന്റെ ആദ്യപടിയെന്ന നിലയ്ക്കാണ് ഗവൺമെൻറ് ഏപ്രിൽ ഒന്നാം തീയതി മുതൽ ചാരായ നിരോധനം ഏർപ്പെടുത്തുന്നത്. അതിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥമായ സഹകരണം ഇല്ലായെന്നത് ഖേദകരമാണ്. അതു പോലെ ഇവിടെ പലതും നിയമംകൊണ്ട് നിരോധിച്ചാൽ അത് നടപ്പാക്കാൻ കഴിയുകയില്ലെന്നാണ് ഇതിനെതിരെ ഇവർ പറയുന്നത്. ഇവിടെ നിയമം ഉണ്ടായിട്ടും ഹവാലയുണ്ടാകുന്നുണ്ട്; കളവുണ്ടാകുന്നുണ്ട്; അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

വ്യഭിചാരമുണ്ടാക്കുന്നുണ്ട്. നികുതി ഒഴിവാക്കിയാൽ വെട്ടിപ്പ് ഒഴിവാകുമെന്ന് പറയുന്നതുപോലെയാണിത്. ഇവിടത്തെ ജനങ്ങളുടെ ആവശ്യം മാനിച്ച്, ഈ സംസ്ഥാനത്തെ സ്ത്രീകളുടെ കണ്ണീർ ഒഴിവാക്കാൻവേണ്ടി ചാരായനിരോധന നടപടിയുമായി നമ്മൾ മുമ്പോട്ടു പോകേണ്ടതാണ്. അതുപോലെ വിദ്യാഭ്യാസ രംഗത്തുണ്ടായ ചലനങ്ങളെ അന്ധമായി എതിർക്കുകയാണ്. സ്വകാര്യ മേഖലയ്ക്ക് എതിരല്ല എന്നിവിടെ പ്രതിപക്ഷം പറയുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ മാത്രം സ്വകാര്യ വൽക്കരണത്തെ എതിർക്കുന്നത് ശരിയല്ല എന്ന് ഇപ്പോൾ അവർക്ക് തോന്നിയിരിക്കുകയാണ്. ശാസ്ത്ര-സാങ്കേതിക രംഗത്ത് ഒട്ടേറെ പുരോഗതിയുണ്ടായ കാലഘട്ടമാണിത്. നമ്മുടെ വിദ്യാഭ്യാസ രംഗവും അങ്ങോട്ടു നീങ്ങണം. സർക്കാരിന് എല്ലായിടത്തും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ കഴിയുകയില്ല. ഇവിടെ സ്വകാര്യ മേഖലയുടെ പങ്ക് അനിവാര്യമായി വരുന്നു. ആ സമയത്ത് വിദ്യാഭ്യാസ മേഖലയിൽ അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന് സ്വകാര്യ മേഖല വഹിച്ച പങ്ക് അനിവാര്യമാണ്. അത്രമാത്രമാണ് ഗവൺമെന്റ് ഇവിടെ ചെയ്തത്. കച്ചവടത്തെ എതിർക്കുകയാണെങ്കിൽ നമുക്ക് ഒരുമിച്ചു നിന്ന് എതിർക്കാം. എനിക്ക് പറയാനുള്ളത് നമ്മുടെ സമീപനങ്ങൾ മാറണം. ഇവിടെ സി. പി. ഐ. യുടെ സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടതുപോലെ പ്രതിപക്ഷകക്ഷി നേതാക്കൻമാർ പറഞ്ഞതുപോലെ വികസന കാര്യങ്ങളിൽ നമുക്ക് അഭിപ്രായ സമന്വയം ഉണ്ടാകണം. രാഷ്ട്രീയം നമ്മൾ തമ്മിൽ എതിർക്കുന്ന രീതിയിലേക്ക് പോകാൻ പാടില്ല. "The man's destiny is self revised in political idioms". ഈ കാലഘട്ടത്തിലെ മനുഷ്യരുടെ ഭാഗധേയം ഉരുത്തിരിഞ്ഞ് വരുന്നത് അവരുടെ ഭാവിയെപ്പറ്റി ഒരുപാടു പ്രശ്നങ്ങൾ തീരുമാനിക്കേണ്ട രാഷ്ട്രീയ മേഖലയിൽ നിന്നുമാണ്. സാമൂഹ്യ അവബോധം കൈവെടിഞ്ഞ് പരസ്പരം കക്ഷി രാഷ്ട്രീയത്തിന്റെ പേരിൽ കോഴിപ്പോരു നടത്തുന്ന മേഖലയായി ഇതു തീരാൻ പാടില്ല. നമ്മുടെ ലക്ഷ്യം കക്ഷിരാഷ്ട്രീയത്തിനതീതമായി ആത്യന്തികമായി മനുഷ്യനൻമയായിരിക്കണം. ഇവിടെ നടക്കുന്ന ചർച്ചകൾ പലതുംതന്നെ കക്ഷി രാഷ്ട്രീയത്തിന്റെ സങ്കുചിത താൽപ്പര്യങ്ങൾക്കപ്പുറം ഉയരുന്നില്ല. കുറെ കൂടി ഉദാത്തമായ തലങ്ങളിലേക്ക് ആത്യന്തികമായ നൻമ ലക്ഷ്യം വച്ചുകൊണ്ട്, കേരളത്തിലെ ജനങ്ങളുടെ പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് ആ രീതിയിലേക്ക് ഉയർത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഒരിക്കൽകൂടി ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത് 28 കോടി രൂപയുടെ കമ്മി ഈ ബഡ്ജറ്റിലൂടെ ഉണ്ടാകാൻ പോകുന്നു എന്നാണ്. യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും മുഖം തിരിഞ്ഞുനിന്നുകൊണ്ട്, കൊടുത്തു തീർക്കേണ്ട ബാദ്ധ്യതകളെ മറച്ചുവച്ചുകൊണ്ട്, ജനങ്ങളുടെ കണ്ണിൽ പൊടി ഇടുന്നതിനുവേണ്ടി, തെരഞ്ഞെടുപ്പിനെ മാത്രം മുന്നിൽ കണ്ടുകൊണ്ട് അവതരിപ്പിച്ച ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. സത്യത്തിൽ ഈ ഗവൺമെന്റ് കേരളത്തിലെ ജനങ്ങളോട് വഞ്ചനാപരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പു വരാൻ പോവുകയാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഏതെങ്കിലും ഒരുപക്ഷം അധികാരത്തിൽ വരും. അങ്ങനെ അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നുകഴിഞ്ഞാൽ ആ ഗവൺമെൻറിനു് ഈ ബഡ്ജറിനെ ആധാരമാക്കി ക്കൊണ്ടു് മുന്നോട്ടു പോകാൻ കഴിയുമോ? അതുപോലെ തന്നെ വിദ്യാർത്ഥികൾക്കു് ഉച്ചക്കഞ്ഞി, കർഷകത്തൊഴിലാളി പെൻഷൻ, വിധവ പെൻഷൻ, തൊഴിലില്ലായ്മാ വേതനം ഈ ഇനങ്ങളിലൊക്കെ കോടിക്കണക്കിനു് രൂപയുടെ ബാദ്ധ്യത വരുത്തിക്കൊണ്ടു് അതൊക്കെ മറച്ചുവച്ചുകൊണ്ടാണു് ഈ ബഡ്ജറു് ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. ഇ. പി. ജയരാജൻ: സർ, നമ്മുടെ ധനമന്ത്രി ഇത്തരം കാര്യത്തിൽ അതിവിദഗ്ദ്ധനാണു്. കഠിനാധ്വാനം ചെയ്യുന്ന പാരമ്പര്യമായിട്ടുതന്നെ അദ്ധ്വാനിച്ചു് ആരോഗ്യം തകർന്നുകൊണ്ടിരിക്കുന്ന പാവപ്പെട്ട കയർ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായി കേന്ദ്രഗവൺമെൻറു് അനുവദിച്ച ഒരു സ്കീം, അതു തൊഴിലാളികൾക്കോ അതിൻെറ സംഘങ്ങൾക്കോ കൊടുക്കാതെ രാഷ്ട്രീയ താല്പര്യം വച്ചുകൊണ്ടു് സഹകരണ സംഘങ്ങളുണ്ടാക്കി തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): ക്ഷയരോഗികൾക്കുപോലും പെൻഷൻ കൊടുക്കാൻ കൂടിശ്ശിക വരുത്തിയിട്ടുള്ള ഗവൺമെൻറാണു് ഇതു്. എന്നിട്ടു പറയുന്നതു് 28 കോടി രൂപയേ കമ്മിയുള്ളൂവെന്നാണു്. സത്യത്തിൽ ആയിരത്തിലധികം കോടി രൂപയുടെ ധനകമ്മി ഈ ബഡ്ജറിൽ കൂടി സംസ്ഥാനത്തു് വരികയാണു്. ഐക്യജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള ഒരൊറ്റ വാഗ്ദാനം പോലും പാലിച്ചിട്ടില്ല. ''നായ നക്കിയ കലം പോലെ'' കേരളത്തിൻെറ ചരിത്രം ചവറുകുട്ടയിലേയ്ക്കു പോയിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യം ആണു് ഈ ഗവൺമെൻറു് അധികാരത്തിൽ വന്നതിനുശേഷം നടന്നിട്ടുള്ള ഓരോ തെരഞ്ഞെടുപ്പുകളും ഏറ്റവും ഒടുവിൽ നടന്ന പഞ്ചായത്തു മുനിസിപ്പൽ കോർപ്പറേഷൻ വരെയുള്ള തെരഞ്ഞെടുപ്പുകളും സൂചിപ്പി ക്കുന്നതു്. ആ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടാണു് ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറു് ഒരു പുതിയ ചെപ്പടി വിദ്യയുമായി ഇപ്പോഴും വന്നിരിക്കുന്നതു്. എന്താണു് ആ ചെപ്പടി വിദ്യ? പാവപ്പെട്ട അമ്മമാരുടെയും സഹോദരിമാരുടേയും കണ്ണുനീരും അവരുടെ ജീവിത പ്രയാസവും പരിഹരിക്കുന്നതിനു് ശ്രമിക്കുന്നതിനുപകരം ചാരായം നിരോധിച്ചുകൊണ്ടു് സ്ത്രീകളുടെ വോട്ടിൽ കണ്ണുംനട്ടുകൊണ്ടു്, ചാരായത്തിൻെറ പേരു പറഞ്ഞുകൊണ്ടു് അധികാരത്തിൽ വരാമെന്നുള്ള വ്യാമോഹത്തിലാണു് ഈ ഗവൺമെൻറു് മുന്നോട്ടു പോയിക്കൊണ്ടിരി ക്കുന്നതു്. കഴിഞ്ഞ തെരഞ്ഞെടുപ്പു സമയത്തു നടന്ന സംഭവം നമുക്കറിയാം. കഴിഞ്ഞ തെരഞ്ഞെടുപ്പു നടക്കുന്ന സമയത്തു് ചാരം വാരിക്കൊണ്ടാണു് ഈ ഗവൺമെൻറു് അധികാരത്തിൽ വന്നതു്. അങ്ങനെയാണു് കേരളത്തി ലേയും ഇന്ത്യാ രാജ്യത്തിലേയും ജനങ്ങളെ അഭിമുഖീകരിച്ചതു്. എങ്കിൽ ഇപ്പോഴും ചാരായവും പേറിക്കൊണ്ടാണു് തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നതു്. ഒരു കാര്യം വളരെ അസന്നിഗ്ദ്ധമായി പറയാൻ ആഗ്രഹി ക്കുകയാണു്. ചാരായം പേറിക്കൊണ്ടു് നടക്കുന്ന ഈ ഗവൺമെൻറു് തെരഞ്ഞെടുപ്പു് കഴിയുമ്പോഴും ചാരമായി മാറുന്ന അവസ്ഥ കേരള സംസ്ഥാനത്തുണ്ടാകാൻ പോകുന്നു. അക്കാര്യത്തിൽ യാതൊരു തർക്കവും ഇല്ല. തെരഞ്ഞെടുപ്പു നടക്കുമ്പോഴും, ജനങ്ങളോടു് പറഞ്ഞിട്ടുള്ള ഒരു വാഗ്ദാനവും പാലിക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറിനു് വിജയിക്കാൻ കഴിഞ്ഞിട്ടില്ല. ഈ രാജ്യത്തിലെ ജനങ്ങളുടെ ഏറ്റവും വലിയ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

ജീവിക്കാനുള്ള പ്രയാസം തന്നെയാണ്. കിട്ടുന്ന വരുമാനം കൊണ്ട് ജീവിക്കാൻ പറ്റാത്ത സാഹചര്യം ഈ സംസ്ഥാനത്തുണ്ടായിരിക്കുന്നു. ഒരുപക്ഷേ കേരളമുണ്ടായതിനുശേഷം ഈ സംസ്ഥാനത്തു ഇതുപോലെ ജീവിതപ്രയാസങ്ങളുണ്ടായിട്ടുള്ള കാലമുണ്ടായിട്ടില്ല. അത്രയ്ക്കാണ് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം. ഈ രാജ്യത്തിലെ ജനങ്ങൾക്കു കിട്ടുന്ന വരുമാനംകൊണ്ട് ജീവിക്കാൻ പറ്റാത്ത ഒരു സാഹചര്യത്തിൽ എത്തി നിൽക്കുകയാണ്. അത്തരം ഒരു സന്ദർഭത്തിലാണ് തെരഞ്ഞെടുപ്പു നടക്കാൻ പോകുന്നത്. കഴിഞ്ഞ പ്രകടനപത്രികയിൽ നിങ്ങൾ പറഞ്ഞല്ലോ 100 ദിവസംകൊണ്ട് 1991-ലെ വില 1990 ജൂലൈയിൽ ഉണ്ടായിരുന്ന വിലനിലവാരത്തിലേക്ക് എത്തിക്കുമെന്ന്. ഞാൻ ചോദിക്കട്ടെ, ഏതെങ്കിലും നിത്യോപയോഗ സാധനങ്ങളുടെ വില ഈ അഞ്ചു വർഷക്കാലംകൊണ്ട് കുറയ്ക്കുന്നതിനു നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? കാർഷിക രംഗത്ത്, വ്യവസായ രംഗത്ത് ഈ മേഖലയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലുമൊരു പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ? തൊഴിലില്ലാത്ത ചെറുപ്പക്കാരെ നോക്കിക്കൊണ്ട് ആയിരം കോടി രൂപയുടെ തൊഴിൽ കൊടുക്കുമെന്നു പറഞ്ഞു.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: കാർഷിക രംഗത്ത് ഏതെങ്കിലുമൊരു കാര്യം പറഞ്ഞത് നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. വിള ഇൻഷ്വറൻസ് പദ്ധതി ഞങ്ങൾ പ്രഖ്യാപിച്ചതാണ്. 25 വിളകൾക്ക് വരെ ഇൻഷ്വറൻസ് കൊടുത്തു. ഇക്കാര്യം ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു സംസ്ഥാനത്ത് നടപ്പിൽ വരുത്തിയത് ഈ ഗവൺമെൻറാണ്.

ശ്രീ. നാരായണൻ (കുഴൽമന്ദം): ഇതു മാത്രമാണോ കേരളത്തിലെ കർഷകന്റെ പ്രശ്നം. ഇന്ന് കേരളത്തിലെ പാവപ്പെട്ട കൃഷിക്കാരന്റെ ഉല്പാദന ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉണ്ടാക്കുന്ന ഉല്പന്നത്തിന് വില കിട്ടാതെ നരകിക്കുകയാണ്. കൃഷിക്കാരന്റെ ഏറ്റവും ജീവത്തായ പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ഇ. ശങ്കരൻ: വിള ഇൻഷ്വറൻസ് നടപ്പാക്കി കൃഷിക്കാരെയൊക്കെ രക്ഷിച്ചു എന്നാണല്ലോ പറയുന്നത്. ആ വിള ഇൻഷ്വറൻസിന്റെ കണ്ടീഷൻ അനുസരിച്ച് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്ന കൃഷിക്കാർക്ക് തന്റെ ഏതു വിളയായാലും അതു നശിച്ചാൽ നഷ്ടപരിഹാരം കിട്ടുന്നതിന് അതിനേക്കാൾ കൂടുതൽ സംഖ്യ ചെലവഴിക്കണമെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. എം. നാരായണൻ: (കുഴൽമന്ദം) എല്ലാത്തിലും ലാഭം കണ്ടു കൊണ്ടാണ് ഈ ഗവൺമെൻറ് ഓരോ പരിപാടിയും കൊണ്ടുവരുന്നത്. ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്താനോ രാജ്യത്തിന്റെ വികസനം ഉറപ്പു വരുത്താനോ ഉള്ള കാഴ്ചപ്പാടൊന്നും ഈ ഗവൺമെൻറിനില്ല.

ശ്രീ. ഇ. പി. ജയരാജൻ: കൃഷി എന്താണെന്ന് അറിയാത്ത പാവം കുരിക്കൾ ചോദിക്കുന്നത് അത്ര കാര്യമായിട്ടെടുക്കണമോ ബഹുമാനപ്പെട്ട അംഗമേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: കഴിഞ്ഞ നിയമസഭയിലും അപ്പുറത്തിരിക്കുന്നവർ പരാതി പറഞ്ഞു തേങ്ങയുടെ വില വർദ്ധിക്കുന്നില്ലെന്ന്. ഇന്ന് നാളികേരത്തിന് കമ്പോളത്തിൽ ഇതുവരെ കർഷകന് കിട്ടാത്ത വിലയുണ്ട് എന്ന് അംഗീകരിക്കാൻ അങ്ങയും അങ്ങയുടെ പാർട്ടിയും തയ്യാറാകുമോ?

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): ഞാനും എന്നെപ്പോലെയുള്ള തെങ്ങുകൃഷിക്കാരല്ലാത്ത സാധാരണക്കാരായിട്ടുള്ള ആളുകളും പലചരക്കു കടയിൽ പോകുമ്പോൾ ഒരു തേങ്ങയ്ക്ക് 5 രൂപ കൊടുക്കേണ്ടി വരുന്നുണ്ട്. ആ വിലയാണ് ശ്രീ. കുരിക്കൾ ഇവിടെ പറഞ്ഞത്. യഥാർത്ഥ കൃഷിക്കാരനു കിട്ടുന്ന വിലയല്ല കുരിക്കൾ പറയുന്നത്. നാളികേരത്തിന്റെ സ്ഥിതി അങ്ങനെ നിൽക്കുകയാണ്. ജനങ്ങളെ തീറ്റിപ്പോറ്റുന്ന നെൽക്കൃഷിക്കാരന്റെ സ്ഥിതിയെന്താണ്? നെൽകൃഷിക്ക് താങ്ങുവില നിശ്ചയിക്കണമെന്ന് പല പ്രാവശ്യം ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. നെൽക്കൃഷിക്ക് ഇതിനുമുമ്പെങ്ങും ഇല്ലാത്ത രീതിയിൽ ഉല്പാദനച്ചെലവ് വർദ്ധിച്ചിരിക്കുകയാണ്. കീടനാശിനിക്കും പൊട്ടാസ്യത്തിനും രാസവളത്തിനും യൂറിയയ്ക്കും വില കൂടി. ഒരു കാലത്ത് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട കൃഷിക്കാരൻ ക്രെഡിറ്റ് ആയി കണ്ടിരുന്നത്, മകനെ അല്ലെങ്കിൽ മകളെ കല്യാണം കഴിക്കുമ്പോൾ സ്ത്രീധനം നിശ്ചയിക്കുന്നത്, കൃഷിക്കാരന്റെ മുറ്റത്തു കാണുന്ന വൈക്കോൽക്കൂന നോക്കിയിട്ടാണ്. കൃഷിക്കാരന്റെ തൊഴുത്തിലുണ്ടായിരുന്ന കന്നുകാലികളെ നോക്കിയിട്ടായിരുന്നു. ഇന്ന് വൈക്കോൽ കൂന കണ്ടാൽ തീ കൊളുത്താൻ പോകുന്ന അവസ്ഥയാണ് നെൽകൃഷി മേഖലയിലുള്ളത്. ആ സ്ഥിതിയിൽ വരെ നിങ്ങൾ എത്തിച്ചില്ലേ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നെൽക്കൃഷി സംരക്ഷിക്കുന്നതിനുവേണ്ടി, കൃഷിഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി ധീരമായ നടപടി എടുത്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. എന്തു നടപടിയാണ് എടുത്തിട്ടുള്ളത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നെല്ലിന്റെ ഉല്പാദനം തുലോം കുറഞ്ഞുവരികയാണ് ചെയ്തിട്ടുള്ളത്. നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ പരിധിയും കുറഞ്ഞുവരികയാണ്. പാവപ്പെട്ട കൃഷിക്കാരന് അവന്റെ ഉല്പന്നങ്ങൾക്ക് വില കിട്ടുന്നില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നുള്ളതിനെക്കുറിച്ചു പരിശോധിച്ചു നോക്കിയിട്ടുണ്ടോ? കേരളത്തിലെ ജനങ്ങളെ തീറ്റിപ്പോറ്റുന്ന പാവപ്പെട്ട നെൽക്കൃഷിക്കാരനെ സഹായിക്കാൻ നെല്ലിന് താങ്ങുവില നിശ്ചയിക്കണമെന്നുള്ളതു കേരളത്തിലെ കൃഷിക്കാരുടെ എക്കാലത്തേയും ആവശ്യമായിരുന്നു.

സർ, നമ്മുടെ പഴയ കൃഷിവകുപ്പുമന്ത്രി പാലക്കാട് ടൗൺഹാളിൽ വന്ന് ആയിരക്കണക്കിന് കൃഷിക്കാരെ വിളിച്ചുചേർത്തുകൊണ്ട് ഒരു പ്രഖ്യാപനം നടത്തി. കേരളത്തിലെ സർവ്വീസ് സഹകരണ
5 p. m.] സംഘങ്ങൾ വഴി കേരളത്തിലെ നെൽക്കൃഷിക്കാരിൽ നിന്ന് നെല്ല് സംഭരിക്കുമെന്ന് പ്രഖ്യാപിച്ചു. വലിയ പ്രഖ്യാപനമായിരുന്നു. ഒരു പറ നെല്ല് ബഹുമാനപ്പെട്ട മന്ത്രി അളന്ന് ഒരു സംഘത്തെ ഏൽപ്പിച്ചു. അതിന്റെ കാശ് വാങ്ങി. ടി. വി.-ക്കും പത്രക്കാർക്കും പോസ് ചെയ്തുകൊടുത്തു. പത്രങ്ങളിൽ വലിയ വാർത്ത വന്നു. അതിനുശേഷം ഒരുമണി നെല്ല് പാലക്കാട് ജില്ലയിൽ നിന്നു വാങ്ങുന്നതിന് കഴിഞ്ഞിട്ടില്ല. അത് യാഥാർത്ഥ്യമാണ്. പാലക്കാട്ടെ നെൽക്കൃഷിക്കാർ ഇന്ന് ജീവിക്കാൻവേണ്ടി പുല്ല് വെട്ടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാലാവസ്ഥയുടെ കൊടുംചതിയും കൃഷിവകുപ്പിന്റെ അനാസ്ഥയും കാരണം പാലക്കാട്ടെ നെൽകൃഷിക്കാർ ഇന്ന് ദുരിതം അനുഭവിക്കുകയാണ്. സംസ്ഥാനത്തെ നെൽക്കൃഷി ആ നിലയ്ക്കാണ് പോകുന്നതെങ്കിൽ നാളികേരം ഉൽപ്പെടെയുള്ള മറ്റ് പല കൃഷിക്കാരും ഈ ഗവൺമെന്റിന്റെ തെറ്റായ സമീപനംകൊണ്ട് നരകിക്കുകയാണ്. കാർഷികമേഖല സമ്പുഷ്ടമാക്കിയിട്ടില്ല. കാർഷികമേഖലയിലൂടെ നമ്മുടെ സംസ്ഥാനത്ത് വിഭാവനം ചെയ്യാൻ കഴിയുമായിരുന്ന ലക്ഷക്കണക്കിന് തൊഴിലവസരങ്ങളും ഇല്ലാതായി. വ്യാവസായികമേഖലയിൽ ഇവിടെ വിപ്ലവം സൃഷ്ടിച്ചു എന്നാണ് ശ്രീ. കുഞ്ഞാലിക്കുട്ടി ഇടക്കിടയ്ക്ക് പറയുന്നത്. ഈ സംസ്ഥാനത്ത് ഒരു ഫാക്ടറി കൊണ്ടുവന്നു എന്നവകാശപ്പെടാൻ കഴിയുമോ? നമ്മുടെ സംസ്ഥാനത്ത് എങ്ങനെയാണ് വ്യവസായം വരിക. സി. ഐ. റ്റി. യു. കൊടിപിടിക്കുന്നതുകൊണ്ടാണ് ഇവിടെ വ്യവസായം വരാത്തതെന്നാണ് കോൺഗ്രസുകാരും മുസ്ലീംലീഗും പറയുന്നത്. കേരളസംസ്ഥാനത്ത് വ്യവസായം - വരണമെങ്കിൽ അതിനാവശ്യമായ വൈദ്യുതി കൊടുക്കാൻ ഇല്ല. വൈദ്യുതി ഒരു വലിയ പ്രശ്നമാണ്. 1975-ൽ ഇടുക്കിയിലെ ജലവൈദ്യുതപദ്ധതി ഉണ്ടായതിനു ശേഷം പുതിയ പദ്ധതികളൊന്നും സംസ്ഥാനത്തുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് കേരളത്തോട് നിരന്തരമായ അവഗണനയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രം ഭരിക്കുന്ന പാർട്ടി തന്നെ കേരളവും ഭരിച്ചാലേ സംസ്ഥാനത്തിന് രക്ഷയുള്ളു എന്നാണല്ലോ നിങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് പ്രസംഗിച്ചത്. 5 വർഷം കൊണ്ട് ഇവിടെ കോൺഗ്രസാണ് ഭരിക്കുന്നത്. എന്നിട്ട് വൈദ്യുതി രംഗത്തെ പ്രശ്നം പരിഹരിക്കുന്നതിന് യാതൊന്നും ചെയ്തില്ല. കാവേരി നദീജലപ്രശ്നം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ ഒരു പ്രശ്നമാണ്. കാവേരി നദിയിൽ നിന്ന് നമ്മുടെ സംസ്ഥാനത്തിന് 20 ശതമാനം വെള്ളം കിട്ടണം. എന്താണ് നടന്നത്? പ്രധാനമന്ത്രി ദേവഗൗഡയേയും ജയലളിതയേയും ചർച്ചയ്ക്ക് വിളിച്ചു. അതുകേട്ട് നമ്മുടെ മുഖ്യമന്ത്രിയും പോയി. മുഖ്യമന്ത്രി അവിടെ എത്തുമ്പോഴേക്കും ദേവഗൗഡയും ജയലളിതയും റാവുവും കൂടി ഉള്ളിൽ കയറി വാതിലടച്ചു. നമ്മുടെ മുഖ്യമന്ത്രി പുറത്ത് കാവലിരുന്നു. കാവേരിയിൽ നിന്ന് നമുക്ക് അവകാശപ്പെട്ട തുള്ളിവെള്ളം വാങ്ങാൻ കഴിഞ്ഞോ? കേന്ദ്രം ഭരിക്കുന്ന പാർട്ടി കേരളം ഭരിച്ചാലേ കേരളം രക്ഷപ്പെടൂ എന്നാണല്ലോ പറയുന്നത്. കേരളത്തിലെ വ്യാവസായികമേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വൈദ്യുതിയാണ്. വൈദ്യുതി ഇല്ലാതെ ഇവിടെ വ്യവസായികരംഗം വരില്ല. കാർഷികമേഖലയിൽ പുരോഗതി ഉണ്ടാകുകയില്ല. പുതിയ തൊഴിലവസരങ്ങളും ഉണ്ടാക്കാൻ കഴിയില്ല. അതുകൊണ്ട് കേന്ദ്രം ഭരിക്കുന്ന പാർട്ടി കേരളം ഭരിച്ചാലേ കേരളത്തിന് ഗുണം ലഭിക്കുകയുള്ളൂ എന്ന വാദം പൊള്ളയാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. റയിൽവേയുടെ കാര്യത്തിലും കേരളത്തെ അവഗണിച്ചിരിക്കുകയാണ്. ജനസംഖ്യാടിസ്ഥാനത്തിൽ മൂന്നര ശതമാനം കിട്ടേണ്ട സ്ഥാനത്ത് ഒന്നര ശതമാനമാണ് തന്നിരിക്കുന്നത്. ഇത് ചോദിച്ചു വാങ്ങണ്ടേ? കേന്ദ്രനിക്ഷേപം നമുക്ക് കിട്ടാനുള്ളത് കൃത്യമായി ചോദിച്ചു വാങ്ങണ്ടേ? അതിനൊന്നിനും അവർക്ക് സമയമില്ല. എന്നിട്ടിപ്പോൾ തെരഞ്ഞെടുപ്പ് വന്നപ്പോൾ, പാവപ്പെട്ട വോട്ടർമാരെ പറ്റിക്കാൻവേണ്ടി, അമ്മമാരേയും സഹോദരിമാരേയും പറ്റിക്കാൻവേണ്ടി അടിസ്ഥാനരഹിതമായ വിലക്കയറ്റം എന്ന പ്രശ്നം പരിഹരിക്കാതെ, വരുമാനം കൊണ്ട് ജീവിക്കാൻ പറ്റുന്ന സാഹചര്യം ഒരുക്കിക്കൊടുക്കാതെ, ഇപ്പോൾ ചായയും നിരോധിച്ച എന്നാണ് പറയുന്നത്. ഇത് വെറും കബളിപ്പിക്കലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. മാത്യു: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, അമ്മമാരേയും പെങ്ങൻമാരേയും പറിക്കാനാണെന്ന്. അങ്ങനെ പറഞ്ഞാൽ പറയുന്നവരാണോ കേരളത്തിലെ അമ്മമാരും പെങ്ങൻമാരും.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടിക്കൊണ്ടുള്ള, വസ്തുതകളെ മറച്ചുവച്ചുകൊണ്ടുള്ള, ജനങ്ങളെ കബളിപ്പിക്കുന്ന ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. സത്യൻ മൊകേരി: സർ, ഇടക്കാല ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു. ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയും ഭരണകക്ഷി അംഗങ്ങളും ശ്രീ. തച്ചടി പ്രഭാകരൻ ഉൾപ്പെടെയുള്ള കോൺഗ്രസ് അംഗങ്ങളും വളരെ സമർത്ഥമായി വാദിച്ചു, സർക്കാരിന്റെ സാമ്പത്തികനില ഭദ്രമാണെന്ന്. എന്തടിസ്ഥാനത്തിലാണ് സർക്കാരിന്റെ സാമ്പത്തികനില ഭദ്രമാണെന്ന് പറഞ്ഞതെന്ന് മനസ്സിലാകുന്നില്ല. വസ്തുതകളെ നിയമസഭയുടെ മുമ്പിൽ വരച്ചുകാണിക്കാതെ വളച്ചൊടിച്ച് ഈ സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാണെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ പരിശ്രമമാണ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ഗവൺമെന്റ് നടത്തിയിരിക്കുന്നത്. ഈ ഗവൺമെന്റ് എത്രയോ കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. കേരളത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ വകയിൽ കരാറുകാർക്കും മറ്റുമായി 120 കോടി രൂപ കൊടുക്കാനുണ്ട്. അത് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടില്ല. ഗവൺമെന്റിന്റെ ബാദ്ധ്യത, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് നൽകേണ്ട പെൻഷൻ കുടിശ്ശിക, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ കൊടുത്തിട്ടില്ല.

ശ്രീ. തച്ചടി പ്രഭാകരൻ: ഗവൺമെന്റിന് പലപ്പോഴും ബാദ്ധ്യതകൾ ഉണ്ടായിരിക്കും. അത് കൊടുത്തുതീർക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന് പുറകോട്ട് പോകാൻ ഒക്കുകയില്ല. അത് കമ്മിറ്റ്മെന്റാണ്. ആ ബാദ്ധ്യതയിൽനിന്ന് ഒരിക്കലും പുറകോട്ട് പോകാൻ ഒക്കുകയില്ല. എല്ലാപേരേയും എപ്പോഴും സന്തോഷിപ്പിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത് ഒരിക്കലും പ്രശ്നമല്ല.

ശ്രീ സത്യൻ മൊകേരി: ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പ്രശ്നമല്ലെന്നു പറയാൻ കഴിയില്ല. കോടിക്കണക്കിന് രൂപയുടെ ഭീമമായ ബാദ്ധ്യതകൾ കൊടുത്തുതീർക്കാനുള്ളത് പരിഗണിക്കാതെ ഈ സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാണെന്ന വാദം വസ്തുതകൾക്ക് നിരക്കാത്തതാണ്. കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, തൊഴിലില്ലായ്മ വേതനം ഇവയുടെയെല്ലാം കുടിശ്ശിക ഉൾപ്പെടെ കോടിക്കണക്കിന് ഉറുപ്പിക കൊടുത്തുതീർക്കാനുണ്ട്. പല സ്ഥലങ്ങളിൽനിന്നും കടം വാങ്ങിച്ചിട്ടുണ്ട്. അങ്ങനെ കടം വാങ്ങിച്ച സംഖ്യ ഉൾപ്പെടെ ഈ സംസ്ഥാനം സാമ്പത്തികമായി ബുദ്ധിമുട്ടിലാണ്. ആ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറുന്നതിനുള്ള വസ്തുതകൾ ഈ നിയമസഭയുടെ മുമ്പാകെ പറയുന്നതിന് പകരം തെരഞ്ഞെടുപ്പിനെ മുമ്പിൽ കണ്ടുകൊണ്ട് നിങ്ങൾ വസ്തുതകൾ ബോധപൂർവ്വം വളച്ചൊടിക്കുകയാണ്. ഈ ബഡ്ജറ്റിൽ ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. അതിൽ ഗവൺമെന്റിനു

ആത്മാർത്ഥത ഉണ്ടോ? നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് വൈദ്യുതിയുടേത്. ആ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് സമഗ്രമായ കാര്യങ്ങൾ എന്തെങ്കിലും പറയുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 1967 മുതൽ 1996 വരെ കേരളം ഭരിച്ചതിൽ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ മന്ത്രിമാരിൽ വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തത് ആരാണെന്ന് പറയാമോ?

ശ്രീ. സത്യൻ മൊകേരി: സഖാവ് എം. എൻ. ഗോവിന്ദൻനായർ വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തിരുന്ന സന്ദർഭത്തിൽ കേരളത്തിൽ പുതിയ വൈദ്യുതപദ്ധതികൾ ആരംഭിച്ചു. സഖാവ് ശിവദാസമേനോൻ വൈദ്യുതിമന്ത്രിയായിരുന്ന കാലത്ത് കായംകുളം തെർമ്മൽ പദ്ധതിക്ക് തറക്കല്ലിട്ടു. 2400 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു പ്രോജക്ടിന് രൂപം നൽകി. അതിന്റെ പ്രവർത്തനം ആരംഭിച്ചു. നിങ്ങൾ വന്നപ്പോൾ അത് നിർത്തലാക്കി. എന്റെ വിഷയം അതാണ്. ശ്രീ. തിരുവഞ്ചൂർ അത് സൂചിപ്പിച്ചത് നന്നായി. ഞാൻ അത് പറയാൻ പോകുകയാണ്.

സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് ഒരു യൂണിറ്റ് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? കഴിഞ്ഞില്ല എന്നുമാത്രമല്ല ഞങ്ങൾ തുടങ്ങിയതെല്ലാം നിങ്ങൾ നിർത്തലാക്കുകയാണ് ചെയ്തത്. അതാണ് കായംകുളം തെർമ്മൽ പ്ലാന്റ്. അതിന്റെ പിറകെ ഞങ്ങൾ നടന്നതാണ്. ശ്രീ. ശിവദാസമേനോൻ നടന്നതാണ്. കൃഷി വകുപ്പിന്റെ കീഴിലുണ്ടായിരുന്ന സ്ഥലം രണ്ടുമൂന്നു ദിവസക്കാലംകൊണ്ടാണ് ട്രാൻസ്ഫർ ചെയ്തുകൊടുത്തത്. ആ പദ്ധതിക്ക് തറക്കല്ലിട്ടു. ആളുകളെ ഒഴിപ്പിച്ചു. പ്രാരംഭ പ്രവർത്തനങ്ങളും തുടങ്ങി. എല്ലാമായപ്പോൾ നിങ്ങൾ പാരവച്ചു. അതിനുത്തരവാദി ശ്രീ. കരുണാകരനും ശ്രീ. ആന്റണിയുമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞ രാഷ്ട്രീയ കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. എന്റെ ചോദ്യം വളരെ സ്പെസിഫിക്കാണ്. കേരളത്തിലെ വൈദ്യുതിക്ഷാമത്തിന് 1967 മുതൽ ഇങ്ങോട്ടുള്ള ഗവൺമെന്റുകളെല്ലാം ഉത്തരവാദികളാണെന്ന് നേരത്തെ പറഞ്ഞിരുന്നു. അതിന്റെ ബാക്കിയാണ് ഞാൻ ചോദിച്ചത്. ഈ വർഷങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മന്ത്രിമാരാണ് കൂടുതലും വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തത്. അതിൽ കൂടുതലും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരുമാണ്.

ശ്രീ. സത്യൻ മൊകേരി: കമ്മ്യൂണിസ്റ്റ് പാർട്ടികൾ വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തിരുന്ന സന്ദർഭങ്ങളിലെല്ലാം ഇവിടെ വൈദ്യുതി മിച്ചമായിരുന്നു തിരുവഞ്ചൂരേ. മിച്ചമായ വൈദ്യുതി ചുരുങ്ങിയ വിലയ്ക്ക് ഉല്പാദിപ്പിച്ച് മറ്റ് സംസ്ഥാനങ്ങൾക്ക് വിൽക്കാൻ നമ്മുടെ മന്ത്രിമാരായ എം. എൻ. ഗോവിന്ദൻനായരും പി. എസ്. ശ്രീനിവാസനും ഒക്കെ മന്ത്രിമാരായിരുന്ന കാലത്തു കഴിഞ്ഞിട്ടുണ്ട്. ആ വസ്തുത മറച്ചുവയ്ക്കേണ്ട. അന്ന് വളരെ കുറഞ്ഞ ചെലവിൽ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന പ്രോതസ്സുകൾ കണ്ടെത്താനായിരുന്നു മുൻതൂക്കം നൽകിയിരുന്നത്. അതുമാത്രം പോര മറ്റ് പ്രോതസ്സുകളും ആവശ്യമായി വന്നപ്പോഴാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ശിവദാസമേനോന്റെ കാലത്ത് താപവൈദ്യുതി നിലയങ്ങളിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന പ്രോജക്ടുകൾ കണ്ടെത്തിയത്. ഞങ്ങൾ വെറുതെയിരിക്കുകയായിരുന്നില്ല. ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് കായംകുളം തുടങ്ങാൻ പോകുന്നുവെന്ന പ്രചരണം വളരെ ശക്തമായിരുന്നു. ആ പദ്ധതി ഇന്നും തുടങ്ങാത്തതിന് കാരണം ഞങ്ങളാണോ? കേന്ദ്രവും സംസ്ഥാനവും നിങ്ങളല്ലേ ഭരിക്കുന്നത്? എന്തുകൊണ്ട് നിങ്ങൾ തുടങ്ങിയില്ല. അതിനുത്തരം പറയാൻ നിങ്ങൾക്ക് ബാദ്ധ്യതയുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിൽ ഒരു ഘട്ടത്തിൽ വൈദ്യുതി മിച്ചമായിരുന്നു. അതിന്റെ ആവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് അതാത് കാലഘട്ടത്തിന്റെ ആവശ്യകതയും പ്രശ്നങ്ങളും പരിശോധിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ് ഒരു ഗവൺമെന്റിന്റെ ചുമതല. കഴിഞ്ഞ നാലരവർഷക്കാലത്തിനുള്ളിൽ കേരളത്തിൽ ഒരു യൂണിറ്റ് വൈദ്യുതി വർദ്ധിച്ചോ? ഒരു ഡീസൽ പ്ലാന്റ് ഒരു സംസ്ഥാനത്തു സ്ഥാപിച്ചാൽ കമ്മീഷൻ ചെയ്യാൻ മൂന്നു വർഷമേ വേണ്ടൂ. നിങ്ങൾ ഇവിടെ നാലരക്കൊല്ലം ഭരിച്ചു. ഒരു ഡീസൽ പ്ലാന്റ് കമ്മീഷൻ ചെയ്യാൻ സാധിച്ചോ?

ശ്രീ. സത്യൻ മൊകേരി: അവർ ആ ഉത്തരവാദിത്വം നിറവേറ്റിയില്ല.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, എന്തുകൊണ്ട് കായംകുളം പദ്ധതി തുടങ്ങിയിട്ടില്ല എന്നു ബഹുമാനപ്പെട്ട അംഗം ചോദിച്ചു. കായംകുളം പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. ടെൻഡർ ഓപ്പൺ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഏത് രാജ്യത്തുനിന്നാണ് മെഷീൻ വരേണ്ടതെന്ന് തീരുമാനിക്കും. മറ്റ് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തിയും കായംകുളത്ത് ആരംഭിച്ചുകഴിഞ്ഞു. ശ്രീമാൻ ഇ. പി. ജയരാജൻ പറഞ്ഞു കേരളം വൈദ്യുതിരംഗത്തു മിച്ചസംസ്ഥാനമായിരുന്നുവെന്ന്. അത്തരം ഒരു ധാരണയും പ്രചരണവുമാണ് യഥാർത്ഥത്തിൽ ഇപ്പോൾ കേരളത്തെ ഭാഗികമായി ഇരുട്ടിലേക്ക് കൊണ്ടുപോയത്. കേരളം ഒരു കാലത്തും മിച്ചസംസ്ഥാനമായിരുന്നില്ല. മദ്ധ്യതിരുവിതാംകൂറിൽ ജനറേറ്റ് ചെയ്യുന്ന വൈദ്യുതി മലബാറിലേക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള വിതരണസംവിധാനം ഇല്ലാത്തതുകൊണ്ടാണ് അന്ന് വൈദ്യുതി വിറ്റത്. പണ്ടും മലബാറിൽ വോൾട്ടേജ് ക്ഷാമമുണ്ടായിരുന്നു. നമ്മൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ആവശ്യമായ സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള സൗകര്യമില്ലായിരുന്നുവെന്നതാണ് വസ്തുത.

ശ്രീ. സത്യൻ മൊകേരി: സർ, കഴിഞ്ഞ 5 വർഷമായിട്ട് കായംകുളം തെർമൽ പ്ലാന്റിൽനിന്നും ഒരു യൂണിറ്റുപോലും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം അങ്ങയുടെ ഗവൺമെന്റിനാണ്. അത് നിങ്ങൾ മറച്ചുവയ്ക്കരുത്. ഞങ്ങൾ പ്രവർത്തനം ആരംഭിച്ചതാണ്. അതിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നിങ്ങൾക്ക് കഴിയാതിരുന്നത് നിങ്ങളുടെ കുറ്റം കൊണ്ടാണ് എന്നു നിങ്ങൾ ഇപ്പോഴും അംഗീകരിക്കുന്നില്ല. കോഴിക്കോട് ഡീസൽ പവർ സ്റ്റേഷന്റെ സ്ഥിതിയെന്താണ് നിങ്ങളുടെ നേതാവായ 'ലീഡർ' കോഴിക്കോട് പോയി തറക്കല്ലിട്ട പദ്ധതിയല്ലേ? എത്ര വർഷമായി തറക്കല്ലിട്ടിട്ട്. ഒരു വർഷക്കാലംകൊണ്ട് അവിടെനിന്നും

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു പദ്ധതിയല്ലേ അത്? അതു പോലെ തൃക്കരിപ്പൂരും ബ്രഹ്മപുരവും നിങ്ങൾ അവഗണിച്ചില്ലേ? എന്തുകൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. കോഴിക്കോട് പാര വയ്ക്കുകയായിരുന്നില്ലേ ചെയ്തത്. നിങ്ങൾക്ക് ഇഷ്ടമുള്ള കരാറുകാർക്ക് ആ പ്രവൃത്തി നൽകുന്നതിനുവേണ്ടി നിങ്ങൾ ബോധപൂർവ്വം വച്ചുതാമസിപ്പിക്കുകയായിരുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: നമ്മൾ യാഥാർത്ഥ്യം മറച്ചുവച്ചു സംസാരിക്കരുത്. ഞങ്ങളുടെ മുനിസിപ്പൽ ഏരിയായിൽ അഞ്ചുവർഷം മുമ്പ് ആറായിരം ഹൗസ് കണക്ഷനാണുണ്ടായിരുന്നത്. ഇപ്പോഴത് 36000 ആയി വർദ്ധിച്ചു. ഉപഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടും മുൻപുണ്ടായിരുന്ന ജലവൈദ്യുത പദ്ധതികളെത്തന്നെ ആശ്രയിക്കുകയാണ് ഇപ്പോഴും ചെയ്യുന്നത്. കൂടുതൽ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ കഴിയുന്നുമില്ല. അതുകൊണ്ടാണ് തെർമൽ പ്ലാൻറ് ഉണ്ടാക്കാൻ കേന്ദ്ര ഗവൺമെൻറ് ശ്രമം നടത്തുന്നത്.

ശ്രീ. സത്യൻ മൊകേരി: കോഴിക്കോട്ടെ ഡീസൽ പ്രോജക്ടിനുവേണ്ടി 1994-ൽ ആഗോള ടെൻഡർ വിളിച്ചതാണ്. 7 കമ്പനികൾ ക്വാട്ട് ചെയ്തു; ബെൽ, (B.H.E.L.) എൻസർച്ച് ഉൾപ്പടെ. 90 കോടി രൂപ കൂടുതൽ ക്വാട്ട് ചെയ്തു എൻസർച്ച് എന്ന കമ്പനിക്ക് തന്നെ കൊടുക്കണമെന്നു ബോർഡിലെ ഉയർന്ന ആളുകൾ തീരുമാനിച്ചതുകൊണ്ടല്ലേ ആ കരാർ ഉറപ്പിക്കാൻ കഴിയാത്തത്. 27-11-1995-ന് കമ്മീഷണർ ആൻറ് സെക്രട്ടറി (പവർ) ആർ. സി. ചൗധരി അന്നത്തെ ബോർഡ് ചെയർമാൻ ശിവദാസനു അയച്ച കത്തുണ്ട്. ബോർഡിനകത്ത് ആർക്ക് കോൺട്രാക്ട് നൽകണമെന്ന കാര്യത്തിൽ ചർച്ച നടന്നു. ആദ്യത്തെ ചർച്ചയിൽ ബെൽ (B.H.E.L.)-നാണ് നൽകേണ്ടതെന്ന് പറഞ്ഞു. അതല്ല എൻസർച്ചിന് നൽകണമെണ വാദമുണ്ടായി. അങ്ങനെ ബോർഡിനകത്ത് ഡിസ്പ്യൂട്ട് ഉണ്ടായി. ഫൈനൽ ബോർഡ് ചേർന്നു പവർ സെക്രട്ടറിയോട് അഭിപ്രായം ചോദിച്ചു. പവർ സെക്രട്ടറി പഠനം നടത്തി. 15-3-1995-ന് ഒരു റിപ്പോർട്ട് സ്പെഷ്യൽ മെസഞ്ചർ വഴി ബോർഡ് ചെയർമാൻ ശിവദാസനു എത്തിച്ചുകൊടുത്തു. അതിൽ വ്യക്തമായി പറയുന്നത് ബെല്ലിനു (B.H.E.L.) കൊടുക്കണമെന്നാണ്. എൻസർച്ചിനു കൊടുക്കാൻ പാടില്ല എന്നു. ഈ സംസ്ഥാനത്തെ താൽപര്യം സംരക്ഷിക്കാൻ കഴിയുന്ന ബെല്ലിനു (B.H.E.L.) തന്നെ കരാർ കൊടുക്കണമെന്നു പഠനം നടത്തി പറഞ്ഞിട്ടും ഒന്നരവർഷക്കാലമായി ആ റിപ്പോർട്ടിൻെറ പുറത്തു തീരുമാനം എടുത്തില്ല. എന്താണ് തീരുമാനമെടുക്കാത്തത്? ആ ടെക്നിക്കൽ ഇവാല്യു വേഷൻ റിപ്പോർട്ട് എവിടെ പോയി? ബഹുമാനപ്പെട്ട പത്മരാജൻ ആയിരുന്നില്ലേ അന്നത് കൈകാര്യം ചെയ്തത്? എന്തുകൊണ്ട് തീരുമാനം എടുക്കാതെ റിപ്പോർട്ട് പൂഴ്ത്തിവയ്ക്കുന്നു? ചൗധരി അയച്ച കത്തിൻെറ നമ്പർ 2357/95 ആണ്. അന്നത്തെ ബോർഡ് ചെയർമാൻ ശിവദാസൻ ഒരു പ്രസ്താവന നടത്തി. ബെല്ലിനു (B.H.E.L.) കാര്യക്ഷമത ഇല്ല എന്നു. അയാൾ എങ്ങനെ അത് പറയും? പവർ സെക്രട്ടറിയുടെ റിപ്പോർട്ട് ബെല്ലിനു (B.H.E.L.) കൊടുക്കണമെന്നുള്ളതാണ്. അതിനെതിരായി പരസ്യപ്രസ്താവന നടത്താൻ ചെയർമാനു എന്തു അധികാരം? അധികാരം ഇല്ല. ഇതിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുകയല്ല ഇവരുടെ ഉദ്ദേശം, കമ്മീഷൻ പറ്റുക എന്നുള്ളതാണ് എന്നു വളരെ വ്യക്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നിൽനിന്ന് ചർച്ചകൾ നടത്തി ഇഷ്ടപ്പെട്ട ആളുകൾക്ക് കരാർ ഉറപ്പിച്ചു കൊടുക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണ്. കോഴിക്കോട് ഡീസൽ പവർ സ്റ്റേഷന്റെ പ്രവർത്തി ആരംഭിച്ചിരുന്നുവെങ്കിൽ ഇപ്പോൾ 120 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു പ്രോജക്ടായി തീരുമായിരുന്നു. എന്നാൽ ആ പ്രോജക്ട് നിങ്ങൾ കമ്മീഷൻ ചെയ്തില്ല. അതിനുത്തരവാദി നിങ്ങൾ തന്നെയാണ്. ശ്രീ. സി. വി. പത്മരാജനു അതിൽ ഉത്തരവാദിത്വമുണ്ട്. നിങ്ങൾ മനഃപൂർവ്വം താമസിപ്പിച്ചില്ലേ, ശ്രീ. കാർത്തികേയൻ വന്നപ്പോൾ താമസിക്കുന്നില്ലേ? ശ്രീ. കാർത്തികേയൻ ഇപ്പോഴും ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നില്ല. തീരുമാനിക്കാത്തതിനു കാരണമെന്താണ്? നിങ്ങൾക്ക് ഇഷ്ടപ്പെട്ട ആളുകൾക്ക് ആർക്കെങ്കിലും കരാർ കൊടുക്കണമായിരിക്കാം, അതുകൊണ്ട് ഉദ്ദേശിച്ച തലങ്ങളിൽ തീരുമാനമെത്തിക്കാൻവേണ്ടി നീട്ടിക്കൊണ്ടുപോവുകയാണ്. ഇതാണ് സംസ്ഥാനത്തിന്റെ അനുഭവം. ഈ സംസ്ഥാനത്ത് ഏതെങ്കിലും രംഗത്ത് വികസനമുണ്ടായോ? കേന്ദ്രവും സംസ്ഥാനവും നിങ്ങളുടെ പാർട്ടി തന്നെ ഭരിക്കുന്നു. ഈ സംസ്ഥാനത്തിന്റെ വികസനത്തിനു കേന്ദ്രത്തിന്റെ സഹായം ആവശ്യമാണ്. നിങ്ങൾ കാർഷികരംഗത്തും വ്യാവസായികരംഗത്തും പുറകോട്ട് പോവുകയാണ്. ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്, കാർഷികരംഗത്ത് റബ്ബറൊഴിച്ചുള്ള മിക്കവാറും എല്ലാ കാർഷികവിളകളുടേയും ഉൽപ്പാദനം പുറകോട്ട് പോയിട്ടുണ്ട് എന്നാണ്. അതിനു കാരണമെന്താണെന്നു നിങ്ങൾ പരിശോധിച്ചില്ല, അതിനു നിങ്ങൾക്ക് താൽപ്പര്യവുമില്ല. കാർഷികരംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ശ്രീ. വി. വി. രാഘവന്റെ നേതൃത്വത്തിൽ പരിപാടികൾ തയ്യാറാക്കിയിരുന്നതാണ്. കഴിഞ്ഞകാല ഗവൺമെന്റിന്റെ കാലത്ത് നെല്ല്, നാളികേരം തുടങ്ങിയ എല്ലാ വിളകളുടേയും ഉൽപ്പാദനം വർദ്ധിച്ചു എങ്കിൽ നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിലെ ഉൽപ്പാദനം കുറയുകയാണ് ചെയ്തിട്ടുള്ളത്. കാർഷികമേഖലയെ നിങ്ങൾ തകർക്കുകയാണ് ചെയ്തത്. അതുപോലെതന്നെ വ്യവസായരംഗത്തും ഇന്ന് സ്തംഭനാവസ്ഥയാണ്. നിലവിലുണ്ടായിരുന്ന തൊഴിലുകൾപോലും നഷ്ടപ്പെടുന്നു. ചെറുകിട വ്യവസായയൂണിറ്റുകൾ പ്രവർത്തിക്കാത്തതുകൊണ്ട് 24961 പേർക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞിട്ടുള്ളത്. അതല്ലേ നിങ്ങൾ തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി ചെയ്യുന്നത്? ഉള്ള വ്യവസായങ്ങൾ നഷ്ടപ്പെടുന്നു, ഫാക്ടറികൾ പൂട്ടപ്പെടുന്നു. ഇടത്തരം ഫാക്ടറികൾ പൂട്ടിയതുമൂലം ഒരുലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. കശുവണ്ടി മേഖലയിൽ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കാത്തതുകൊണ്ട് 36,000-ലധികം തൊഴിലാളികൾക്ക് ജോലി ഇല്ലാതായിട്ടുണ്ട്. എത്ര ഫാക്ടറികളാണ് ഇപ്പോൾ പൂട്ടിക്കിടക്കുന്നത്? ഏതെങ്കിലും ഒരു പുതിയ വ്യവസായം നിങ്ങൾ ആരംഭിച്ചിട്ടുണ്ടോ? പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കിയിട്ടില്ലെന്നു മാത്രമല്ല തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കേന്ദ്രത്തിൽനിന്നും വാങ്ങാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കാരണം ശ്രീ. ആന്റണിക്കും ശ്രീ. കരുണാകരനും തമ്മിൽ യോജിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രത്തെ പ്രേരിപ്പിക്കാൻ നിങ്ങൾക്ക് കഴിയില്ല. കേന്ദ്രഗവൺമെന്റിന്റെ സംസ്ഥാനത്തെ ഇൻവെസ്റ്റ്മെന്റ് എത്രയാണെന്നറിയാമോ? നൂറു രൂപ കേന്ദ്രഗവൺമെന്റ് വീതം വയ്ക്കുമ്പോൾ നമുക്ക് കിട്ടുന്നത് ഒരു രൂപ 29 പൈസയാണ്. കേന്ദ്ര ഇൻവെസ്റ്റ്മെന്റ് ഇല്ലാതെ ഒരു സംസ്ഥാനത്തും ഡെവലപ്പ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകില്ല. അഗ്രിക്കൾച്ചറൽ സെക്ടറിൽ സംസ്ഥാനഗവൺമെന്റിനു മാത്രമായിട്ട് ഡെവലപ്പ്മെന്റ് ഉണ്ടാക്കാൻ കഴിയില്ല, സെൻട്രൽ ഇൻവെസ്റ്റ്മെന്റ് വേണം. വ്യവസായത്തിന്റെ കാര്യത്തിലും അതു തന്നെയാണ്. സാമ്പത്തികബുദ്ധിമുട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. അങ്ങനെയുള്ള സംസ്ഥാനത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ കേന്ദ്രത്തിൽ അവതരിപ്പിച്ച് അർഹമായ സഹായം നേടിയെടുക്കാൻ ഈ ഗവൺമെന്റിനു കഴിയില്ല. ശ്രീ. കരുണാകരനു കഴിഞ്ഞില്ല, അന്ന് ശ്രീ. ആന്റണി കേന്ദ്രത്തിലുണ്ടായിരുന്നു. ഇന്നു ശ്രീ. ആന്റണിക്കു കഴിയുന്നില്ല, ഇന്നു ശ്രീ. കരുണാകരൻ കേന്ദ്രത്തിലാണ്. ഇവർ രണ്ടു പേരും വർക്കിംഗ് കമ്മിറ്റി പാർലമെന്റ് ബോർഡ് മെമ്പർമാരാണ്. കേന്ദ്രത്തിലും സംസ്ഥാനത്തും കോൺഗ്രസ് (ഐ) ഭരിച്ചിട്ടും ശ്രീ. പത്മരാജനു എന്തുകൊണ്ട് കേന്ദ്ര ഇൻവെസ്റ്റ്മെന്റ് വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. 1970-ൽ നമ്മുടെ കേന്ദ്ര ഇൻവെസ്റ്റ്മെന്റ് 3.06 ശതമാനം ആയിരുന്നു. അത് ഇന്നു 1.29 ശതമാനമായി നിൽക്കുകയാണ്. നിങ്ങളുടെ ഭരണകാലത്ത്, 1991-ൽ 1.42 ശതമാനമായിരുന്നത് 1.30 ശതമാനമായി, ഇപ്പോൾ 1.29 ശതമാനമായി നിൽക്കുന്നു. കേന്ദ്ര ഇൻവെസ്റ്റ്മെന്റ് കുറഞ്ഞതുകൊണ്ട് ഈ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. ഫാക്ടറികൾ ഒന്നൊന്നായി പൂട്ടപ്പെടുന്നു, നിലവിലുള്ള തൊഴിലുകൾ നഷ്ടപ്പെടുന്നു, വൈദ്യുതി ഉൽപ്പാദനം കുറയുന്നു, കുടിവെള്ളക്ഷാമവും ഉണ്ട്. അങ്ങയുടെ നിയോജക മണ്ഡലമായ വാഴൂരിൽ കുടിവെള്ളം കിട്ടാതെ ആളുകൾ ബുദ്ധിമുട്ടുകയല്ലേ? അങ്ങും കുടിവെള്ളത്തിനുവേണ്ടി നിവേദനം കൊടുത്തില്ലേ? ശ്രീ. ജേക്കബിനു നിവേദനം കൊടുത്തിട്ട് അതിന്റെ മുകളിൽ നൂറു മീറ്റർ പൈപ്പിടാൻ അങ്ങേയ്ക്ക് കഴിയുന്നുണ്ടോ? അങ്ങയുടെ പാർട്ടിയിൽപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. മാണിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുന്നുണ്ടോ? കുടിവെള്ളക്ഷാമം വന്നിട്ട് അത് പരിഹരിക്കുന്നതിനുവേണ്ടി എന്ത് പരിപാടികൾ ആവിഷ്ക്കരിച്ചു? ഒരു മണ്ഡലത്തിൽ പത്തു കിണർ കുഴിക്കുന്നതിനോ, പത്തു മീറ്റർ പൈപ്പിടുന്നതിനോ കഴിഞ്ഞിട്ടില്ല. പിന്നെ നിങ്ങൾ ഗീർവാണം പ്രസംഗിക്കുകയാണ്. ഞങ്ങൾക്ക് പ്രസംഗത്തിന്റെ ആവശ്യമില്ല, പ്രവൃത്തിയാണ് ആവശ്യം. അത് നിങ്ങൾക്ക് ചെയ്യാൻ കഴിയില്ല. അങ്ങനെ ഈ സംസ്ഥാനത്തെ നിങ്ങൾ സർവ്വ നാശമാക്കിയിരിക്കുകയാണ്. എല്ലാ മേഖലയിലും സ്തംഭനാവസ്ഥയാണ്. അഴിമതിയിൽമാത്രം അടിസ്ഥാനപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിനെ ഞാൻ നഖശിഖാന്തം എതിർക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഇടക്കാല ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. സാധാരണ ഇടതുപക്ഷത്തുനിന്നും മുൻ മുഖ്യമന്ത്രിയാണ് പ്രസംഗം ആരംഭിക്കുന്നത്. ഇന്നു ആ ചുമതല ശ്രീ. വർക്കല രാധാകൃഷ്ണനെയാണ് ഏൽപ്പിച്ചത്. അദ്ദേഹമാണെങ്കിൽ ശിവഗിരി വഴി കറങ്ങി, ഈ ബഡ്ജറ്റിൽക്കൂടി കാര്യമായിട്ടൊന്നും സ്പർശിക്കാതെ പോയതിൽ എനിക്ക് ഖേദമുണ്ട്. കഴിഞ്ഞ നാലരവർഷക്കാലത്തെ കേരളത്തിലെ ധനകാര്യ മാനേജ്മെന്റിന്റെ ഒരു ആകെത്തുകയാണ് ഈ ബഡ്ജറ്റ് പ്രസംഗം. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു, ഈ ബഡ്ജറ്റിൽ നയമില്ലെന്ന്. ബഡ്ജറ്റ് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എഴുന്നേറ്റു നിന്നപ്പോൾ അങ്ങ് തന്നെ നയം പ്രഖ്യാപിക്കാനുണ്ടോ എന്നു ചോദിച്ചു. ഉണ്ടെങ്കിൽ അത് ശരിയല്ല,

LIBRARY ARCHIVES Kerala Legislative Assembly

it is improper എന്നു പറഞ്ഞു. ഇത് അന്നു പറഞ്ഞതാണ്. ഇന്ന് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു, ഈ ബഡ്ജറിൽ നയമില്ല എന്ന്. ആ വൈരുദ്ധ്യത്തെ ഞാൻ ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. ബഡ്ജറിൽ പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും ഒരുപോലെ പ്രാധാന്യം നൽകുന്നു. ഈ ഗവൺമെൻറിന്റെ പ്രവർത്തനഫലമായിട്ട് നമ്മുടെ സാമ്പത്തികരംഗത്ത് വളർച്ചയുണ്ടായിട്ടുണ്ട്. ആ വളർച്ച എല്ലാ രംഗത്തും ഉണ്ടായിട്ടുണ്ട്; വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിച്ചു, ആരോഗ്യമേഖലയിൽ പുത്തൻ ഉണർവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്, 3500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉള്ള പദ്ധതികൾക്ക് ഈ ഗവൺമെൻറ് രൂപം കൊടുത്തിരിക്കുന്നു. കാർഷിക വ്യാവസായിക മേഖലകളിലെല്ലാംതന്നെ ഈ വളർച്ച കാണാൻ കഴിയും. ഇപ്പോൾ തർക്കം വന്നിരിക്കുന്നത്, വൈദ്യുതി പദ്ധതികൾ സ്വകാര്യ മേഖലയുമായി എന്തുകൊണ്ട് പങ്കു വച്ചു എന്നതിനെക്കുറിച്ചാണ്. പൊതുമേഖലയെന്ന സങ്കൽപ്പം ലോകമെമ്പാടും മാറിവരുന്ന കാലഘട്ടമാണിത്. ഇന്ന് ചൈന ഉൾപ്പെടെയുള്ള ലോക രാഷ്ട്രങ്ങൾ, സോവിയറ്റ് യൂണിയനിൽനിന്നും ചിതറിപ്പോയ രാഷ്ട്രങ്ങൾ ഉൾപ്പെടെ, സ്വകാര്യ പങ്കാളികളെയും സ്വകാര്യ മൂലധനത്തെയും ആശ്രയിക്കുന്ന ഒരു കാലഘട്ടമാണ്. എന്തുകൊണ്ട് കായംകുളം പദ്ധതി നീണ്ടുപോയിയെന്നുള്ളതിന്റെ ഉത്തരം സോവിയറ്റ് യൂണിയന്റെ തകർച്ച തന്നെയാണ്. സോവിയറ്റ് യൂണിയനിൽനിന്നും ധനസഹായം കിട്ടുമെന്നുള്ള പ്രതീക്ഷയിൽ ആരംഭിച്ച ആ പദ്ധതി സോവിയറ്റ് യൂണിയന്റെ തകർച്ചയോടുകൂടി ആര് ആ പദ്ധതിയെ പിന്താങ്ങും എന്നുള്ള അവസ്ഥ വന്നപ്പോൾ ആണ് ഈ പദ്ധതി ഇത്രയും നീണ്ടുപോയത്. ആ സത്യത്തെ മറച്ചുവയ്ക്കുന്നതെന്തിനാണ്? ഇവിടെ ക്രമസമാധാന നിലയെക്കുറിച്ച് പല പരാതികളും വന്നു. അഭിമാനത്തോടുകൂടി ഞങ്ങൾക്ക് പറയാൻ കഴിയും, ശ്രീ. ആൻറണി മുഖ്യമന്ത്രിയായി വന്നതിനുശേഷം പോലീസിന്റെ രാഷ്ട്രീയ നരവേട്ട അവസാനിച്ചിരിക്കുകയാണ്. ഇന്ന് ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസം നോക്കാതെതന്നെ പോലീസ് നിയമസമാധാനം കൈകാര്യം ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. ലോക്കപ്പിൽ വച്ച് ഒരാൾ മരണമടഞ്ഞതു സംബന്ധിച്ച് ഇന്നലെ ഒരു അടിയന്തിര പ്രമേയം ഇവിടെ വന്നു. മുഖ്യമന്ത്രി മറുപടി പറഞ്ഞത് ഏതാനും മണിക്കൂറുകൾക്കകംതന്നെ ഉത്തരവാദികളെന്ന് സംശയമുള്ളവരെ സസ്പെൻറ് ചെയ്തിരിക്കുന്നു. ഒരു മജിസ്റ്റീരിയൽ എൻക്വയറിക്കു ശേഷം നിയമപരമായ നടപടികൾക്ക് ഉത്തരവിട്ടിരിക്കുന്നു. മുമ്പ് അങ്ങനെയായിരുന്നില്ല.

ഇടതുപക്ഷ മുന്നണി കേരളം ഭരിച്ചപ്പോൾ ലോക്കപ്പിൽ പ്രതിപ്പാസ്റ്റിക്ക് കയറിൽ തൂങ്ങിമരിച്ച സംഭവമുണ്ടായിട്ടില്ലേ? അന്ന് നിയമസഭയിൽ പ്രതിപക്ഷത്തിന്റെ എത്രയോ ദിവസത്തെ പോരാട്ടത്തിനുശേഷമാണ് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ അന്വേഷണത്തിന് തയ്യാറായത്. ഇന്ന് ആ മാറ്റം പ്രകടമല്ലേ? ഇന്നു പോലീസിന്റെ ഭാഗത്ത് പാളിച്ചയുണ്ടായാൽ ശക്തിയായ നടപടിയെടുക്കാനുള്ള നയം ജനാധിപത്യ മുന്നണി ഗവൺമെൻറ് ആവിഷ്ക്കരിക്കുന്നു. അതുകൊണ്ടുതന്നെ ഈ ഗവൺമെൻറ് ജനങ്ങളുടെ ജീവനും സ്വത്തിനും നീതിപൂർവ്വമായ സംരക്ഷണം കൊടുക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമാണ്. കോടതികളെ ഈ ഗവൺമെൻറ് മാനിക്കുന്നു. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നമ്മുടെ ശിവഗിരി പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇടയ്ക്കിടയ്ക്ക് ശിവഗിരിയിൽ പോകാറുണ്ടെന്നു പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്നാണ് ശിവഗിരിയിൽ പോയത്? അവിടെ അക്രമമുണ്ടായശേഷമല്ലേ? അതിനുമുമ്പ് ഏതെങ്കിലും സന്ദർഭത്തിൽ ഏതെങ്കിലും ഒരു പരിപാടിയിൽ അദ്ദേഹം അവിടെ പങ്കെടുത്തിട്ടുണ്ടോ? ശ്രീ. വർക്കല രാധാകൃഷ്ണൻ പങ്കെടുത്തിട്ടുണ്ടെന്നു് അദ്ദേഹം അവകാശപ്പെടുന്നു. അത് ഞാൻ അംഗീകരിക്കുന്നു. അതിന്റെ അർത്ഥം കുഴപ്പമുണ്ടായപ്പോഴും ആ കലക്കവെള്ളത്തിൽ മീൻ പിടിക്കണമെന്നുള്ള നിങ്ങളുടെ ദുരാഗ്രഹമായിരുന്നില്ലേ ശിവഗിരി പ്രശ്നത്തിൽ നിങ്ങൾ കാണിച്ചത്. ശിവഗിരി പ്രശ്നത്തിൽ ഈ ഗവൺമെന്റ് കൈക്കൊണ്ട നടപടികളും കോടതി നടപടികളുംക്കു് അനുസൃതമായിരുന്നു. ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രമെഴുതിയ മഹാനാണ് ശ്രീ. സാനുമാസ്റ്റർ. ശിവഗിരി പ്രശ്നത്തെക്കുറിച്ച് അദ്ദേഹം എന്താണ് പറഞ്ഞത്? ഒരു ദിവസം മുമ്പ് ഈ ആക്ട് നടത്തിയിരുന്നുവെങ്കിൽ അതായിരുന്നു നല്ലത് എന്നാണ് ഈ സഭയിലെ അംഗമായിരുന്ന, ഇന്നും ഇടതുപക്ഷ സഹയാത്രികനായ, കേരളത്തിലെ എല്ലാവരും അംഗീകരിക്കുന്ന, ബുദ്ധിജീവിയായ സാനുമാസ്റ്റർ പറഞ്ഞത്. അതിനെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ? ശിവഗിരിയിൽ നടന്ന സംഭവങ്ങളെ പർവ്വതീകരിച്ചു, ഈ നാട്ടിൽ സാമൂഹ്യ കലാപമുണ്ടാക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ഇവിടെ അഴിമതി നിരോധനം ഒരു പ്രധാന പ്രശ്നമായി വന്നിരിക്കുന്നു. ഇവിടെ ഹവാലാ കേസിനെക്കുറിച്ച് പറഞ്ഞു. ഹവാലാകേസിൽ ഉൾപ്പെട്ടവരെ സംരക്ഷിക്കാൻ ഞങ്ങൾക്ക് ആഗ്രഹമില്ല. നിയമം നിയമത്തിന്റെ വഴിയിൽ നീങ്ങട്ടെ. പക്ഷെ അഴിമതിയുടെ കാര്യത്തിലും നിങ്ങൾ കാണിക്കുന്നത് ഇരട്ടത്താപ്പല്ലേ? ഇന്നു ഇൻഡ്യൻ എക്സ്പ്രസ്സിൽ ഒരു എഡിറ്റോറിയലുണ്ട്. Deflated Laloo എന്നാണ് അതിന്റെ ഹെഡ്ഡിംഗ്. 671 കോടി രൂപയുടെ fodder scam എന്ന് ഇംഗ്ലീഷിൽ പറയുന്ന കന്നുകാലികൾക്ക് തീറ്റ വാങ്ങുന്ന ഇടപാട് ബീഹാറിൽ നടന്നു. അവിടെ 671 കോടി രൂപയുടെ അഴിമതി നടന്നു. അതിനെക്കുറിച്ച് ആരോപണം വന്നു. ഇതു ഇടതുപക്ഷ മുന്നണിയും കമ്മ്യൂണിസ്റ്റു പാർട്ടിയും സി. പി. ഐ. യും ഒക്കെ നാളെ പ്രധാനമന്ത്രിയാക്കാൻ കൊണ്ടുനടക്കുന്ന, ശ്രീ. ലല്ലുപ്രസാദ് യാദവ് കഴിഞ്ഞ ഏഴു വർഷമായി ഭരിക്കുന്ന ബീഹാറിൽ നടന്ന വലിയ അഴിമതിയാണ്. ഹവാലയിൽ 69 കോടിരൂപ കൊടുത്തുവെന്നാണ് പറയുന്നത്—ഞങ്ങൾ എതിർക്കുന്ന ഒരു പത്രമാണ് ഇൻഡ്യൻ എക്സ്പ്രസ്—ആ കേസിൽ ഹൈക്കോടതി വിധിയുണ്ടായി. സി.ബി.ഐ. അത് അന്വേഷിക്കണമെന്നു് പറഞ്ഞു. അതിൽ എന്താണ് ശ്രീ. ലല്ലുപ്രസാദ് യാദവ് പറഞ്ഞത്. അദ്ദേഹം പറഞ്ഞു 'ഞാൻ ആ വിധി അംഗീകരിക്കുന്നില്ല, ഞാൻ സുപ്രീം കോടതിയിൽ പോകു'മെന്ന്. നിങ്ങൾ അഴിമതിയെ എതിർക്കുന്നുവെങ്കിൽ, ഹവാലയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് ശ്രീ. ലല്ലുപ്രസാദ് യാദവിനെതിരെ ശബ്ദിക്കുന്നില്ല? ഇൻഡ്യൻ എക്സ്പ്രസ്സിൽ പറഞ്ഞിരിക്കുന്നത്, If the Janata Dal is asking the Prime Minister to step down for the hawala pay off involving congress Ministers, it should not be shy of pursuing the same principle in Bihar എന്നാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഹവാലയെക്കുറിച്ച് പറയുമ്പോൾ എന്തുകൊണ്ട് ഇതിനെക്കുറിച്ച് പറയുന്നില്ല. നാല് മാസത്തിനുമുൻപ് ഇൻഡ്യൻ പാർലമെന്റ് സ്തംഭിച്ചു. അതിന് എന്താണ് കാരണം? ടെലികോമിൽ പതിനായിരം കോടി രൂപയുടെ അഴിമതി നടന്നു എന്നാണ് പറയുന്നത്. ടെലികോം

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെൻറ് സ്വകാര്യവൽക്കരണ നടത്താൻ തീരുമാനിച്ചു. കവട്ടേഷൻ വിളിച്ചു. ഗവൺമെൻറ് ഏറ്റവും കൂടുതൽ കോട്ടു ചെയ്തവർക്ക് അതു അനുവദിച്ചുകൊടുത്തു. അതിൻെറ പേരിൽ ബി. ജെ. പി. പാർലമെൻറിൽ ബഹളമുണ്ടാക്കി. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി അതിനു കൂട്ടുനിന്നില്ലേ? നിങ്ങൾ ഒരാഴ്ച പാർലമെൻറിൽ ചോദ്യം ചോദിക്കാൻ പോലും സമ്മതിച്ചില്ല. ഒരു മന്ത്രിയെ നിങ്ങൾ കൂവിയിരുത്തി. അവസാനം ഹൈക്കോടതിക്ക് റഫർ ചെയ്തു. ഹൈക്കോടതി ഒരു മാസം മുമ്പ് പറഞ്ഞത് എന്താണ്? അതിൽ ഒരു അഴിമതിയുമില്ല. ഇന്ത്യയിലെ ഗ്രാമീണ ജനങ്ങൾക്ക് ടെലികോം ഡിപ്പാർട്ടുമെൻറിൽ സർവ്വീസ് ലഭിക്കുന്നതിൽ ഗവൺമെൻറ് നടപടിയിൽ അഴിമതിയില്ല എന്നു സുപ്രീം കോടതി പറഞ്ഞു. എന്തുകൊണ്ടാണ് ഇത്തവണ ഒരാൾപോലും ടെലികോം ഡിപ്പാർട്ടിനെക്കുറിച്ച് പറയാത്തത്? നിങ്ങൾ ബൊഫോഴ്സിനെ ഓർമ്മിക്കുന്നല്ലോ? പക്ഷെ നിങ്ങൾതന്നെ കൊണ്ടുവന്ന ഒരു ആരോപണത്തിൻെറ കഥയില്ലായ്മ ഇൻഡ്യയിലെ അത്യുന്നത നീതിപീഠം തകർത്തപ്പോൾ നിങ്ങൾക്ക് മറുപടിയില്ല. അതുപോലെയാണ് നിങ്ങളുടെ പല അഴിമതി ആരോപണങ്ങളും. നിങ്ങൾ അഴിമതി പറയുന്നത് രാഷ്ട്രീയം നോക്കിയാണ്. കോൺഗ്രസ്സാണ് എക്കാലത്തും അഴിമതിക്കാർ എന്നു സ്ഥാപിക്കാനുള്ള നിങ്ങളുടെ കോൺഗ്രസ് വിരോധം കോൺഗ്രസ്സിലുള്ളതിനേക്കാളും വലിയ അഴിമതി നടത്തുന്ന ശ്രീ. ലല്ലുപ്രസാദ് യാദവിനെ നാളെ പ്രധാനമന്ത്രിയാക്കാൻ നടക്കുന്ന ശ്രമം എവിടെക്കൊണ്ടെത്തിക്കും എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ സ്വയം ആലോചിക്കണം.

ഇവിടെ പ്രൊഫസർ മീനാക്ഷി തമ്പാൻ ക്രിസ്ത്യൻ പിൻതുടർച്ചാവകാശത്തെക്കുറിച്ച് പറഞ്ഞു. അത് 1986-ൽ മേരി റോയി കേസിൽ വന്ന വിധിയാണ്. പത്തു കൊല്ലം കഴിഞ്ഞിട്ടും കുറെ കേസുകൾ കോടതിയിൽ വന്നു. പുതിയ അമെൻറ്മെൻറ് കൊണ്ടുവരാൻ ഉദ്ദേശിക്കുമ്പോൾ തന്നെ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു, ഇപ്പോൾ നിലവിലുള്ള കേസുകളെ അതു ബാധിക്കുന്നില്ല എന്ന്. ഞങ്ങൾ, കടപ്പുറത്തുള്ള ക്രിസ്ത്യാനികൾ സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്നവരാണ്. ക്രിസ്ത്യൻ വിഭാഗത്തിൻെറ ഉന്നതരായ ആളുകളാണ് ഈ കേസിൽ സ്വത്തുതർക്കത്തിൻെറ പേരിൽ കോടതിയിൽ പോയത്. ഞങ്ങൾ സ്വത്തില്ലാത്ത, ഭൂരിപക്ഷം വരുന്ന ക്രിസ്ത്യാനികൾ അതിൻെറ ഫലം അനുഭവിക്കണോ? ഞങ്ങളുടെ കുടുംബങ്ങളും അഞ്ചും പത്തും സെൻറ് സ്ഥലമുള്ളവർ മക്കളെ കെട്ടിച്ചു അയയ്ക്കുമ്പോൾ ഉള്ളതിൻെറ പത്തിരട്ടി കടം വാങ്ങിച്ചു കൊടുക്കുന്നു. അങ്ങനെയുള്ള കുടുംബങ്ങളിൽ നാളെ കലാപമുണ്ടാക്കണോ? അതുകൊണ്ട് കേരളത്തിലെ സാധാരണക്കാരായ ക്രിസ്ത്യൻ കുടുംബങ്ങളെ കോടതി കയറ്റത്തിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ആ നിയമം കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. പ്രൊഫസർ മീനാക്ഷി തമ്പാന് അത് മനസ്സിലാവുകയില്ല. മേരി റോയിയെപ്പോലെയുള്ള ഉന്നതരായ എസ്റ്റേറ്റർ ഉടമകളുടെ സ്വത്തുതർക്കത്തിൽ ഞങ്ങളെപ്പെടുത്തേണ്ട കാര്യമില്ല. അതുകൊണ്ട് എത്രയും വേഗം ക്രിസ്ത്യൻ പിൻതുടർച്ചാവകാശം ഇവിടെ കൊണ്ടുവന്ന് നിയമമാക്കണം. അതിൽ സ്ത്രീ വിവേചനമില്ല. മറിച്ച് സ്ത്രീകളെ സംരക്ഷിക്കാൻവേണ്ടിയാണ്; അത് സ്ത്രീ വിമോചനത്തിൻെറ പേരിൽ ഞങ്ങളുടെ കുടുംബങ്ങളിൽ കേരളത്തിലെ പാവപ്പെട്ട ക്രിസ്ത്യൻ കുടുംബങ്ങളിൽ.....

ശ്രീ. വി. എസ്. അച്യുതാനന്ദൻ: തീരദേശത്തെ സ്വത്തില്ലാത്ത പാവപ്പെട്ടവരായ ഇടനിലക്കാരായ ക്രിസ്ത്യാനികൾക്ക് ഈ വിധി വന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല. നിങ്ങൾ മേരി റോയിയുടെ നേരെ കുതിര

LIBRARY ARCHIVES Kerala Legislative Assembly

കയറുന്നത് എന്തിനാണ്? നിങ്ങൾക്ക് ഒരു പ്രശ്നവുമില്ല. ഇക്കാലമത്രയും ഉണ്ടാകാതിരുന്ന ഒരു ആനുകൂല്യം അവർ കീഴ്ക്കോടതി മുതൽ സുപ്രീം കോടതിവരെ ഫൈറ്റ് ചെയ്തു നേടിയെടുത്തു. അതിന്റെ ആനുകൂല്യം ലഭിക്കേണ്ടവർക്ക് ലഭിച്ചോട്ടെ. നിങ്ങൾക്ക് കിട്ടിയാലും കിട്ടിയില്ലെങ്കിലും ഒന്നുമില്ലല്ലോ? പിന്നെ എന്തിനാണ് അവരെ ആക്രമിക്കുന്നത്?

ശ്രീ. ഡൊമനിക് പ്രസന്റേഷൻ: ഞങ്ങൾ അവർക്ക് തുല്യാവകാശം കൊടുക്കണ്ട എന്നല്ല പറഞ്ഞത്. തിരുവിതാംകൂറിൽ പണ്ട് ഉണ്ടായിരുന്ന ക്രിസ്ത്യൻ നിയമമനുസരിച്ച് ഒരു ഏക്കർ ഭൂമിയിൽ, അല്ലെങ്കിൽ അൻപത് സെന്റ് ഭൂമിയിൽ ക്രിസ്ത്യൻ സ്ത്രീകൾക്ക് നാലിലൊന്ന് അവകാശമുണ്ടായിരുന്നു അതനുസരിച്ച് കൊടുത്തിട്ടുണ്ട്. മേരി റോയി കേസിൽ മുൻകാല പ്രാബല്യം വന്നപ്പോൾ ഇങ്ങനെയുള്ള ഇടത്തരം കുടുംബങ്ങളിലും നാളെ കേസ് വന്നേക്കാം. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്. ഇങ്ങനെ മുൻകാല പ്രാബല്യം വേണ്ടെന്ന്. അല്ലാതെ തുല്യാവകാശത്തിന് എതിരല്ല.

ശ്രീ. മാത്യു സ്റ്റീഫൻ: തുല്യാവകാശം കൊടുത്ത് മൂന്നും നാലും തലമുറകൾ കഴിഞ്ഞശേഷമാണ് ഇപ്പോൾ കേസ് മുന്നോട്ടു പോകുന്നത്. ഈ മൂന്നു നാല് തലമുറകൾ കഴിഞ്ഞപ്പോൾ ഇവരെല്ലാം പല വഴിക്ക് പോയ ആളുകളാണ്. ഇനിയും ഇതിന്റെ പേരിൽ കേസ് വന്നാൽ മുഴുവൻ ന്യൂസാണി കുടുംബങ്ങളിലും കേസും വഴക്കുമുണ്ടാക്കി ആ കുടുംബങ്ങളെ തകർക്കാൻവേണ്ടി വളരെ ബോധപൂർവ്വം പ്രൊവോക്കേഷൻ ഉണ്ടാക്കാൻ വേണ്ടിയാണ് ഇവർ പറയുന്നത് എന്ന് അങ്ങേക്ക് മനസ്സിലായോ?

ശ്രീ. ഡൊമനിക് പ്രസന്റേഷൻ: അത് ബോദ്ധ്യപ്പെട്ടിട്ടു തന്നെയാണല്ലോ ഈ നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. അതുകൊണ്ട് തുല്യ നീതി നിഷേധിക്കുന്ന പ്രശ്നമില്ല. ആകെയുള്ളത് ഇതിന് പത്തു നാല്പത് വർഷത്തെ മുൻകാല പ്രാബല്യം ഒഴിവാക്കുക മാത്രമേയുള്ളൂ. ഇപ്പോൾ കൊടുക്കുന്ന കേസിനുപോലും ബാധകമല്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഈ തത്വം പറഞ്ഞ് കുഴപ്പമുണ്ടാക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: മേരി റോയി കേസിന്റെ ഉള്ളടക്കം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ട അവകാശം പൂർവ്വകാല പ്രാബല്യത്തോടുകൂടി കൊടുക്കണമെന്നാണ് കോടതി പറഞ്ഞത്. അത് ഇവിടത്തെ ക്രൈസ്തവ സഹോദരിമാർക്ക് കിട്ടാൻ എല്ലാ സംഘടനകളും അവർക്ക് ന്യായമായി കിട്ടേണ്ട ഒരാവശ്യം കിട്ടണമെന്ന് വളരെ ശക്തിയായി വാദിച്ചുകൊണ്ടിരിക്കുകയാണ്. അത് എന്തിന് നിഷേധിക്കുന്നു. ന്യായമായും കിട്ടേണ്ട ആവശ്യം അവർ വാങ്ങിച്ചോട്ടെ.

ശ്രീ. ഡോമിനിക് പ്രസന്റേഷൻ: ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ, ഇത് നിഷേധിക്കലല്ല. അതിലൊന്നും ഞങ്ങൾക്ക് തർക്കമില്ല. ഞങ്ങളുടെ കുടുംബങ്ങളിലൊക്കെ സ്ത്രീകൾക്ക് കൂടുതൽ വിഹിതം കൊടുത്താണ് കല്യാണം കഴിച്ചുവിടുന്നത്. കടം വാങ്ങി കല്യാണം കഴിച്ചുവിടുന്നവരാണ് ഞങ്ങളൊക്കെ. അപ്പോൾ നിങ്ങളും ചില പുരോഗമന കടലാസ് സംഘടനകളുടെ പേരിൽ നടത്തുന്ന ഏർപ്പാട്

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിക്കണം. ഞങ്ങളുടെ കാര്യങ്ങളും ഞങ്ങളും തീർത്തുകൊള്ളാം. നമ്മുടെ സമ്പത്ത് നമ്മുടെ ജനങ്ങളാണ്, മനുഷ്യശക്തിയുടെ വികാസമാണ്. അതിനുതകുന്ന കോഴ്സുകളും നമ്മുടെ രാജ്യത്ത് ഉണ്ടാകണം.

ശ്രീ. ടി. ശിവദാസമേനോൻ: ബഹുമാനപ്പെട്ട മാത്യു സ്റ്റീഫൻ പറഞ്ഞു ക്രസ്ത്യൻ കുടുംബങ്ങളിൽ കലാപമുണ്ടാക്കാനാണ് പ്രതിപക്ഷം ഇങ്ങനെ ഒരു നിലപാട് എടുത്തതെന്ന്. സുപ്രീംകോടതിയുടെ വിധി ഈ ദുരുദ്ദേശത്തോടുകൂടിയായിരുന്നോ എന്ന് അങ്ങേയ്ക്ക് പറയാമോ?

ശ്രീ. മാത്യു സ്റ്റീഫൻ: സുപ്രീംകോടതിയുടെ വിധിയെ സംബന്ധിച്ച് ഞങ്ങൾക്കാർക്കും അഭിപ്രായവ്യത്യാസമില്ല. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞതുപോലെ ഞങ്ങളുടെയൊക്കെ കുടുംബങ്ങളിൽ സഹോദരിമാരെ കെട്ടിച്ചയയ്ക്കുന്നത് കൊടുക്കാൻ കഴിയുന്നതിനേക്കാളും വിഹിതം കൊടുത്തിട്ടാണ്. പിന്നെ ആവശ്യമില്ലാതെ ഒരു പ്രശ്നമുണ്ടാക്കി ഈ കുടുംബങ്ങളിൽ കലാപമുണ്ടാക്കാൻ നാല് തലമുറ കഴിഞ്ഞിട്ടാണ് ഇപ്പോൾ കേസ്സുമായിട്ട് പോകുന്നത്. ആ കേസ്സുമായി പോയിക്കഴിഞ്ഞാൽ സെൻട്രൽ ട്രാവൻകൂറിൽ വളരെയേറെ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ടാണ് ഗവൺമെന്റ് ഈ കാര്യത്തിൽ കർക്കശമായ തീരുമാനമെടുത്തിരിക്കുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ബഹുമാനപ്പെട്ട ശിവദാസമേനോനൊക്കെ കാര്യങ്ങളും മുഴുവൻ മനസ്സിലാക്കാതെയാണ് ഇത് പറയുന്നതെന്നാണ് എനിക്ക് തോന്നുന്നത്. പാരാമെഡിക്കൽ കോഴ്സ് രംഗത്ത് ഇന്ന് നമ്മുടെ ആയിരക്കണക്കിന് കുട്ടികളും പുറത്ത് പഠിക്കുകയാണ്. അവർക്ക് പലർക്കും ജോലി കിട്ടുന്നത് ഇന്ന് കേരളത്തിനകത്തും പുറത്തുമായിട്ടാണ്. ഞാൻ ചോദിക്കട്ടേ, എന്തുകൊണ്ട് നമുക്ക് ആ കോഴ്സുകളും കേരളത്തിൽ ആരംഭിച്ചുകൂടാ. ഇവിടെ സ്വകാര്യ കോളേജുകളും ക്കെതിരായി, സ്വകാര്യ കോഴ്സുകൾക്കെതിരായി വലിയ ബഹളം നടക്കുന്നത് കേട്ടു. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിവച്ച് നോക്കുമ്പോൾ നമുക്ക് പലപ്പോഴും അതിന് കഴിയുന്നില്ല. നമ്മുടെ മനുഷ്യശക്തിയാണ് ഏറ്റവും വിലപ്പെട്ടത്. ആ ശക്തിയെ പരിപോഷിപ്പിക്കാൻ, അത് നമ്മുടെ ധനമാക്കി മാറ്റാൻ പാരാമെഡിക്കൽ കോഴ്സ് രംഗത്ത് സ്വകാര്യ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ശ്രമിക്കുമ്പോൾ അത് സ്വകാര്യ മുതലാളിമാരെ സഹായിക്കുന്ന നടപടിയാണെന്ന് പറയുന്നത് ശരിയല്ല. ഞാൻ ചോദിക്കട്ടേ ഇടതുപക്ഷ, ജനാധിപത്യമുന്നണിയുടെ കാലത്ത് നിങ്ങൾ പ്ലസ് ടു കൊടുത്തില്ലേ. പ്രീഡിഗ്രി ബോർഡ് ശ്രീമാൻ ടി. എം. ജേക്കബ് കൊണ്ടുവന്നപ്പോൾ അതിനെ ശക്തിയായി എതിർത്ത് സമരത്തിലൂടെ പരാജയപ്പെടുത്തിയശേഷം നിങ്ങൾ ചെയ്തത് അതേ സാധനംതന്നെ വേറൊരു രൂപത്തിൽ പ്ലസ് ടു ആയിട്ട് കൊണ്ടുവന്നു. അത് കൊടുത്തത് ആർക്കാണ്. പള്ളിയുത്തി നിയോജകമണ്ഡലത്തിൽ കൊടുത്തത് രണ്ടും സ്വകാര്യമേഖലയിലാണ്. ഒന്ന്, അവിടത്തെ എസ്.ഡി.പി. ഹൈസ്കൂളിനും മറെറാന്ന്, ആംഗ്ലോ ഇന്ത്യൻ സ്കൂളിനുമാണ്. അപ്പോൾ നിങ്ങൾ സ്വകാര്യ മേഖലയ്ക്ക് എതിരാണെന്നുള്ളത് ചില സമയത്തെങ്കിലും മറക്കുന്നു. അതുകൊണ്ട് ഈ രംഗത്തു പുതിയ ഒരു പൊളിച്ചെഴുത്ത് ആവശ്യമാണെന്ന് ഞാൻ പറയുകയാണ്., ആരോഗ്യ പരിപാലനരംഗം, വിദ്യാഭ്യാസരംഗം, ശുദ്ധജല വിതരണരംഗം, സാനിട്ടേഷൻ തുടങ്ങിയ സാമൂഹ്യ സേവനങ്ങൾക്കും നമ്മുടെ വാർഷിക പദ്ധതിയിൽ കൂടുതൽ തുക മാററിവച്ചിട്ടുണ്ട്. ഇവിടെ പലരും

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതു കേട്ടു, ആരോഗ്യരംഗത്തെ നമ്മൾ അവഗണിച്ചിരിക്കുന്നു, വിദ്യാഭ്യാസരംഗത്തെ അവഗണിച്ചിരിക്കുന്നു എന്നൊക്കെ. അങ്ങനെയാണോ. ഞാൻ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് വായിക്കാം. 1996–97 വർഷത്തേക്കുള്ള വാർഷിക പദ്ധതി അടങ്കൽ 2100 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 35 ശതമാനം വർദ്ധനവ് കാണിക്കുന്നു. സുപ്രധാന മേഖലകളിൽ കാര്യമായ വർദ്ധനവ് ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി. കൃഷിയും അനുബന്ധ മേഖലകളിലും 207.25 കോടി രൂപയിൽനിന്നും 237.85 കോടി രൂപയായും, ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും 177 കോടി രൂപയിൽനിന്ന് 216.50 കോടി രൂപയായും വ്യവസായത്തിനും ധാതുഖനനത്തിനും 195.10 കോടി രൂപയിൽനിന്ന് 242.20 കോടി രൂപയായും, ഗതാഗതത്തിന് (നിരത്തുകളും പാലങ്ങളും ഉൾപ്പെടെ) 111.35 കോടി രൂപയിൽനിന്ന് 132.25 കോടി രൂപയായും, സാമൂഹ്യസേവനങ്ങൾക്ക് (വിദ്യാഭ്യാസം, ആരോഗ്യം, ശുദ്ധജലവിതരണം, സാനിട്ടേഷൻ ഉൾപ്പെടെ) 270.35 കോടി രൂപയിൽനിന്ന് 368.59 കോടി രൂപയായും പദ്ധതി അടങ്കൽ ഉയർത്തിയിട്ടുണ്ട്. ഇതുതന്നെ കാണിക്കുന്നത് വിദ്യാഭ്യാസ മേഖലയിൽ, ആരോഗ്യ മേഖലയിൽ, അതുപോലെതന്നെ സാനിട്ടേഷൻ മേഖലയിൽ, ശുദ്ധജലവിതരണ മേഖലയിലൊക്കെ ഈ ഗവൺമെൻറിന് താൽപര്യമുണ്ട് എന്നുള്ളതാണ്. അങ്ങനെയുള്ള അടിസ്ഥാന മേഖലകളിലെ വികസനം ഈ ഗവൺമെൻറ് ആഗ്രഹിക്കുന്നു. ഇതൊക്കെയായിട്ടുപോലും ഇതൊന്നും കാണാൻ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നുള്ളത് ഖേദകരമാണ്.

ഇവിടെ അഴിമതി അവസാനിപ്പിക്കാൻ ഈ ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണ്. പൊതുരംഗത്തുള്ള അഴിമതിയും അതുപോലെതന്നെ ഉദ്യോഗസ്ഥൻമാരുടെ അഴിമതിയും ഉണ്ട്. പൊതുരംഗത്തുള്ളവരുടെ അഴിമതികൾ നിയമസഭയിൽ പൊങ്ങിവരാറുണ്ട്, പാർലമെൻറിലും വരാറുണ്ട്. നമ്മുടെ ഉദ്യോഗസ്ഥൻമാർ നടത്തുന്ന അഴിമതികൾ അവസാനിപ്പിക്കാൻവേണ്ടി വിജിലൻസ് കമ്മീഷൻ ഉണ്ടാക്കാൻ ഈ ഗവൺമെൻറ് തീരുമാനിച്ചു. എന്തുകൊണ്ട് നിങ്ങൾ അതിനെ എതിർക്കുന്നു. ഇന്ന് നമ്മുടെ പല സർക്കാർ ഓഫീസുകളിലും അഴിമതി വളരെയധികം ഉണ്ട്. പാവപ്പെട്ടവൻ ഏതെങ്കിലും ഓഫീസിൽ പോയാൽ കാണേണ്ടതുപോലെ കണ്ടില്ലെങ്കിൽ ഫയൽ നീങ്ങാത്ത സ്ഥിതിയുണ്ട്. എന്തിനേറെ പറയുന്നു, നമ്മുടെ പൊതുമരാമത്തു വകുപ്പിലെ പല എസ്റ്റിമേറ്റുകളും തിരുവനന്തപുരത്ത് വന്ന് പാസ്സായി പോകണമെങ്കിൽ റേറ്റ് പറഞ്ഞ് വാങ്ങുന്ന എത്രയോ ഉദ്യോഗസ്ഥൻമാർ നമ്മുടെ സമൂഹത്തിലുണ്ട്. ഇവരെയൊക്കെ പിടിക്കുന്നതിനുവേണ്ടിയാണ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുവാൻ ഈ ഗവൺമെൻറ് തീരുമാനിച്ചത്. അത്യം വളരെ നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഒരു വിജിലൻസ് കമ്മീഷൻ. ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയേയും അതുപോലെ പ്രതിപക്ഷ നേതാവിനോട് ആലോചിച്ചുകൊണ്ട് മറ്റൊരംഗത്തേയും വയ്ക്കുന്ന സംവിധാനം. അതിൻെറ അനുമതിക്ക് കേന്ദ്രത്തിൽ സമർപ്പിച്ചിരിക്കുന്നു. എന്തുകൊണ്ട് പ്രതിപക്ഷം അതിനെ എതിർക്കുന്നു. അഴിമതി സമൂഹത്തിൽനിന്ന് തുടച്ചുമാറ്റണമെന്നുണ്ടെങ്കിൽ രാഷ്ട്രീയ രംഗത്തുള്ള അഴിമതികളും ഉദ്യോഗസ്ഥ അഴിമതികളും അവസാനിപ്പിക്കണം. ഉദ്യോഗസ്ഥൻമാരെ നിലയ്ക്ക് നിർത്തണമെന്നുണ്ടെങ്കിൽ രാഷ്ട്രീയ നേതൃത്വത്തിന് അതിനുള്ള ധൈര്യമുണ്ടാകണം. അഭിമാനത്തോടെ ഞാൻ പറയുന്നു, ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്ക് അതിന് കഴിയുന്നു. അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെയുള്ള ഒരു നീക്കത്തിലേക്ക് വന്നിരിക്കുന്നത്. ഈ പുതിയ തുടക്കത്തെ അംഗീകരിക്കാൻ, സഹായിക്കാൻ പ്രതിപക്ഷം തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വികസനരംഗത്ത് നിരവധി പ്രവർത്തനങ്ങൾ നടത്താൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. റോഡുകൾ, പാലങ്ങൾ, പുതിയ ആശുപത്രികൾ, സ്കൂൾ കെട്ടിടങ്ങൾ തുടങ്ങി എയർപോർട്ടും സ്റ്റേഡിയവുമുൾപ്പെടെ സംസ്ഥാനത്ത് ഇന്ന് ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തുള്ള ഡോ. കെ. സി. ജോസഫിനോ, ശ്രീ. സത്യൻമൊകേരിക്കോ അല്ലെങ്കിൽ ശ്രീ. പി. രാജുവിനോ ആർക്കെങ്കിലും പറയാൻ സാധിക്കുമോ അവരുടെ നിയോജകമണ്ഡലങ്ങളിൽ വർക്കുകൾ നടക്കുന്നില്ല എന്ന്. ഇന്നുപോലും ഡോ. കെ. സി. ജോസഫ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽപോയി അദ്ദേഹത്തിന്റെ പെൻറിംഗ് ഫയൽസ് മുഴുവൻ ക്ലിയറാക്കിയത് ഞാൻ കണ്ടതാണ്. എനിക്ക് സന്തോഷം തോന്നി. എനിക്ക് എതിർപ്പില്ല. ഈ ഗവൺമെൻറിന്റെ സമീപനം അതാണ്. പ്രതിപക്ഷമാണ്, ഭരണകക്ഷിയാണ് എന്നൊന്നും ഇല്ലാതെ ഓരോ ജനപ്രതിനിധികളും ന്യായമായി ആവശ്യപ്പെടുന്ന കാര്യങ്ങൾ നടത്തി കൊടുക്കുന്ന ഒരു ഗവൺമെൻറാണ് ഇപ്പോഴുള്ളത്. മുൻധനകാര്യവകുപ്പു മന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും അതുപോലെതന്നെ ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി പത്മരാജൻ വക്കീലുമൊക്കെ ഈ കാര്യത്തിൽ വളരെ വിശാലമനസ്കരാണ്. അതല്ലെന്ന് ഡോ. കെ. സി. ജോസഫ് പറയട്ടെ, ശ്രീ. സത്യൻ മൊകേരി പറയട്ടേ. ശ്രീ. സി. കെ. ചന്ദ്രപ്പന്റെ നിയോജക മണ്ഡലത്തിലെ അരൂർകുറ്റിപ്പാലത്തിനാണ് ഈ വർഷം ഏറ്റവുമധികം പണം നീക്കിവച്ചിരിക്കുന്നത്; ഒരു ലക്ഷത്തിനാൽപ്പത്തിമൂവായിരം രൂപ. എന്റെ കുമ്പളങ്ങി പാലത്തിനു 90 ലക്ഷം രൂപയേ ഉള്ളൂ, അതുതന്നെ കാണിക്കുന്നത് ഈ ഗവൺമെൻറിന് വിവേചനമില്ല എന്നുള്ളതാണ്. ഓരോ പദ്ധതിയുടെയും മെരിറ്റ് നോക്കി അവരെ സഹായിക്കുന്ന ഒരു നയം നമ്മുടെ ധനകാര്യ മന്ത്രി എടുത്തിട്ടും, ഗവൺമെൻറ് എടുത്തിട്ടും അത് ഏകപക്ഷീയമാണ്, ഇവിടെ വികസനം നടക്കുന്നില്ലെന്ന് പറയുന്നത് കുറച്ച് ക്രൂരമാണെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സത്യൻ മൊകേരി: ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ, ഒരു സംസ്ഥാന ഗവൺമെൻറിന്റെ വികസനത്തിന്റെ അടിസ്ഥാനമെന്നു പറയുന്നത് ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. കാർഷിക മേഖലയിൽ നിങ്ങൾ ഉൽപ്പാദനം വർദ്ധിപ്പിച്ചോ, വ്യാവസായിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിച്ചോ. സമ്പത്ത് ഉൽപ്പാദന രംഗങ്ങളിലെല്ലാം നിങ്ങളുടെ ഗവൺമെൻറ് വന്നതിനുശേഷം ഉൽപ്പാദനം കുറയുകയാണ് ചെയ്തിട്ടുള്ളത്. ഒരു യൂണിറ്റുപോലും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത ഒരു ഗവൺമെൻറിന്റെ പ്രതിനിധിയല്ലേ നിങ്ങൾ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ശ്രീ. സത്യൻ മൊകേരി പറയുന്നത് ശരിയല്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷമാണ് കല്ലടയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ചത്. അതിനെ കുറിച്ച് മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകൊള്ളും. അതുപോലെതന്നെ കഴിഞ്ഞ ആഴ്ച ടാറാറായുടെ ഒമ്പത് ഇരട്ടി മൂലധനമുള്ള വലിയ കമ്പനികൾ ഉൾപ്പെടെയുള്ള ഇന്ത്യാ ഗവൺമെൻറ് അംഗീകരിച്ച ഒരു ഇൻഡോ-യു.എസ്. ബിസിനസ് സംഘം കൊച്ചിയിൽ വന്നിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അവർ ട്രാൻസ്പോർട്ടേഷൻ രംഗത്ത് അതികായൻമാരാണ്. അവർ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണം കണ്ടു, സ്റ്റേഡിയം കണ്ടു, അവർക്ക് നമ്മുടെ പുതിയ വികസന പ്രവർത്തനങ്ങളിൽ അൽഭുതം തോന്നി. അവർ പറഞ്ഞു, ഞങ്ങൾ കേട്ടിട്ടുള്ള പഴയ കേരളമല്ലല്ലോ ഇപ്പോൾ കാണുന്നതെന്ന്. പണ്ട് അവർക്കുള്ള ചിന്ത കേരളത്തിൽ ഒന്നും നടക്കില്ല, ഇവിടെ സമാധാനമില്ല എന്നൊക്കെയായിരുന്നു. ഇന്ന് അത് മാറി കേരളം അടിസ്ഥാനപരമായ വികസനങ്ങളുടെ കാര്യത്തിൽ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു. കോൺഗ്രസ് (ഐ) സമുദായ സംഘടനകളോട് കൂട്ടുകൂടുന്നു, ഞങ്ങൾ അവരുടെ അടിമകളാണ് എന്നൊക്കെ ഇവിടെ പറയുന്നത് പ്രതിപക്ഷമാണ്. , കഴിഞ്ഞ ഞായറാഴ്ച കണിച്ചു കുളങ്ങരയിൽ പുതിയ എസ്.എൻ. ട്രസ്റ്റ് സെക്രട്ടറിയുടെ ഒരു സ്വീകരണ യോഗത്തിനു ഞാൻ ചെന്നിരുന്നു. എനിക്ക് അൽഭുതം തോന്നി. ആ യോഗത്തിന്റെ അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവായിരുന്നു. ആ യോഗത്തിൽ പ്രസംഗിച്ചത് ആരൊക്കെയാണെന്ന് അറിയാമോ. ശ്രീ. ബേബി ജോൺ, ശ്രീ. സി. കെ. ചന്ദ്രപ്പൻ, ശ്രീ. പി. എസ്. ശ്രീനിവാസൻ, ശ്രീ. ടി. ജെ. ആഞ്ജലോസ് തുടങ്ങിയവരാണ്. എനിക്ക് സന്തോഷമുണ്ട്. ഞങ്ങൾ പണ്ടും ഇങ്ങനെയുള്ള സമ്മേളനങ്ങളിലൊക്കെ പോകാറുണ്ട്, അനുമോദിക്കാറുണ്ട്. പക്ഷേ ഞങ്ങൾ ആരെങ്കിലുമായി ഒന്ന് കൂട്ടിമുട്ടിയാൽ, ഒരു ചായ കുടിച്ചാൽ ഇവരൊക്കെ വർഗ്ഗീയവാദികൾ, സമുദായ സംഘടനകളെ സഹായിക്കുന്നവർ എന്ന് നാഴികയ്ക്ക് നൂറുവട്ടം പറയുന്ന നിങ്ങളൊക്കെ പുതിയ എസ്.എൻ. ട്രസ്റ്റ് സെക്രട്ടറിയുടെ സ്വീകരണത്തിന് വന്നതിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങൾക്കുണ്ടായ ആ മാറ്റം എന്തിനാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഞാൻ പറഞ്ഞുവന്നത് രാഷ്ട്രീയത്തിൽ ചില നിലപാടുകൾ വളരെ പ്രധാനമാണ്.

പക്ഷേ, എടുക്കുന്ന നിലപാടുകൾ സത്യസന്ധമാക്കാനുള്ള ഒരു നയം നമുക്ക് ഉണ്ടാകണം. മറിച്ച് അഴിമതിയെക്കുറിച്ച് പറയുമ്പോൾ അത് മുഴുവൻ കോൺഗ്രസ് നടത്തുന്നു എന്നാണ് പറയുന്നത്. നിങ്ങളുടെകൂടെ നില്ക്കുന്നവർ അഴിമതി നടത്തിയാൽ അത് അഴിമതിയല്ലെന്ന് പറഞ്ഞ് നിങ്ങൾ മിണ്ടാതിരിക്കുകയാണ്. ഇത് സത്യസന്ധമാണോ? സത്യസന്ധമായിട്ടാണ് നിങ്ങൾ അഴിമതി ആരോപണം നടത്തുന്നതെങ്കിൽ, സത്യസന്ധമായിട്ടാണ് നിങ്ങൾ രാഷ്ട്രീയ ചേരികൾ ഉണ്ടാക്കുന്നതെങ്കിൽ നിങ്ങൾ എല്ലാവരേയും ഒരുപോലെ കാണുകയും ആര് അഴിമതി കാണിച്ചാലും അത് ചൂണ്ടിക്കാണിക്കുകയും ചെയ്യണം. സ്വതന്ത്രനായാൽ ഞങ്ങൾ പിന്താങ്ങാമെന്നുള്ള ആ വോട്ട് രാഷ്ട്രീയം അവസാനിപ്പിക്കാൻ പ്രതിപക്ഷം തയ്യാറാകണം. കഴിഞ്ഞ നാലുകൊല്ലക്കാലം കേരളത്തിന്റെ സമഗ്രപുരോഗതി നടപ്പിലാക്കിയ ഒരു ഗവൺമെന്റ് ഇന്നും ജനങ്ങളെ ധൈര്യപൂർവ്വം.....

ശ്രീ. കെ. പ്രകാശ് ബാബു: സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. പ്രധാനമന്ത്രിയുടെ ഒരു സ്റ്റേറ്റ്മെന്റ് വന്നിട്ടുണ്ട്. ഹവാല ഇടപാട് ശ്രീ. ഡൊമിനിക് പ്രസന്റേഷനും അറിയാം. എന്തായാലും ശരി കോൺഗ്രസ് ഉൾപ്പെടെയുള്ള ഇൻഡ്യയിലെ ദേശീയ ബൂർഷ്വാ രാഷ്ട്രീയ പാർട്ടികൾ അതിലെ പങ്ക് പറ്റിയിട്ടുണ്ട് എന്നുള്ള കാര്യത്തിൽ തർക്കമില്ല. അതിന്റെ അളവ് എങ്ങനെയാണ്, ഏതെല്ലാം എന്നുള്ളത് മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

സി.ബി.ഐ-യുടെ അന്വേഷണത്തിൽ വരുന്നുള്ളൂ. അങ്ങനെ ഹവാലയുടെ പങ്ക് പറഞ്ഞവരാണെങ്കിൽപോലും ടിക്കറ്റ് നിഷേധിക്കുകയില്ലെന്ന് പ്രധാനമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് വന്നു. അങ്ങ് അഴിമതിക്കെതിരായ പോരാട്ടത്തിനുവേണ്ടി പറഞ്ഞ വാക്കുകളിൽ ആത്മാർത്ഥതയുണ്ടെങ്കിൽ പ്രധാനമന്ത്രിയുടെ അഭിപ്രായത്തോടുള്ള ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ വ്യക്തിപരമായ പ്രതികരണം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ബഹുമാനപ്പെട്ട പ്രകാശ് ബാബു, ഒരാൾ കുറ്റക്കാരനാകണമെങ്കിൽ കോടതി പറയണ്ടേ? അല്ലാതെ പോലീസ് എഴുതിയ ഒരു എഫ്.ഐ.ആർ. കൊടുത്താൽ കുറ്റക്കാരനാകുമോ? കോടതി ശിക്ഷിക്കണ്ടേ? കോടതി ശിക്ഷിക്കുന്ന ഒരാളേയും ഞങ്ങൾ എടുക്കുന്ന പ്രശ്നമില്ല. പക്ഷേ, ഏത് കൊലയാളിക്കും സ്വന്തം നിരപരാധിത്വം പ്രൂവ് ചെയ്യാൻ ഉള്ള ഭരണഘടനാപരമായ സ്വാതന്ത്ര്യം ഇല്ലേ? ശ്രീ. പ്രകാശ് ബാബു നിയമം പഠിച്ച ആളല്ലേ? കൊല പാതകമെന്ന് പത്രക്കാർ എഴുതിയാൽ കൊലപാതകമാകുമോ? ഇൻഡ്യയിലെ വ്യവസ്ഥാപിത നിയമം അനുസരിച്ച് ഇൻഡ്യയിലെ കോടതികൾ ഒരാളെ കുറ്റക്കാരനാണെന്ന് പ്രഖ്യാപിക്കുന്നതുവരെ അയാൾ എങ്ങനെ കുറ്റക്കാരനാകും? ധാർമ്മികതയുടെ പേരിലാണെങ്കിൽ അക്കാര്യം എല്ലാ പാർട്ടികൾക്കും ബാധകമാണ്.

ശ്രീ. സത്യൻ മൊകേരി: സർ, അങ്ങ് പറഞ്ഞു കോടതി പറഞ്ഞാലേ കുറ്റക്കാരനാകൂ എന്ന്. അത് ശരിയാണ്. പക്ഷേ, കോടതി പറയുന്ന ഒരു കാര്യമുണ്ട്. കുറ്റക്കാരിൽ രാഷ്ട്രീയ അധികാരമുള്ളവരെ പോലീസുകാരിൽ ഉന്നതന്മാരായവർ സംരക്ഷിക്കുന്നു എന്ന് എറണാകുളം മജിസ്ട്രേട്ട് കോടതിയിലുള്ളവർ പറയുന്നു. അതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? അധികാരകേന്ദ്രങ്ങളിലുള്ളവരെ സംരക്ഷിക്കുന്നു എന്ന് കോടതി പറയുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഒരു മജിസ്ട്രേട്ട് കോടതി പറയുന്നതാണോ നമ്മുടെ അവസാന വാക്ക്. അതിന്റെ മുകളിലും കോടതിയുണ്ട്. ഹവാല കേസിൽ തന്നെ നിങ്ങൾ എന്താണ് പറഞ്ഞിരുന്നത്? ശ്രീ. റാവുവിന്റെ ഒരു കളിയാണ് എന്ന്. ഇപ്പോൾ നിങ്ങൾ ആരെ കുറ്റപ്പെടുത്തും? ഇപ്പോൾ സി. ബി. ഐ. റിപ്പോർട്ട് നേരിട്ട് ശ്രീ. റാവുവിന് കൊടുക്കുന്നില്ല; സുപ്രീം കോടതിക്കാണ് കൊടുക്കുന്നത്. ഇനി നിങ്ങൾക്ക് പറയാൻ കഴിയുമോ ശ്രീ. റാവുവിന്റെ കളിയാണെന്നുള്ളത്? ഇലക്ഷൻ അടുത്തതുകൊണ്ട് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തേയും ഒരു രാഷ്ട്രീയ നേതാവിനേയും താറടിച്ച് കാണിക്കാനുള്ള ശ്രമം നല്ലതല്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. കേരളത്തിലെ സമഗ്രപുരോഗതിക്കുവേണ്ടി വിദഗ്ദ്ധമായ ധനകാര്യ മാനേജ്മെന്റോടുകൂടി കഴിഞ്ഞ രണ്ടുവർഷക്കാലം കേരളത്തിന്റെ ട്രഷറി സൂക്ഷിക്കുന്ന, വികസനത്തിനുവേണ്ടി അത്യധികം പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട പത്മരാജൻ കൊണ്ടുവന്ന ഈ ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റും ഈ പ്രസംഗവും ഉൗതിവീർപ്പിച്ച നുണകളടങ്ങുന്നതാണ്. ഇതിന്റെ 55-ാമത്തെ പാരഗ്രാഫിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് 28·67 കോടി രൂപയുടെ കമ്മി മാത്രമേ കാണിക്കുന്നുള്ളു എന്നാണ്. ഈ ഗവൺമെൻറ് കൊടുത്തുതീർക്കാനുള്ള കുടിശ്ശികയുടെ കണക്ക് കേട്ടാൽത്തന്നെ ഞെട്ടിപ്പോകുന്നതാണ്. അസംബ്ലിയിൽ വന്ന ഉത്തരങ്ങൾതന്നെ കോൺട്രാക്ടർമാർക്ക് റോഡുകളും പാലങ്ങളും പണിത വകയിൽ കുടിശ്ശിക 109 കോടി 79 ലക്ഷം രൂപയും കെട്ടിടങ്ങൾ പണിതതിൽ 24 കോടി, 57 ലക്ഷം രൂപയും ദേശീയ പാതയ്ക്ക് 33 കോടി 97 ലക്ഷം രൂപയും ഇക്കഴിഞ്ഞ ജനുവരി 31 വരെയുള്ള കണക്ക് അനുസരിച്ച് കൊടുക്കാനുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ 36 കോടി രൂപ കൊടുക്കാനുണ്ട്. തൊഴിലില്ലായ്മ വേതനത്തിന് 23 കോടി 98 ലക്ഷം രൂപ കൊടുക്കാനുണ്ട്. കയർത്തൊഴിലാളികൾക്ക് 11 കോടി 23 ലക്ഷം രൂപയും കൈത്തറി റിബേറിന് 30 കോടി രൂപയും കൊടുക്കാനുണ്ട്. രാവിലെ വ്യവസായ വകുപ്പുമന്ത്രി അത് സമ്മതിച്ചതാണ്. പഞ്ചായത്തുകളുടെ വസ്തു നികുതി റിയിനത്തിൽ കുടിശ്ശിക 68 കോടി രൂപ കൊടുക്കാനുണ്ട്. ഉച്ചക്കഞ്ഞി വിതരണത്തിന് സാധനങ്ങൾ വാങ്ങിയ ഇനത്തിൽ കുടിശ്ശിക 4 കോടി രൂപ. പെട്ടെന്ന് എടുത്തുനോക്കിയ ഒരു കണക്കാണിത്. ഇനിയും കൊടുക്കാനുള്ളതിന്റെ കണക്ക് പലതും ബാക്കി കിടക്കുന്നുണ്ട്. ഇതുതന്നെ 350 കോടി രൂപയോളം വരും. ഇവിടെ 10 ലക്ഷം പേർക്ക് തൊഴിൽ കൊടുത്തു എന്നാണ് ഗവൺമെൻറ് അവകാശപ്പെടുന്നത്. ഇക്കഴിഞ്ഞ 11-ാം തീയതി ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യനു് ഉത്തരമായി വന്നിട്ടുള്ളതിൽ പറയുന്നത് നേരത്തെ ചെറുകിട-വൻകിട വ്യവസായങ്ങളുടെ പ്രവർത്തനം നിലച്ചതിന്റെ ഫലമായി 24,961 പേരുടെ തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ്. ഈ 25,000 എന്നത് വളരെ ചുരുങ്ങിയ കണക്കാണ്. പക്ഷേ, ഗവൺമെൻറ് തന്നെ സമ്മതിക്കുന്നത് ഉള്ള തൊഴിൽ നഷ്ടപ്പെട്ട കാൽലക്ഷം പേരുണ്ടെന്നാണ്.

സർ, മറെറാരു കാര്യം വിദേശമദ്യ വിലപനയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള നികുതിക്ക് സാധാരണ ഗവൺമെൻറ് സ്റേറ അനുവദിക്കാറില്ല. ബഹുമാനപ്പെട്ട ആൻറണി മുഖ്യമന്ത്രിയായിട്ട് വന്നപ്പോൾ ഇതിലും മാറ്റം വന്നിരിക്കുകയാണ്. സാധാരണനിലയ്ക്ക് വലിയ തുകയ്ക്ക് അനുവദിക്കുന്ന സ്റേറ മുഖ്യമന്ത്രി കണ്ടിട്ടാണ് അനുവദിക്കുന്നത്. ഈ വർഷം നൽകിയ സ്റേറയുടെ കണക്കിന്റെ ഉത്തരം വന്നിട്ടുണ്ട്. മാർച്ച് 11-ന് 749-ാമത്തെ അൺസ്റ്റാർഡ് ചോദ്യത്തിന് നൽകിയ മറുപടിയിൽ കോട്ടയം, ഇടുക്കി ജില്ലകളിലെ കണക്കാണ് വന്നത്. ഫെബ്രുവരി 14, 28 തീയതികളിൽ കോട്ടയത്തെ ടി. എസ്. ബീന, ഷാജി, ദാക്ഷായണിയമ്മ എന്നിവർക്ക് 35,28,000 രൂപയ്ക്ക് സ്റേറ നൽകിയിട്ടുണ്ട്. സുനിതാ കുര്യന് 12-6-1996-ന് 15,95,000 രൂപയുടെ സ്റേറ അനുവദിച്ചിട്ടുണ്ട്. ജനുവരി 23-ന് ജോൺ കുര്യന് 36,95,000 രൂപയ്ക്കും അയാൾക്കുതന്നെ 50,37,000 രൂപയ്ക്കും സ്റേറ അനുവദിച്ചു. ഇതേ ജോൺ കുര്യനാണോയെന്ന് അറിയില്ല ജോൺ കുര്യനും ടി. ജെ. ചെറിയാനും 76,96,000 രൂപയുടെ സ്റേറ 27-1-1996-ന് അനുവദിച്ചു. അപ്പോൾ ആകെക്കൂടി ഏകദേശം 2,16,00,000 രൂപയുടെ സ്റേറയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ സാധാരണഗതിയിൽ മുഖ്യമന്ത്രിക്ക് പങ്കുണ്ടാകണം. ഇത്തരത്തിൽ സ്റേറ അനുവദിക്കാനിടയായ കാരണമെന്താണ്? ഇവിടെ ഉച്ചക്കഞ്ഞിക്കുള്ള കാശ് പോലും കൊടുക്കാൻ ഗതിയില്ലാതെ നടക്കുന്ന ഒരു ഗവൺമെൻറ് രണ്ട് കോടിയുടെ വിദേശമദ്യ കുത്തകക്കാരുടെ പണത്തിന് സ്റേറ അനുവദിച്ച കാര്യമെന്താണ്? അപ്പോൾ വിദേശമദ്യക്കുത്തകകൾക്ക് ഓശാന പാടുന്ന ഗവൺമെൻറാണിത്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇതൊക്കെ ഇൻസ്റ്റാൾമെന്റായിട്ടാണോ കൊടുത്തത്? അതിന്റെ വിശദീകരണം ഒന്ന് കേട്ടാൽകൊള്ളാം.

ശ്രീ. പിണറായി വിജയൻ: സർ, അത് നിങ്ങളാണ് പറയേണ്ടത്. എന്റെ കയ്യിൽ ചോദ്യത്തിനുള്ള ഉത്തരം മാത്രമേയുള്ളു.

ശ്രീ. കെ. എം. മാണി: സർ, എന്നാൽ ഗവൺമെന്റിന്റെ ഒരു നയം പറയാം. വരുന്നവർക്ക് മുഴുവൻ സ്റ്റേറ കൊടുക്കുകയില്ല. ഗവൺമെന്റിന് ഒരു നോംസ് ഉണ്ട്. വല്ലപ്പോഴുമൊരിക്കൽ ഒരു സ്റ്റേറ കൊടുത്തെന്നിരിക്കാം. ബാക്കി ഇൻവേരിയബിളി ആര് വന്നാലും— പ്രതിപക്ഷം വന്നാലും ഭരണകക്ഷി വന്നാലും ഒരു ലക്ഷത്തിൽ കൂടുതൽ ആണെങ്കിൽ 40 ശതമാനം—6 ഇൻസ്റ്റാൾമെന്റ്, ഒരു ലക്ഷത്തിൽ കുറവാണെങ്കിൽ 30 ശതമാനം—10 ഇൻസ്റ്റാൾമെന്റ്. ഈ നിലയിൽ ഇൻസ്റ്റാൾമെന്റ് കൊടുത്തുകൊണ്ട് ഗവൺമെന്റിന് കൂടുതൽ കളക്ഷൻ ലഭ്യമാകുന്നു. അതൊരു നയമായിട്ട് ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നതാണ്.

ശ്രീ. പിണറായി വിജയൻ: വിദ്യേശമദ്യത്തിന്റെ നികുതി അടയ്ക്കേണ്ടതാണ്. ആ നികുതി അടയ്ക്കാൻ അവർ ബാദ്ധ്യസ്ഥരാണ്. സാധാരണഗതിയിൽ നിങ്ങൾ ഇതിനൊന്നും സ്റ്റേറ
6 p.m.] അനുവദിക്കേണ്ടതല്ല. അപ്പോഴാണ് ഇത്തരം സ്റ്റേറ അനുവദിക്കാൻ എന്തുകൊണ്ട് തയ്യാറായി എന്ന പ്രശ്നം വരുന്നത്. അതിനാണ് നിങ്ങൾ പരിശോധിച്ച് മറുപടി പറയേണ്ടത്. ഒരു ചെറിയ ലോൺ വീടുപണിയാൻവേണ്ടി എടുത്തത് പിന്നീട് തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ലായെങ്കിൽ അത് പ്രയാസം കൊണ്ടാണെന്ന് കരുതാം. അതുപോലെ സ്വയം തൊഴിൽ കണ്ടെത്തലിനായി വാങ്ങിയ തുക, അത് വീടാൻ കഴിഞ്ഞില്ല. ഇത്തരം കാര്യങ്ങൾക്ക് റവന്യൂ സ്റ്റേറ അനുവദിക്കുന്നതുപോലെയാണോ ഇത്? മറ്റൊരു പ്രധാനപ്പെട്ട കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. വൈദ്യുതിയുടെ കാര്യത്തിൽ അങ്ങേയറ്റത്തെ കുറ്റകരമായ അനാസ്ഥയാണ് ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ളത്, കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് വൈദ്യുതിയുടെ കാര്യത്തിൽ ഒട്ടേറെ പരിപാടികൾ തയ്യാറാക്കിയിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല, പക്ഷേ മൂന്ന് ഡീസൽ പ്ലാന്റുകൾ ആരംഭിക്കാൻ അന്ന് തീരുമാനിച്ചിരുന്നു. കാസർകോട്, കോഴിക്കോട്, ബ്രഹ്മപുരം; ഇതിൽ കോഴിക്കോട് ഡീസൽ പ്ലാന്റിൽ 320 മെഗാവാട്ട് വൈദ്യുതി ഉദ്പാദിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. പക്ഷേ അതിന്റെ സ്ഥലത്തെക്കുറിച്ച് തർക്കം വന്നതുമൂലം അത് ആദ്യം വടകരയിലേക്ക് മാറ്റണമെന്ന് അഭിപ്രായമുണ്ടായി. പിന്നീടത് നല്ലളത്തായി, പിന്നീട് അവിടെയും തർക്കമുണ്ടായതിനാൽ സ്ഥലം തീരുമാനിക്കുന്ന കാര്യത്തിൽ അല്പം കാലതാമസമുണ്ടായി. ആ തർക്കം തീർന്നതിന്റെ പിന്നിലുള്ള കഥകളൊക്കെ എല്ലാവർക്കുമറിയാം. അവസാനം അത് തലക്കുളത്തൂർ എന്നുതന്നെ നിശ്ചയിച്ചു. 1994 ഡിസംബറിൽ തലക്കുളത്തൂരിൽ തറക്കല്ലിട്ടു. അവിടെ ഒരു പ്രോജക്ട് സർക്കിൾ ഓഫീസ് ആരംഭിച്ചു. അതിന്റെ കെട്ടിടം വാടകതന്നെ പ്രതിമാസം അയ്യായിരം രൂപയാണെന്നാണ് അറിഞ്ഞത്. എന്നാലും അതിൽ തെറ്റില്ല. ഒരു വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുന്ന പ്രോജക്ടാണ്. കെ. എസ്. ഇ. ബി,

LIBRARY ARCHIVES Kerala Legislative Assembly

1994 മാർച്ച് 11-ന് അതിനായി ഗ്ലോബൽ ടെൻഡർ വിളിച്ചു. എന്നാൽ ടെൻഡർ ലഭിക്കേണ്ട അവസാന തീയതി എന്തോ കാരണവശാൽ രണ്ടു ദിവസത്തേക്കുകൂടി നീട്ടി. അത് 30-6-1994 ആണ്. ടെൻഡറുകൾ തുറക്കുന്ന തീയതി 24-8-1994-നാണ്. ആ ടെൻഡറുകൾ പരിശോധനയ്ക്ക് നാലുമാസം എടുക്കുകയാണ്. 1995 ജനുവരിയിൽ ആണ് അത് ബോർഡ് മുൻപാകെ വന്നത്. ലഭിച്ച ടെൻഡറുകൾ ബോർഡു മുൻപാകെ വരുമ്പോഴേക്ക്തന്നെ അണിയറയിൽ ഒരു തീരുമാനം വന്നു. ടെൻഡറുകളുടെ കൂട്ടത്തിലുള്ള അമേരിക്കൻ ബഹുരാഷ്ട്ര കുത്തക കമ്പനിയായ എൻസർച്ച് ഡെവലപ്മെൻറ് കോർപ്പറേഷൻ ടെൻഡറുകൾ നൽകണമെന്ന്. മുരളീധരൻ എന്നു പറയുന്ന ഒരു ചീഫ് എൻജിനീയർ കിട്ടിയ ടെൻഡറുകൾ ഇവാലുവേറ്റ് ചെയ്തു. അദ്ദേഹത്തിന് ഒരു സംശയവുമില്ല ടെൻഡറുകൾ എൻസർച്ചിനാണ് നൽകേണ്ടതെന്ന കാര്യത്തിൽ. അങ്ങനെ വരുമ്പോഴാണ് ഓരോരുത്തരും കാട്ടിച്ചെയ്ത തുക എത്രയാണെന്ന് നമ്മൾ നോക്കേണ്ടത്. ഇവർ അതിനുള്ള അർഹത പരിശോധിക്കാൻ കണ്ടെത്തിയത് നാല് സ്ഥാപനങ്ങളെയാണ്. അതിലൊന്ന് എൻസർച്ച് ഡെവലപ്മെൻറ് കോർപ്പറേഷൻ. 391 കോടി രൂപയാണ് അവർ കാട്ടിച്ചെയ്തത്. പിന്നെ മറെറാന്ന് ഗുണ്ടി ഹെവി ഇൻഡസ്ട്രീസ് 365 കോടി രൂപ, അടുത്തത് എസ്. ഇ. എം. റെനി. പീൽസ്റെനിക്ക് കമ്പനി 347 കോടി രൂപ, നാലാമത്തേത് ഇൻഡ്യയിലെ എല്ലാവർക്കും അറിയാവുന്ന ഒരു കമ്പനിയായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറെഡ്. ബി. എച്ച്. ഇ. എൽ. എന്നറിയപ്പെടുന്ന ആ സ്ഥാപനം 350 കോടി രൂപയാണ് കാട്ടിച്ചെയ്തത്. ബാക്കിയുള്ള മൂന്നെണ്ണം എൻസർച്ചും ഗുണ്ടിയും എസ്. ഇ. എം. റെനി. പീൽസ്റെനിക്ക് കമ്പനിയും കസ്റെറംസ് ഡ്യൂട്ടി ഒഴിവാക്കിയാണ് റേറ് കാട്ടിച്ചെയ്തത്. ബി. എച്ച്. ഇ. എൽ. കസ്റെറംസ് ഡ്യൂട്ടി അടക്കമാണ് റേറ് കാട്ടിച്ചെയ്തത്. അവരുടെ റേറിൽ കസ്റെറംസ് ഡ്യൂട്ടി ഇൻക്ലൂസീവാണ്. എന്നാൽ കസ്റെറംസ് ഡ്യൂട്ടി മാത്രംതന്നെ 25 കോടിയിലധികം രൂപവരും. അപ്പോൾ എൻസർച്ച് കാട്ടിച്ചെയ്ത 391 കോടിയുറുപ്പികയുടെ കൂടെ ചുരുങ്ങിയ കസ്റെറംസ് ഡ്യൂട്ടിയായ 25 കോടി രൂപകൂടി കൂട്ടണം. അങ്ങനെ കൂട്ടുമ്പോൾ അത് ബെൽ കാട്ടിച്ചെയ്ത റേറിനേക്കാളും 116 കോടി രൂപ കൂടുതൽ വരും. പക്ഷേ ചീഫ് എൻജിനീയർ എൻസർച്ച് കമ്പനിക്കാണ് അതിനുള്ള അർഹത കണ്ടെത്തിയത്. എന്നാൽ ഈ ചീഫ് എൻജിനീയറുടെ അഭിപ്രായവുമായി പൊരുത്തപ്പെടാൻ കെ. എസ്. ഇ. ബി.-യിലെതന്നെ ഫൈനാൻഷ്യൽ അഡ്വൈസർ ആൻറ് ചീഫ് അക്കൗണ്ട്സ് ഓഫീസർക്ക് കഴിഞ്ഞില്ല. അദ്ദേഹം കാര്യങ്ങൾ ശരിയായി വിലയിരുത്തിക്കൊണ്ട്, ആ ടെൻഡർ ലഭിക്കാനർഹതയുള്ളത് ബെല്ലിനാണെന്ന് കണ്ടെത്തി. ഇതെല്ലാം ബോർഡ് മുൻപാകെ ചെന്നു. ആ ബോർഡിൽ അന്നുണ്ടായിരുന്ന ടെൻഡറുകൾ ആകെത്തന്നെ പവർസെക്രട്ടറിയുടെ സ്ക്രൂട്ടിനിക്ക് അയച്ചുകൊടുത്തു. ജനുവരി മാസത്തിലാണ് സ്ക്രൂട്ടിനിക്ക് വിട്ടത്. എന്നാൽ ഫെബ്രുവരി 25-നാണ് രേഖകൾ കൊടുത്തത്. പവർ സെക്രട്ടറി അത് സ്ക്രൂട്ടിനി ചെയ്തു. ആ സ്ക്രൂട്ടിനിയിൽ അദ്ദേഹം കണ്ടെത്തിയത് എൻസർച്ചിന് ആ ടെൻഡർ ലഭിക്കാനുള്ള അർഹത കല്പിക്കുന്ന കാര്യത്തിൽ തെറെറായ ധൃതി കാണിച്ചിരിക്കുന്നുവെന്നാണ്. നിയമ വിരുദ്ധമായ വീക്ഷണം സ്വീകരിച്ചിരിക്കുന്നുവെന്നും അതിനുവേണ്ടി ക്രമരഹിതമായ നീക്കങ്ങൾ നടത്തിയിരിക്കുന്നുവെന്നും അദ്ദേഹം കണ്ടു. അങ്ങനെ എല്ലാംകൂടി അഴിമതിയുടെ ദുർഗന്ധം വമിക്കുന്നതായിട്ടാണ് അന്നത്തെ പവർ സെക്രട്ടറി നടത്തിയ സ്ക്രൂട്ടിനിയിൽ കണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷൻ ഇക്കാര്യം ചീഫ് എൻജിനീയറോട് പറഞ്ഞപ്പോൾ അതിന്റെ ന്യായങ്ങളെക്കുറിച്ച് പരിശോധിച്ച ചീഫ് എൻജിനീയർ പറഞ്ഞത് കെ. എസ്. ഇ. ബി.-യുമായി സംയുക്തമായി ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചത് എൻസർച്ച് മാത്രമാണെന്നാണ്. യഥാർത്ഥത്തിൽ ഇത്തരമൊരു വ്യവസ്ഥ ടെൻഡർ ക്ഷണിക്കുമ്പോൾ ഇല്ലായിരുന്നു. ജോയിന്റ് വെൻചർ എന്നുള്ള കാര്യം ടെൻഡർ ക്ഷണിക്കുമ്പോൾ പറഞ്ഞിട്ടില്ലായിരുന്നു. പിന്നെ ഒരു ജോയിന്റ് വെൻചറാണെങ്കിൽ ഇക്വിറ്റി പാർട്ടിസിപ്പേഷൻ വേണം. ഇക്വിറ്റി പാർട്ടിസിപ്പേഷൻ കണക്കാക്കിയാൽ കെ. എസ്. ഇ. ബി. 93·8 കോടി രൂപ ഇറക്കേണ്ടിവരും. അപ്പോൾ എന്താണ് അതിൽ പവർസെക്രട്ടറി എഴുതിയതെന്നറിയാമോ? പവർ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നത്, "I would like to point out that in the Global Tender Notice K.S.E.B. has told that on Global Basis they have to participate in the financing and installation of the Project on turn key basis. Now the Board talks of various other options including joint venture only to favour M/s Ensearch Corporation. This will be against the principles of justice and in the process a series of Indian promoters like M/s BHEL are side lined" എന്നാണ് പറഞ്ഞിരിക്കുന്നത്. ബി. എച്ച്. ഇ. എൽ.-നെ ഒതുക്കാൻ വേണ്ടി നടത്തിയ പരിപാടി. സർ, അദ്ധ്യക്ഷൻ ലോകബാങ്കിന്റെ ഗൈഡ്‌ലൈൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ലോകബാങ്കിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് രാജ്യത്തിന് വെളിയിലുള്ള കമ്പനി കാട്ട് ചെയ്തതിനേക്കാളും 15 ശതമാനം കുറവ് ലോക്കൽ കമ്പനി കാട്ട് ചെയ്താൽ ആ ലോക്കൽ കമ്പനിക്കാണ് അത് കൊടുക്കേണ്ടത്. അതിന് അവർക്കാണ് മുൻഗണന. ഇവിടെ ലോക്കൽ കമ്പനി കാട്ട് ചെയ്തത് കുറവാണ്. എന്നിട്ടും ബെല്ലിനെ തഴയാനും എൻസർച്ചിന് അർഹത നിശ്ചയിക്കാനുമാണ് ഇവിടെ താല്പര്യം കാണിച്ചിരിക്കുന്നത്. അതുപോലെതന്നെ ബെൽ 47 ശതമാനം മാത്രമേ മെഷിനറി ഇംപോർട്ട് ചെയ്യേണ്ടതുള്ളൂ. ബാക്കി മുഴുവൻ അവർ ഉല്പാദിപ്പിക്കുന്നതാണ്. അപ്പോൾ ചീഫ് എൻജിനീയറുടെ വീക്ഷണം തീർത്തും അസ്വീകാര്യമാണ്, അത് ടോട്ടലി അൺഅക്സപ്റ്റബിൾ എന്നാണ് പവർ സെക്രട്ടറിയുടെ റിപ്പോർട്ട്. അദ്ധ്യക്ഷൻ ആ റിപ്പോർട്ട് കൊടുത്തിട്ട് മാസമെത്രയായി? ആ റിപ്പോർട്ടിൻമേൽ നടപടിയെന്തെങ്കിലും ഉണ്ടായോ? ആ റിപ്പോർട്ട് കൊടുത്തതിനുശേഷം കമ്മീഷണർ ആൻഡ് സെക്രട്ടറി (പവർ) കെ. എസ്. ഇ. ബി. ചെയർമാന് എത്ര തവണയാണ് എഴുതിയിട്ടുള്ളതെന്നറിയാമോ? മാർച്ച് 29-ാം തീയതി എഴുതി, മെയ് 20-ാം തീയതി എഴുതി, ജൂലായ് 27-ന് എഴുതി, സെപ്റ്റംബർ 19-ന് എഴുതി, നവംബർ 11-ന് എഴുതി. അങ്ങനെ കമ്മീഷണർ ആൻഡ് സെക്രട്ടറി നിരന്തരം ഓർമ്മിപ്പിച്ചുവെങ്കിലും കെ. എസ്. ഇ. ബി.-യുടെ ഭാഗത്തുനിന്നും ഒരനക്കവും ഇല്ലാതിരിക്കുന്നു എന്നു പറയുന്നത് വെറുതെയാണോ? അങ്ങനെയൊരു നിലപാട് ഇതൊന്നും കണ്ടില്ലായെന്നുള്ള രീതിയിൽ എടുക്കാൻ കെ.എസ്.ഇ.ബി.-ക്ക് കഴിയുമോ? പവർ സെക്രട്ടറി ഒരു റിപ്പോർട്ട് കൊടുത്തിട്ട് ആ റിപ്പോർട്ടിൻമേൽ ഒരു നടപടിയും സ്വീകരിക്കേണ്ടതില്ലായെന്ന നിലപാട് കെ. എസ്. ഇ. ബി.-ക്ക് സ്വീകരിക്കാൻ കഴിയുമോയെന്ന് ഞാൻ ചോദിക്കുകയാണ്. എന്തേ അങ്ങനെയൊരു നിലപാട് അവർ സ്വീകരിച്ചത്? ഇപ്പോൾ എന്താ അണിയറയിൽ നീക്കം? എൻസർച്ചിന് ആ പദ്ധതിയുടെ ടെൻഡർ നൽകാൻ കഴിയാത്തതുകൊണ്ട് എന്നാൽ പോകട്ടെ, കോഴിക്കോട് പദ്ധതി തന്നെ അങ്ങ് ഉപേക്ഷിച്ചാലെന്താണെന്ന് വരെ ആലോചിച്ചുകൊണ്ടിരിക്കുകയല്ലേ നിങ്ങൾ? ഇന്നലെ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യോത്തരസമയത്ത് 55-ാം നമ്പർ സ്റ്റാർഡ് ചോദ്യത്തിന് ഈ സഭയിൽ പറഞ്ഞ മറുപടി എന്താണെന്നറിയാമോ? ടെണ്ടറുകളിൻമേൽ അന്തിമ തീരുമാനമെടുത്തിട്ടില്ല, അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല എന്ന്. എത്ര കാലമായി? 1994 മാർച്ച് 11-നാണ് കമ്മീഷൻ ക്ഷണിച്ചത്. എന്നിട്ടിപ്പോഴും രണ്ടുവർഷം കഴിഞ്ഞു. സാധാരണ നിലയ്ക്ക് 120 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന കോഴിക്കോട് ഡീസൽ പ്ലാന്റ് പ്രവർത്തനക്ഷമമാകേണ്ട കാലം എന്നേ കഴിഞ്ഞു. പണ്ടേ അത് വൈദ്യുതി ഉൽപാദിപ്പിച്ചു തുടങ്ങേണ്ടതായിരുന്നു. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വൈദ്യുതിക്ഷാമം ഇത്രയും ഗുരുതരമാക്കിയതിന് ഉത്തരവാദികളാണ്. നിങ്ങളാണ് ഈ സംസ്ഥാനത്തോട് ക്രിമിനൽ കുറ്റമാണ് ചെയ്തിട്ടുള്ളത്. ഇവിടെ ബെല്ലിനെക്കുറിച്ച് പറയുമ്പോൾ ബെല്ലിന്റെ പ്രത്യേകതകളെക്കുറിച്ച് ഞാൻ പ്രത്യേകം വിവരിക്കേണ്ട കാര്യമില്ല. കായംകുളം തെർമൽപ്ലാന്റിന്റെ തന്നെ കരാർ ബെല്ലിനല്ലേ? ബെല്ലിനല്ലേ അതിപ്പോഴും കൊടുത്തിട്ടുള്ളത്? പിന്നെന്തേ ഇതിപ്പോഴും കോഴിക്കോടിന് പറ്റില്ലായെന്നുള്ള ഒരു ധ്വനി ആണല്ലോ വന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട അതിപ്രശസ്തമായ ഒരു പൊതുമേഖലാ സ്ഥാപനമാണ് ബെൽ. ആ സ്ഥാപനത്തെ മനഃപൂർവ്വം ഇതിൽനിന്ന് ഒതുക്കിക്കൊണ്ട് അമേരിക്കൻ ബഹുരാഷ്ട്രകുത്തകക്കാർക്ക് ആ ടെൻണ്ടർ കൊടുക്കാനുള്ള നീക്കമല്ലേ ഇക്കാര്യത്തിൽ നടന്നത്? ഈ കരാർ എൻസർച്ചിന് തന്നെ കൊടുക്കണമെന്നതിന് പിന്നെ രഹസ്യമെന്താണ്? എന്താണ് നിങ്ങൾക്ക് എൻസർച്ച് തന്നെ വേണമെന്നുള്ള നിർബന്ധം, എന്താണതിന് കാരണം? അതിന്റെ പിന്നിലുള്ള രഹസ്യം, നിങ്ങളുടെ ആർത്തിയാണ്. കമ്മീഷനോടുള്ള നിങ്ങളുടെ ആർത്തി. നാടിന് വൈദ്യുതി കിട്ടിയില്ലെങ്കിലും കമ്മീഷൻ ഉറപ്പാക്കാനുള്ള ത്വരയാണ് നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അതിന് ഏത് മാർഗ്ഗവും സ്വീകരിക്കാൻ നിങ്ങൾ തയ്യാറാണ്. നാണംകെട്ട വിഭാഗം. നാട്ടിൽ വൈദ്യുതിയില്ലെങ്കിൽ വേണ്ട, എന്റെ കീശയിലേക്ക് വരേണ്ടത് വന്നോട്ടെ എന്നുള്ള ചിന്തയല്ലേ ഉണ്ടായിട്ടുള്ളത്? നമ്മുടെ നാട്ടിലെ വൈദ്യുതിക്ഷാമപ്രശ്നത്തെ നമ്മൾ കാണേണ്ടതെങ്ങനെയാണോ? നമ്മൾ കാണേണ്ട ഒരു കാര്യമുണ്ട്, ഇത്തരത്തിലാണ് നമ്മുടെ നാട്ടിൽ ഹവാലാ പണം വരുന്നത്. ഇവിടെ വളരെ പ്രശസ്തമായ നിലയിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഹവാലാ ഇടപാടില്ലേ? ആ ഹവാലാ പണം ഇതുപോലുള്ള പണമാണ്. നമ്മൾ കാണേണ്ടത് ഈ കോഴിക്കോട് ഡീസൽ പ്ലാന്റിന് ഉംപ്പെടെയുള്ള ടെണ്ടറുകൾ വിലയിരുത്തിയ ചീഫ് എൻജിനീയറുണ്ടല്ലോ, മുരളീധരൻ. അയാളെക്കുറിച്ച് ഞാൻ നേരത്തെതന്നെ പറഞ്ഞല്ലോ, സാധാരണനിലയിൽ ഇതിനുള്ള ടെണ്ടറുകൾ വിലയിരുത്തേണ്ടത് ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ) ആണ്. എന്നാൽ ഇവിടെ അത് വിലയിരുത്തിയിട്ടുള്ളത്, ചീഫ് എൻജിനീയർ (ജനറൽ) ആണ്. അതായത് മുരളീധരൻ. അദ്ദേഹമാണ് ഇത് വിലയിരുത്തിയത്. ചീഫ് എൻജിനീയർ മുരളീധരൻ എൻസർച്ചിന് അനുകൂലമാണ്. അല്ലെങ്കിൽ അദ്ദേഹത്തെ ആ നിലയിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്. അതിന് പ്രത്യുപകാരവും ഉണ്ട്. ആ ചീഫ് എൻജിനീയർ മുരളീധരൻ റിട്ടയർ ചെയ്യുന്നതിന് തൊട്ടുമുൻപ് പതിനായിരം രൂപ ഓണറേറിയത്തിൽ അയാളെ കൺസൽട്ടൻറായിട്ട് നിയമിച്ചിരിക്കുകയാണ്. അപ്പോൾ എൻസർച്ചിനുതന്നെ ടെൻണ്ടർ സ്ഥിരപ്പെടുത്തികൊടുക്കണമെന്നുള്ള അദ്ദേഹത്തിന്റെ ആ വീക്ഷണത്തിന് പ്രത്യുപകാരമായിട്ടാണ് കൺസൽട്ടൻറായിട്ട് നിയമിച്ചിട്ടുള്ളത്. അതല്ലേ അതിൽ നടന്നിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ നാം ''Ensearch''നെയാണ് കേന്ദ്രക്കുന്നത്. പക്ഷെ, നമ്മുടെ ഹവാല പണവുമായി ബന്ധപ്പെട്ട് കേട്ട ''അൽഫാ'' എന്നൊരു ഫ്രഞ്ച് കമ്പനിയുണ്ട്. ആ കമ്പനിക്ക് മിനിസ്ട്രിയുടെയും എൻ.ടി.പി.സി.-യുടെയും വീക്ഷണം അവഗണിച്ചുകൊണ്ട് പ്രോജക്ട് അനുവദിച്ചതിനാണ് ആറരക്കോടി രൂപ ശ്രീ. ആരിഫ് മുഹമ്മദ്ഖാന് കിട്ടിയത്. കമ്മീഷന്റെ വലുപ്പം കാണിക്കാനാണ് ഞാൻ ഇത് പറഞ്ഞത്. ഒരു വിദേശ കമ്പനി, ഒരു ഫ്രഞ്ച് കമ്പനി ഇതുപോലുള്ള ഒരു ഏർപ്പാടിന് ആകെ ചെലവഴിച്ച പണമെത്രയാണ്? ആറരക്കോടി രൂപയല്ല. ജയിൻ ഡയറിയനുസരിച്ച് പത്തു കോടി തൊണ്ണൂറിയഞ്ച് ലക്ഷം രൂപയാണ് ഈ ''അൽഫാ'' എന്ന ഫ്രഞ്ച് കമ്പനി കൊടുത്തത്. ആ 10 കോടി 95 ലക്ഷത്തിൽ ആറരക്കോടി രൂപ ശ്രീ. ആരിഫ് മുഹമ്മദ്ഖാന് കിട്ടിയെന്നാണ് കണക്ക്. ഹവാല ഇങ്ങനെയാണ് വരുന്നത്. ശ്രീ. കൽനാഥ്റോയിക്ക് 76 ലക്ഷം രൂപ കിട്ടിയില്ലേ? അത് ഒറിയിലേയ്യും ദുൽഹാസിയിലെയും പ്രോജക്ടുകൾ അനുവദിച്ചതിനാണ്. അതൊക്കെ ജയിൻ ഡയറിയിലും അദ്ദേഹത്തിന്റെ നോട്ട് ബുക്കിലുമെല്ലാം കൃത്യമായി പറഞ്ഞിട്ടുള്ളതാണ്. ജയിന്റെ പണമെന്നു പറയുന്നത് ജയിന്റെ പണമാണോ? ഈ വിദേശ കമ്പനികളുടെ പണമല്ലേ? അതിൽ 80 ശതമാനവും നാലോ അഞ്ചോ വിദേശ കമ്പനികൾ നൽകിയതാണ്. ''അൽഫാ, ''സിഗാനസ് കൺസോർഷ്യം'' എന്ന രണ്ട് ഫ്രഞ്ച് കമ്പനികളും ''SCANSCA'', ''ASIA BROWN BROWERY'' (ABB) എന്ന രണ്ട് സ്വീഡിഷ് കമ്പനികളും ''PYASA THERMO EXPORTS'' എന്ന ഒരു റഷ്യൻ കമ്പനിയും നൽകിയതാണ്. ''അൽഫാ'' 10 കോടി 95 ലക്ഷം. ''SCANSCA'' 36 കോടി. ''PYASA THERMO EXPORTS'' പത്തരക്കോടി. ഈ വിദേശപ്പണം ഈ രാജ്യത്തിന്റെ നിശ്ചിത വ്യവസ്ഥകൾ തകർക്കാനാണ് ഉപയോഗിച്ചിട്ടുള്ളത്. പക്ഷെ, ആ കമ്പനികളുടെ പേരിൽ കേസുണ്ടോ? ഈ കമ്പനികൾ ഇപ്പോൾ നമ്മുടെ കേസുപ്രകാരം കുറ്റവാളികളായിട്ട് വരുന്നുണ്ടോ? എന്തിനാണ് അവർ പണമൊഴുക്കിയത്? ഈ രാജ്യത്ത് തീവ്രവാദത്തെ സഹായിക്കാനാണ് പണമൊഴുക്കിയത്. ഈ ഹവാല എന്ന ഏർപ്പാടുതന്നെ പുറത്തുവന്നത് 1991 മാർച്ചിൽ Kashmir-ൽ ഉള്ള ഒരു തീവ്രവാദി നേതാവ് അശ്രാദ് ഹുസൈൻ ലോൺ അറസ്റ്റ് ചെയ്യപ്പെട്ടപ്പോഴാണ്. അതിനെ തുടർന്നാണ് ഈ ജയിൻ സഹോദരൻമാരുടെ നിയമവിരുദ്ധ പ്രവർത്തനം പുറത്തുവരുന്നത്. അപ്പോൾ ഈ രാജ്യം തകർക്കാനാണ് ഈ പണം ഉപയോഗിക്കുന്നതെന്നാണ് അർത്ഥം. അതിൽ 1989 സെപ്റ്റംബർ, നവംബർ, 1991 മാർച്ച്, മേയ് ഒക്കെ എടുത്താൽ പഴയ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക് 14 കോടി 50 ലക്ഷം രൂപ ജയിൻ ഡയറി അനുസരിച്ച് കിട്ടി. ഇപ്പോഴത്തെ പ്രധാനമന്ത്രി ശ്രീ. നരസിംഹറാവുവിന് ജയിന്റെ മൊഴി അനുസരിച്ച് മൂന്നരക്കോടി രൂപ കിട്ടി. ഈ ജയിൻ ഡയറി അനുസരിച്ച് Potrochi രാജീവ് ഗാന്ധിയുടെ ഇടനിലക്കാരനാണ്. ഇത് നിങ്ങൾ ഇപ്പോൾ മാത്രം തുടങ്ങിയതല്ല, കോൺഗ്രസ് എന്ന പാർട്ടി ഇപ്പോൾ മാത്രം തുടങ്ങിയതല്ല. നിങ്ങൾ ഒന്നിനും മടിയില്ലാത്ത വിഭാഗമാണ്. 17 വർഷം മുൻപ് കേരളകൗമുദി പത്രം ശ്രീ. വയലാർ രവിയെക്കുറിച്ച് ഒരു വാർത്ത പ്രസിദ്ധീകരിച്ചിരുന്നില്ലേ? ലക്ഷക്കണക്കിന് രൂപ സി.ഐ.എ. ശ്രീ. വയലാർ രവിക്ക് ഏർപ്പാട് ചെയ്തുവെന്നായിരുന്നില്ലേ വാർത്ത. സി.ഐ.എ. കേന്ദ്രങ്ങളെ ഉദ്ധരിച്ചാണ് കേരളകൗമുദി ആ വാർത്ത റിപ്പോർട്ട് ചെയ്തത്. കൊച്ചി തുറമുഖത്ത് അസ്വാസ്ഥ്യം ഉണ്ടാക്കുകയായിരുന്നു ലക്ഷ്യം. അപ്പോൾ Seamen Associates പ്രസിഡണ്ടായിരുന്നു ശ്രീ. വയലാർ രവി. സീമെൻ

LIBRARY ARCHIVES Kerala Legislative Assembly

അസോസിയേഷനെ ഉപയോഗിച്ച് കൊച്ചി തുറമുഖത്ത് കുഴപ്പമുണ്ടാക്കലായിരുന്നു സി.ഐ.എ.-യുടെ ഉദ്ദേശം. ഇതിനെത്തുടർന്ന് ''പുര നിറഞ്ഞു നിൽക്കുന്ന രവി'' എന്ന തലക്കെട്ടിൽ കലാകൗമുദിയിൽ എഡിറ്റോറിയൽ വന്നു. അതിനെത്തുടർന്ന് ''പുന്നപ്ര സൂര്യൻ'' എന്ന പരാമർശത്തോടെ വേറൊരു റൈറ്റപ്പും വന്നു. അപ്പോഴും എങ്ങനെയും പണം വാങ്ങുക എന്നതാണ് നിങ്ങളുടെ നയം. സി.ഐ.എ.-യുടെ പണമായാലും കുഴപ്പമില്ല. ഏത് പണമായാലും കുഴപ്പമില്ല. അത് സ്വീകരിക്കുകയെന്നുള്ളതാണ് കോൺഗ്രസ്സിന്റെ പാരമ്പര്യം. ഐക്യരാഷ്ട്ര സഭയിൽ അമേരിക്കയുടെ പ്രതിനിധിയായി പ്രവർത്തിച്ച Daniel Patrick Moynihan വെളിപ്പെടുത്തിയ കാര്യങ്ങളില്ലേ? അമേരിക്ക രണ്ടു തവണ ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇടപെട്ടു. ഒരു രാഷ്ട്രീയ പാർട്ടിക്ക് രണ്ടുതവണ പണം കൊടുത്തു. Daniel Patrick Moynihan പറയുകയാണ്. കമ്മ്യൂണിസ്റ്റുകാർ സംസ്ഥാന തെരഞ്ഞെടുപ്പിൽ ജയിക്കുന്നതിനെ നേരിടാനായിരുന്നു. ഒരു തവണ കേരളത്തിൽ, ഒരു തവണ ബംഗാളിൽ. രണ്ടു തവണയും കോൺഗ്രസ്സ് പാർട്ടിക്കാണ് കൊടുത്തത്. കോൺഗ്രസ്സ് പാർട്ടി പണം ചോദിക്കുകയായിരുന്നു. നാണം ബാക്കിയുള്ള കോൺഗ്രസ്സുകാരന്റെ ഒക്കെ തല താണുപോകും. ഒരു തവണ അത് ശ്രീമതി ഇന്ദിരാഗാന്ധിയുടെ കൈയിലായിരുന്നു കൊടുത്തത്. ശ്രീമതി ഇന്ദിരാഗാന്ധി അപ്പോഴും കോൺഗ്രസ്സ് പാർട്ടി ഭാരവാഹിയായിരുന്നു. ''A Dangerous Place'' Daniel Patrick Moynihan എഴുതിയ പുസ്തകമാണ്. അതിലെ ഒരു പ്രസക്ത ഭാഗം ഞാൻ വായിക്കാം. പേജ് 41—

We had twice, but only twice, interfered in Indian Politics to the extent of providing money to a political party. Both times this was done in the face of a State election, once in Kerala, and once in West Bengal, where Calcutta is located. Both times the money was given to the Congress Party, which had asked for it. Once it was given to Mrs. Gandhi herself, who was then a Party Official.

ഇതിനെപ്പറ്റി എന്ത് പറയാനുണ്ട്? ഇത് അമ്മയെ വിൽക്കാനും മടിക്കാത്ത നാറികളുടെ സംസ്ക്കാരമാണ് കോൺഗ്രസ്സിനുള്ളതെന്നാണ് കാണിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: ശ്രീ. വിജയൻ പറഞ്ഞ ആ പദപ്രയോഗം പിൻവലിക്കണം. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം. സ്ഥാനത്തും അസ്ഥാനത്തും അമേരിക്കയെ ആക്ഷേപിക്കുന്ന നിങ്ങൾ അമേരിക്കയിലെ Daniel Patrick Moynihan-ന്റെ ഒരു രേഖ ആധാരമാക്കി പറയുന്നത് നിങ്ങൾക്ക് ന്യായീകരിക്കാൻ സാധിക്കുമോ? സ്ഥാനത്തും അസ്ഥാനത്തും അമേരിക്കയെ വിമർശിക്കുന്ന നിങ്ങളാണല്ലോ അമേരിക്കയിലെ Daniel Patrick Moynihan-ന്റെ രേഖ കാട്ട് ചെയ്തത് സംസാരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: അതു വളരെ നല്ല വാദഗതിയായിട്ടുണ്ട്. അമേരിക്കയിൽ നിന്നു പണം വാങ്ങാം. നിങ്ങൾ എങ്ങനെയാണ് ഇങ്ങനെ പറയുന്നത് എന്ന് എന്നോട് ചോദിച്ചാൽ ഞാൻ എന്താണ് പറയുക. അമേരിക്കയുടെ പണം വാങ്ങാൻ തയ്യാറായിരിക്കുന്നു. അതാണ് പ്രശ്നം. ഇവിടത്തെ ലൈബ്രറിയിൽനിന്ന് എടുത്ത പുസ്തകത്തിലാണ് ഇത് പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ പിണറായി വിജയൻ ഇവിടെ പ്രസംഗിക്കുമ്പോൾ കോൺഗ്രസ്സുകാർ നാറികളാണെന്നു പറഞ്ഞു. ഒന്നുകിൽ അദ്ദേഹം അത് പൂർണ്ണമായും പിൻവലിച്ച് മാപ്പ് പറയണം. അല്ലെങ്കിൽ അത് രേഖയിൽ കാണാൻ പാടില്ല. അല്ലെങ്കിൽ ഈ മാർക്സിസ്റ്റുകാർ പരമ നാറികളാണെന്ന് ഞങ്ങൾക്കു പറയേണ്ടിവരും. കോൺഗ്രസ്സുകാരെ അടച്ച് ആക്ഷേപിക്കുന്നത് ഇവരുടെ അന്തസ്സിനു നിരക്കുന്നതാണോ?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറഞ്ഞത് അമ്മയെ വിൽക്കുന്ന നാറികളുടെ സംസ്ക്കാരമാണ് അത് എന്നാണ്. ആ സംസ്ക്കാരമാണത്. ഇത് രാജ്യത്തെ വിൽക്കലാണ്, എന്താണ് പാർലമെന്റിൽ നടക്കുന്നത്?

മി. സ്പീക്കർ: ഇവിടെ മാന്യ മെമ്പറൻമാർ സംസാരിക്കുമ്പോൾ കുറച്ചുകൂടി മാന്യമായി എല്ലാവരും സംസാരിക്കുന്നത് നല്ലതാണ്. ഭാഷ തിരിച്ചും മറിച്ചും ഇങ്ങോട്ടും അങ്ങോട്ടുമൊക്കെയാകും. സഭയുടെ അന്തസ്സിനു യോജിക്കാത്ത പദപ്രയോഗങ്ങൾ രേഖയിൽനിന്നും നീക്കം ചെയ്യുന്നതാണ്. അത് പത്രങ്ങൾ പ്രസിദ്ധീകരിക്കരുത്.

ശ്രീ. പിണറായി വിജയൻ: സർ, സഭയുടെ അന്തസ്സിനു ചേരാത്ത ഒരു പദവും രേഖയിലുണ്ടാകാൻ പാടില്ല. പക്ഷെ നമ്മുടെ രാജ്യത്തെ വിൽക്കുന്ന രീതിയിലുള്ള സമീപനം സ്വീകരിക്കാൻ പാടില്ല. അമേരിക്കയുടെ പണം ഇവിടെ ചിലർ വാങ്ങിയിരിക്കുന്നു. അതാണ് ഞാൻ പറഞ്ഞത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയ്ക്കിടയിൽ പറയുന്ന രാഷ്ട്രീയ പരാമർശനങ്ങളെ ഇവിടെ ആരും എതിർക്കാറില്ല. വളരെ ഗുരുതരമായ ആരോപണങ്ങൾ ഇൻഡ്യൻ പ്രധാനമന്ത്രി അടക്കം കേരളത്തിലെ കെ. പി. സി. സി. പ്രസിഡൻറ് അടക്കമുള്ള ആളുകളെക്കുറിച്ച് പറഞ്ഞു. വളരെയധികം പ്രതികരണങ്ങളുണ്ടെങ്കിലും ആരും അദ്ദേഹത്തെ തടസ്സപ്പെടുത്തിയില്ല. അത് അദ്ദേഹത്തിന്റെ ജനാധിപത്യ അവകാശമാണ്. പക്ഷെ എല്ലാ അതിരുകളും കടന്നുകൊണ്ടുള്ള പദപ്രയോഗങ്ങൾ വന്നപ്പോഴാണ് ശ്രീ. വിജയകുമാറും ശ്രീ. കെ. സി. ജോസഫും എഴുന്നേറ്റത്. വളരെയധികം സീനിയറായിട്ടുള്ള ശ്രീ. വിജയകുമാറിനെപോലെയുള്ള ആളുകൾ ഇത്തരം പ്രയോഗങ്ങൾ ഒഴിവാക്കിയാൽ നന്നായിരിക്കും.

ശ്രീ. പിണറായി വിജയൻ: സഭയുടെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞത് ഇങ്ങനെ പണം വാങ്ങുന്നത് അമ്മയെ വിൽക്കുന്ന നാറികളുടെ സംസ്ക്കാരമാണെന്നാണ്. ഞാൻ അതിൽ ആരേയും വ്യക്തിപരമായി ഇവിടെ പരാമർശിച്ചിട്ടില്ല. ഞാൻ ഇവിടെ വായിച്ചത് മൊയ്ത്തുഖാൻ രേഖപ്പെടുത്തിയ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതാണ്.

മി. സ്പീക്കർ: മാന്യ മെമ്പറൻമാർക്ക് അവരവരുടെ രീതിയിൽ സംസാരിക്കാൻ അവകാശമുണ്ട്. ഞാൻ നിഷേധിക്കുന്നില്ല. നിങ്ങളൊക്കെ ഉത്തരവാദപ്പെട്ട ആളുകളാണ്. ഇങ്ങനെ വളച്ചും തിരിച്ചും പൊതു പ്രസ്ഥാനങ്ങളേയും ഉത്തരവാദപ്പെട്ട ആളുകളേയും ആരോപണങ്ങൾ ഉന്നയിക്കാം. അതു വേറെ കാര്യം. ഓരോരുത്തരും അവരവരുടെ സംസ്ക്കാരത്തിന്റെ നിലവാരം നല്ല നിലയ്ക്കു നിറുത്താൻ ശ്രമിക്കുന്നതു കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ: കമ്മ്യൂണിസ്റ്റുകാരെ തോൽപ്പിക്കാൻ എന്നു പറഞ്ഞ് പണം വാങ്ങി കീശയിൽ വയ്ക്കുമ്പോഴും ആലോചിക്കണമായിരുന്നു. .....(ബഹളം).....(ബഹളം).....

ഇവിടെ ശ്രീ. നരസിംഹറാവുവിനെപ്പറ്റി പറയുമ്പോഴും അതുമായി ബന്ധപ്പെട്ടവർക്ക് അൽപം വിഷമമുണ്ടാകും. അതുകൊണ്ട് ഞാൻ പറയാതിരിക്കുന്നത് ശരിയല്ല. നിങ്ങളും പണം വാങ്ങുമ്പോഴും ആലോചിക്കണമായിരുന്നു. ഇനിയെങ്കിലും ഇത്തരം കാര്യങ്ങളും അവസാനിപ്പിച്ച് മാന്യമായ രീതിയിൽ പോകണമെന്ന് നിങ്ങളുടെ പാർട്ടി നേതൃത്വത്തോട് പറയുക. അഴിമതിക്ക് എതിരെ പോരാടുക.....(ബഹളം).... ശ്രീ. നരസിംഹറാവുവിന്റെ ഒരു ചിത്രം നേരത്തെ ശ്രീ. പി. ബാലൻ ഇവിടെ വരച്ചുകാട്ടുകയുണ്ടായി. ശ്രീ. നരസിംഹറാവു അധികാരത്തിൽ വന്നതിനുശേഷം ഉയർന്നു വന്നിട്ടുള്ള അഴിമതി ആരോപണങ്ങളും പരിശോധിച്ച് അവസാനം ഓരോന്നിലും ശ്രീ. നരസിംഹറാവു ബന്ധപ്പെട്ടു വരുന്ന പ്രശ്നങ്ങളാണ് കാണുന്നത്. അതൊക്കെ നമ്മുടെ രാജ്യത്തിന്റെ മുമ്പിലുള്ള വിശദമായ ചിത്രങ്ങളാണ്. അത്തരത്തിലുള്ള ഏതാനും കേസ്സുകളാണ് ഇവിടെ ഉയർന്നു വന്നിട്ടുള്ളത്. ഓഹരി തട്ടിപ്പ് പതിനായിരം കോടിയിൽ അധികമാണെന്നല്ലേ കണക്കാക്കിയിട്ടുള്ളത്. അവസാനം ആ തുക കണ്ടെത്തിയിട്ടില്ല. അതിലാണ് ഹർഷദ് മേത്ത രണ്ടു കോടി രൂപ ശ്രീ. നരസിംഹറാവുവിന്റെ മകന്റെ കമ്പനിക്ക് കൊടുത്തു എന്ന വിവരം വന്നത്. അതുപോലെ പഞ്ചസാര ഇറക്കുമതി കുംഭകോണം. ആയിരം കോടി രൂപ പൊതു ഖജനാവിനു നഷ്ടം. നാട്ടിലെ ജനങ്ങൾക്ക് എത്രയാണ് നഷ്ടം. 13,000 കോടി രൂപ. ഇവിടെ തീവണ്ടി എഞ്ചിൻ ഇറക്കുമതി ചെയ്ത വകയിൽ മൂവായിരം കോടി രൂപയുടെ നഷ്ടമാണ് ഖജനാഹിന് വന്നിട്ടുള്ളത്. ഇങ്ങനെ ഏതെല്ലാം തരത്തിലുള്ള ആരോപണങ്ങളും ഉയർന്നുവന്നിരിക്കുന്നു.

ശ്രീ. ഒ. ഭരതൻ: ഡൽഹിയിൽ 8400 വീടുകളും ഇരുപതിനായിരം രൂപ വച്ചു വിറ്റതിന്റെ ഫലമായി പതിനാറു കോടി രൂപ തട്ടിച്ച കേസ്സ് ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: അത് ഇപ്പോൾ കുൽദീപ് സിംഗ് വളരെ ശക്തിയായി ഉന്നയിച്ചിരിക്കുകയാണ്. പക്ഷെ ഒരു കാര്യം ആലോചിക്കണം. കോൺഗ്രസ് എന്നുപറയുന്ന പാർട്ടി വളരെ ജനാധിപത്യ പാരമ്പര്യമുള്ള പാർട്ടിയാണെന്നാണ് പറയുന്നത്. ആ കോൺഗ്രസ്സിന്റെ പാർട്ടിയുടെ ഏറ്റവും ഉയർന്ന കമ്മിറ്റി കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റിയാണെന്നാണ് ഞങ്ങളൊക്കെ കേട്ടിട്ടുള്ളത്. തെറ്റാണെങ്കിൽ തിരുത്താം. ആ വർക്കിംഗ് കമ്മിറ്റി ചേരുന്നതിന് ശ്രീ. കരുണാകരനെപ്പോലെയുള്ള ആളുകളും ആവശ്യപ്പെടുകയാണ്. ശ്രീ. ശരത് പവാർ, ശ്രീ. അഹമ്മദ് പട്ടേൽ, ശ്രീ. രാജേഷ് പൈലറ്റ് തുടങ്ങിയവരും ആവശ്യപ്പെട്ടിട്ടുണ്ട്. ആ വർക്കിംഗ് കമ്മിറ്റി ചേരുന്നുണ്ടോ? രാജ്യത്ത് ഏതെങ്കിലും പ്രധാനപ്പെട്ട സംഭവങ്ങളുണ്ടാകുമ്പോൾ ആ വർക്കിംഗ് കമ്മിറ്റി ചേരാൻ തയ്യാറായിട്ടുണ്ടോ? തെരഞ്ഞെടുപ്പുണ്ടാകാൻ പോകുകയല്ലേ? ആ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ പോലും വർക്കിംഗ് കമ്മിറ്റി ചേരാൻ തയ്യാറില്ല. ഇത് ജനാധിപത്യമെന്നാണോ പറയുന്നത്. ഇതൊരു വല്ലാത്ത ജനാധിപത്യമാണ്. ഒരു അത്ഭുത പ്രതിഭാസമെന്നു മാത്രമേ അതിനെപ്പറ്റി പറയാനുള്ളൂ. അത്

LIBRARY ARCHIVES Kerala Legislative Assembly

ഏകാധിപത്യമാണ്. അന്നന്നു ഭരിക്കുന്നവർക്ക് സ്തുതിഗീതം പാടുക എന്ന ഏർപ്പാട് മാത്രമാണ് നടക്കുന്നത്. കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയുടെ യോഗം ചേരുമ്പോഴെല്ലാം സ്തുതിഗീതം പാടലാണ് നടക്കുന്നത്. കേരളത്തിലെ ഒരു കാര്യം പറയാം. നമ്മുടെ മുഖ്യമന്ത്രി എം. പി. യായിരുന്നപ്പോൾ ഇങ്ങോട്ടുവന്ന വിമാനയാത്രയുടെ കൂലി പിരിച്ചോ മറ്റോ കൊടുക്കാൻ പോകുന്നു എന്ന് കേട്ടു. അതിൽ ഉയർന്നു വരുന്ന പ്രശ്നം എയർഫോഴ്സിന്റെ വിമാനം സാധാരണ ഗതിയിൽ മുഖ്യമന്ത്രിക്കു കൊടുക്കുന്നതുപോലും പ്രത്യേക തീരുമാന മനുസരിച്ചാണ്. ഇവിടെ ശ്രീ. ആൻറണി അന്നു മുഖ്യമന്ത്രിയല്ല. നിങ്ങളുടെ നിയമസഭാ പാർട്ടി പോലും ലീഡറായി തെരഞ്ഞെടുത്തു കഴിഞ്ഞിട്ടില്ല. എന്തടിസ്ഥാനത്തിലാണ് എയർഫോഴ്സിന്റെ വിമാനം അന്ന് എം. പി.യായ ആൻറണിക്ക് അനുവദിച്ച് ഇങ്ങോട്ട് അയച്ചത്? അതിനെ സംബന്ധിച്ച് പൈസ കൊടുക്കുന്ന പ്രശ്നമല്ല.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട വിജയൻ യഥാർത്ഥ്യങ്ങളം വളച്ചൊടിക്കുന്നതു ശരിയല്ല. 20-ാം തീയതി ശ്രീ. എ. കെ. ആൻറണിയെ കോൺഗ്രസ്സ് പാർലമെൻററി പാർട്ടി നേതാവായി തെരഞ്ഞെടുത്തു. 21-ാം തിയതി ശ്രീ. എ. കെ. ആൻറണി സ്പെഷ്യൽ വിമാനത്തിൽ ഇവിടെ വരികയും ചെയ്തു.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം 21-ന് മുഖ്യമന്ത്രിയല്ല, അന്ന് അദ്ദേഹം ഒരു എം. പി. മാത്രമാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ അങ്ങയുടെ ഓർമ്മയ്ക്ക് ഒരു കാര്യം പറയാം. 21-ാം തീയതി വരുമ്പോൾ കേരളത്തിലെ ഘടകകക്ഷികളം ശ്രീ. എ. കെ. ആൻറണിയെ ലീഡറായി അംഗീകരിച്ചുകൊണ്ട് ഗവർണ്ണർക്ക് എഴുതിക്കൊടുത്തു. ശ്രീ. ആൻറണി അപ്പോൾ നിയുക്ത മുഖ്യമന്ത്രിയാണ്.

ശ്രീ. പിണറായി വിജയൻ: സർ, അപ്പോൾ അതിൽ നാം കാണേണ്ടത് അദ്ദേഹം അപ്പോൾ എം. പി. മാത്രമാണ്, മുഖ്യമന്ത്രിയല്ല. എം. പി.-മാർക്ക് ഇങ്ങനെയൊരു സൗകര്യം സാധാരണ അനുവദിക്കാറില്ല. എന്ത് അടിസ്ഥാനത്തിലാണ് എയർഫോഴ്സിന്റെ വിമാനം അദ്ദേഹത്തിന് അനുവദിച്ചത്? ബഹുമാനപ്പെട്ട ആൻറണിക്ക് ഇപ്പോൾ അതു ശരിയല്ലെന്നുതോന്നി. പക്ഷേ ഈ ഫയൽ അദ്ദേഹം കണ്ടതാണല്ലോ. ആ ഫയൽ കണ്ടുകൊണ്ട് സംസ്ഥാന ഗവൺമെൻറ് ഇതു കൊടുക്കണമെന്ന നിഗമനം അദ്ദേഹത്തിനേറത് കൂടിയാണല്ലോ. എങ്ങനെയാണ് അദ്ദേഹത്തിന് അങ്ങനെയൊരു നിഗമനത്തിൽ എത്താൻ കഴിഞ്ഞത്? അതും ശരിയല്ലാത്ത ഏർപ്പാടായിരുന്നു. ശ്രീ. ആൻറണിക്ക് ചെയ്യാൻ പാടില്ലാത്ത ഒരു നിലപാടാണ് ആ കാര്യത്തിൽ എടുത്തത്. എനിക്ക് അതു സംബന്ധിച്ച് ധാരാളം കാര്യങ്ങളം പറയാനുണ്ട്. പക്ഷേ സമയമില്ലാത്തതുകൊണ്ട് ഞാൻ എൻറെ സംസാരം അവസാനിപ്പിക്കുന്നു. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ തീരുമാനമനുസരിച്ച് 22-ാം തീയതി തന്നെ കാര്യപരിപാടികളും തീരണമെന്ന അടിസ്ഥാനത്തിൽ ബില്ലുകളും പാസ്സാക്കാൻ സമയം കുറച്ചായതുകൊണ്ട് ഒരു കോൺസെൻസിലെത്തിയിരിക്കുകയാണ്. അതുകൊണ്ട് ഈ വെള്ളിയാഴ്ച 15-ാം തീയതി നോൺ ഒഫിഷ്യൽ ബിസിനസ് തൽക്കാലം വേവുചെയ്യാനുള്ള പ്രമേയം അവതരിപ്പിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1996 മാർച്ച് 13-ന് കൂടിയ കാര്യോപദേശക സമിതിയിൽ അഭിപ്രായസമന്വയമുണ്ടായതനുസരിച്ച് 1996 മാർച്ച് 15-ന് അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനു പകരം നിയമനിർമ്മാണ കാര്യത്തിനുവേണ്ടി വിനിയോഗിക്കുന്നതാണ്. 1996 മാർച്ച് 15-ാം തീയതിയിലെ ബിസിനസ് നടത്തുന്നതിനുവേണ്ടി കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 20-ാം ചട്ടം താൽക്കാലികമായി സസ്പെൻറു ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഇങ്ങനെയുള്ള ഒരു പ്രമേയം അവതരിപ്പിക്കാൻ പാടില്ല.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, നിയമവകുപ്പു മന്ത്രി നിയമവിരുദ്ധമായി പെരുമാറുന്നത് നല്ലതല്ല. അങ്ങയെ വിളിക്കുന്നതിനു മുമ്പ് എന്നെ വിളിച്ചതാണ്. അങ്ങ് മൈക്ക് കിട്ടിയെന്ന സൗകര്യം കൊണ്ട് വായിച്ചതാണ്.

ശ്രീ. കെ. എം. മാണി: സർ, വിളിച്ചായിരിക്കും, എണീറ്റ് നിന്നായിരിക്കും. പക്ഷെ എനിക്ക് മൈക്ക് കിട്ടി. ഞാൻ സംസാരിച്ചു തുടങ്ങിയാൽ പിന്നെ കഴിഞ്ഞിട്ടേ എണീക്കാവൂ അതാണ് മര്യാദ.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, അത് നല്ല കീഴ്വഴക്കമല്ല. മന്ത്രിമാരെ നോക്കിയാണോ മൈക്ക് തീരുമാനിക്കുന്നത്?

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട സ്പീക്കർ മൈൻറ് അപ്പൈ ചെയ്തത് എനിക്കാണ്. അതുകൊണ്ട് എനിക്ക് മൈക്ക് കിട്ടി.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, എൻറെ പോയിൻറ് ഓഫ് ഓർഡർ ഇതാണ്. നോൺ ഒഫിഷ്യൽ ഡേ, അല്ലെങ്കിൽ അതിനുള്ള സമയം ഗവൺമെൻറിൻറെ ഒഫിഷ്യൽ ബിസിനസ് നടത്തുന്നതിനുവേണ്ടി മാറ്റിവയ്ക്കുന്ന കീഴ്വഴക്കം വളരെ അപലപനീയമാണ്. പാർലമെൻറിലൊന്നും അങ്ങനെ ചെയ്യാറില്ല. നോൺ ഒഫീഷ്യൽ ഡേ ഈ സഭയിലെ അംഗങ്ങളുടെ അവകാശമാണ്. അതുകൊണ്ട് സർക്കാരിൻറെ ബിസിനസ് തീർക്കണമെന്ന തിരക്ക് സർക്കാരിനുണ്ടായിരുന്നുവെങ്കിൽ സർക്കാരിന് സഭ ഒന്നോ രണ്ടോ ദിവസം നേരത്തെ വിളിക്കാമായിരുന്നു. നോൺ ഒഫിഷ്യൽ ഡേ എൻക്രോച്ച് ചെയ്തുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. ഈ പ്രമേയമനുസരിച്ച് നോൺ ഒഫിഷ്യൽ ഡേ നമ്മൾ മാറ്റിവയ്ക്കുന്നുവെന്നു പറഞ്ഞാൽ അതിൻറെ അർത്ഥം ഈ സഭയുടെ കാലാവധിയിൽ ഇനി നോൺ ഒഫിഷ്യൽ ഡേ ഇല്ലെന്നാണ്. അങ്ങനെയൊരു തീരുമാനം അങ്ങ് അദ്ധ്യക്ഷനായിരുന്നുകൊണ്ട് എടുക്കുന്നതു കൊണ്ടുള്ള പ്രൊപ്രൈറ്റിയെക്കുറിച്ച് ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: നോൺ ഒഫിഷ്യൽ ഡേയിൽ മെമ്പർമാർക്ക് സ്വകാര്യമായിട്ടുള്ള കാര്യങ്ങൾ അവതരിപ്പിക്കാനുള്ള അവകാശമാണെന്ന കാര്യത്തോട് ഞാൻ പരിപൂർണ്ണമായും യോജിക്കുന്നു. പക്ഷേ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ.....ഇത് ചെയറിന്റെ നിർദ്ദേശമല്ല, കാര്യോപദേശക സമിതിയിലെ എല്ലാ കക്ഷികളിലേയും നേതാക്കൻമാർ ഇരുന്ന് അവർ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെവച്ചുണ്ടായ ധാരണയുടെ അടിസ്ഥാനത്തിലാണ് ഞാൻ അദ്ദേഹത്തെ വിളിക്കാൻ പറഞ്ഞത്. അതിൽ ചെയറിന് ഒരു പ്രത്യേക ഉത്തരവാദിത്വവുമില്ല.

ശ്രീ. കെ. എം. മാണി: സർ, ഒരു ദിവസവും അനൗദ്യോഗിക പ്രമേയത്തിന് ഇല്ലെന്നു പറയുന്നത് ശരിയല്ല. ഈ സെഷനിൽ 22-ാം തീയതി വെള്ളിയാഴ്ച അനൗദ്യോഗിക അംഗങ്ങളുടെ ദിവസമായി നിലനിർത്തിയിട്ടുണ്ട്. ബിസിനസ് അഡൈ്വസറി കമ്മിറ്റിയിൽ നേതാക്കൻമാർ എല്ലാവരും കൂടിയിരുന്ന് ചർച്ച ചെയ്തുണ്ടായ സമന്വയത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രമേയം അവതരിപ്പിച്ചതാണ്. അതുകൊണ്ട് തെറ്റിദ്ധാരണ നീക്കാൻ ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. ഒ. ഭരതൻ: സർ, അത് ബിസിനസ് അഡൈ്വസറി കമ്മിറ്റിയിൽ സമന്വയമുണ്ടാക്കിയതാണെന്ന് പറഞ്ഞു. ഇവിടത്തെ പ്രശ്നം അതല്ല, ഇവിടെ എത്രയോ കൊല്ലക്കാലമായി ഈ നിയമസഭ പരിപാലിച്ച ഉത്തമമായിട്ടുള്ള ഒരു കീഴ്വഴക്കമുണ്ട്. അത് താൽക്കാലികമായിട്ടുള്ള സാദ്ധ്യതയ്ക്കുവേണ്ടിമാത്രം ലംഘിക്കുകയെന്നുപറയുന്നത് ആയിരത്തി ഒന്നുതവണ ആലോചിക്കേണ്ടതും അത്ര ലളിതമായി, ലഘുവായി ആലോചിച്ച് തീരുമാനിക്കേണ്ടതുമല്ല. അതുകൊണ്ട് ഈ അനൗദ്യോഗിക ദിവസമെന്നു പറയുന്നത് ഈ നിയമസഭയിലെ മെമ്പർമാർക്ക് പൂർണ്ണമായും നീക്കിവയ്ക്കാൻ നിയുക്തമായ ദിവസമാണ്. അത് അത്ര ധൃതിപിടിച്ച് മാറ്റാൻ പാടില്ല.

ശ്രീ. കെ. എം. മാണി: സർ, ഇതിനു മുമ്പ് നമ്മുടെ നിയമസഭയിൽ ധാരാളം കീഴ്വഴക്കങ്ങളുണ്ടായിട്ടുണ്ട്. എല്ലാവരുംകൂടി സൗമനസ്യത്തോടുകൂടി ഈ നിലയിൽ പാസ്സാക്കണം.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, സൗമനസ്യത്തിന് കുഴപ്പമില്ല. അദ്ദേഹം പറഞ്ഞല്ലോ, വേറൊരു വെള്ളിയാഴ്ച അനൗദ്യോഗികാംഗങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നേ, അന്ന് നമുക്ക് വേണമെങ്കിൽ ആലോചിക്കാം. ഇതിലെ ഒരു പ്രശ്നം ഒരു പ്രമേയം ഇങ്ങനെ അവതരിപ്പിച്ച് ഭൂരിപക്ഷം കൊണ്ട് അത് പാസ്സാക്കിയെടുക്കുക എന്നുള്ള സമീപനം വളരെ അനാരോഗ്യകരമാണ്. അങ്ങനെയൊരു സമന്വയമുണ്ടാക്കിയെടുക്കുന്നതിലും പോയിന്റ് ഇല്ല. കാരണം പ്രൈവറ്റ് മെമ്പേഴ്സ് ഡേ ആണ്. അത് പാർട്ടികളുടെ ദിവസവുമല്ല. അതുകൊണ്ട് പ്രൈവറ്റ് മെമ്പേഴ്സ് ഡേയിലെ ബിസിനസ് ഇങ്ങനെ മാറ്റിവയ്ക്കുകയെന്നുള്ള അനാരോഗ്യകരമായ, പാർലമെന്ററി മര്യാദയ്ക്ക് നിരക്കാത്ത ഒരു കാര്യം ചെയ്യുന്നതിന് ഒരു കോൺസെൻസസൊക്കെയുണ്ടാക്കിയെന്നൊക്കെ അങ്ങ് പറയുന്നത് ശരിയല്ല.

മി. സ്പീക്കർ: ഞാൻ ഒരു കാര്യം കൂടി പറയാം. 15-ഉം 22-ഉം അതിൽ ഏതു ദിവസം വേണമെന്ന് ആലോചിച്ചപ്പോൾ 22-ാം തീയതിയേക്കാൾ 15-ാം തീയതിയാണ് നല്ലതെന്ന് ഞാൻ സജസ്റ്റു ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കാരണം അത് ഓഫീസിന്റെ സൗകര്യത്തിനുവേണ്ടിയാണ്. കടലാസുകളും കാര്യങ്ങളും പ്രോസസ് ചെയ്യാൻ, അല്ലെങ്കിൽ സമയം കിട്ടുകയില്ലെന്നുള്ളതുകൊണ്ട്, 15-ാം തീയതിയാണ് നല്ലതെന്ന് ഞാൻ സജസ്റ്റുചെയ്തു. കാരണം നമ്മുടെ ഓഫീസിലെ കാര്യങ്ങളും ചെയ്യാൻ കുറെക്കൂടി സാവകാശം കിട്ടണമെന്നുള്ള നിലയ്ക്കാണ്. താത്വികമായി ശ്രീ. ചന്ദ്രപ്പൻ പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുന്നു. പക്ഷേ നമ്മളൊക്കെ ചില ധാരണയുടെ അടിസ്ഥാനത്തിൽ ചെയ്യാറുണ്ട്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഇതിനകത്ത് പൊതു ധാരണയുടെ പ്രശ്നം വരുന്നില്ല. പ്രൈവറ്റ് മെമ്പേഴ്സ് ഡേ ഇൻഡ്യയിൽ മാത്രമല്ല, ലോകത്ത് എവിടെയുമുള്ള എല്ലാ പാർലമെന്ററികളിലും ഉണ്ടാക്കി വച്ചിട്ടുള്ളതാണ്. അതിന് ഒരു ഉദ്ദേശമുണ്ട്. പ്രൈവറ്റ് മെമ്പേഴ്സിന് അവരുടെ അഭിപ്രായത്തിൽകൂടി ചില പൊതു പ്രശ്നങ്ങൾ രാജ്യത്തിന്റെ മുമ്പിൽ അവതരിപ്പിക്കാനും ആ കാര്യങ്ങളിൽ കോൺസെൻസസുണ്ടാക്കാനുമാണ്. ഇങ്ങനെയൊരു ബിസിനസ് അഡ്വൈസറി കമ്മിറ്റി ആ കാര്യത്തിൽ ചില തീരുമാനമെടുത്തുവെന്ന് പറഞ്ഞാൽ വാസ്തവത്തിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റി is going beyond its limit. അതുകൂടിയുണ്ട്.

ശ്രീ. കെ. പ്രകാശ് ബാബു: സർ, കഴിഞ്ഞ രണ്ട് വർഷമായിട്ട് പ്രൈവറ്റ് മെമ്പേഴ്സ് ഡേയിൽ തന്നെ വ്യത്യാസം വരുത്തിയിട്ടുണ്ട്. ഒരു വെള്ളിയാഴ്ച പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിനും, മറ്റൊരു വെള്ളിയാഴ്ച അനൗദ്യോഗിക പ്രമേയങ്ങൾക്കും വേണ്ടിയാണ്. അങ്ങനെ വരുമ്പോൾ ഈ വെള്ളിയാഴ്ച പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിന്റെ ദിവസമാണ്. പ്രൈവറ്റ് മെമ്പേഴ്സ് ബിൽ ദിവസം പല ആളുകളും നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട പല വിഷയങ്ങളെയും ബാധിക്കുന്ന ബില്ലുകളാണ് കൊണ്ടുവരുന്നത്. ഇപ്പോൾ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിനുവേണ്ടി മാറ്റിവച്ചിരിക്കുന്ന ദിവസം ഗവൺമെന്റ് ബില്ലുകൾ എടുക്കണമെന്ന് ശഠിക്കുന്നത് ശരിയല്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇങ്ങനെ ഒരു ചർച്ചയ്ക്ക് കാര്യമില്ല. ബുദ്ധിമുട്ടൊക്കെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. 22-ാം തീയതി സഭ പിരിയണം. അതുകൊണ്ട് ബിസിനസൊക്കെ നടത്തണം. പ്രതിപക്ഷ നേതാക്കൻമാരുടെ സഹകരണത്തോട് ഞാൻ നന്ദി പറയുകയാണ്. പ്രതിപക്ഷ നേതാക്കൻമാർ വളരെ സഹകരണത്തോടുകൂടിയ നിലപാടാണ് ബി. എ. സി.-യിലെടുത്തത്. ഞങ്ങളും ഒരുമിച്ചിരുന്നുകൊണ്ട് ഒരു തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന തീരുമാനമാണ്. ഇതിനു മുമ്പ് നമുക്ക് എത്രയോ കീഴ്വഴക്കങ്ങളുണ്ട്. അതുകൊണ്ട് ഇത് ചർച്ച ചെയ്ത് നീട്ടിക്കൊണ്ടു പോകുന്നത് ശരിയായ നടപടിക്രമമല്ല. അതുകൊണ്ട് അങ്ങ് ഇതിനെ സംബന്ധിച്ച് ഒരു തീരുമാനം എടുക്കുന്നതായിരിക്കും നല്ലത്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: വളരെ അനാരോഗ്യകരമായ കാര്യം കൺസെൻസസിന്റെ പേരിൽ ചെയ്യണമെന്നാണ് ലാ മിനിസ്റ്റർ ഉപദേശിക്കുന്നത്. ആ ഉപദേശം സ്വീകരിച്ചുകൂട. കാരണം ഈ സഭയുടെ അവകാശത്തിന്റെ പ്രശ്നമാണ്. ഇത് പാർട്ടിയുടെ പ്രശ്നമല്ല. പ്രൈവറ്റ് മെമ്പേഴ്സ് ബിൽ ലോകത്തെവിടെയും മെമ്പർമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായങ്ങളും വെൻറിലേറ്റ് ചെയ്യുന്നതിനും സഭയ്ക്ക് കേൾക്കുന്നതിനും വേണ്ടിയാണ്. അതുകൊണ്ട് അങ്ങ് രൂപം ചെയ്യുന്നതിനു മുമ്പ് പറയാനുള്ളത്, അങ്ങ് ഇക്കാര്യത്തിൽ സഭയെ പ്രൊട്ടക്ട് ചെയ്യണം.

ശ്രീ. ഒ. ഭരതൻ: ഏതാണ്ട് എല്ലാ മെമ്പർമാരും അവരുടെ അഭിപ്രായം പ്രകടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ഞങ്ങൾക്ക് ബി. എ. സി.-യുടെ അഭിപ്രായം താങ്ങണമെന്ന അഭിപ്രായം അല്ല. അതുകൊണ്ട് മെമ്പർമാർ അഭിപ്രായ പ്രകടനം നടത്തിയ സ്ഥിതിക്ക് എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത് നാളെ വീണ്ടും ബി. എ. സി. കൂടി ഈ വസ്തുതകളെ സംബന്ധിച്ച് പുനഃപരിശോധന നടത്തി ഉചിതമായിട്ടുള്ള ഒരു തീരുമാനമെടുത്താൽ അത് സഭയ്ക്കാകെ അംഗീകാരമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ഞാൻ ആ നിർദ്ദേശം സ്വീകരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇനി അങ്ങ് തന്നെ ഇതു സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കുക. ഇനി വീണ്ടും കമ്മിറ്റി കൂടി ചർച്ച ചെയ്യേണ്ട ആവശ്യമില്ല. അങ്ങ് ഇതിൻമേൽ ഒരു തീരുമാനം കൈക്കൊള്ളുന്നതായിരിക്കും സഭയ്ക്ക് അംഗീകാരമാവുക. അതുകൊണ്ട് അങ്ങ് ഉചിതമായ തീരുമാനം കൈക്കൊള്ളുക. ഒരു ഏകാഭിപ്രായം കൊണ്ടുവന്നശേഷം വീണ്ടും ബി. എ. സി. കൂടേണ്ട കാര്യമില്ല.

മി. സ്പീക്കർ: പല അഭിപ്രായങ്ങളും വന്ന നിലയിൽ നാളെ ഒന്നുകൂടി ആശയവിനിമയം നടത്തിയിട്ട് നമുക്ക് അതിലൊരു തീരുമാനമെടുക്കാം. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

(1996 മാർച്ച് മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ എട്ടര മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.45-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly